Date of publication:
9 ജൂലൈ 2014 / വോള്യം 8 /ലക്കം 1 / വില 15 ₹

അന്വേഷി
പ്രസിദ്ധീകരണം

# സംഘടിത

## ശ്രദ്ധ തന്നെയാണ് സംസ്ക്കാരം

ഷീബ അമീർ

## സഹോദരന്മാരേ, നിങ്ങളുടെ DNAക്ക് എന്താണ് പ്രശ്നം

ലിജി ഷംനാദ്







എഡിറ്റർ
സാറാജോസഫ്

മാനേജിംഗ് എഡിറ്റർ
കെ.അജിത

എക്സി.എഡിറ്റർ
രാജലക്ഷ്മി.കെ.എം.

ഗസ്റ്റ് എഡിറ്റർ
ഷീബ അമീർ

പത്രാധിപ സമിതി
ഡോ. ജാൻസി ജോസ്,
സി.എസ്.മീനാക്ഷി,
ഗിരിജ.പി.പാതേക്കര,
ജ്യോതി നാരായണൻ,
ഡോ.കെ.എം.ഷീബ,
ഡോ.മിനി പ്രസാദ്,
ഡോ.പി. ഗീത,
ഡോ.ഖദീജ മുംതാസ്,
സുനീത. ടി.വി.,
അഡ്വ.കെ.കെ.പ്രീത
ഷീബാ ദിവാകരൻ
ഷംഷാദ് ഹുസൈൻ
കുസുമം ജോസഫ്
സുൽഫത്ത്

ഉപദേശകസമിതി
സുഗതകുമാരി,
പ്രൊഫ.എം. ലീലാവതി,
ഡോ.ശാരദാമണി,
ഡോ.മല്ലികാസാരാഭായ്
ഡോ. ബീനാപോൾ

സർക്കുലേഷൻ മാനേജർ
പാരിജാത എ.എസ്.

ലേഔട്ട് & കവർ
സുവിജ



സംഘടിത മാസിക
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com,
anweshicalicut@gmail.com
www.anweshi.org
www.sanghaditha.com



സംഘടിത
ജൂലൈ 2014 |വോള്യം 6|ലക്കം1


# ഉള്ളടക്കം




7 'ഓർക്കുക! തുലനം എന്നത് വളരെ പ്രധാനമാണ്...'
അഭിമുഖം
നിവേദിത പി. ഹരൺ/ദയ ഹരിയ





41 അമ്മച്ചിക്ക് അഭിവാദ്യങ്ങൾ
ഗീത

51 ഒരു പുതുമയാർന്ന സമരം
- ഉമ എം. എൻ





11. ശ്രദ്ധയ്ക്കുവേണ്ടി ഒരു ആത്മഭാഷണം - ഖദീജാമുംതാസ്
14. കരുണയല്ല കരുതലാണ് വേണ്ടത് - ഡോ. റോസി തമ്പി
20. ലളിതം - പ്രിയ എ എസ്
22. ആത്മീയത എന്നാൽ ജീവനോടുള്ള കരുതൽ - ഗിരിജ പി.പാതേക്കര
25. ശ്രദ്ധാരൂപികൾ - തനൂജ ഭട്ടതിരി
30. കെയർ - ഡോ.പി.ഭാനുമതി
32. അഭിമുഖം - ആം ആദ്മി/ സാറാജോസഫ്
38. കവിത
അകാലം, ഗമനം | ശ്രീലതാവർമ
മുള്ള്, വേര് | ഷീജ.പി
39. കവിത
നിളയുടെ സൗകുമാര്യം - സൗമ്യ സജീഷ്
40 വാസ്തവം - ഡോ. ജാൻസി ജോസ്
42. ശാസ്ത്രം - സീമ ശ്രീലയം
44. സഹോദരന്മാരെ നിങ്ങളുടെ DNA ക്ക് എന്താണ് പ്രശ്നം? - ലിജി ഷംനാദ്
47. ഫെമിനിസവും ഞാനും - എം.ഡി. രാധിക
53. കഥ - വസന്തം - ഷബിന മറിയം
57. ഭാരതപ്പുഴയെ എന്തു ചെയ്യണം? - കുസുമം ജോസഫ്

# എഡിറ്റോറിയൽ



*സാറാജോസഫ്*

**സംഘടിതയുടെ** ഈ ലക്കം എഡിറ്റോറിയൽ ഞാൻ നീലോഫറിന് സമർപ്പിക്കുന്നു. ഉള്ളിലെ പാട്ടും കവിതയും ഈ മണ്ണിലെവിടെയോ മറന്നുവെച്ച് അവൾ കടന്നുപോയിട്ട് ഒരു വർഷം. ആകസ്മികമൊന്നുമല്ല നീലുവിന്റെ മരണം. പ്രതീക്ഷിച്ചിരുന്നത് തന്നെ. എന്നാൽ അത് എത്ര നീട്ടിവെക്കണം എന്നു തീരുമാനിച്ചത് അവളുടെ അമ്മയാണ് –ഷീബ അമീർ. ദൈവത്തോട് അനേകം തവണ വാഗ്വാദങ്ങളിലേർപ്പെട്ട് മകളെ കൈപിടിച്ചിറക്കിക്കൊണ്ടുവന്ന ദൃഢനിശ്ചയക്കാരി. ഒരവസരം കൂടി തരൂ– അമ്മ പ്രകൃതിയോട് അപേക്ഷിക്കുന്നു. എന്റെ ഉതിർമുല്ല മരത്തിൽ ഇത്തവണത്തെ പൂമഴ കൂടിക്കഴിഞ്ഞാൽ ഞാൻ അവളെ വിട്ടുതരാം. ഉതിർമുല്ല പല തവണ പൂത്ത് പൂമഴ ചൊരിഞ്ഞു. ഈക്കൊല്ലം ഏകാന്തമായി ഉതിർമുല്ലമരം പൂത്തു. കോടി കണ്ണുനീർത്തുള്ളികളായ് പൂവിതളുകൾ പൊഴിഞ്ഞുകൊണ്ടേയിരുന്നു.

ഈ ലക്കം സംഘടിത കൈകാര്യം ചെയ്യുന്നത് ഷീബ അമീറാണ്. 'സൊലേസ്' എന്ന വാക്കിന്റെ അർത്ഥം അതിന്റെ മുഴുവൻ ആഴത്തിലും ഹൃദയത്തിൽ നിറഞ്ഞവൾ. ശ്രദ്ധയും കരുതലും അപ്രധാനമായിക്കഴിഞ്ഞ ഈ ഊഷരകാലത്ത് സാന്ത്വനത്തിന്റെ മൃദുവചനങ്ങൾ ഓതിക്കൊണ്ട് ഷീബ വേദനിക്കുന്നവർക്കിടയിലൂടെ മെല്ലെ കടന്നുപോകുന്നു. തൊടുന്നു. തലോടുന്നു. കൈപിടിച്ച് ഉറപ്പുകൊടുക്കുന്നു. ചിരിപ്പിക്കുന്നു. രോഗിയായ ഓരോ കുഞ്ഞും ഷീബയ്ക്ക് നീലുവാണ്.

തടുക്കാനാവില്ല നമുക്ക് മരണത്തെ. പക്ഷേ, സഹിക്കാനാവും എന്ന സന്ദേശമാണ് ഓരോ രോഗിയോടും അവരുടെ കുടുംബത്തോടും ഷീബയ്ക്ക് പറയാനുള്ളത്. നോക്കിലും വാക്കിലും സാന്ത്വനം പകർന്നുകൊണ്ട് ഷീബ എന്നാൽ സൊലേസ് എന്നാണ് അർത്ഥമെന്ന് നിശ്ശബ്ദമായി അവൾ വെളിപ്പെടുത്തുന്നു. രോഗത്തിന് ചികിത്സ മരുന്നുകൊണ്ട് മാത്രമല്ല, വചനംകൊണ്ടു കൂടിയാണെന്ന് പറയാതെ പറയുന്ന ഷീബ സംഘടിതയുടെ അടുത്ത സുഹൃത്ത് കൂടിയാണ്. സാന്ത്വനത്തിന്റെ ഈ ലക്കം ഹൃദയസ്പർശിയായി കൈകാര്യം ചെയ്ത ഷീബയ്ക്ക് എന്റെ ഹൃദയം നിറഞ്ഞ നന്ദി.



ഗസ്റ്റ് എഡിറ്റേഴ്സ് നോട്ട്

# ശ്രദ്ധ തന്നെയാണ് സംസ്ക്കാരം



ഷീബ അമീർ

**സംഘടിത**, പെൺകൂട്ടായ്മയുടെ പുതിയ ലക്കം എന്തിനെക്കുറിച്ച് എന്നു ചിന്തിക്കേണ്ടി വന്നിട്ടില്ല. മനുഷ്യൻ പരസ്പരം പാലിക്കേണ്ട ശ്രദ്ധ, കരുതൽ... മനുഷ്യർ തമ്മിൽ തമ്മിൽ മാത്രമല്ല മറ്റു ജീവജാലങ്ങളോടും തന്റെ തന്നെ ഭാഗമായ പ്രകൃതിയോടും പാലിക്കേണ്ട ശ്രദ്ധ... അതാണ് പ്രകൃതിദത്തമായ പാരസ്പര്യത്തിന് നിദാനം. ശ്രദ്ധയും കരുതലും സ്ത്രീ എന്നും അണയാതെ ഉള്ളിൽ കാത്തുവെക്കുന്ന വെളിച്ചമാണ്. അതുകൊണ്ടു തന്നെ പുതിയ ലക്കം ശ്രദ്ധയെക്കുറിച്ച് ആകാമെന്ന് തീരുമാനിക്കുന്നു.

എന്താണ് മനുഷ്യബന്ധങ്ങളിലെ നീതി. മറ്റെല്ലാ ജീവജാലങ്ങളും അതതിന്റെ നീതിപാലിക്കൽ നിറവേറ്റുന്നുണ്ടാകാം. കാരണം അവർ പ്രകൃതി നിർണ്ണയിച്ച സഞ്ചാരപഥം ലംഘിക്കാതെ ജീവിച്ചു മറയുന്നു. മനുഷ്യൻ സ്വന്തം ജീവിതം സ്വയം നിർണ്ണയിക്കുകയും നിർവ്വചിക്കുകയും ചെയ്യുന്നു. കൂട്ടമായതോടെ, കൂട്ടത്തിന്റെ താല്പര്യങ്ങൾ മനുഷ്യനെ ബാധിക്കാൻ തുടങ്ങിക്കാണും. അവിടം തൊട്ട് ഒരാൾ തന്റെ കർമ്മങ്ങളിൽ പാലിക്കേണ്ടി വരുന്ന അച്ചടക്കവും മര്യാദയും മറ്റുള്ളവർ നിർവ്വചിക്കാൻ തുടങ്ങി. അന്നു തൊട്ടേ മനുഷ്യബന്ധങ്ങളിൽ പാലിക്കേണ്ട നീതിയുക്തതയുടെ പ്രസക്തി ഉണ്ടാകുന്നു. പരസ്പരം അനീതികാണിക്കാതിരിക്കൽ മാത്രമാണ് മനുഷ്യബന്ധങ്ങളിൽ സാധ്യമാകുന്നത്. അനീതി കാണിക്കാതിരിക്കാൻ പരസ്പരം ശ്രദ്ധ പാലിക്കലാണ് ഏറ്റവും പ്രധാനം. ശ്രദ്ധ എന്നത് ഒരു വികാരമോ വിചാരമോ മാനുഷിക മൂല്യമോ അല്ല. അത് മനസ്സിന്റെ ജാഗരൂകമായ ഒരു അവസ്ഥയാണ്. ഉണർന്നിരിക്കുക എന്നതു പോലെയാണ് ശ്രദ്ധയുണ്ടായിരിക്കുക എന്നത്. ചിന്തിച്ചുകൊണ്ടും മറ്റുള്ളവരെ ആദ്യമേ നിർവ്വചിച്ചുകൊണ്ടും മറ്റൊരാളുടെ ജീവിതത്തെക്കുറിച്ച് വിധി നിർണ്ണയം നടത്തികൊണ്ടും മനുഷ്യൻ പാലിക്കേണ്ട ഒന്നല്ല ശ്രദ്ധ. ഇത്തരം കലർപ്പൊന്നുമില്ലാതെ തന്നെ നിഷ്കളങ്കമായി സംഭവിക്കേണ്ട ഒന്നാണത്. കരുണയിൽ കുതിർന്ന മനസ്സിൽ നിന്നും ഓരോ നിമിഷത്തിലും നിമിഷങ്ങളിൽ നിന്ന് നിമിഷങ്ങളിലേക്കും പകർന്നു പകർന്നു പാലിക്കേണ്ട ഒരു ഊർജ്ജം പോലെയാണ് ശ്രദ്ധ ഉണ്ടാകേണ്ടത്.

ഒരു പ്ലാസ്റ്റിക് കഷ്ണം മണ്ണിലേക്ക് അലക്ഷ്യമായി വലിച്ചെറിയാൻ തുനിയുമ്പോൾ ആ പ്രവൃത്തിയെ സ്വയം തടയുന്ന ശ്രദ്ധ... മുറ്റത്തെ ഉണങ്ങിയ ഇലകൾ അടിച്ചുകൂട്ടി തീവെക്കുമ്പോൾ മതിലിനപ്പുറത്തെ വീട്ടിൽ അരുമയായ് വളർത്തിയ മരച്ചില്ലകൾ തീയിൽ വാടിക്കരിയുമോ എന്ന് ആലോചിക്കുന്ന ശ്രദ്ധ... വ്യക്തിബന്ധങ്ങളിൽ കരുണയോടെയുള്ള ശ്രദ്ധ പാലിക്കപ്പെടുമ്പോൾ ആ ബന്ധത്തിന്റെ സൗന്ദര്യവും ഇഴയടുപ്പവും കൂടുന്നു. സ്ത്രീ തീർച്ചയായും ഇക്കാര്യത്തിൽ പുരുഷനേക്കാൾ മികച്ചു നിൽക്കുന്നു. സമൂഹത്തിൽ ഇടപെടുമ്പോൾ എല്ലാവരും ഇങ്ങനെ ശ്രദ്ധപാലിച്ചിരുന്നുവെങ്കിൽ സാമൂഹ്യവ്യവസ്ഥിതിയിൽ ഇന്നു കാണുന്ന ജീർണ്ണാവസ്ഥ ഉണ്ടാകുമായിരുന്നില്ല. അവിടെ സ്വാർത്ഥതക്ക് ഇടംകിട്ടുമായിരുന്നില്ല. ലാഭ നഷ്ടകണക്കുകൾ ഇത്രമാത്രം ഗണിക്കപ്പെടുമായിരുന്നില്ല. മറ്റു ജീവജാലങ്ങളെ നാം ആട്ടിയോടിക്കുകമായിരുന്നില്ല. പ്രകൃതിയെ ഇങ്ങനെ കയ്യടക്കുമായിരുന്നില്ല. ഭൂമിയെ മാത്രമല്ല മനസ്സിനെപ്പോലും ഇത്ര മാത്രം മലിനപ്പെടുത്തുമായിരുന്നില്ല. ശ്രദ്ധയുണ്ടാവലാണ് സംസ്കാരം. ഈ കയ്യടക്കലും മലിനപ്പെടുത്തലും മറ്റൊന്നിനോടു മനുഷ്യൻ ചെയ്തുകൊണ്ടിരിക്കുമ്പോൾ, അത് തന്നോടു തന്നെയാണ് അശ്രദ്ധമാകുന്നതെന്ന് അവൻ അറിയാതെ പോയിട്ടുണ്ട്. തനിക്ക് കിട്ടേണ്ടതു താൻ കൊടുക്കേണ്ടതായിരുന്നുവെന്ന് സ്വാർത്ഥനായ മനുഷ്യൻ ചിന്തിക്കാതെ പോയിട്ടുണ്ട്.

തന്റെ ചലനത്തിൽ അരികിലുള്ള സ്ഫടികം ഉടയരുതെന്ന് സാമാന്യം പാലിക്കേണ്ട ശ്രദ്ധ പോലും ചെയ്തില്ല. ചെയ്യുന്നില്ല എന്നത് ഏറെ ദുഖകരമായ സത്യമാണ്. നമ്മുടെ പ്രവർത്തികൾ അപരന് നല്ലതിനാകുന്നുവെങ്കിൽ അതാണ് ധാർമ്മികത. അതിനുവേണ്ടി നാം ഓരോരുത്തരും നമ്മുടെ ഉള്ളിൽ ജാഗ്രതയോടെ അണയാതെ പരിപാലിക്കേണ്ട ഉണർവ്വാണ് ശ്രദ്ധ. ഈ ലക്കം സംഘടിത, ഇവിടെ ഇനി സാദ്ധ്യമാകുന്ന ആർദ്രതയോടെയുള്ള ശ്രദ്ധയെക്കുറിച്ചും അങ്ങനെ പരസ്പരം എടുക്കുന്ന കരുതലിൽ രൂപപ്പെട്ടു വരാവുന്ന തെളിഞ്ഞ വെളിച്ചത്തെക്കുറിച്ചും ഒരു അന്വേഷണം നടത്തുകയാണ്. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ ജാഗ്രതയോടെ ഇടപെടുന്ന സ്ത്രീകൾ തങ്ങളുടെ ആലോചനകൾ പങ്കുവെക്കുന്നു. പുരുഷാധിപത്യ സമൂഹത്തിന്റെ ഉപോൽപ്പന്നമാണ് ഈ കലുഷിതമായ സാമൂഹ്യാവസ്ഥ. സ്ത്രീകളുടെ ഇടപെടൽ കൊണ്ട് മാത്രമേ ഈ അവസ്ഥക്ക് മാറ്റം വരുത്താൻ കഴിയൂ. കാരണം സ്ത്രീയാണ് സ്നേഹാർദ്രമായ ശ്രദ്ധപാലിക്കാൻ കരുത്തുള്ളവൾ...



ഗയ ഹദിയ

*ഉത്തരവാദിത്തപ്പെട്ട ഒരു കാര്യാധികാരിയെ സംബന്ധിച്ചിടത്തോളം നയരൂപീകരണത്തിൽ ശ്രദ്ധ/കരുതൽ/പരിഗണന എന്നിവ എത്രത്തോളം പ്രധാനമാണ്.*

നിവേദിത : ഇതുപോലെയുള്ള ഒരു വിഷയം നിങ്ങൾ ചെയ്യുന്നു എന്നതിൽ നിങ്ങളെ അഭിനന്ദിക്കുവാൻ ആദ്യമായിത്തന്നെ എന്നെ അനുവദിക്കുക.

ഒരാൾക്ക് കാര്യധികാരി (Official) എന്ന നിലയിൽ കുറേ നിയമങ്ങളും നടപടിക്രമങ്ങളും പാലിക്കേണ്ടതായിട്ടുണ്ട്. അവിടെ തന്മയീഭാവത്തിന് (empathy) വലിയ സാധ്യതയില്ല.

തന്മയീഭാവശക്തി എന്നത് വളരെ പ്രധാനമാണ്. അത് സഹാനുഭൂതി (sympathy)യിൽ നിന്നു വ്യത്യസ്തമാണ്. അത് നിങ്ങൾ വിക്രയം നടത്തുന്ന ആളിന്റെ സ്ഥാനത്തു സന്നിവേശിക്കപ്പെട്ട് അയാളുടെ വികാരങ്ങൾ മനസ്സിലാക്കുവാനുള്ള കഴിവാണ്. സാധാരണയായി ഇത് അപ്രധാനമാണ് എന്ന് കണക്കാക്കപ്പെടുന്നു. വിക്രയം നടത്തുന്ന

*വിവേചനാധികാരം ഉണ്ടെങ്കിൽത്തന്നെ നിയമങ്ങൾ ചായ്ക്കപ്പെടുന്നത് സാധാരണക്കാരന് ഗുണം ചെയ്യുന്ന രീതിയിലായിരിക്കണം. നിർഭാഗ്യവശാൽ ഇത് സംഭവിക്കുന്നില്ല.*

# "ഓർക്കുക! തുലനം എന്നത് വളരെ പ്രധാനമാണ്..."
# നിവേദിത പി.ഹരൻ



ആളിനോട് തന്മയീഭാവപ്പെടുകയോ, നിങ്ങൾ പറഞ്ഞപോലെ care & concern ഉണ്ടാകുകയോ ചെയ്താൽ നിങ്ങൾക്ക് നിയമപരമായും ഔദ്യോഗികമായും നിക്ഷ്പമതിയായിരിക്കാൻ കഴിയില്ല എന്ന കരുതലാണ് ഇതിനു കാരണം. എന്നാൽ ഞാൻ അങ്ങനെ കരുതുന്നില്ല. അത് സത്യമല്ല എന്നു ഞാൻ കരുതുന്നു.

ഔദ്യോഗികതലത്തിൽ ഇതെങ്ങനെ പ്രാവർത്തികമാകുന്നു എന്ന് നോക്കാം. സംസ്ഥാനത്ത് ഏറ്റവും വലിയ ഭരണവകുപ്പുകളിൽ ഞാൻ ജോലി നോക്കി. സംസ്ഥാനത്തെ വലിയ വലിയ വകുപ്പുകളിൽ രണ്ടാം സ്ഥാനമുള്ള ധനകാര്യത്തിൽ 7 വർഷത്തോളം. അവിടെ നിന്ന് ഏറ്റവും വലിയ വകുപ്പായ ആഭ്യന്തരം. ഇതിനിടയിൽ ഏറ്റവും വലിയ മൂന്നാമത്തെ വകുപ്പായ തൊഴിൽ. എന്തുകൊണ്ടാണ് ഇവ ഏറ്റവും വലിയ വകുപ്പുകൾ എന്ന് അറിയപ്പെടുന്നത്. ഈ വകുപ്പുകൾക്ക് അടിസ്ഥാനതലം വരെ എത്തേണ്ടി വരുന്നു എന്നതാണ് ഇതിന് ഹേതുവാകുന്നത്. അതിനാൽ ഇവയ്ക്ക് അസംഖ്യം തട്ടുകളിൽ പ്രവർത്തിക്കേണ്ടിവരുന്നു. വില്ലേജോഫീസിൽ തുടങ്ങി സംസ്ഥാനതല

ഓഫീസുകൾ വരെ എത്തി നിൽക്കുന്ന പല തട്ടുകൾ. അതു കൊണ്ടാണ് വളരെയധികം ആളുകൾ ഈ വകുപ്പുകളിൽ ആവശ്യമായി വരുന്നത്. ഒരു സംസ്ഥാന തല ഓഫീസിലിരുന്ന് തീരുമാനം എടുക്കുവാൻ എളുപ്പമാണ്. ബുദ്ധിമുട്ടുള്ള ഭാഗമല്ല അത്. ലക്ഷ്യങ്ങളെന്താണെന്നും നയങ്ങൾ ആർക്കുവേണ്ടിയാണെന്നും ബോധ്യമുണ്ടെങ്കിൽ എപ്പോഴും ഔദ്യോഗികജീവിതത്തിന്റെ ഭാഗമായിട്ടുള്ള നയരൂപീകരണം എളുപ്പമാണ്. എന്നെപ്പോലുള്ളവർക്ക് വിഷമകരം ഈ നയങ്ങൾ അടിസ്ഥാനതലത്തിൽ എത്തിക്കുക എന്നതാണ്. ഇത്, ശ്രദ്ധയും പരിഗണനയും കൂടിയ ഒരു ചേതോവികാരം ഉണ്ടെങ്കിൽ മാത്രമേ സാധ്യമാകൂ. നിർഭാഗ്യവശാൽ ഇത് പലപ്പോഴും ഉണ്ടാകുന്നില്ല. പലപ്പോഴും ഞെട്ടിക്കുന്ന ചില അനുഭവങ്ങൾ ഉണ്ടായിട്ടുള്ളത് ഇവിടെയാണ്. ആദിവാസികൾക്കു വേണ്ടിയുള്ള റേഷൻ ഗോതമ്പ് മറ്റു ചിലയിടങ്ങളിലേക്ക് വലിച്ചെടുക്കപ്പെട്ടത്, വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്നവർക്കു വേണ്ടിയും, കൃഷി നഷ്ടപ്പെട്ട കർഷകർക്കു വേണ്ടിയും മറ്റുമുള്ള സഹായങ്ങൾ. തുടങ്ങിയവയിൽ അഴിമതി നടക്കുന്നുണ്ട്. ഇവർ ഒരു പക്ഷേ ദരിദ്രരായിരിക്കില്ല. എന്നാൽ ചില പ്രത്യേകസാഹചര്യങ്ങളിൽ സഹായമാവശ്യമായി തീർന്നവരാണ്. ആരും അത്തരം സാഹചര്യങ്ങളിൽ എത്തിപ്പെട്ടേക്കാം. ഇത്തരം ആളുകളിൽ എത്തിച്ചേരുവാനായി സർക്കാർ വകുപ്പുകൾ രൂപപ്പെടുത്തുന്ന സഹായപദ്ധതികൾ മറ്റെവിടേക്കോ ഒഴുക്കുന്നു. സഹായപദ്ധതികളിലെ ധനം അർഹരായവരിൽ എത്തിച്ചേരാതെ വഴിതിരിച്ചു വിടപ്പെട്ട സംഭവങ്ങൾ നമ്മൾ കേട്ടിട്ടുള്ളതാണ്. നമ്മുടെ ഒരു മുൻപ്രധാനമന്ത്രി ഒരിക്കൽ പറയുകയുണ്ടായി : സർക്കാർ ചിലവാക്കുന്ന ഒരോ രൂപയിലും പതിനെട്ടു പൈസ മാത്രമേ അർഹരായവരിൽ എത്തിച്ചേരുന്നുള്ളൂ. ഇതിൽ എൺപത്തിരണ്ട് പൈസ എവിടെ പോകുന്നു




*നമ്മുടെ ഒരു മുൻപ്രധാനമന്ത്രി ഒരിക്കൽ പറയുകയുണ്ടായി : സർക്കാർ ചിലവാക്കുന്ന ഓരോ രൂപയിലും പതിനെട്ടു പൈസ മാത്രമേ അർഹരായവരിൽ എത്തിച്ചേരുന്നുള്ളൂ. ഇതിൽ എൺപത്തിരണ്ട് പൈസ എവിടെ പോകുന്നു എന്ന് ഒന്ന് ചിന്തിച്ചു നോക്കൂ. ഇത് അനർഹർ കീശയിലാക്കുന്നു. കെയർ & കൺസേൺ ഇല്ലായ്മയുടെ അത്യന്തം നീചമായ മനോഭാവം ആണിത്.*

എന്ന് ഒന്ന് ചിന്തിച്ചു നോക്കൂ. ഇത് അനർഹർ കീശയിലാക്കുന്നു. പരിഗണന/ശ്രദ്ധ ഇല്ലായ്മയുടെ അത്യന്തം നീചമായ മനോഭാവം ആണിത്.

അന്റഡർ തുടങ്ങി എല്ലാ തലത്തിലുമുള്ള ഉദ്യോഗസ്ഥർക്കും നല്ലനിലയിൽ ജീവിക്കുവാനുള്ള മാന്യമായ ശമ്പളം ലഭിക്കുന്നുണ്ട്. എന്നിട്ടും ഇത്തരം സംഭവങ്ങൾ അരങ്ങേറുന്നു.

*ഔദ്യോഗികവൃത്തത്തിനിടയിൽ വരുന്ന ഇത്തരം വീഴ്ചകൾ സമൂഹത്തെ എത്രത്തോളം പ്രതികൂലമായി ബാധിക്കുന്നുണ്ട്?*

എനിക്കിപ്പോൾ ആഭ്യന്തരവകുപ്പിൽ നിയമനിഷേധികളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് കൈകാര്യം ചെയ്യേണ്ടി വരുന്നത്. മയക്കുമയന്നുപയോഗം, നമ്മുടെ നഗരങ്ങളിൽ കേരളത്തിൽ പ്രത്യേകിച്ചും വർദ്ധിച്ചു വരുന്നു. മയക്കുമരുന്നു കൊണ്ടു നടന്നു വിൽക്കുന്നയാൾ പലപ്പോഴും പള്ളിക്കൂടങ്ങളിൽ എത്തി ഒരു മുതിർന്നകുട്ടിയുമായി ബന്ധം സ്ഥാപിച്ച് അവനെ അയാളുടെ മയക്കുമരുന്നു വാഹകനായും മറ്റു കുട്ടികളുമായി ബന്ധപ്പെടാനുള്ള കണ്ണിയായും മാറ്റുന്നു. പോലീസ് അവിടെയെത്തി അവരിൽ കുറേ പേരെ അറസ്റ്റ് ചെയ്യുന്നു. പക്ഷേ അവർ റീപ്ലെയ്സ് ചെയ്യപ്പെടുന്നു.

ഇവിടെയാണ് കേവല മാനുഷികമൂല്യമായ ശ്രദ്ധയും പരിഗണനയും പ്രാധാന്യമർഹിക്കുന്നത്. കുട്ടികൾ പണത്തിനുവേണ്ടിയായിരിക്കില്ല മയക്കുമരുന്ന് വാഹകരാകുന്നത്. സ്ഥൈര്യതയില്ലാത്ത കുടുംബബന്ധങ്ങളിൽ നിന്നും ഉടലെടുക്കുന്ന പ്രശ്നങ്ങൾ ഒരു കാരണമാകാം. പള്ളിക്കൂടങ്ങളിലെ പരിഗണന ഇല്ലായ്മയും മറ്റൊരു കാരണമാകാം. ഇവർ ക്ലാസ്സിൽ വന്നോ ഇല്ലയോ എന്നു

പോലും ആരും ശ്രദ്ധിക്കുന്നില്ല. ഇത്തരം കാര്യങ്ങളിൽ ജാഗ്രത സമൂഹത്തിന്റെ എല്ലാ ഭാഗങ്ങളിൽ നിന്നും ഉണ്ടാകേണ്ടതാണ്. എന്നാൽ ഇത് സംഭവിക്കുന്നില്ല. ഞാൻ കഴിഞ്ഞ മുപ്പത്തിയഞ്ച് വർഷമായി കേരളത്തിൽ ഉണ്ട്.

ഈ മുപ്പത്തിയഞ്ച് വർഷം ജനങ്ങളുടെ അവസ്ഥ മോശമാകുന്നത് ഞാൻ കണ്ടുകൊണ്ടേയിരിക്കുന്നു. ഇതിനെ പ്രതിരോധിക്കാൻ എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ട്, ആരാണ് അത് ചെയ്യേണ്ടത്? വ്യത്യാസങ്ങൾ കൊണ്ടുവരാനായി നമ്മളെപ്പോലുള്ളവർക്ക്; എന്നെപ്പോലെയുള്ളവർക്ക് എന്തെങ്കിലുമൊക്കെ ചെയ്യാൻ കഴിയും.

*നയരൂപീകരണവിഭാഗത്തിലെ ഒരു ഉയർന്ന ഉദ്യോഗസ്ഥ എന്നതിലപ്പുറം ഒരു വ്യക്തി എന്ന നിലയിലും താങ്കൾ മുന്നിലെത്തുന്ന ഓരോ വിഷയവും നോക്കി കാണാറുണ്ടാവാം. തീരുമാനങ്ങളിൽ വ്യക്തി എന്ന നിലയിലും ഉദ്യോഗസ്ഥ എന്ന നിലയിലും എപ്പോഴെങ്കിലും മാനസിക മാത്സര്യം അനുഭവപ്പെട്ടിട്ടുണ്ടോ?*

തീർച്ചയായും. ഓരോ ദിവസവും എനിക്ക് അത്തരം അവസ്ഥ നേരിടേണ്ടി വരാറുണ്ട്. ഒരു ഉദാഹരണം പറയാം. ഇത് ആഭ്യന്തരവകുപ്പിൽ നിന്നും ഉള്ളതാണ്. ഒരു തടവുപുള്ളിയെ അയാളുടെ കാലാവധി കഴിയുന്നതിന് മുമ്പ് സ്വതന്ത്രനാക്കാനുള്ള ഒരു വ്യവസ്ഥ നമ്മുടെ നിയമങ്ങളിൽ നിലവിലുണ്ട് എന്നറിയാമല്ലോ. ഒരു വ്യക്തി ഒരു കുടുംബത്തിലെ മൂന്നോ നാലോ അംഗങ്ങളെ നിഷ്ഠൂരമായി കൊല ചെയ്ത ഒരു സംഭവം- ഏകദേശം 10 വർഷങ്ങൾക്ക് മുമ്പ് നടന്നതാണ്. ഈ തടവു പുള്ളിയെ സ്വതന്ത്രനാക്കാനുള്ള ഒരു നിർദ്ദേശം ഈയിടെയായി പരിഗണിക്കപ്പെടുകയുണ്ടായി. നിയമങ്ങൾ അതെഴുതിവെക്കപ്പെട്ട വാക്യാർത്ഥങ്ങൾക്കുപരിയായി അതിലുൾക്കൊള്ളപ്പെട്ട താത്പര്യം സ്വാംശീകരിച്ചു വേണം കാണുവാൻ എന്നു ഞാൻ വിശ്വസിക്കുന്നു. ഇപ്പറഞ്ഞ



*തടവുപുള്ളികൾ ഓരോരുത്തരായി വന്ന് അവർ 12 വർഷം പൂർത്തിയാക്കി കഴിഞ്ഞു, അവരെ സ്വതന്ത്രരാക്കണം എന്നാവശ്യപ്പെട്ടാൽ അത് അനുവദനീയമാണോ? അല്ല. സർക്കാർ തലത്തിലെടുക്കുന്ന തീരുമാനങ്ങളിൽ ഏറ്റവും പ്രധാനം തീരുമാനങ്ങൾ തുലനം നിലനിർത്തുന്നതും നീതിപൂർണ്ണവും ആയിരിക്കണം എന്നതാണ്.*

വ്യക്തിയുടെ പെരുമാറ്റം നല്ലതായിരിക്കാം. അതുകൊണ്ട് ജയിലധികാരികൾ ഇയാളെ സ്വതന്ത്രനാക്കാമെന്ന് അഭിപ്രായപ്പെടുന്നുണ്ടാകാം. പക്ഷേ ഇവിടെ നീതിയെന്ന ഒരു കാര്യം കൂടി പരിഗണിക്കേണ്ടതായിട്ടുണ്ട്. ഒരു കുടുംബത്തിന് 3 പേരെ നഷ്ടപ്പെട്ടിരിക്കുന്നു- ഈ വ്യക്തി അവരെ കൊലപ്പെടുത്തിയിരിക്കുന്നു. അവർക്കും നീതി കിട്ടണം. സമൂഹത്തിൽ തുലനവും സമാധാനവും നിലനിൽക്കുന്നത് വ്യക്തികളുടെ താല്പര്യങ്ങൾ സംരക്ഷിക്കുവാൻ നിയമപാലകരുണ്ട് എന്ന് അവരെ ബോധ്യപ്പെടുത്തുന്നതിലൂടെയാണ്. എന്നാൽ ഇത്തരത്തിലുള്ള ഒരു വ്യക്തിയെ സ്വതന്ത്രനാക്കാൻ കഴിയുകയില്ല എന്ന വ്യക്തിപരമായ അഭിപ്രായത്തെ പൂർണ്ണമായും എനിക്ക് അവഗണിക്കേണ്ടി വന്നു. ഇതേ സംഭവത്തിന് മറ്റൊരു വശമുണ്ടല്ലോ. ഇത്തരത്തിലുള്ള മാനസികമാത്സര്യം എല്ലാ സമയവും ഉണ്ടാകുന്നു.

കാര്യങ്ങളെ ഞാൻ എന്റെ കാഴ്ചപ്പാടിലൂടെയാണ് നോക്കിക്കാണുന്നത്. എന്റെ കാഴ്ചപ്പാട് ഞാൻ വളർന്ന സാഹചര്യം, സമൂഹം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. നേരത്തെ സൂചിപ്പിച്ച അതേ ഉദാഹരണം എടുത്തു നോക്കാം. തടവിലുള്ള ഈ വ്യക്തിക്ക് ഭാര്യയും കുട്ടികളുമുണ്ട്. തന്റെ ഭർത്താവിനെ സ്വതന്ത്രനാക്കണം എന്ന് അയാളുടെ ഭാര്യക്ക് ആവശ്യപ്പെടാം. പത്തുപന്ത്രണ്ടു വർഷം അയാളെ തടവിൽ പാർപ്പിച്ച് കഴിഞ്ഞു. എന്തിനയാളെ കൂടുതൽ ശിക്ഷിക്കണം എന്ന് അവർക്ക് തോന്നാം. ഓർക്കുക! ഇവിടെ തുലനം എന്നത് വളരെ പ്രധാനമാണ്. അത് നിലനിൽക്കുന്നതിനായാണ് എന്നെപ്പോലെയുള്ളവർ ഇവിടെയുള്ളത്. ഇവിടെ എനിക്ക് തുലനം നിലനിൽക്കുന്ന ഒരു തീരുമാനം കൈകൊള്ളണം. അത് എല്ലാവരുടേയും കാഴ്ചപ്പാടിൽ, സമൂഹത്തിന്റെ കാഴ്ചപ്പാടിൽ തുലനം നിലനിൽക്കുന്നതായിരിക്കണം. തടവുപുള്ളികൾ ഓരോരുത്തരായി വന്ന് അവർ 12 വർഷം പൂർത്തിയാക്കി കഴിഞ്ഞു, അവരെ സ്വതന്ത്രരാക്കണം എന്നാവശ്യപ്പെട്ടാൽ അത് അനുവദനീയമാണോ? അല്ല. സർക്കാർതലത്തിലെടുക്കുന്ന തീരുമാനങ്ങളിൽ ഏറ്റവും പ്രധാനം തീരുമാന

ങ്ങൾ തുലനം നിലനിർത്തുന്നതും നീതിപൂർണ്ണവും ആയിരിക്കണം എന്നതാണ്.

നീതി ശക്തിമാനുമാത്രം ലഭ്യമാക്കുക എന്നതാണ് സർക്കാർ വകുപ്പുകളിൽ സാധാരണ നടക്കുന്നത്. എന്നാൽ എന്നെ സംബന്ധിച്ചിടത്തോളം അശക്തരായവർക്കും പാർശ്വവത്കരിക്കപ്പെട്ടവർക്കും നീതി ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. സർക്കാർ തീരുമാനങ്ങൾ കീഴ്വഴക്കങ്ങൾ വരുത്തിവെക്കും എന്നത് വളരെയധികം ശ്രദ്ധിക്കേണ്ട കാര്യമാണ്. സാമാന്യരീതികളിൽ നിന്നും വ്യതിചലിക്കുമ്പോൾ നമ്മൾ വളരെയധികം ജാഗരൂകരായിരിക്കണം. കാരണം അത്തരം കാര്യങ്ങൾ നമുക്കൊരാൾക്ക് മാത്രമായി നടപ്പിലാക്കുവാൻ കഴിയില്ല. ഇത്തരം സാഹചര്യങ്ങളിലാണ് നമുക്ക് രാഷ്ട്രീയഭരണസമിതിയെ നിരാകരിക്കേണ്ടി വരുന്നത്. ഒരു തെരഞ്ഞെടുപ്പിന് ശേഷം അന്ന് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കുവാനായി രാഷ്ട്രീയസമിതി ശ്രമിക്കും. പക്ഷേ വാഗ്ദാനങ്ങളെല്ലാം നിയമപരമായ കാര്യങ്ങളിലായിക്കൊള്ളണമെന്നില്ല. അത് നമുക്ക് ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങൾ ഞാൻ തുടർന്നുകൊണ്ടേയിരിക്കുന്നു.

*ഇത്തരത്തിൽ നിയമം വളച്ചൊടിക്കപ്പെടുന്നത്, സാധാരണക്കാരന് മനുഷ്യത്വപരമായ പരിഗണന ലഭിക്കുന്നതിൽ നമ്മുടെ നിയമവ്യവസ്ഥ വേണ്ടത്ര ജാഗ്രത പുലർത്തുന്നില്ല എന്നതിനാലാണോ?*

അങ്ങനെയല്ല. നിയമം എത്ര പ്രബലമായിരുന്നാലും ചില വിവേചനാധികാരങ്ങൾ ഉപയോഗിച്ച് ഒരു പക്ഷത്തോട് ചായ്വുള്ള തീരുമാനങ്ങളിലേക്ക് എത്തിച്ചേർക്കുവാൻ കഴിയും. ഈ വിവേചനാധികാരമുള്ളതുകൊണ്ടാണ് പൊതുജനസേവകരായ ഉദ്യോഗസ്ഥന്മാർ ഇത്ര ശക്തരായിത്തീരുന്നത്. ഭരണാധികാരി ഒരു തത്വചിന്തകൻ ആയിരിക്കണം എന്ന് പ്ലേറ്റോ പറഞ്ഞത് എന്തുകൊണ്ടാണെന്ന് ശ്രദ്ധിക്കുക. ഒരു തത്വചിന്തകന് കാര്യങ്ങൾ നിർവ്വികാരമായ ഒരു കണ്ണിലൂടേയും കാണുവാൻ കഴിയും.

പൊതുജനസേവകർ നിയമപാലനത്തിൽ ചില കുസൃതിത്തരങ്ങൾ കാട്ടാറുണ്ട്. ഏതെങ്കിലും ഒരു വശത്തിന് ഗുണകരമാകുന്ന രീതിയിൽ നിയമത്തെ വളച്ചൊടിക്കുക. ഇത് നിർദ്ദോഷമായ രീതിയിൽ ചെയ്യുവാൻ കഴിയും. ഇത് അശക്തർക്ക് ഗുണകരമാകും വിധം പ്രയോഗിക്കാം. അങ്ങനെ സംഭവിക്കണം എന്ന് ഞാൻ വിശ്വസിക്കുന്നു. കാരണം അവരാണ് ശബ്ദമുയർത്താൻ കഴിയാത്തവർ. അതുകൊണ്ട് നിയമത്തെ വളച്ചൊടിക്കുകയാണെങ്കിൽ അത് അശക്തരെ സഹായിക്കുവാൻ വേണ്ടിയാവണം. എന്നാൽ ഇത് വളരെ അപൂർവ്വമായി മാത്രമേ സംഭവിക്കുന്നുള്ളൂ. അഴിമതി ഇത്ര സർവ്വസാധാരണമാകാനുള്ള കാരണവും ഇതു തന്നെയാണ്. നമ്മുടെ സമൂഹത്തിൽ അഴിമതി കുറയണമെങ്കിൽ നിയമങ്ങളിലെ വിവേചനാധികാരത്തെ എത്ര കണ്ട് കുറക്കാമോ അത്രകണ്ട് കുറക്കണം. ഏതൊരു കാര്യം ചെയ്യുന്നതും ആധുനിക വാർത്താവിനിമയ ഉപാധികളെ ഉപയോഗിച്ചുകൊണ്ട് സുതാര്യമായി എല്ലാവർക്കും വിവരങ്ങൾ ലഭ്യമാകുന്ന രീതിയിൽ വേണം. മറ്റൊരു കാര്യം. വിവേചനാധികാരം ഉണ്ടെങ്കിൽത്തന്നെ നിയമങ്ങൾ ചായ്ക്കപ്പെടുന്നത് സാധാരണക്കാരന് ഗുണം ചെയ്യുന്ന രീതിയിലായിരിക്കണം. നിർഭാഗ്യവശാൽ ഇത് സംഭവിക്കുന്നില്ല.

മറ്റൊരു ഉദാഹരണം കൂടിപ്പറയാം. എപ്പോഴെങ്കിലും ഒരു ദുരന്തം സംഭവിക്കുമ്പോൾ നമ്മൾ സൗജന്യറേഷൻ നൽകാറുണ്ട്. സൗജന്യറേഷൻ ലഭ്യമാക്കേണ്ടവരുടെ പട്ടിക തയ്യാറാക്കുന്നത് തദ്ദേശത്തുള്ള താലൂക്ക് സപ്ലൈ ഓഫീസറാണ്. ഈ പട്ടികയാണ് സൗജന്യറേഷൻ വിതരണത്തിനായി റേഷൻ കടകളിൽ നൽകുന്നത്. ഒരു പ്രത്യേകപഞ്ചായത്തിൽ ഞാൻ കണ്ടെത്തിയത് നൂറുപേർ ഉൾപ്പെട്ട ഈ പട്ടികയിൽ ആദ്യമുള്ള എൺപത് പേരും അവിടുത്തെ പ്രധാനപ്പെട്ട കുറേ ആളുകളായിരുന്നു എന്നതാണ്. ഏറ്റവും അവസാനം ഇരുപത് പാവപ്പെട്ടവരുടെ പേരുകളും ഉണ്ടായിരുന്നു. എന്നാൽ പൂർണ്ണമായും അർഹരായ പാർശ്വവത്കരിക്കപ്പെട്ട പാവപ്പെട്ടവർ ഈ പട്ടികയിൽ നിന്നും തീർത്തും പുറത്തായിരുന്നു. ഇവിടെയാണ് നിങ്ങൾ പറയുന്ന കരുതലും ശ്രദ്ധയും പരിഗണനയും വരേണ്ടത്. പക്ഷേ അതവിടെ ഇല്ലാതെ പോയി. ഇവിടെയാണ് കേരളത്തിലെ ജനങ്ങൾ ജാഗരൂകരാകേണ്ടത്. പക്ഷേ നിർഭാഗ്യവശാൽ തീർത്തും പാർശ്വവത്കരിക്കപ്പെട്ടവർക്ക് അഭിപ്രായ സ്വാതന്ത്ര്യം ഇല്ലാതെയാകുന്നു. ഇപ്പോൾ പൊതുസ്ഥല കയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാനായി പോലീസ് ഇടപെടുകയാണെന്ന് വയ്ക്കുക. അവർ വലിയ കയ്യേറ്റക്കാരെ ഒഴിവാക്കി ചെറിയ പെട്ടിക്കടക്കാരേയും ഉന്തുവണ്ടിക്കാരേയും ലക്ഷ്യമിടുന്നു. ഈ അവസരങ്ങളിലാണ് ശ്രദ്ധയും പരിഗണനയും പ്രാവർത്തികമാകേണ്ടത്.

*? ഒരു തീരുമാനത്തിൽ എത്തിച്ചേരേണ്ട അവസരങ്ങളിൽ സ്ത്രീയും പുരുഷനും കാര്യങ്ങൾ നോക്കിക്കാണുന്നതിൽ വ്യത്യാസം ഉണ്ടെന്ന് തോന്നിയിട്ടുണ്ടോ?*

ആളുകൾ അങ്ങനെ പറയുന്നുണ്ട്. പക്ഷേ ഞാൻ അധികാര സ്ഥാനത്തിരിക്കുന്നത് ഒരു സ്ത്രീയായല്ല. ആ സ്ഥാനത്തിരിക്കുവാൻ യോഗ്യതയുള്ള ഒരു വ്യക്തിയായാണ്. കാര്യങ്ങളെ നോക്കിക്കാണുന്ന ഒരു ഭരണാധികാരിയുടെ കാഴ്ചപ്പാടിൽ. കാണുക എന്ന ഭീമമായ ചുമതലയും എന്നിൽ നിക്ഷിപ്തമാണ്. സ്ത്രീയോ പുരുഷനോ എന്ന വേർതിരിവ് ഇവിടെ വരുന്നില്ല.

സ്ത്രീയാകുന്നതുകൊണ്ട് ഈ പദവിയിൽ എന്തെങ്കിലും മൂല്യഅധികരണം വരുന്നുണ്ടോ? എനിക്കറിയില്ല! ഞാൻ സ്ത്രീകളിൽ ഏറ്റവും മോശമായ ഉദ്യോഗസ്ഥരെ കണ്ടിട്ടുണ്ട്. ഞാൻ പുരുഷന്മാരിൽ വളരെ നല്ല ഉദ്യോഗസ്ഥരെ കണ്ടിട്ടുണ്ട്. അതുകൊണ്ട് എനിക്കിത് സാമാന്യവത്കരിക്കാൻ കഴിയുകയില്ല.

*ശേഷം പേജ് 19 ൽ*

ലേഖനം





ഖദീജാമുംതാസ്

# ശ്രദ്ധയ്ക്കുവേണ്ടി ഒരു ആത്മഭാഷണം

**ഉച്ചവെയിൽ** മൂക്കാൻ തുടങ്ങിയ നേരം ഈ കിളിക്കൊഞ്ചൽ എവിടെ നിന്നാവോ? ചിലുചിലു... ചിലുചിലു! വെളുപ്പാൻ കാലം പകർന്ന നിറവാണ് ഉള്ളം നിറയെ. നേർക്കാൻ തുടങ്ങുന്ന ഇരുളിനെ വിരഹിയുടെ വേപഥുവോടെ ചേർത്തു പിടിക്കാൻ കൊതിക്കുന്ന മനസ്സ്. പുളിമരക്കൊമ്പിൽ നിന്ന്, ആഞ്ഞിലിമരത്തിൽ നിന്ന്, മാവിന്റെ നിഗൂഢ പച്ചയൊളിയിടങ്ങളിൽ നിന്ന്... കണ്ണടച്ചിരുന്ന് ഒരു വീർപ്പെടുത്തു അയച്ചുവിടുംവരെ അഞ്ചു തരം കൊഞ്ചലുകളെങ്കിലും എണ്ണിത്തീർക്കാം. അതിൽ കുയിലിന്റെ ഈണം വേർതിരിച്ചനുഭവിക്കാം. കാക്കയുടെ കാകാ സ്വരത്തിനുമുണ്ടൊരു വിഭാതമധുരം. ചിലപ്പോൾ ദൂരെ നിന്നൊരു പൂവങ്കോഴിക്കൂവൽ... മഴ പെയ്തു തുടങ്ങിയതു മുതൽ, മരങ്ങളും മണ്ണും ഈർപ്പത്തിൽ കനത്തതു മുതൽ അസംഖ്യം ചെറു ചെറു ജീവികളുടെ പശ്ചാത്തല ജുഗൽബന്ദി... ഭൂമി ആരുടേതൊക്കെയാണു ദൈവമേ! ടെറസ്സിലെ പാരപ്പറ്റിൽ മൂരിനിവർന്ന് ഇടമതിലിലേക്ക് ചാടി പുലിയുടെ ഗാംഭീര്യത്തോടെ നടന്നു നീങ്ങുന്ന പൂച്ച ഇരുളിൽ തനിച്ചിരിക്കുന്നവളെ ഒന്നു തറപ്പിച്ചു നോക്കിയോ...? ഇരുളിന്റെ നേർത്ത പട്ടു ദുപ്പട്ട

*ടെറസ്സിലെ പാരപ്പറ്റിൽ മൂരിനിവർന്ന് ഇടമതിലിലേക്ക് ചാടി പുലിയുടെ ഗാംഭീര്യത്തോടെ നടന്നു നീങ്ങുന്ന പൂച്ച ഇരുളിൽ തനിച്ചിരിക്കുന്നവളെ ഒന്നു തറപ്പിച്ചു നോക്കിയോ...?*

യതാ ഇതിനിടയിൽ കൈവിട്ടു പാറിയകലുന്നു...! മുന്നിൽ റോഡിലൂടെ ചീറിപ്പായുന്നൊരു വാഹനസ്വരം... മഹാദേവീക്ഷേത്രത്തിൽ നിന്നുമൊരു ഭജനഗാനം... ഇടവഴിയിലൂടൊരു മോട്ടോർസൈക്കിളിന്റെ തീവ്രപ്രകാശം... കുടു കുടു. കുടു കുടു! മെല്ലെ മെല്ലെയടങ്ങുന്നു കിളിക്കൊഞ്ചലുകൾ.. പശ്ചാത്തല സംഗീതവും എപ്പോഴെന്നറിയാതെ നിന്നു പോയിരിക്കുന്നു. ഓ, ഇനിയവർ മദിക്കട്ടെ, മനുഷ്യർ! രാത്രി വൈകുവോളം... വാഹനങ്ങളിൽ... കംപ്യൂട്ടറുകൾക്കു മുന്നിൽ... ഔദ്ധത്യത്തോടെ ഒച്ചയുയർത്തി... നമുക്കീ വെളുപ്പാൻ കാലങ്ങൾ മതിയല്ലോ. അവർ സദിരു നിർത്തുന്നു. ഹാർമ്മോണിയപ്പെട്ടികൾ അടച്ചു വെയ്ക്കുന്നു. മരക്കൊമ്പുകളിലെ കുഞ്ഞു വീടുകളിൽ കുഞ്ഞു മെത്തകൾ മലരുന്നുണ്ടോ...?

ഇവിടെ ഇപ്പോഴും ഈ വെളുപ്പാൻ കാലങ്ങൾ അനുഭവിക്കാനാ

കുന്നല്ലോ എന്ന അത്ഭുതത്തിലാണ് ഞാൻ. മാവും പ്ലാവും വാഴയും അരയോളം വളർന്ന പാഴ്പ്പുല്ലുമുള്ള നഗരക്കണ്ണുകൾ ആർത്തിയോടെ ഉഴിഞ്ഞിട്ട അയൽപ്പക്കമണ്ണിൽ ഒരു ബഹുനില ഫ്ളാറ്റു പൊന്തുവോളം മാത്രം എന്റെയീ സൗഭാഗ്യം. പിന്നെ? പിന്നെ, അര മൈൽ അപ്പുറമുള്ള തണ്ണീർത്തടത്തിലേക്ക് ചേക്കേറും എന്റെ സ്നേഹിതകൾ... കുയിലുകൾ, കിളികൾ. തണ്ണീർത്തട നിവാസികൾ മുറുമുറുപ്പൊന്നുമില്ലാതെ അവയെ കൂടെ കൂട്ടും. അവയ്ക്കിടയിലെന്തു മാത്സര്യവും പകയും! വെളുപ്പിനു മാത്രമല്ല, ഏതു നേരവും അപ്പുറം കൂവുമ്പോൾ 'ഞാനിവിടെയുണ്ടേ' എന്നിപ്പുറം കൂവി അവ സ്നേഹത്തിന്റെ പരസ്പരാശ്രിതത്വം ഉറപ്പിക്കും. നാനാത്വത്തിന്റെ ഉത്സവം ആഘോഷിക്കും. അടുത്ത ജന്മമുണ്ടെങ്കിൽ ഞാനും വരും ഒരു കിളിയായി... അപ്പോഴേയ്ക്കും തണ്ണീർത്തടത്തിലൊരു മാലിന്യ സംസ്കരണ പ്ലാന്റിന്റെ ഇരമ്പൽ ഉയർന്നു തുടങ്ങിക്കാണുമോ ദൈവമേ!

ഞങ്ങളെവിടെപ്പോകും എന്നു പരിഭവിക്കുക തന്നെയാണോ മുറ്റത്തെ തെങ്ങോലയിലിരുന്ന് രണ്ടോലേഞ്ഞാലിക്കിളികൾ...? ഈ വെയിൽ മൂക്കുന്ന നേരത്തും? അവർ നിഷ്കളങ്കതയുടെ നിറകുടങ്ങൾ. ഭാവിയെപ്പറ്റി വേവലാതിപ്പെടാത്തവർ. 'ചിലുചിലും' എന്നു പരസ്പരം കൊഞ്ചുകയാണവ. ഇളം കാറ്റിൽ ഓലപ്പീലിയിളകുമ്പോൾ ആ ലോലശരീരികളും തെന്നുന്നു, ഓളങ്ങളിൽ പൂവിതളുകളെന്നപോലെ. ഒന്നു തുള്ളി തൊട്ടപ്പുറത്തെ ചെമ്പക മരക്കൊമ്പിലേക്ക്. കിലുകിലും... കിലുകിലും... കൺസൾട്ടിംഗ് റൂമിന്റെ വാതിൽ തുറന്ന് മരക്കൊമ്പിൽ മിഴി നട്ടു നിന്നു കുറച്ചുനേരം. (ആരും കാണണ്ട ഈ കിറുക്ക്!). എന്തു മാത്രം പൂക്കളാണ് ചെമ്പകമരത്തിൽ! ആകാശത്തേയ്ക്ക് നീട്ടിയ ചില്ലകൾക്കു യൗവനത്തിന്റെ കുതിപ്പ്. രണ്ടടിപ്പൊക്കക്കാരി

*ഞങ്ങളെ വിടെപ്പോകും എന്നു പരിഭവിക്കുക തന്നെയാണോ മുറ്റത്തെ തെങ്ങോലയിലിരുന്ന് രണ്ടോലേഞ്ഞാലിക്കിളികൾ...? ഈ വെയിൽ മൂക്കുന്ന നേരത്തും? അവർ നിഷ്കളങ്കതയുടെ നിറകുടങ്ങൾ. ഭാവിയെപ്പറ്റി വേവലാതിപ്പെടാത്തവർ. 'ചിലുചിലും' എന്നു പരസ്പരം കൊഞ്ചുകയാണവ.*

യായി ഇവളെപ്പോളായിരുന്നു ഇവിടെ ആദ്യമായെത്തിയത്..? അപ്പുറം ചാമ്പ മരത്തിന്റെ ചില്ലയിലെ ഇരുളൻ മറവിൽ രണ്ടു കാക്കകൾ, നിശ്ശബ്ദരായി, മുനികളെപ്പോലെ. കാക്കകൾക്ക് ഇത്ര സൗമ്യമായ നിമിഷങ്ങളോ? 'ക്രാക്രാ' കരയുന്നതും എച്ചിൽ കൊത്തി വലിക്കുന്നതും മാത്രമല്ലേ ഇതുവരെ കണ്ടിട്ടുള്ളു...!

'എത്ര കിളികളാണ്! ചിൽചിലും എന്ന് മേളം എത്ര നേരമായി, കേട്ടില്ലേ?' എന്നു ഞാൻ.

'കിളികളോ,' എവിടെ? ഞാൻ കേട്ടില്ലല്ലോ...!'

അദ്ദേഹം കേൾക്കാതിരുന്നതിൽ അത്ഭുതമൊന്നുമില്ല. റോഡിലെ ബഹളങ്ങൾക്കും, രോഗികളായെത്തുന്നവരുടെ പരാതികൾക്കും, വരാന്തയിലെ ഉച്ചത്തിലുച്ചത്തിലുയരുന്ന മൊബൈൽ ഭാഷണങ്ങൾക്കുമിടയിൽ ഈ ദുർബ്ബല സ്വരങ്ങളെ എങ്ങനെ വേർതിരിച്ചു കേൾക്കാനാണ്? എന്റെ സ്വനഗ്രാഹികളും ഇവയെ അരിച്ചെടുത്തു തുടങ്ങിയിട്ട് അധികമൊന്നുമായില്ലല്ലോ!

അതിനു മുമ്പ് അവയ്ക്കും ശീലം മറ്റെന്തൊക്കെയോ ആയിരുന്നു. വെറും മനുഷ്യന്റെ ആഹ്ലാദങ്ങൾ, പരാതികൾ, ആവലാതികൾ. അവന്റെ മാത്രം സംഗീതം... അവന്റെ മെഷിനറികളുടെ മൂളലുകൾ.

ശ്രദ്ധയാണു വിഷയമെന്ന് ഷീബ. ശ്രദ്ധയിലൂടെയേ അനുഭാവമുണ്ടാവൂ. അനുഭാവത്തിലൂടെയേ കരുതലുണ്ടാവൂ. ഉലയിൽ കാച്ചി കൂടത്തിലടിച്ച് കൂർപ്പിച്ച അമ്പിന്റെ മുനയിലൂന്നിയ കരുവാത്തിപ്പെണ്ണിന്റെ ശ്രദ്ധയാണ് കർമ്മങ്ങളിൽ വേണ്ടതെന്നു ജ്ഞാന ബുദ്ധൻ. ജീവിതത്തിന്റെ ഏതേതെല്ലാം മേഖലകളിലാണ് ഒരാൾ ഇടപെടുന്നത്! അവിടെയെല്ലാം വ്യാപരിക്കേണ്ട ശ്രദ്ധ. ഈയൊരു ജന്മത്തിൽ കർമ്മം കൊണ്ട് ഞാനൊരു ചികിത്സകയായിരുന്നു. അധ്യാപികയായിരുന്നു... ഭാര്യ... അമ്മ, പിന്നീടൊരെഴുത്തുകാരി... പിന്നെ? പിന്നെയുമെന്തൊക്കെയോ ഓർക്കാതെയും അറിയാതെയും... ഏതു മേഖലയിലെ ശ്രദ്ധയെപ്പറ്റി എഴുതണം? ശ്രദ്ധ ചിതറിപ്പോകുന്ന വല്ലാതെ അസ്ഥിരമായ മനസ്സുമായി നടക്കുമ്പോൾ ഒന്നിനെപ്പറ്റിയും ഓർത്തെടുക്കാനാവുന്നില്ല. മാത്രവുമല്ല, ഉള്ളിലിരുന്നനേകം കുഞ്ഞിക്കിളികളും പ്രാവുകളും കുയിലുകളും കുറുകിക്കൊണ്ടേയിരിക്കുന്നു...

നാളെ ഞങ്ങൾ തോട്ടുമുക്കത്തെ മലഞ്ചെരിവിലെ മണ്ണിൽ ആറേഴുവൃക്ഷത്തൈകൾ നടുന്നുണ്ട്. മാവും, കടപ്ലാവും, ആര്യവേപ്പും, ചാമ്പമരവുമുണ്ടതിൽ. പിന്നെ മഹാകഥാകാരന്റെ മാങ്കോസ്റ്റിനും. മാങ്കോസ്റ്റിൻ മരത്തണലിൽ നിന്നിട്ടുണ്ടോ, അസാധാരണമായ ശാന്തിയും അനുഭൂതിയുമാണ് എന്ന് തൈവില്പനക്കാരനായ ജൈവ കർഷകൻ. മരങ്ങളോടു സംവദിക്കുന്നവനായിരിക്കണം അദ്ദേഹം. പ്രിയ ഭൂമികയിലേക്ക് വളവുതിരിഞ്ഞു കയറിപ്പോകുമ്പോൾ നിരനിരയായി ക്വാറികൾ വാ പൊളിച്ചു നില്ക്കുന്ന ഭീതിതക്കാഴ്ചകളാണ്. ഇപ്പുറം, കരിങ്കൽപ്പൊടിപ്പാറ്റലിനും മുരൾച്ചയ്ക്കും അഭിമുഖ

മായിത്തന്നെ ഞങ്ങൾ നട്ട മരങ്ങൾ തഴച്ചു വളരും. അവിടെ കിളികൾ കൂടു കൂട്ടും. മാങ്ങയും, ചക്കയും, സപ്പോട്ടയും തിന്ന് അവ വയർ നിറയ്ക്കും. മദിച്ചു പാടും. ചിൽചിലും ചിൽചിലും... ക്വറ്റ്... ക്വറ്റ്... ക്വറ്റ്... കുഹൂ... കൂഹൂ... ഭൂമി ഞങ്ങളുടേതും കൂടിയാണ്.

എങ്കിൽ 'ഭൂമിയുടെ അവകാശികളോ'ടുള്ള ശ്രദ്ധയെപ്പറ്റിയാണോ എഴുതേണ്ടത്? മനുഷ്യൻ മറന്നുപോകുന്ന ആ ശ്രദ്ധയെപ്പറ്റി ഉപന്യസിക്കാനൊന്നും പക്ഷേ വയ്യ. കാരണം, അതിപ്പോൾ മനസ്സിന്റെ അനുഭൂതിയാണ്. കരളിന്റെ ഉള്ളറകളിൽ തേൻ തുള്ളികൾ വാർന്നു വീഴുന്ന, നിറയുന്ന അനുഭവമാണ്. പറയാനറിയില്ല... പറയാനാവില്ല...

പണ്ടൊരിക്കൽ ഏതോ ചോദ്യത്തിനുത്തരമായി ഞാൻ പറഞ്ഞു, മരിച്ചാൽ വൈദ്യുതശ്മശാനത്തിൽ ദഹിപ്പിക്കപ്പെടാനാണ് എന്റെ ആത്മാർത്ഥമായ ആഗ്രഹമെന്ന്. ആർക്കും അസ്വസ്ഥതയാകാതെ... ഒന്നും അവശേഷിപ്പിക്കാതെ. ഇടതുപക്ഷ യുവാക്കൾ തിങ്ങിനിറഞ്ഞ സദസ്സ് ഹർഷാരവങ്ങളോടെ ആ ഉത്തരം സ്വീകരിച്ചപ്പോൾ അല്പം അമ്പരപ്പുമുണ്ടായി. (വിഗ്രഹ ഭഞ്ജക വീണ്ടും!). ഇന്ന്, പുലർവേളകളിലെ സദിരിന് ചെവിയോർക്കവേ ഞാനറിയുന്നു, മണ്ണോടു ചേർന്നലിയുന്നതിലും ഒരു നിർവൃതിയുണ്ട്. ഭൂമിയുടെ അസംഖ്യം സൂക്ഷ്മജീവികൾക്ക് ആഹാരമായി... അവരുടെ ശരീരമായി. ഈ ഉള്ളറിവും ശ്രദ്ധയിലേയ്ക്കുള്ള പാതയാണല്ലോ!

ബുദ്ധമതത്തിലെ വജ്രയാനത്തെപ്പറ്റി പറയുമ്പോൾ ഓഷോയാണ് വില്ലിൽത്തൊടുത്ത അമ്പിന്റെ കൂർപ്പിൽ ദൃഷ്ടിയർപ്പിച്ചു നിൽക്കുന്ന കരുവാത്തിപ്പെണ്ണിനെ പരിചയപ്പെടുത്തുന്നത്. സന്യാസിയാകാൻ ഇറങ്ങിത്തിരിച്ചവനെ, എല്ലാമുപേക്ഷിക്കലല്ല, കർമ്മ മണ്ഡലത്തിൽ ശ്രദ്ധയോടെ മുഴുകലാണ് ധ്യാനമെന്ന് ഉണർത്തിയവൾ. അതാണ് ആധ്യാത്മികതയെന്ന് പറയാതെ പറഞ്ഞവൾ. ലക്ഷ്യത്തിൽ, കർമ്മ പൂർത്തീകരണത്തിൽ അവനവനെ

*പണ്ടൊരിക്കൽ ഏതോ ചോദ്യത്തിനുത്തരമായി ഞാൻ പറഞ്ഞു, മരിച്ചാൽ വൈദ്യുതശ്മശാനത്തിൽ ദഹിപ്പിക്കപ്പെടാനാണ് എന്റെ ആത്മാർത്ഥമായ ആഗ്രഹമെന്ന്. ആർക്കും അസ്വസ്ഥതയാകാതെ... ഒന്നും അവശേഷിപ്പിക്കാതെ. ഇടതുപക്ഷ യുവാക്കൾ തിങ്ങിനിറഞ്ഞ സദസ്സ് ഹർഷാരവങ്ങളോടെ ആ ഉത്തരം സ്വീകരിച്ചപ്പോൾ അല്പം അമ്പരപ്പുമുണ്ടായി.*

അർപ്പിക്കുന്ന ശ്രദ്ധ. ഇടത്തോട്ടും വലത്തോട്ടും ചാഞ്ചാടാതെ മധ്യമാർഗ്ഗത്തിൽ... ഒരു കണ്ണടച്ചും മറു കണ്ണു തുറന്നും. ചേമ്പിലയിൽ മഞ്ഞുതുള്ളിപോലെ ജീവിതത്തിൽ ഉണ്ടായിരിക്കുമ്പോഴും ഉണ്ടാകാതിരുന്നും...! യുക്തിയുടെ കണ്ണടച്ചും പ്രജ്ഞയുടെ കണ്ണുതുറന്നും എന്നാണോ? അങ്ങനെ വായിച്ചതായി ഓർക്കുന്നു. യുക്തിയുടെ, പ്രായോഗികതയുടെ, പ്രയോജനപരതയുടെ കച്ചവടക്കണ്ണടയ്ക്കാനാണ് ഏറെ പ്രയാസം. അതടയ്ക്കാതെ ഏകാഗ്രതയില്ല. ശ്രദ്ധയില്ല. തുറന്നു വെച്ച കണ്ണ് ജീവിതത്തിൽ, ഭൂമിയിൽ നഷ്ടപ്പെട്ടു പോകാൻ പാടില്ലാത്തവയെപ്പറ്റി ഓർമ്മിക്കലാണ്, അതിനുവേണ്ടിയുള്ള കരുതലാണ്. അവനവനെത്തന്നെ നഷ്ടപ്പെടുത്താതിരിക്കാനുള്ള ശ്രദ്ധ കൂടിയാണത്. 'ഒരു നിമിഷം നിങ്ങൾ നിങ്ങളല്ലാതാകാൻ സമ്മതിക്കൂ, ഈ ലോകം മുഴുവൻ കാൽക്കീഴിൽത്തരാം' എന്ന പ്രലോഭനം നിരന്തരം വെച്ചു നീട്ടുന്ന ലോകത്തെപ്പറ്റി ഓർമ്മിപ്പിക്കുന്നു തത്വചിന്തയും പാണ്ഡിത്യവും നിറഞ്ഞ ലേഖനത്തിലൂടെ ബഹുമാന്യനായ ശ്രീ.എം.തോമസ് മാത്യു. പി.കെ.എ.റഹീം എന്ന മൺമറഞ്ഞ പ്രിയ സ്നേഹിതനെപ്പറ്റി എഴുതുകയായിരുന്നു അദ്ദേഹം. അവനവനെ നഷ്ടപ്പെടുത്താതെ ആഴമേറിയ സൗഹൃദങ്ങൾ നിലനിർത്തി കടന്നുപോയ പി.കെ.എ.റഹീം. ആ മഹാനുഭാവന്റെ മകളാണ് ഷീബാ അമീർ. ശ്രദ്ധയെപ്പറ്റി എഴുതുമ്പോൾ ഷീബയെപ്പറ്റി എഴുതാതിരിക്കുന്നതെങ്ങനെ? അവനവനെ നഷ്ടപ്പെടുത്താതെ, തന്റെ കർമ്മ മണ്ഡലത്തിൽ, 'സൊലേസി'ൽ ശ്രദ്ധാനിബദ്ധമായി മുഴുകുന്നു ആ വലിയ മനുഷ്യന്റെ വലിയ മകൾ. തുറന്ന കണ്ണുകൾ മനുഷ്യത്വത്തിന്റേത്, സ്നേഹത്തിന്റേത്. അടച്ചത് കർമ്മ പൂർത്തീകരണത്തിനായുള്ള ഏകാഗ്രതയുടെ കണ്ണ്. സൊലേസിനോടു ബന്ധപ്പെടുന്നവരിലും ആ ശ്രദ്ധ, സ്നേഹത്തിന്റെ ശ്രദ്ധ... കർമ്മത്തിലെ ശ്രദ്ധ... അവനവനെ നവീകരിക്കേണ്ടതിലെ ശ്രദ്ധ ഉണ്ടായിരിക്കണം. ഷീബയ്ക്കതിലൊന്നും സന്ദേഹമേയില്ല.

അവനവനിലേക്ക് തിരിയുമ്പോൾ... അമ്പിന്റെ കൂർപ്പിലേയ്ക്കുള്ള ശ്രദ്ധ ധാരാളം നിറവുകൾ തന്നിട്ടില്ലേ? അധ്യാപനത്തിൽ, രോഗീപരിചരണത്തിൽ, എഴുത്തിൽ... പ്രതീക്ഷിച്ചതിലധികം അംഗീകാരങ്ങളും സ്നേഹവും. ഒപ്പം ധാരാളം വിമർശനങ്ങൾ.. അസ്വസ്ഥതകൾ... കടുംപിടുത്തക്കാരിയെന്ന ആരോപണങ്ങൾ. അവനവനെ നഷ്ടപ്പെടുത്താതിരിക്കാൻ കുതറേണ്ടിയും വലിയേണ്ടിയും വന്നിട്ടുണ്ട്. എന്നിട്ടും എത്രമാത്രം പൂർണ്ണതയിൽ അതിനു കഴിഞ്ഞിട്ടുണ്ട്? സംശയമാണ്. ആയിരം ചിന്തകളാൽ, സമാന്തര ലോകങ്ങളാൽ, നിറങ്ങളാൽ, സുഗന്ധങ്ങളാൽ, കർമ്മബാഹുല്ല്യങ്ങളാൽ, ചിതറിപ്പോയ ചിന്തകളുമായി കഴിയുന്ന പുതുതലമുറക്കാർക്കിടയിൽ ശ്രദ്ധയുടെ മുനകൂർപ്പ് ചിലപ്പോഴെങ്കിലും ഭാരമാകാറില്ലേ? അനാവശ്യമായി അനുഭവപ്പെടാറില്ലേ...? ഷീബേ, കൂട്ടുകാരി, നിന്റെയത്ര മനഃസ്ഥൈര്യം എനിയ്ക്കെവിടെ...? നിന്റെ ഏകാഗ്രത എനിയ്ക്കെവിടെ?



ഡോ.റോസി തമ്പി

കടലിലെ ജലമെല്ലാം മഷിയാക്കി ജീവിത കഥ എഴുതിയാലും പിന്നെയും 'സ്നേഹം' എന്ന വാക്ക് നമ്മെ നോക്കി ഒന്നു പുഞ്ചിരിക്കും. ഇനിയും എന്താ പറ യാനുള്ളത് എന്ന ഭാവത്തിൽ.


# കരുണയല്ല കരുതലാണ് വേണ്ടത്



**ചില** വാക്കുകൾ അർത്ഥം കൊണ്ട് പൂരിപ്പിക്കാനാകില്ല. അതുകൊണ്ടായിരിക്കണം വാക്കിനെ അഭിത, ലക്ഷണ, വ്യഞ്ജത എന്നൊക്കെ ഭാഷപണ്ഡിതർ വ്യാഖ്യാനിച്ചത്. എന്നിട്ടും തീരാത്തതു കൊണ്ടാകണം 'ധ്വനി' എന്ന ഒരു വലിയ ഭാഷാസിദ്ധാന്തം തന്നെ നമ്മുടെ പൂർവ്വികർ അംഗീകരിച്ചത്. എല്ലാ വാക്കുകൾക്കും അർത്ഥസന്ദേഹം ഏറിയും കുറഞ്ഞും കാണാം. എങ്കിലും 'സ്നേഹം എന്ന പദത്തിന് എത്ര പറഞ്ഞാലും തീരാത്ത അർത്ഥമാണ്. കടലിലെ ജലമെല്ലാം മഷിയാക്കി ജീവിതകഥ എഴുതിയാലും പിന്നെയും 'സ്നേഹം' എന്ന വാക്ക് നമ്മെ നോക്കി ഒന്നു പുഞ്ചിരിക്കും. ഇനിയും എന്താ പറയാനുള്ളത് എന്ന ഭാവത്തിൽ.

ദൈവം സ്നേഹമാണ് എന്നു പഠിപ്പിച്ച ഒരു നസ്രായനായ തച്ചന്റെ വാക്കുകൾക്കു പിറകെയാണ് ഞാൻ നടന്നു തുടങ്ങിയത്. ആ വാക്കുകളിലൂടെയാണ് ഞാൻ ലോകത്തെ കണ്ടത്. മനുഷ്യപുത്രരെ ദൈവപുത്രരാക്കുന്ന മാന്ത്രിക വിദ്യയാണ് ആ വാക്കുകൾക്ക്. കൊച്ചുകൊച്ചു കാര്യങ്ങളാണ് അവൻ കാണിച്ചു തരുന്നത്. കുഞ്ഞുങ്ങളെപ്പോലെയാകുക. നിങ്ങൾക്ക് സ്വർഗ്ഗം കിട്ടും. കേൾക്കുമ്പോൾ എളുപ്പമാണ്. കുഞ്ഞുങ്ങളാകുക അതു സുഖമല്ലേ ഒന്നും അറിയണ്ട. ജീവിതത്തിന്റെ ഭാരം ചുമക്കണം. എന്തു സുഖം! പക്ഷേ എന്നിട്ടും നമുക്കതാകു

ന്നില്ല. ചെറിയ കാര്യങ്ങളിൽ വിശ്വസ്തരായിരിക്കുക എന്നാണ് ക്രിസ്തു പഠിപ്പിച്ചത്. വിശ്വസ്തത എന്നാൽ ശ്രദ്ധ എന്നാണ്. ഞാൻ എന്റെ കുട്ടിക്കാലം ഓർക്കുകയാണ്. എത്രമാത്രം ശ്രദ്ധയായിരുന്നു 'കഞ്ഞുക്കുഞ്ഞി' കളിക്കുമ്പോൾ ഞങ്ങൾക്കുണ്ടായിരുന്നത്. ഒരു ചിരട്ടയിൽ മണ്ണ് എടുത്ത് അത് ചോറാണെന്നും അല്പം വെള്ളം ചേർത്താൽ പായസമാണെന്നും ഇലകളും പൂക്കളും കായ്കളും കൊണ്ട് എന്തൊക്കെ തരം കറികളാണ് ഞങ്ങൾ ഉണ്ടാക്കുക. അച്ഛനും അമ്മയുമായി ഒരു പാവക്കുഞ്ഞിനെ സ്വന്തം കുഞ്ഞായി പരിഗണിക്കാൻ ഞങ്ങൾക്കൊരു പ്രയാസവുമില്ലായിരുന്നു; വിശ്വസിക്കാനും, സ്വർഗ്ഗത്തിലേക്ക് ദൈവത്തിന് എണ്ണ കൊണ്ടു പോകുന്ന ചുവപ്പും കറുപ്പും നിറമുള്ള ചെറിയ പുഴുവിന് വഴികാണിച്ചുകൊണ്ട് എത്ര ദൂരം വേണമെങ്കിലും അതിന്റെ കൂടെ പോകും. ദൈവത്തിന് പാറ പൊട്ടിക്കാൻ കാറ്റ് കൊണ്ടുനടന്ന പാറപ്പുറത്തെ ചെടിക്ക് വെള്ളമൊഴിച്ചു കൊടുക്കാനും ഞങ്ങൾ പാറപ്പുറത്ത് വലിഞ്ഞു കയറും. (പാറയിടുക്കുകളിൽ മാത്രം വളരുന്ന ഒരു തരം ചെടിയുണ്ട്. ആ ചെടി വളർന്നുവരുമ്പോൾ പാറ പിളർന്ന് രണ്ടായിവീഴും) ആടിനോ പശുവിനോ കുട്ടി ജനിക്കുമ്പോൾ ഒരു അനുജനോ അനുജത്തിയോ ജനിച്ച സന്തോഷമാണ്. ഏറ്റവും നല്ല പേരുകളാണ് അവർക്കിടുക. അവരെ എടുത്തുകൊണ്ടു നടക്കാനും, കുളിപ്പിക്കാനും പൊട്ടുതൊടീക്കാനും തീറ്റകൊടുക്കാനും എന്തൊരു ഉത്സാഹമായിരുന്നു. കോഴിക്കുഞ്ഞിനെ കാക്കകൊണ്ടുപോകുമ്പോഴും കറവ വറ്റിയ പശുവിനെ വില്ക്കുമ്പോഴും സങ്കടം സഹിക്കാതെ വലിയവായിൽ കരയുന്ന കുട്ടികളായിരുന്ന ഞങ്ങൾ. പിന്നെ പിന്നെ സ്കൂളിൽ പോയി തുടങ്ങിയപ്പോൾ ഞങ്ങൾ കുട്ടികളല്ലാതായി. പതുക്കെ പതുക്കെ മനുഷ്യന്റെ, 'പുരുഷന്റെ' ഭാഷപഠിച്ച് മനുഷ്യരായി. മനുഷ്യന്റെ



സ്വഭാവം കുട്ടികളുടേതല്ലെന്ന് എത്ര മനോഹരമായി ഇടശ്ശേരി "പള്ളിക്കൂടത്തിലേക്ക് വീണ്ടും" എന്ന കവിതയിൽ എഴുതി.

അതെ നമ്മുടെ ആധുനികവിദ്യാഭ്യാസം നമ്മളിലെ കുട്ടിയെ ഞെക്കിക്കൊന്നു. സഹജമായി ഉണ്ടായിരുന്ന നന്മകളെ ഊതിക്കെടുത്തി, വിജയത്തിന്റെ ലഹരിയിൽ മതി മറക്കാനും മത്സരിച്ച് മറ്റുള്ളവരെ തോല്പിക്കാനും പരിശീലിപ്പിച്ചു. പിന്നെ അതുണ്ടാക്കിയ ദുരന്തങ്ങളെ മറച്ചുവെക്കാൻ കരുണ, ദയ, എന്നിങ്ങനെയുള്ള പദങ്ങൾ ഉണ്ടാക്കി. സഹജീവികളോടു കരുണകാണിക്കണം എന്നാണ് മതങ്ങൾ നല്കുന്ന ആത്മീയത. ഏതോ യജമാനൻ അടിമയോട് കാണിക്കുന്ന ഔദാര്യം. കുഞ്ഞായിരുന്നപ്പോൾ അതൊന്നും അങ്ങനെയായിരുന്നില്ലല്ലോ ? എന്നിപ്പോൾ ഓർക്കുകയാണ്. ഔദാര്യമല്ല സ്വാഭാവികമായിരുന്നു.

മഴപെയ്യുമ്പോൾ തുള്ളിച്ചാടാനും മാനത്ത് മഴവില്ലുകണ്ടാൽ അത്ഭുതപ്പെടാനും പയർവിത്ത് നട്ട് മൂന്നാംനാൾ ഇലവരുമ്പോൾ അതിനു വെള്ളമൊഴിക്കാനും ആട്ടിൻകുട്ടി കിണറ്റിൻ വീണാൽ കിണറ്റിൻ കരയിൽ നിന്ന് മാറാതെ വാവിട്ടുകരയാനും കൂട്ടുകാരിക്ക് പനി വരുമ്പോൾ കളിക്കാൻ പോകാതെ കൂട്ടിരിക്കാനും ഒക്കെ കഴിഞ്ഞിരുന്ന ഒരു ബാല്യം. 'മാനവികതയിലേക്ക്'

വളർന്നപ്പോൾ കൈവിട്ടു പോയ ആ ജീവിതത്തെ തിരിച്ചു കിട്ടിയെങ്കിൽ എന്ന് കൊതിക്കാത്ത മുതിർന്നവർ ഉണ്ടാകില്ല. പ്രകൃതിയോടും മറ്റുജീവജാലങ്ങളോടും മനുഷ്യരോടും ഒരു പോലെ സ്നേഹത്തോടെ ഇടപെടുന്ന രീതി. നമ്മൾ ഇപ്പോൾ സ്വയം ഇടപെടുന്നതുകൊണ്ട് മറ്റ് എല്ലാറ്റിനോടും അങ്ങനെ തന്നെ ഇടപെടുന്നു. അങ്ങനെ ഒരു ജീവിത ശൈലിയെക്കുറിച്ചുള്ള സ്വപ്നമാണ് സ്ത്രൈണ ആത്മീയത എന്നൊരു ചിന്തയിലേക്ക് എന്നെ എത്തിച്ചത്. സ്ത്രൈണമായൊരു ജീവിതരീതി സ്ത്രീയും പുരുഷനും ഒരുപോലെ സാധ്യമാക്കാവുന്ന കരുതലിന്റെ, ശ്രദ്ധയുടെ ആനന്ദത്തിന്റെ ജീവിതമാണത്.

ചെറിയ കാര്യങ്ങളിൽ വിശ്വസ്തരാകുമ്പോൾ വലിയ കാര്യങ്ങൾ നമ്മൾ കൂടുതൽ ശ്രദ്ധയോടെ നിർവ്വഹിക്കും. ക്രിസ്തു പറയുന്നുണ്ട്, "ചെറിയ കാര്യങ്ങളിൽ നിങ്ങൾ വിശ്വസ്തരാകുമ്പോൾ നിങ്ങളുടെ ദൈവം വലിയ കാര്യങ്ങൾ നിങ്ങളെ ഏൽപ്പിക്കും" എന്ന്. ഇതൊരു പ്രതിസംസ്ക്കാരമാണ്. ഏറെ വേഗത്തിൽ പാഞ്ഞുപോകുമ്പോൾ നഷ്ടപ്പെടുന്ന സന്തോഷത്തെ തിരിച്ചു പിടിക്കാൻ. ഇപ്പോഴാണ് ഒന്നാം ലോകരാജ്യങ്ങളിൽ 'ഫാസ്റ്റ് ഫുഡി'നു പകരം 'സ്ലോ ഫുഡ്' എന്നൊരു ശീലമുണ്ടാകുന്നത്. ആഴ്ചയിൽ ഒരു



*നാം പാഴാക്കുന്ന ഒരു വറ്റ് ആരോ വിശന്നിരിക്കുന്നവരിൽ നിന്ന് നമ്മൾ മോഷ്ടിച്ചതാണ് എന്ന് ഓർക്കണം. കുളിക്കാൻ ഷവർ തുറന്നിട്ട് അടയ്ക്കാൻ മറക്കുമ്പോഴും ആർക്കോ കുടിക്കാനുള്ള വെള്ളമാണ് നമ്മൾ തട്ടിപ്പറിച്ച് ഒഴിച്ചുകളയുന്നത് എന്ന് മറക്കരുത്.*

ദിവസമെങ്കിലും സുഹൃത്തുക്കൾ ഒന്നിച്ചു കൂടുകയും അവർ നട്ടുവളർത്തിയ കായ്കനികൾ കൊണ്ടു മാത്രമുണ്ടാക്കിയ ഭക്ഷണം ഒരുമിച്ചുണ്ടാക്കി കഴിക്കുകയും ചെയ്യുന്നു. ജീവിത വ്യഗ്രതയിൽ ഇത് എന്നും സാധ്യമല്ലെങ്കിലും ആഴ്ചയിൽ ഒരു ദിവസം ഒരു അനുഷ്ഠാനം പോലെ ഒരു മതചടങ്ങിൽ പങ്കെടുക്കും പോലെ അവരതിനു വേണ്ടി മാറ്റി വെക്കുന്നു. കാര്യം ഇത്രയേയുള്ളൂ. നമ്മൾ ഭക്ഷിക്കുന്നുണ്ടെങ്കിൽ ആ ഭക്ഷിക്കുന്നതിന്റെ ഒരു ചെറിയ ഭാഗമെങ്കിലും നമുക്കുത്പാദിപ്പിക്കാൻ കഴിയുന്നുണ്ടോ? ഇന്നു നമ്മൾ സ്വയം ചോദിക്കേണ്ട ചോദ്യമാണിത്. മനുഷ്യൻ മണ്ണിൽ അദ്ധ്വാനിച്ച് ഭക്ഷണം കണ്ടെത്തുക. “നീ നിന്റെ നെറ്റിയിലെ വിയർപ്പുകൊണ്ട് അപ്പം ഭക്ഷിക്കുക.” ഇതു പറയുമ്പോൾ എനിക്ക് തന്നെ ചിരി വരുന്നുണ്ട്. ഒരു 25 വർഷം മുമ്പ് വീട്ടിൽ നട്ടുണ്ടാക്കാത്തതൊന്നും ഞങ്ങൾക്ക് തിന്നാൻ കിട്ടിയിരുന്നില്ല എന്നതാണ് സത്യം.

ഒരു ചെടി നട്ട് അതിൽ ഒരു കായ് ഉണ്ടായി വരുന്നതിന്റെ പ്രയാസം അറിയാത്തതുകൊണ്ടു തന്നെ ഭക്ഷണത്തിന്റെ മൂല്യവും നമ്മൾ അറിയുന്നില്ല. എന്തും കടയിൽ നിന്ന് എളുപ്പം വാങ്ങാമല്ലോ. അത് മാരകവിഷം നിറഞ്ഞതാണെങ്കിലും കുഴപ്പമില്ല. അതുപരിഹരിക്കാൻ വേണ്ടി ആണല്ലോ ഓരോ നഗരത്തിലും സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും ഡയഗ്നോസ്റ്റിക്സ് സെന്ററുകളും തുടങ്ങുന്നത്. ഇങ്ങനെ എളുപ്പം കിട്ടുന്ന സാധനങ്ങൾ ആവശ്യത്തിലധികം ഭക്ഷണമാക്കി പിന്നെ അതു മാലിന്യമാക്കി തള്ളുന്നു.

മാലിന്യം എന്ന വാക്കു പോലും മലയാളിക്കുണ്ടായിരുന്നില്ല. അധികമായി കളയാൻ സാധനങ്ങൾ ഉണ്ടെങ്കിലല്ലേ അതിനൊരു വാക്ക് ആവശ്യമുള്ളൂ. ഇന്ന് ഭക്ഷണസാധനങ്ങൾ ഉൾപ്പെടെയുള്ള മാലിന്യസംസ്കരണമാണ് ഏറ്റവും വലിയ പ്രശ്നം. ഭക്ഷണകാര്യത്തിലുണ്ടാകുന്ന ചെറിയ കരുതൽ. ഒരു പാട് ജൈവമാലിന്യങ്ങളിൽ നിന്ന് ലോകത്തെ രക്ഷിക്കും. നാം പാഴാക്കുന്ന ഒരു വറ്റ് ആരോ വിശന്നിരിക്കുന്നവരിൽ നിന്ന് നമ്മൾ മോഷ്ടിച്ചതാണ് എന്ന് ഓർക്കണം. കുളിക്കാൻ ഷവർ തുറന്നിട്ട് അടയ്ക്കാൻ മറക്കുമ്പോഴും ആർക്കോ കുടിക്കാനുള്ള വെള്ളമാണ് നമ്മൾ തട്ടിപ്പറിച്ച് ഒഴിച്ചുകളയുന്നത് എന്ന് മറക്കരുത്.

ഭക്ഷണത്തെക്കുറിച്ച് പറയുമ്പോൾ എനിക്കാദ്യം ഓർമ്മവരിക എന്റെ അപ്പനെയാണ്. അമ്മ ജോലിക്ക് പോകുന്നതുകൊണ്ട് ഉച്ചക്ക് സ്കൂൾ വിട്ട് ഉണ്ണാൻ വരുമ്പോൾ അപ്പനാണ് കറിയുണ്ടാക്കുക. മിക്കവാറും കറി അടുപ്പത്ത് വെന്തുകൊണ്ടിരിക്കുകയായിരിക്കും. എന്താണോ അന്ന് പറമ്പിൽ നിന്ന് കിട്ടിയത് അതാണ് കറി. അതിൽ നാലു കാന്താരിമുളകു ചതച്ചിടും രണ്ടിതൾ കറിവേപ്പില. ചിലപ്പോൾ ഒരു കഷ്ണം ഇഞ്ചി. പിന്നെ നിറയെ ഇളം മൂപ്പായ തേങ്ങചിരവിയത്. ഇത് സ്ഥിരം കൂട്ടാണ്. പക്ഷേ ചൂടു ചോറിൽ ചൂടുകറി ഒഴിക്കുമ്പോൾ അപ്പൻ ഓരോ ദിവസം ഓരോ പേര് പറയും. അവിയൽ, സാമ്പാർ, ഉപ്പേരി, ഓലൻ, കാളൻ, പച്ചടി ഇങ്ങനെ അങ്ങനെ എന്നും പുതിയ തരം കറികളായി ഞങ്ങൾ ചോറുണ്ണും. പിന്നെ എന്നും വിളമ്പുമ്പോൾ പറയും “ഹാ! എന്താ സ്വാദ്! വിശപ്പാണ് രുചി’ അന്ന് അത് ഒരു മന്ത്രം പോലെ ദിവസവും കേട്ടിരുന്നു. ഇപ്പോഴാണ് നഷ്ടമായ ആ രുചികൾ തിരിച്ചറിയുന്നത്.

ഇന്ന് എല്ലാ നഗരങ്ങളിലും നമുക്ക് സൂപ്പർസ്പെഷ്യാലിറ്റി ആശുപത്രികളാണ്. അവയവങ്ങൾ ദാനം ചെയ്യുന്നതാണ് ഇന്നത്തെ ഏറ്റവും വലിയ പുണ്യം. എന്നാൽ എങ്ങനെ ഒരാൾ രോഗിയായിത്തീരുന്നു എന്ന് നമ്മൾ ഓർക്കുന്നില്ല. അഥവാ രോഗികളെയാണ് ഇന്ന് ആരോഗ്യവ്യവസായത്തിന് ആവശ്യം. വിഷം ചേരാത്ത, നമ്മുടെ മണ്ണിൽ ഉണ്ടാകുന്ന ഭക്ഷണസാധനങ്ങളാണ് നമ്മൾ ഭക്ഷിക്കേണ്ടതെന്ന് മറന്നുപോയി. ഭക്ഷിക്കാനുള്ളത് സ്വന്തമായി പണിതുണ്ടാക്കുന്ന ഒരു ശീലം നമുക്കുണ്ടായിരുന്നു. മഴ വീണു തുടങ്ങിയാൽ എന്തുകിട്ടിയാലും അത് മണ്ണിൽ കുഴിച്ചിട്ട് വളർത്തും. അങ്ങനെ ചെയ്യാൻ മടിച്ചിരിക്കുന്നവർ അയൽപക്കങ്ങളിൽ അതുണ്ട് ഇതുണ്ട് എന്നൊക്കെ പറയാൻ തുടങ്ങുമ്പോൾ കേട്ടു നിൽക്കുന്നവർ പറയും “നീ



എന്താ കുറുന്തോട്ടി വേരുമ്മലാ ജീവിക്കണത്. നിനക്കും എന്തെങ്കിലും കൊത്തിക്കിളച്ച് ഉണ്ടാക്കിക്കൂടേ" എനിക്കിപ്പോഴും ഓർമ്മയുണ്ട് ഞങ്ങൾ സ്കൂളിൽ പോകുന്ന വഴിയിൽ നാരാണേശൻ (നാരായണൻ എഴുത്തച്ഛൻ) മഴവീഴാൻ തുടങ്ങുമ്പോഴേക്കും വഴുതിന, മുളക്, ഇവയുടെ തൈകൾ പാകി മുളപ്പിച്ച് നടാൻ തയ്യാറാക്കി വിൽക്കാൻ വെച്ചിട്ടുണ്ടാകും. എന്താണ് കറിവെക്കുകയെന്ന് ആരും അന്വേഷിച്ച് തലപുകച്ചില്ല. അരി അടുപ്പത്തിട്ട് പറമ്പിലേക്ക് ഇറങ്ങിയാൽ അന്നത്തേക്കുള്ള കറിക്ക് എന്തെങ്കിലും കിട്ടും. ആ കാലം പോയി. എന്നാലും നമ്മളിന്ന് മട്ടുപ്പാവു കൃഷി പോലെ ഒന്ന് സ്വപ്നം കാണുന്നുണ്ട് 'ഹൗ ഓൾഡ് ആർയു' എന്ന സിനിമ ഈ ഒരു കാര്യത്തെ അഡ്രസ്സ് ചെയ്യുന്നതുകൊണ്ടാണ് ആളുകൾ ഇഷ്ടപ്പെട്ടത് എന്നുവേണം കരുതാൻ. നമ്മൾ കയറ്റി അയക്കുന്ന പച്ചമുളകുപോലും അളവിലധികം വിഷാംശം നിറഞ്ഞതുകൊണ്ട് മറ്റു രാജ്യക്കാർ തിരിച്ചയക്കുന്നു. എത്ര കഠിനമാണ് നമ്മൾ തിന്നുകൊണ്ടിരിക്കുന്ന വിഷം. പിന്നെ എങ്ങനെ ആശുപത്രികൾ പെരുകാതിരിക്കും. നല്ല ഭക്ഷണവും വിശ്രമവുമാണ് മനുഷ്യന്റെ ആരോഗ്യത്തിനു വേണ്ടതെന്ന ഒരു ശ്രദ്ധ നമുക്ക് നഷ്ടപ്പെട്ടത് വീണ്ടെടുത്തേപ്പറ്റൂ.

ആശുപത്രികൾ സുഖവാസ കേന്ദ്രങ്ങളാകുന്ന ഓർത്തോപ്പതി എന്ന ഒരു ചികിത്സാ സമ്പ്രദായം നമുക്കിടയിൽ തന്നെ ഉണ്ട്. തിരൂർ ഗാന്ധി ഓർത്തോപ്പതി കേന്ദ്രം നടത്തുന്ന ഡോ.രാധാകൃഷ്ണനും അദ്ദേഹത്തിന്റെ ഭാര്യ ഡോ.സുനീതയും മകൾ സർഗ്ഗാസ്മിയും ആ പരീക്ഷണം ഏറെ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്.

പാലിയേറ്റീവ് സെന്ററുകളാണ് നമ്മൾ ഇന്നു സഹജീവികളോടു കാണിക്കുന്ന കാരുണ്യത്തിന്റെ വറ്റാത്ത കണികകൾ, എന്നാൽ ഇവരെ പാലിയേറ്റീവ് സെന്ററുകളിൽ എത്തിക്കുന്ന മാരകമായ വിഷാംശമുള്ള ഭക്ഷണവും അതിന്റെ പ്രതിവിധിയായി കണ്ടെത്തിയ അലോപ്പതി മരുന്നുകളും അതിവേഗം കൊണ്ടുണ്ടാക്കുന്ന ദുരന്തങ്ങളും അല്പം കുറെ കരുതലുണ്ടായാൽ, ശ്രദ്ധയുണ്ടായാൽ നമുക്ക് എത്രമാത്രം കുറയ്ക്കാൻ കഴിയും!

ചെറിയ കാര്യങ്ങളിലുള്ള ശ്രദ്ധ, ജീവനോടുള്ള കരുതൽ ശ്രീബുദ്ധൻ പറയും പോലെ ജീവിതം തേനീച്ച പൂക്കളിൽ നിന്നു തേൻ കുടിക്കുന്നതു പോലെയാകണം. പകലും രാത്രിയും മാറിമാറി മാളങ്ങൾ പങ്കുവെക്കുന്ന ജീവികളെപ്പോലെയാകണം. ഗാന്ധിജി നമ്മെ പഠിപ്പിച്ച രണ്ടു വാക്കുകൾ ഉണ്ടല്ലോ greed and need ഇവ തമ്മിൽ നമുക്ക് വേർതിരിച്ചറിയാനാവണം. എനിക്ക് ഇത്രമതി എന്ന് ഒരാൾക്ക് തീരുമാനിക്കാൻ കഴിയുന്നിടത്താണ് അയാൾ വിജയിക്കുന്നത്. എനിക്കെത്ര നേടാം എന്നല്ല എനിക്കെത്ര ഉപേക്ഷിക്കാം എന്നിടത്താണ് വിജയത്തിന്റെ അളവുകോൽ നാം കാണേണ്ടത്.

നമുക്ക് ആവശ്യത്തിന് കഴിഞ്ഞ് അധികമായിട്ടുള്ള എന്തും മറ്റുള്ളവരിൽ നിന്ന് നാം മോഷ്ടിച്ചതാണ്. അതുകൊണ്ടാണ് യേശുക്രിസ്തു പറയുന്നത് "രണ്ട് ഉടുപ്പുള്ളവൻ ഒന്ന് അതില്ലാത്തവന് കൊടുക്കട്ടെ. രണ്ട് അപ്പം കൈവശമുള്ളവനും അങ്ങനെ തന്നെ ചെയ്യട്ടെ."

മറ്റൊരാൾക്ക് വേദനിക്കുമ്പോൾ അത് എനിക്ക് വേദനിക്കുന്നു എന്ന തോന്നലാണ് ദൈവീകത. ക്ലാസ്സിൽ അദ്ധ്യാപകർ അടുത്തുനിൽക്കുന്ന കുട്ടിയെ അടിക്കുമ്പോൾ തൊട്ടടുത്തിരുന്ന് അയ്യോ എന്ന് പറഞ്ഞുപോകുന്ന നമ്മിലെ ആ പഴയ കുട്ടിയില്ലേ ആ കുട്ടിയെ ജീവിതത്തിൽ നിന്നു ഒഴിവാക്കാതിരിക്കലാണ് ജീവിതം ആനന്ദകരമാക്കാനുള്ള ഏക മാർഗ്ഗം. അവനവനെക്കുറിച്ചും മറ്റുള്ളവരെ കുറിച്ചുമുള്ള കരുതലിൽ നിന്നേ അങ്ങനെ സംഭവിക്കൂ.

"രാവിലെ തുളസിക്കുവെള്ളമൊഴിച്ചിട്ടേ നീ വെള്ളം കുടിക്കാവൂ" എന്ന് മുത്തശ്ശി കൊച്ചുമകളെ പഠിപ്പിക്കുമ്പോൾ അതേ കരുതലാണ് ഉള്ളത്. ഒരു ചെടി മരിച്ചാൽ ഒരു കുഞ്ഞു മരിച്ചുപോകും എന്ന അറിവ്. ചെടി മരിച്ചാൽ പുഴവറ്റുമെന്നും പുഴ വറ്റിയാൽ ജീവജാലങ്ങൾ- മനുഷ്യർ

നശിച്ചു പോകും എന്നുമുള്ള മഹാജ്ഞാനമാണത്. സ്ത്രീക്കത് ലഭിച്ചത് 'ശാസ്ത്രം' പഠിച്ചതുകൊണ്ടല്ല. സഹജമായ അറിവാണത്. സൃഷ്ടിയിൽ തന്നെ അവളിൽ ഉരുവായ ജീവന്റെ പേടകമായ ഗർഭപാത്രത്തോടൊപ്പം അവൾക്കു നൽകപ്പെട്ട സഹജാവബോധമാണ്. ഏതൊരു ദുർവിധിയേയും കടന്നുപോകാൻ കഴിയും എന്ന് അവൾക്ക് കരുത്തുനൽകുന്ന വിപദി ധൈര്യം ഏതു നിരാശയിൽ നിന്നും ഉയിർത്തെഴുന്നേൽക്കാൻ ശക്തി പകരുന്നു. അതുകൊണ്ടു തന്നെയാണ് ചന്ദ്രനിലോ ചൊവ്വയിലോ വെള്ളം ഉണ്ടോ എന്നു കോടികൾ ചെലവഴിച്ച് പുരുഷനിർമ്മിത ശാസ്ത്രം അന്വേഷിച്ചു പോകുമ്പോൾ സ്വന്തം കിണറ്റിലോ തൊട്ടടുത്ത കിണറ്റിലോ വെള്ളമുണ്ടോ എന്നവൾ അന്വേഷിക്കുന്നത്. കിണർ വറ്റിയാൽ തന്റെ കുഞ്ഞുങ്ങളും അതിന്റെ ജൈവപരിസരവും ചത്തുപോകും എന്നവൾക്കറിയാം. അതുകൊണ്ട് അവൾ കിണറ്റിൽ വെള്ളമുണ്ടാകാൻ എന്തുചെയ്യണം എന്നാലോചിക്കും. അപ്പോൾ അവൾക്ക് അന്തിമമായ വികസനത്തിന് എതിരുനിൽക്കേണ്ടിവരും. വെറുതെ കൊതുകു വളരുന്ന ചതുപ്പുനിലങ്ങൾ നികത്തി അംബരചുംബികളായ സൗധങ്ങൾ പണിയാം എന്നുപറയുമ്പോൾ അത് കുടിവെള്ള സ്രോതസ്സാണ് എന്നവൾ പറയും. നല്ലവായു, നല്ല വെള്ളം, നല്ല ഭക്ഷണം ഇത് തന്റെ കുഞ്ഞിന് വേണമെന്ന് അവൾ വാശിപിടിക്കും. അങ്ങനെ വരുമ്പോൾ സ്ത്രീകൾ പലപ്പോഴും സ്വാർത്ഥകളാണ് എന്ന് പറയും. അതെ തീർച്ചയായും ജീവന്റെ നിലനിൽപ്പിന്റെ കാര്യത്തിൽ അവൾ സ്വാർത്ഥയാണ്. യേശുക്രിസ്തു പഠിപ്പിച്ചത്. "നീ സ്വയം സ്നേഹിക്കുന്നതു പോലെ മറ്റുള്ളവരെ സ്നേഹിക്കുക" എന്നാണ്. സ്വയം സ്നേഹിക്കാത്തവർക്ക് മറ്റുള്ളവരേയും സ്നേഹിക്കാനാവില്ല. ദൈവത്തേയും സ്നേഹിക്കാനാവില്ല. സഹോദരനെ സ്നേഹിക്കാത്തവൻ ദൈവത്തെ സ്നേഹിക്കുന്നു എന്നു പറഞ്ഞാൽ അവർ കള്ളം പറയുന്നു എന്നാണ് യേശു ക്രിസ്തു പഠിപ്പിച്ചത്.

> *സ്ത്രീസഹജമായ മനസ്സ് സൂക്ഷിക്കുന്ന സ്ത്രൈണമായ ഹൃദയമുള്ള ഈ സ്ത്രീപുരുഷന്മാരാണ് അവരുടെ ശ്രദ്ധ കൊണ്ടു, കരുതൽ കൊണ്ട് ഇന്ന് ലോകത്തെ പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്നത്. പാരിസ്ഥിതിക സമരങ്ങളിൽ സത്രീ നേതൃത്വവും സ്ത്രീമുന്നേറ്റവും സ്വാഭാവികമാകുന്നത് അതുകൊണ്ടാണ്.*

ഭൂമിക്കുവേണ്ടിയും ജലത്തിനുവേണ്ടിയും നടത്തുന്ന സമരങ്ങളിൽ ഇന്ന് സ്ത്രീകൾക്ക് നേതൃത്വം വഹിക്കേണ്ടി വരുന്നത് ഇതുകൊണ്ടാണ്. സ്ത്രീസഹജമായ മനസ്സ് സൂക്ഷിക്കുന്ന സ്ത്രൈണമായ ഹൃദയമുള്ള ഈ സ്ത്രീ പുരുഷന്മാരാണ് അവരുടെ ശ്രദ്ധകൊണ്ട്, കരുതൽ കൊണ്ട് ഇന്ന് ലോകത്തെ പുനർനിർമ്മിച്ചുകൊണ്ടിരിക്കുന്നത്. പാരിസ്ഥിതിക സമരങ്ങളിൽ സത്രീനേതൃത്വവും സ്ത്രീമുന്നേറ്റവും സ്വാഭാവികമാകുന്നത് അതുകൊണ്ടാണ്. ഈ ഭൂമിയിൽ നമുക്കു കുറച്ചു നാൾ മാത്രം തങ്ങാനുള്ളതാണ്. അതു കഴിഞ്ഞാൽ നമ്മൾ കടന്നു പോകും. നമുക്കു മുൻപും തലമുറകൾ കടന്നുപോയി. നമുക്കു ശേഷവും തലമുറകൾ വരും. നമ്മൾക്കു കിട്ടിയതിനേക്കാൾ മനോഹരമാക്കിയാകണം നമ്മൾ ഈ ലോകത്തെ നമ്മളുടെ മക്കൾക്ക് കൈമാറേണ്ടത്. മനുഷ്യപ്രകൃതിയേയും ഭൂപ്രകൃതിയേയും ഒരു പോലെ സുന്ദരമാക്കുന്നതായിരിക്കണം നമ്മുടെ അധ്വാനം. നേരത്തെ പറഞ്ഞതു പോലെ പൂമ്പാറ്റ പൂവിൽ നിന്ന് തേൻകുടിക്കുന്നതു പോലുള്ള മനോഹരമായ ഒരു ജീവിത ശൈലിയാണ് നമ്മൾ പരിശീലിക്കേണ്ടത്. സ്ത്രീക്കത് എളുപ്പത്തിൽ സാധ്യമാണ്. കാരണം അവളിലാണ് ജീവൻ കാത്തുവെച്ചിട്ടുള്ളതും പരിപാലിക്കപ്പെടുന്നതും. അവൾ പുരുഷന്റെ നീതിക്കൊപ്പം നില്ക്കാതെ അവന്റെ ഹിംസയുടെ, ദുരയുടെ തേറ്റയും കൊമ്പും ഉരച്ച് മിനുസമാക്കാൻ അവനെ കൂടി സഹായിക്കേണ്ടതുണ്ട്. എങ്കിലേ മനുഷ്യവംശത്തിന് അതിന്റെ ഏദനിലേക്ക് തിരിച്ചു നടക്കാനാകൂ. ഈ ഒരു സ്വപ്നമാണ് സ്ത്രൈണആത്മീയത എന്ന ജീവിതശൈലി ലക്ഷ്യം വെക്കുന്നത്. സ്ത്രീക്കും പുരുഷനും മറ്റു ജീവജാലങ്ങൾക്കും ഈ ഭൂമിയിൽ സന്തോഷത്തോടെ ജീവിക്കാൻ കഴിയുന്ന ഒരു ഭൗതിക-ആത്മീയ പരിസരമാണത്. പരസ്പരമുള്ള ശ്രദ്ധ. വീടുകളിലും തൊഴിലിടങ്ങളിലും റോഡിലും ആശുപത്രികളിലും കണ്ടുമുട്ടുന്നവരിലുമെല്ലാം ഈ കരുതൽ നമുക്ക് ഉണ്ടാക്കിയെടുക്കണം. അതൊരു വിശ്വാസമാണ്. മതമാണ്. ഭാരതീയ രീതിയനുസരിച്ച് ഒരാൾ മറ്റൊരാളെ കാണുമ്പോൾ നമസ്തേ പറയുന്ന ശീലമുണ്ട്. എന്റെ ഉള്ളിലുള്ള ദൈവം നിന്റെ ഉള്ളിലുള്ള ദൈവത്തെ നമസ്കരിക്കുന്നു. അത് ദയയല്ല കരുണയല്ല ശ്രദ്ധയാണ്. അതാണ് ജീവന്റെ നിലനില്പിനും അത്യാവശ്യം.

ഇന്ന് സ്ത്രീയെ സംബന്ധിച്ച് നമ്മൾ കേൾക്കുന്ന പ്രധാനപ്പെട്ട രണ്ടു പദങ്ങളാണ് സ്ത്രീശാക്തീകരണവും സ്ത്രീപീഡനവും. സ്ത്രീപീഡനം തടയാനാണ് സ്ത്രീശാക്തീകരണം. എന്നാൽ സ്ത്രീകൾ ശക്തിപ്രാപിക്കുമ്പോൾ തന്നെ സ്ത്രീപീഡനവും കൂടുന്നു. അപ്പോൾ അതിൽ എന്തോ തകരാറുണ്ട്. ഇന്ന് സ്ത്രീശാക്തീകരണം എന്നതു

കൊണ്ട് പലപ്പോഴും നമ്മൾ സ്ത്രീകളെ പുരുഷന്മാരാക്കാൻ ശ്രമിക്കുകയാണ്. പുരുഷൻ ചെയ്യുന്ന വിദ്യകൾ സ്ത്രീയും ചെയ്യാൻ പ്രാപ്തി നേടുകയാണ്. അതു നല്ലതു തന്നെ. എല്ലാവിദ്യയും പരിശീലനം കൊണ്ടും ആർക്കും സ്വന്തമാക്കാം. മനുഷ്യന് ജീവിക്കാൻ ആവശ്യമുള്ള കാലാനുസൃത വിദ്യകൾ എല്ലാവരും, സ്ത്രീയും പുരുഷനും ഒരുപോലെ അഭ്യസിക്കണം. എന്നാൽ സ്ത്രീ ശക്തയാകുന്നത് പുരുഷനെ പോലെയാകുമ്പോഴല്ല. അവളുടെ തന്നെ സഹജഗുണമായ 'കരുതൽ' തിരിച്ചറിയുമ്പോഴാണ്. അപ്രകാരം ആന്തരികമായി സ്ത്രീകൾ സ്വയം തിരിച്ചറിയുമ്പോഴാണ് പുരുഷന് തന്റെ നിസ്സഹായത ബോധ്യപ്പെടുക. അങ്ങനെ തനിക്ക് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾ എത്ര മനോഹരമായി സ്ത്രീ ചെയ്യുന്നു, അനുഭവിക്കുന്നു എന്നറിയുമ്പോൾ അവന് എനിക്ക് സ്ത്രീയെപ്പോലെ ആകാൻ കഴിയുന്നില്ലല്ലോ എന്ന് അവളോട് ആരാധന കലർന്ന സ്നേഹം ഉണ്ടാകുകയും ചെയ്യണം. അപ്പോൾ മാത്രമേ സ്ത്രീശാക്തീകരണം അതിന്റെ ലക്ഷ്യത്തിലെത്തൂ. സ്ത്രീക്കും പുരുഷനും വെവ്വേറെ ലോകങ്ങൾക്കു പകരം ഒരു പുതുലോകം സൃഷ്ടിക്കപ്പെടുകയുള്ളൂ. പ്രണയത്തിന്റെ ആനവലോകമാണ് 'ശ്രദ്ധ'. കരുതൽ ഇവ നമുക്കു നൽകുക. നമുക്കും നമ്മുടെ കുഞ്ഞുങ്ങൾക്കും സമാധാനമായി ജീവിക്കാനുള്ള ഒരിടമാകും അപ്പോൾ ഭൂമി. സ്വർഗ്ഗം ഇവിടെ തന്നെ എന്ന ഓരോരുത്തരും അനുഭവിക്കും. അത്രക്ക് കരുത്തുള്ളതാണ് 'കരുതൽ' അഥവാ ശ്രദ്ധ.

---

*പേജ് 10 തുടർച്ച*

*? ശ്രദ്ധയോ പരിഗണനയോ ആയി ബന്ധപ്പെട്ട് ഓർമ്മിക്കാവുന്ന ഒരു അനുഭവം ഞങ്ങളുമായി പങ്കുവെക്കാമോ?*

എല്ലായ്പ്പോഴും എല്ലാദിവസവും ചിലപ്പോൾ എവിടെയോ വെച്ച് ആരോ പുറകിൽ നിന്നും വന്ന് എന്നെ തിരിച്ചറിഞ്ഞ് ചേർത്തു പുൽകുന്ന അനുഭവം; അത് എന്റെ ജോലിയുടെ ഭാഗമാണ്.

ആരും പൂർണ്ണമായും നല്ലതോ ചീത്തയോ അല്ല. അതിന്റെ സമ്മിശ്രണമാണ് നമ്മളെല്ലാം. കൂടുതൽ ചീത്തവശമുള്ള ചിലയാളുകൾ ഉണ്ടാവാം. അതിന് അതിന്റേതായ കാരണങ്ങളും ഉണ്ടാവാം. നമ്മൾ സർക്കാർ സേവനരംഗത്ത് പ്രവർത്തിക്കുമ്പോൾ ആളുകളുടെ ചീത്തവശം കൂടുതൽ പുറത്തുകൊണ്ടുവരാൻ താൽപര്യം കാണിക്കുന്നു. നമ്മൾ ആക്രമണോത്സുകതയോടെ അവരെ കൈകാര്യം ചെയ്യുന്നു. നമ്മൾ ആളുകളെ സംശയിക്കുന്നുണ്ടായിരിക്കാം. ആ അവസരത്തിൽ നമ്മൾ ആരേയും വിശ്വസിക്കണം എന്നില്ല. എന്നാൽ അതിനർത്ഥം നമുക്ക് ആക്രമണോത്സുകതയോടെ അവരോട് പെരുമാറാം എന്നല്ല. പോലീസ് സ്റ്റേഷനിൽ പോയാൽ നിങ്ങൾക്ക് ഇതറിയാൻ സാധിക്കും. ഒരു കുറ്റവാളിയോടെന്ന പോലെ നിങ്ങളോട് അവർ പെരുമാറുന്നു. നമ്മ ഉവിടെപ്പോയത് തീർത്തും വ്യത്യസ്തമായ ഒരു കാര്യത്തിനായിരിക്കാം.

പൊതുജന സേവകരുടെ ഇത്തരത്തിലുള്ള മനോഭാവം മാറുക എന്നത് വളരെ പ്രധാനമായ ഒരു കാര്യമാണ്. ഇന്ത്യൻ സിവിൽ സർവ്വീസിൽ തിരഞ്ഞെടുക്കുന്നവർക്ക് പരിശീലനം കൊടുക്കുന്ന മിസൗറിയിൽ നിന്നും എനിക്ക് പറയാൻ കഴിയുന്നത് ചില തരത്തിലുള്ള മനോഘടന (attitude) സിവിൽ സർവ്വീസിൽ ആവശ്യമാണ് എന്നതാണ്. എന്നാൽ പകുതിയിൽ കൂടുതൽ ആളുകൾക്ക് ഇതിന്റെ അഭാവമുണ്ട് എന്നതാണ് അവസ്ഥ. ഈ മനോഘടന നമുക്ക് വളർത്തിയെടുക്കേണ്ടതായിട്ടുണ്ട്. അധികാര സ്ഥാനത്ത് എത്തിയാലുടൻ നമുക്ക് തോന്നുന്നത് നമ്മൾ കൊമ്പും തുമ്പിക്കയ്യും നിഗ്രഹശേഷിയുമുള്ള പ്രത്യേകജീവികളാണെന്നാണ്. എന്നാൽ അങ്ങനെയല്ലല്ലോ. കുട്ടികളുടെ സാമൂഹ്യപാഠ പുസ്തകത്തിൽ ഗാന്ധിയുടെ വചനമുള്ള ഒരു പേജുണ്ട്. അതിലദ്ദേഹം പറയുന്നത് ഒരു തീരുമാനത്തിലെത്തേണ്ടപ്പോൾ ഏറ്റവും ദരിദ്രനായ മനുഷ്യന്റെ മുഖം മനസ്സിലോർക്കുക. എന്നിട്ട് തീരുമാനമെടുക്കുക. നിങ്ങൾക്ക് തെറ്റുകയില്ല.

ഗാന്ധിജിയുടെ വചനം ഓർമ്മ വരുന്നത്. "ഞാൻ നിങ്ങൾക്ക് ഒരു മാന്ത്രിക ഏലസ്സ് നൽകാം. നിങ്ങൾക്ക് സംശയമുള്ളപ്പോഴോ അഹം എന്ന ഭാവം നിങ്ങളിൽ അധികരിക്കുമ്പോഴോ ഇത് പരീക്ഷിച്ചു നോക്കാം.

നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച് ഏറ്റവും ദരിദ്രനും ദുർബലനുമായ മനുഷ്യന്റെ പ്രതിരൂപം മനസ്സിൽ കൊണ്ടുവരുക. എന്നിട്ട് നിങ്ങൾ സ്വന്തം മനസ്സിനോട് ചോദിക്കുക. നിങ്ങൾ എന്താണോ ചെയ്യാൻ ഉദ്ദേശിക്കുന്നത് അതു കൊണ്ട് ഇദ്ദേഹത്തിന് എന്തെങ്കിലും ഉപയോഗമുണ്ടോ? ഇദ്ദേഹം അതിൽ നിന്നും എന്തെങ്കിലും നേടുമോ? അതുകൊണ്ട് സ്വന്തം ജീവിതത്തേയും ഭാവിയേയും വീണ്ടെടുക്കുവാൻ അദ്ദേഹത്തിനാവുമോ? മറ്റൊരുവിധത്തിൽ പറഞ്ഞാൽ വയറുവിശക്കുന്നവരും അതൃപ്തമായ ആത്മാവുള്ളവരുമായ കോടാനുകോടി ജനങ്ങൾക്ക് സ്വരാജ്യം നേടുവാൻ ഇതിൽ നിന്നും കഴിയുമോ?

അപ്പോൾ നിങ്ങളുടെ സംശയം ദൂരീകരിക്കപ്പെടുകയും അഹം ഇല്ലാതായിത്തീരുകയും ചെയ്യുന്നു."

ലേഖനം



പ്രിയ എ എസ്



# ലളിതം

**രണ്ടുകൊല്ലം** മുമ്പാണ്. വക്കീലിന്റെ അടുത്ത് പോയിവരികയാണ് ഞങ്ങൾ. ഞാൻ കാറോടിക്കുകയാണ്, കരഞ്ഞുകൊണ്ട്. പിന്നിലെ സീറ്റിൽ ശിലകൾപോലെ അച്ഛനും അമ്മയുമിരിപ്പുണ്ട്. മുന്നിലെ സീറ്റിലെന്റെ എട്ടുവയസ്സുകാരനും.

എനിക്ക് എന്നേക്കാളും വിശ്വാസമുണ്ടായിരുന്ന ഒരാൾ പാതി വച്ച് എന്റെ ജീവിതത്തിൽനിന്ന് ഇറങ്ങിപ്പോയിരിക്കുകയാണ്. ജന്മനാ ഉള്ള അസുഖങ്ങളുടെ ചരിത്രം മുഴുവനുമറിഞ്ഞിട്ടും കൈപിടിച്ചതാണ്,അതും ഡൗറി പോലും വാങ്ങാതെ എന്ന പരുഷമായ ഒരു പുരുഷവാചകം ഹൃദയം പിളർന്നിറങ്ങുന്നു. കണ്ണുനീർത്തുള്ളികൾ കുടം കണക്ക് ഒഴുകുകയാണ് കവിളിലൂടെ. റോഡിലെ കാഴ്ചകളൊന്നും തന്നെ വ്യക്തമാകുന്നില്ല.കലൂരു നിന്ന് ഇടപ്പള്ളിവരെയുള്ള ഈ വലിയ ദൂരം എന്റെ ചെറുവണ്ടി എങ്ങനെ താണ്ടുമെന്ന് എനിക്കറിയില്ലല്ലോ ദൈവമേ എന്നെന്റെ കൈവിറയ്ക്കുന്നു.പെട്ടെന്ന് തോളത്ത് പൂ പോലെ ഒരു കൈ പതിയുന്നു.സാരമില്ല കേട്ടോ എന്ന് പറഞ്ഞ് നിരന്തരമായി എന്റെ ചുമലിനെ തഴുകി ഒഴുകിയിറങ്ങുന്ന കൈ , അതെന്റെ കുഞ്ഞുമകന്റേത്. എന്തൊരു പതുപതുപ്പ് ഈ കുഞ്ഞിക്കൈകൾക്ക് എന്ന് മെല്ലെമെല്ലെ എനിക്ക് ബോധം വന്നു.കരുതലിന്റെ കരുത്ത് ആ കുഞ്ഞുവിരലിലൂടെ ഒഴുകിയിറങ്ങി എന്റെ സപ്തനാഡികളിലേക്കും.തിരികെ ജീവിതത്തിലേക്ക് ഡ്രൈവ് ചെയ്തുകയറാൻ വെറും പെട്രോൾ മതിയാകുമായിരുന്നില്ല.കുഞ്ഞുണ്ണി എന്നോട് കാണിയ്ക്കുന്ന കരുതലാണ് ഇപ്പോൾ എന്റെ ജീവിതത്തിന്റെ പെട്രോൾ.

അന്ന്, അങ്ങനെ കൈവച്ച് സാരമില്ല,സാരമില്ല എന്നു ഞാനമ്മയോട് പറഞ്ഞത് അമ്മയ്ക്ക് എന്ത് ആശ്വാസമായി അല്ലേ, പിന്നെ താനത്രയ്ക്കൊന്നും കരഞ്ഞിട്ടില്ല അല്ലേ എന്നു ചോദിച്ച് എനിക്ക് ചുറ്റും സദാ കറങ്ങുന്നു എന്റെ കുഞ്ഞുനക്ഷത്രം.അതോ ഞാനവന് ചുറ്റുമാണോ കറങ്ങുന്നത്?

പിന്നൊരു ദിവസം ഞാൻ മുഖം കഴുകി വന്നപ്പോൾ, അമ്മ കരഞ്ഞോ എന്ന് അവന് സംശയം.അന്നത്തേതിൽപ്പിന്നെ അമ്മ കരഞ്ഞിട്ടില്ലല്ലോ എന്ന് പറഞ്ഞിട്ടും അവനത്ര വിശ്വാസം പോര.അവന്റെ കുഞ്ഞിവിരൽ മുഖത്തിനുനേരെ നീണ്ടുവരുമ്പോൾ എന്തിന് ഭാവിക്കുകയാണ് ഈ കുഞ്ഞിവിരൽ എന്ന

റിയാതെ ഞാനമ്പരക്കുന്നു.കുഞ്ഞിവിരൽ എന്റെ കൺതുമ്പിലാകെ പരതിനടക്കുകയാണ്. കൺതുമ്പിലെ നനവൊപ്പിയെടുത്ത് കുഞ്ഞിവിരൽ പിൻവാങ്ങുന്നു. കണ്ണീരോ വെറും വെള്ളത്തുള്ളിയോ എന്നറിയാൻ സ്വാദിന്റെ തനതുപരീക്ഷണശാലയിലേക്ക് ആ വിരൽകൊണ്ടുപോയി നാവുപകരണത്താൽ ആ വിരലിനെ പൊതിയുന്ന കാഴ്ചയാണ് പിന്നെ എന്റെ അന്തംവിട്ടിരിപ്പിനുമുന്നിലരങ്ങേറുന്നത്. കരയണോ ചിരിക്കണോ എന്നറിയാതായ നിമിഷം. ഒരു കണ്ണ് ചിരിക്കുകയും മറ്റേ കണ്ണ് കരയുകയും ചെയ്യുമ്പോൾ കരുതലിന്റെ മൃതസഞ്ജീവനി ആഴ്ന്നിറങ്ങി എന്റെ ജീവകോശങ്ങൾ പിടഞ്ഞുണരുകയായിരുന്നു. ആ നിമിഷത്തിന്റെ ഓർമ്മ മാത്രം മതി എനിക്കിനിയുള്ള കാലമത്രയും ജീവിക്കാൻ.

കോടതിയിൽ ഞാൻ ചെലവഴിച്ച ഒരു പകലിന്റെ ദൈന്യത്തിനും പകപ്പിനും അനശ്ചിതത്വത്തിനുമൊടുവിൽ , കോടതി പിരിയുന്ന അഞ്ചുമണി നേരത്തുതന്നെ എന്നെ വിളിച്ച് എന്തായി കാര്യങ്ങളെന്നാരാഞ്ഞ ഒരു പിടി മനുഷ്യർ.ഒരു പിടിയേയുള്ളു അവർ,എനിക്കത്രയേ വേണ്ടൂ.

അക്ഷരങ്ങളുള്ളയിടത്തോളം,എനിക്ക് ചാരിനിൽക്കാൻ ഇടമില്ലാതെയാകുന്നില്ല.ഓരോ അക്ഷരവും ഓരോ ആളാണ്.ഏറ്റവും ചെറിയ അക്ഷരം പോലും ചുമൽ കഴിയുന്നത്ര വിരിച്ച് നിൽക്കുകയാണ്,വാ വരൂ,തല ചായ്ച്ചാളൂ എന്ന് പറഞ്ഞ്.

കാലെമനിക്ക് നോവുകൾ തരുന്നതും കരുതലോടെയാണ്. ഇതുവരെ കാണാത്തത്ര ഇടങ്ങൾ, അവയുടെ സങ്കീർണ്ണതകൾ ഒക്കെ കാണിച്ചുതരുകയാണ് നോവുകൾ. നോവുകളിൽ പിടഞ്ഞ് ഞാൻ തട്ടിത്തടഞ്ഞുവീഴാൻ നേരം, ഇല്ല, ഞാൻ വീഴുന്നില്ല. ആരോ താങ്ങുന്നുണ്ട് എന്നെ കരുതലോടെ. നേരമായി നോവ

*കരയണോ ചിരിക്കണോ എന്നറിയായ നിമിഷം. ഒരു കണ്ണ് ചിരിക്കുകയും മറ്റേ കണ്ണ് ചിരിക്കുകയും ചെയ്യുമ്പോൾ കരുതലിന്റെ മൃതസഞ്ജീവനി ആഴ്ന്നിറങ്ങി എന്റെ ജീവകോശങ്ങൾ പിടഞ്ഞുണരുകയായിരുന്നു.*

ലെഴുതാൻ എന്നാണ് നോവുകൾ പറയുന്നതെന്നു വായിച്ചെടുക്കാനാകുന്നുണ്ട്.

ഇന്നലെ ഞാനും എന്റെ മകനും കൂടിയിരുന്ന് നുണഞ്ഞ അമുൽ മാംഗോ ഡിലൈറ്റ് ഐസ്ക്രീം, അത് കൊണ്ടുവന്ന് തന്നത് വൈക്കത്തുനിന്ന് ഡോക്റ്റർ സുരേഷും ഭാര്യ ഡോക്റ്റർ ആശയും  അവരുടെ രണ്ട് ആൺകുഞ്ഞുങ്ങളും കൂടിയാണ്.എന്റെ വഴിയിലേക്ക് അവർ കയറിവന്നത് ഏതാണ്ട് ഒരുവർഷം മുമ്പാണ്.പെട്ടെന്നുയിർ കൊണ്ട ഒരു കഥപോലെയുണ്ടായിരുന്നു അവരുടെ വരവ്. മക നെ സ്നേഹിക്കാൻ കോടതി ഉത്തരവ് വാങ്ങിയ അച്ഛന്റെ കൂടെ ഒരു പകൽനേരം കുഞ്ഞുണ്ണി പോയതിനാൽ ശൂന്യമായ ഒരു ദിവസത്തിന്റെ ചൂടിലേക്കാണ് അവരുടെ ഐസ്ക്രീം തണുപ്പ് അലിഞ്ഞുവീഴുന്നത്. എന്നെ പൊതിയുന്ന കരുതലിന്റെ കണ്ണുകളിൽ നിന്ന് ഞാൻ  നിറയുന്ന കണ്ണുകളൊളിപ്പിച്ച്പിടിക്കുന്നു.

കോടതിയിൽ കയറുന്ന ദിവസം, എന്റെ കുഞ്ഞ് എന്നോട് ചോദിച്ചു, ഒരു കഥ പറഞ്ഞുതരട്ടെ അമ്മയ്ക്ക്? എവിടെയൊക്കെയോ അലയുന്ന മനസ്സുമായി ആകെ പൊള്ളിയിരിപ്പായിരുന്ന ഞാൻ അലസമായി മൂളി. അവൻ പറഞ്ഞു തുടങ്ങി. ജീവിതം ഒരു ട്രെയിൻയാത്ര പോലെയാണ്. ട്രെയിനിലിരിക്കുമ്പോൾ ദൂരെ ദൂരെ ചില രൂപങ്ങൾ കാണാം. അതാണ് മലകൾ എന്ന് അപ്പോൾ ആരെങ്കിലും പറഞ്ഞുതരും. എന്തു ചെറുതാണ്  ഈ മലകൾ എന്നുകരുതും  അപ്പോൾ നമ്മൾ. മലകളുടെ  അടുത്ത് ട്രെയിനെത്തുമ്പോൾ, എന്റമ്മോ ഇതെന്തു കൂറ്റൻരൂപങ്ങൾ എന്ന് നമ്മൾ തലയിൽ കൈവച്ചുപോകും.പിന്നെയും ട്രെയിൻ മുന്നോട്ട് പോകും. തിരിഞ്ഞ് നോക്കിയാലോ, പിന്നെയും കാണാം മലകൾ കുഞ്ഞാകുന്ന കാഴ്ച.എല്ലാ ജീവിതപ്രശ്നങ്ങളും ഇതുപോലെയാണ്. നമ്മളതിലൂടെ കടന്നുപോകുമ്പോൾ  പടുകൂറ്റനായിത്തോന്നും, നമ്മളാകെ പകച്ചുപോകും. പക്ഷേ ആ കാലം കഴിഞ്ഞാലോ നമ്മളിരുന്ന് ഊറിച്ചിരിക്കും, എന്തു കുഞ്ഞൻ കാര്യങ്ങളായിരുന്നു അതെല്ലാം എന്നോർത്തോർത്ത്.

കുഞ്ഞിക്കഥ കേട്ട്, ഞാനവനെ പകച്ചുനോക്കിയിരുന്നു. അമ്മയ്ക്ക് കഥ പറഞ്ഞുതരുന്ന കുഞ്ഞുമകൻ! എനിക്കാവശ്യമുള്ളപ്പോൾ തലോടലായി, കഥയായി പെയ്തിറങ്ങുന്ന ഇവനാരാണ്? കലിടറി വീഴാൻതുടങ്ങുമ്പോൾ താങ്ങിക്കോളാമെന്ന ഈ കരുതൽ, ഇതു തന്നെയല്ലേ ഈശ്വരൻ?

ഇടപ്പള്ളിയിലെ ഗണപതിയമ്പലത്തിൽ നിന്ന് വഴിപാട് വാങ്ങിയിറങ്ങിയ, ഉള്ളാകെ കലങ്ങിമറിഞ്ഞ ഒരുച്ചനേരം. ദൈവവും പൂജാരിയും പ്രാവുകളും അല്ലാതെ ആരുമില്ല അവിടെ. അമ്പലത്തിന്റെ അടുത്ത വീട്ടിലെ അരമതിലിൽ ചാരിയിരുന്ന ഒരാൾ, അയാളെന്നെക്കണ്ട് ചാടിയെഴുന്നേൽക്കുമ്പോഴാണ് ഞനയാളെ കാണുന്നതുതന്നെ. കഥയെഴുതുന്ന പ്രിയയല്ലേ എന്ന ആവേശയെഴുന്നേൽപ്പിൽ അയാ

*ശേഷം പേജ് 24 ൽ*



ഗിരിജ പി.പാതേക്കര

# ആത്മീയത എന്നാൽ ജീവനോടുള്ള കരുതൽ

ഏറെ സ്ത്രൈണമായിരുന്നു അച്ഛന്റെ പ്രകൃതം! കാഴ്ചയിലല്ല...

**ഒരു** വലിയ കൂട്ടുകുടുംബത്തിൽ ജനിച്ചു വളർന്ന എന്റെയുള്ളിൽ എന്തുകൊണ്ടോ കുട്ടിക്കാലം തൊട്ടേ വല്ലാത്ത അനാഥത്വവും അരക്ഷിതത്വബോധവും



ഉണ്ടായിരുന്നു. ഒരുപരിധി വരെ അതിനെയെനിക്ക് മറികടക്കാനായിരുന്നത് എന്റെയച്ഛൻ ചൊല്ലിത്തന്ന കവിതകളിലൂടെയും അച്ഛന്റെ ഗന്ധത്തിലൂടെയും സ്പർശത്തിലൂടെയും ആയിരുന്നു. ഏറെ സ്ത്രൈണമായിരുന്നു അച്ഛന്റെ പ്രകൃതം! കാഴ്ചയിലല്ല... ഒത്ത ഉയരവും വണ്ണവും അല്പം കുമ്പയുമുള്ള, എപ്പോഴും വിയർക്കുമായിരുന്ന അച്ഛനെ തൊട്ട്തൊട്ടിരിക്കാൻ എനിക്കേറെ ഇഷ്ടമായിരുന്നു. അച്ഛന്റെ വിയർപ്പിന്റെ മണം ഞാൻ മൂക്ക് വിടർത്തി വലിച്ചെടുക്കുമായിരുന്നു. അമ്മയ്ക്ക് ഞങ്ങൾ കുട്ടികളാരും തന്റെ ശരീരത്തിൽ തൊടുന്നത് തന്നെ ദേഷ്യമായിരുന്നു. ഞാനാണെങ്കിൽ എപ്പോഴും ആരെങ്കിലും വിളിച്ചാലോ, തൊട്ടാലോ ഓമനിച്ചാലോ മാത്രം സനാഥയാവുന്ന ഒരു കുട്ടിയും. എന്നാൽ ലാളിച്ച് വളർത്തിയാൽ പെണ്ണ് ചീത്തയായിപ്പോകുമോ എന്ന ഭയത്താലാവണം, വീട്ടിലെ മറ്റംഗങ്ങളിൽ പലരും അടിക്കാൻ വേണ്ടി മാത്രമായിരുന്നു എന്നെ സ്പർശിച്ചത്. ഉപദേശിക്കാനും വഴക്ക് പറയാനും വേണ്ടി മാത്രമായിരുന്നു എന്റെ നേർക്ക് നാവുയർത്തിയിരുന്നത്. ജോലിസ്ഥലത്തുനിന്നും ആഴ്ചയിൽ ഒരിക്കൽ മാത്രം വരുമായിരുന്ന അച്ഛനായിരുന്നു അന്നെനിക്ക് 'അമ്മ'! ചുറ്റുപാടും ഒരുപാടാളുകൾ ഉണ്ടായിരുന്നിട്ടുപോലും തന്റെ കുഞ്ഞുമോളുടെ ഒറ്റപ്പെടലും വിഷാദവും അച്ഛനു മനസ്സിലായിരുന്നിരിക്കണം. അച്ഛനെന്നെ തലോടിയും ഉമ്മവെച്ചും കുമ്പമേൽ കിടത്തിയുറക്കിയും

എല്ലാവർക്കും വേണ്ടപ്പെട്ടവളാണ് ഞാനെന്ന തോന്നൽ അല്പനിമിഷങ്ങളിലേക്കെങ്കിലും എന്നിലുണ ർത്തി. അനിയനോടൊപ്പം എന്നെയും ഇടയ്ക്കിടെ ആൺകുട്ടികളെപ്പോലെ മുടി പറ്റെ വെട്ടിയ്ക്കാൻ അച്ഛൻ കൊണ്ടുപോയി. തിരികെ വരുമ്പോൾ വർത്തമാനം പറഞ്ഞും ഹോട്ടലിൽ കയറി ഭക്ഷണം കഴിച്ചും ആ മുടി വെട്ടൽ ചടങ്ങ് ഒരു ആഘോഷമാക്കി മാറ്റി. പെൺകുട്ടിയാണെന്ന വേർതിരിവ് അച്ഛൻ എന്നോട് ഒരിക്കലും കാണിച്ചിരുന്നില്ല. കുളിച്ചാൽ കുറിയിടാത്തതിനും കണ്ണെഴുതാത്തതിനും മാത്രമാണ് ഞാൻ മുതിർന്നു കഴിഞ്ഞപ്പോൾ അച്ഛനെന്നെ വഴക്ക് പറഞ്ഞിട്ടുള്ളത്. കാരണം പെണ്ണായാൽ ഉണ്ടും ഉരുണ്ടും ചമഞ്ഞും ഇരിക്കണം എന്നതായിരുന്നു സ്ത്രീയുടെ ബാഹ്യസൗന്ദര്യത്തെക്കുറിച്ചുള്ള അച്ഛന്റെ സങ്കൽപം .

എന്നോട് മാത്രമായിരുന്നില്ല അച്ഛന്റെ ഈ കരുതൽ. വീട്ടുകാരോടും നാട്ടുകാരോടും പക്ഷിമൃഗാദികളോടും ചെടികളോടും വരെയുള്ള അച്ഛന്റെ കരുതലും കാരുണ്യവും എന്നെ ഒട്ടേറെ അമ്പരപ്പിച്ചിട്ടുണ്ട് ....തന്നോടുതന്നെയെന്നപോലെയും ഞങ്ങളോടായും അച്ഛൻ ഇടയ്ക്കിടെ ഉരുവിടുമായിരുന്നു. 'സ്നേഹമാണഖില സാരമൂഴിയിൽ...,' 'അവനവനാത്മ സുഖത്തിനാചരിക്കുന്നവ അപരന്നു സുഖത്തിനായ് വരേണം', 'അടുത്തു നിൽപ്പോരനുജനെ നോക്കാൻ അക്ഷികളില്ലാത്തോർക്കരൂപനീശ്വരൻ അദൃശ്യനായാൽ അതി ലെന്താശ്ചര്യം', 'ദാരിദ്ര്യ മെന്തെന്നറിഞ്ഞവർക്കേ പാരിൽ പരക്ളേശ വിവേകമുള്ളൂ'... ഇനിയും ഒരുപാടുണ്ട്. ഇതെല്ലാം ഞാൻ ആദ്യമായി കേൾക്കുന്നത് അച്ഛനിൽ നിന്നാണ്. വാക്കോ നോക്കോ പ്രവൃത്തിയോ കൊണ്ട് അച്ഛൻ ആരെയും വേദനിപ്പിച്ചിരുന്നില്ല. എല്ലാവരും തന്റെ സ്വന്തക്കാരാണെന്നും അവരുടെയൊക്കെ സന്തോഷം തന്റെ കൂടി കടമയാണെന്നും അച്ഛൻ വിശ്വസിച്ചു. അപരിചിതരോട് പോലും കുശലം ചോദിക്കുകയും മുറ്റത്തെ പുല്ലുകളും കളകളും പറിക്കുമ്പോൾ പോലും അസ്വസ്ഥനാകുകയും ചെയ്തിരുന്ന അച്ഛനെ ഞങ്ങൾ കളിയാക്കുമായിരുന്നു ... പാവം ആ ചെടിക്കും ഉണ്ടാവില്ലേ ഈ മണ്ണിൽ ഒട്ടി നിൽക്കാൻ മോഹം' എന്ന് അച്ഛൻ ഒരിക്കൽ പറഞ്ഞപ്പോൾ ഞാൻ അമ്പരന്നു പോയിട്ടുണ്ട്. സകല ചരാചരങ്ങളിലും ഈശ്വരനെ കാണാൻ എന്നെ പഠിപ്പിച്ച ഒരു നിമിഷമായിരുന്നു അത് .

അച്ഛനെക്കുറിച്ചുള്ള എന്റെ ആദ്യ ഓർമ്മ പോലും ഒരു കരുതലിന്റേതാണ്. തൃക്കണ്ടിയൂരുള്ള അച്ഛന്റെ വീട്ടിൽ ഒരിക്കൽ ഒരവധിക്കാലത്ത് പതിവുപോലെ പോയതായിരുന്നു ഞങ്ങളും. വെളുത്ത് തടിച്ചു അതീവ സുന്ദരിയായിരുന്നു എന്റെ അച്ഛമ്മ. അതിനാലാവണം ഇരുണ്ടു പോയത് അവർ ചെയ്ത ഒരു കുറ്റമാണെന്ന മട്ടിൽ കറുത്ത

*പാവം ആ ചെടിക്കും ഉണ്ടാവില്ലേ ഈ മണ്ണിൽ ഒട്ടി നിൽക്കാൻ മോഹം' എന്ന് അച്ഛൻ ഒരിക്കൽ പറഞ്ഞപ്പോൾ ഞാൻ അമ്പരന്നു പോയിട്ടുണ്ട്. സകല ചരാചരങ്ങളിലും ഈശ്വരനെ കാണാൻ എന്നെ പഠിപ്പിച്ച ഒരു നിമിഷമായിരുന്നു അത് .*



നിറക്കാരോട് അച്ഛമ്മക്ക് പ്രകടമായ ഒരു നീരസം ഉണ്ടായിരുന്നു. എന്നോടും അതെ, വലിയ താല്പര്യം അച്ഛമ്മക്കുണ്ടായിരുന്നില്ല. ഒരു ദിവസം ഞങ്ങൾ കുട്ടികളെല്ലാവരും ചേർന്ന് സന്ധ്യക്ക് നാമം ജപിക്കുമ്പോൾ എന്നെത്തന്നെ നോക്കിയിരുന്ന അച്ഛമ്മയുടെ മുഖം മ്ലാനമാവുന്നതും അച്ഛനോട് ചെവിയിൽ എന്തോ മെല്ലെപ്പറ യുന്നതും ഞാൻ കണ്ടു. അഞ്ചോ ആറോ വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന എനിക്ക് കാര്യമൊന്നും പിടികിട്ടിയില്ലെങ്കിലും എന്തോ ചില തകരാറുകൾ എനിക്കുണ്ടെന്ന തോന്നലുണ്ടായി. അച്ഛമ്മയെ ഒട്ടും പിണക്കാതെ തന്നെ അച്ഛൻ എന്റടുത്തു വന്നു കണ്ണിറുക്കി, എന്റെ മുഖം കൈയ്യിലെടുത്ത് ഇങ്ങനെ പാടി 'ഇത്തറ നല്ലോരുസുന്ദരിപ്പെണ്ണിനെ കിട്ടാനെന്തൊരു തൊന്തരവേ തൊന്തരവേ'. പിന്നീട് പലപ്പോഴും ഇതുപാടി ഒരപൂർവ്വ നിധിയാണ് ഞാൻ എന്ന് ബോധ്യം എന്നിലുണ്ടാക്കാൻ അച്ഛൻ ശ്രമിച്ചിട്ടുണ്ട്.

ആർക്കും അപ്രിയമായതൊന്നും പറയാനോ കേൾക്കാനോ അച്ഛനാവില്ലായിരുന്നു. എല്ലാവരുടെയും

സന്തോഷത്തിലും സമാധാനത്തിലുമുള്ള നിതാന്ത ശ്രദ്ധ, കാരുണ്യം ഇത് മാത്രമാണ് അച്ഛനെക്കുറിച്ചോർക്കുമ്പോൾ ആ വലിയ രൂപത്തോടൊപ്പം എന്റെയുള്ളിൽ തെളിയാറുള്ളത്. അസൂയയോ പകയോ സ്വാർത്ഥതയോ തീണ്ടിയിട്ടില്ലായിരുന്ന അച്ഛനു ശത്രുക്കളേ ഇല്ലായിരുന്നു. ഭക്തിയുടെ പേരിൽ അച്ഛൻ എന്തെങ്കിലും ആചാരങ്ങൾ അനുഷ്ഠിക്കുന്നത് ഞാൻ കണ്ടിട്ടില്ല. ജീവനോടുള്ള കരുതൽ തന്നെയായിരുന്നു ഭക്തനായിരുന്ന അച്ഛന്റെ ആത്മീയത. ഭക്തിയിലൂടെ എങ്ങനെ ശാന്തയാകാം എന്ന് അച്ഛൻകാണിച്ചു തന്നു. കാരുണ്യത്തിന്റെ വഴി തന്നെയാണ് ഈശ്വരന്റെ വഴിയുമെന്നു മനസ്സിലാക്കിത്തന്നു. ഒരിക്കലും പിഴക്കാത്തതാണ് ആ വഴിയെന്ന് ഇന്നെനിക്കു ബോധ്യമുണ്ട്.

വസുധൈവ കുടുംബകം എന്ന് വിശ്വസിച്ചിരുന്ന ആ വലിയ മനുഷ്യൻ ഭൌതികമായ ഒരു സമ്പത്തും ഞങ്ങൾക്കായി കരുതി വെച്ചിരുന്നില്ല. അമ്മയുടെ പ്രായോഗികമതിത്വം ഒന്ന് കൊണ്ട് മാത്രമാണ് കാര്യങ്ങൾ ഒരുവിധം ഒപ്പിച്ചു പോയിരുന്നത്. അച്ഛന്റെ ബന്ധുക്കളും നാട്ടുകാരുമായിരുന്ന ഒട്ടേറെപ്പേർ എല്ലാ മാസവും ശമ്പള ദിവസം അച്ഛൻ ജോലി ചെയ്തിരുന്ന ബാങ്കിൽ എത്താറുണ്ടായിരുന്നു എന്നും അവരെയൊക്കെ അച്ഛൻ യഥാവിധി സഹായിക്കാറു ണ്ടായിരുന്നു എന്നുമെല്ലാം അച്ഛൻ മരിച്ചു കഴിഞ്ഞപ്പോൾ മാത്രമാണ് ഞങ്ങളറിഞ്ഞത്. എന്നാൽ തന്റെ മഹത്തായ 'സ്വത്തുക്കളുടെ' വളരെ ചെറിയൊരംശം എനിക്ക് തന്നിട്ടാണ് അച്ഛൻ പോയത് എന്ന് ചുരുക്കം ചില നിമിഷങ്ങളിലെങ്കിലും എനിക്ക് തോന്നിയിട്ടുണ്ട്. ആ നിമിഷങ്ങളിൽ ഞാൻ ഈശ്വരനോട് ഏറ്റവും അടുത്തു നിൽക്കുമ്പോഴുള്ള ആനന്ദം അനുഭവിച്ചിട്ടുണ്ട്.

അച്ഛന്റെ നാടായ തൃക്കണ്ടിയൂരും സമീപ സ്ഥലമായ തുഞ്ചൻ പറമ്പിലും പോകുമ്പോൾ ചിലരെങ്കിലും 'കേശവേട്ടന്റെ മകൾ' എന്ന് എന്നെ തിരിച്ചറിയാറുണ്ട്. അപ്പോൾ അവരുടെ മുഖത്തെ വെളിച്ചവും ആനന്ദവും, എന്നോടുള്ള വാത്സല്യവും കാണുമ്പോൾ എനിക്ക് തോന്നാറുണ്ട്, എന്റെ അച്ഛനെ ഞാൻ വളരെ കുറച്ചു മാത്രമേ അറിഞ്ഞിരുന്നുള്ളൂവല്ലോ എന്ന് .. സ്ത്രീയെപ്പോലെത്തന്നെ ജീവനോടുള്ള കരുതലാൽ ആത്മീയമായ ഔന്നത്യത്തിലെത്താൻ പുരുഷനും സാധിക്കുമ്പോഴാണ് ഭൂമിയിൽ സമാധാനത്തിന്റെയും സന്തോഷത്തിന്റെയും നന്മയുടെയും പൂക്കൾ വിടരുക.

---

*പേജ് 21 തുടർച്ച*

ളുടെ തല എവിടെയോ മുട്ടുന്നു. തലതിരുമ്മിക്കൊണ്ട് അയാൾ നിന്നതും അപ്പോഴവിടേക്ക് ഒരു സ്ത്രി വന്നതും അവരും കഥാപ്രിയയല്ലേ എന്നു ചോദിച്ചതും പറഞ്ഞുകേൾപ്പിക്കുമ്പോൾ കുഞ്ഞുണ്ണി കുടുകുടെ ചിരിച്ച് ചോദിക്കുന്നു,അവരുടേം തല മുട്ടിയോ? ഞാനും ചിരിച്ചുപോകുന്നു.തലമുട്ടിയ ആളും തലമുട്ടാത്തയാളും ചിരിപ്പിച്ച മകനും ചിരിച്ചുപോയ ഒരമ്മയും. എത്രയോ ലളിതമാണ് ജീവിതം.

പ്രാരബ്ധവിഘ്നങ്ങളെ ലളിതമായി വാരണം ചെയ്യുന്നയാളുടെ സാമീപ്യം ഇക്കഴിഞ്ഞ രണ്ടുവർഷം അനുഭവിച്ചിടത്തോളം തീവ്രമായി മറ്റൊരുകാലത്തും ഞാനനുഭവിച്ചിട്ടില്ല. ചികിത്സയ്ക്കിറങ്ങിപ്പുറപ്പെടാൻ തത്ക്കാലം വയ്യ, കാരണം കൂട്ടിരിക്കാനാളില്ലായ്മ എന്ന എന്റെ ഗതി കേട്. എന്റെ കഥ കേട്ട്, അമൃതാഹോസ്പിറ്റലിലെ ലിവർക്ളിനിക്കിലെ ഡോ ഹരി എന്നെ ആർദ്രമായി നോക്കുമ്പോൾ, ദൈവത്തിന്റെ കണ്ണിലെ കരുതലെന്നെ വന്ന് പൊതിയുന്നു.

ജീവിതം ഭദ്രമാക്കാനായി ഏറ്റവും ആവശ്യം വേണ്ടത് സാമ്പത്തിക ഭദ്രതയാണ് എന്നു കരുതി നമ്മൾ നാളത്തേക്ക് കരുതി വയ്ക്കുന്ന പണം, സത്യത്തിൽ, അതല്ല കരുതൽ. മറ്റുള്ളവരുടെ വികാരത്തിനെ മാനിയ്ക്കൽ-അതാണ് കരുതൽ.ആ കരുതലാണ് ഏതു ജീവന്റെയും പ്രാണവായു.

---


**സൃഷ്ടികൾ ക്ഷണിക്കുന്നു**

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ ( ലേഖനം, കഥ, കവിത, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

**സംഘടിത മാസിക**

വരിസംഖ്യാ നിരക്ക്

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |

ലേഖനം



തനൂജ ഭട്ടതിരി


# ശ്രദ്ധാരൂപികൾ

**വിരലുകളുടെ** പിടിവിടുവിച്ച്, എന്തോ സ്വന്തമാക്കാനായി ചെറിയ പാദങ്ങൾക്ക് വേഗത കൂട്ടി മുന്നോട്ട് കുതിച്ചു. കാല് മടങ്ങി ഒറ്റ വീഴ്ച. കൈമുട്ടുകളിൽ നിന്നും ചോര... തേങ്ങി തേങ്ങി കരച്ചിൽ... അച്ഛൻ വീണ്ടും വിരലുകളിൽ പിടിച്ചു.... 'ഒന്ന് ചാടിക്കളിച്ചതല്ലേ? സാരമില്ല, പോട്ടേ..." കരച്ചിലടങ്ങിയപ്പോൾ വീണ്ടും ഒന്നു കൂടി പറഞ്ഞു "അതേയ്... എന്ത് ചെയ്യുമ്പോഴും നല്ല ശ്രദ്ധവേണം..."

'ശ്രദ്ധ' ആ വാക്ക് അന്നാണ് ആദ്യമായി ശ്രദ്ധിച്ചത്. അശ്രദ്ധമായി ചെയ്യുന്നത് സ്വന്തം ശരീരത്തെ കഠിനമായി വേദനിപ്പിക്കുമെന്നാണ് അന്ന് തോന്നിയത്. ഏറ്റവും പ്രധാനപ്പെട്ട കാര്യം അവനവനെ ശ്രദ്ധയോടെ പരിപാലിക്കുക എന്നാണെന്നും തോന്നി. പിന്നീട് മനസ്സിലാക്കി.അതിലുമെത്രയോ വേദനയാണ് ശ്രദ്ധയില്ലായ്മ മനസ്സിനേല്പിക്കുന്നതെന്ന്. ശ്രദ്ധ വേണ്ടത് സ്വന്തം മനസ്സിന്... പിന്നെ അത് സ്വന്തം ശരീരത്തിലേക്കും ചുറ്റുമുള്ളവരിലേക്കും പ്രകൃതിയിലേക്കും പ്രപഞ്ചത്തിലേക്കും വ്യാപിക്കുന്നു... പല പല വലയങ്ങളായി ശ്രദ്ധാരൂപിയായ ചിന്തകൾ സഞ്ചരിക്കുന്നു. "യാ ദേവി സർവ്വ ഭൂതേഷു ശ്രദ്ധാരൂപേണ സംസ്ഥിത: സമസ്തസ്യൈ നമസ്തസ്യൈ നമസ്തസ്യൈ നമോ നമ..."

ശ്രദ്ധയോടെ ചുറ്റുമുള്ളവർ ജീവിക്കുമ്പോഴാണ് അടിസ്ഥാനപരമായി ഒരാൾക്ക് ജീവിച്ചിരിക്കാനാകുക... ആരെയൊക്കെയോ ശ്രദ്ധിച്ചതുകൊണ്ടാണ് ഇന്നും നമ്മൾ ഇങ്ങനെ ജീവിച്ചിരിക്കുന്നത്. ഇന്ന് പൊതുവഴിയിൽ കൂടി നടന്നപ്പോൾ പാഞ്ഞുകടന്നു പോയ വണ്ടികളിലെ ഡ്രൈവർമാർ ശ്രദ്ധയോടെ വണ്ടിയോടിച്ചതുകൊണ്ടാണ് അപകടമൊന്നും പറ്റാത്തത്. ഇത് കൂടാതെ, സ്നേഹത്തിൽ കുതിർന്ന ശ്രദ്ധ നമ്മുടെയൊക്കെ ജീവിതത്തിലുണ്ട്. ആരുമില്ലാത്ത ഒരു വൃദ്ധയോട് തോന്നുന്ന സ്നേഹം... മഴ നനയുന്ന കുഞ്ഞിക്കിളിയോട്, കാലൊടിഞ്ഞ പൂച്ചയോട്, സ്വന്തം അമ്മയോട്, മക്കളോട്, സുഹൃത്തുക്കളോട്, അപ

*ശ്രദ്ധയോടെ ചുറ്റുമുള്ളവർ ജീവിക്കുമ്പോഴാണ് അടിസ്ഥാനപരമായി ഒരാൾക്ക് ജീവിച്ചിരിക്കാനാകുക... ആരെയൊക്കെയോ ശ്രദ്ധിച്ചതു കൊണ്ടാണ് ഇന്നും നമ്മൾ ഇങ്ങനെ ജീവിച്ചിരിക്കുന്നത്.*



രിചിതരോട്, പ്രകൃതിയോട് ഒക്കെ എന്തൊക്കെയോ കാരണങ്ങൾ കൊണ്ടും ഒരു കാരണവുമില്ലാതെയും തോന്നുന്ന സ്നേഹം... ഇതെല്ലാം, എന്നിലും ഉയർന്നുവർത്തിക്കുന്ന എന്തോ ഒന്നിനോട് തോന്നുന്ന സ്നേഹത്തിന്റെ പ്രതിഫലനമാണെന്ന് തോന്നുന്നു.

ഞാൻ ജോലി ചെയ്യുന്ന ആശുപത്രിയിൽ കഴിഞ്ഞ എത്രയോ വർഷങ്ങളായി എത്രതരം മനുഷ്യരെയാണ് ഞാൻ കണ്ടുമുട്ടിയിട്ടുള്ളത്? ശ്രദ്ധയോടെ, അതീവശ്രദ്ധയോടെ, അവരുടെ കൂടെ നിൽക്കാൻ സാധിച്ചു എന്നത് എന്നെ സംബന്ധിച്ചിടത്തോളം ഒരു വലിയ അനുഗ്രഹമാണ്.

എന്നാൽ ഇപ്പോൾ എന്റെ മുഴുവൻ ശ്രദ്ധ മറ്റൊന്നിലാണ്. ഇത്രയും ശ്രദ്ധ ഒന്നിലേക്കിങ്ങനെ കേന്ദ്രീകരിക്കാനാകുമോ എന്ന് എന്നെത്തന്നെ അത്ഭുതപ്പെടുത്തിയ ശ്രദ്ധാദിവസങ്ങൾ... മാസങ്ങൾ... അതേകുറിച്ച് പറയട്ടെ...

കഴിഞ്ഞ ജൂൺ മാസത്തിലിതേ ദിവസമാണ് അത് സംഭവിച്ചതെന്ന് അത്ഭുതമായി ഇതെഴുതുമ്പോൾ തോന്നുന്നു 2013 ജൂൺ 6. ഞാനും എന്റെ ഭർത്താവ് ശ്രീ എന്ന് ഞാൻ വിളിക്കുന്ന ശ്രീനാരായണ ഭട്ടതിരിയും ബാംഗ്ലൂരിൽ നിന്നും തിരികെ എറണാകുളത്തേക്ക് ട്രെയിനിൽ വരികയാണ്. ദിവസങ്ങളായി ശ്രീക്ക് നല്ല ചുമയുണ്ട്. അതിന് മരുന്നും കഴിക്കുന്നുണ്ട്. കൂടെ കംപാർട്ടുമെന്റിലുണ്ടായിരുന്ന പാതിരിമാരോടൊപ്പം തമാശകൾ പറഞ്ഞ് ഞങ്ങൾ അത്താഴം കഴിച്ചു. എപ്പോഴോ ഉറങ്ങാൻ കിടന്നു. രാത്രിയേറി. ഞാനെന്തോ ശബ്ദം കേട്ട് കണ്ണുതുറന്നപ്പോൾ മുകളിലെ ബർത്തിൽ നിന്നും താഴെയിറങ്ങി ചുരുണ്ടിരിക്കുന്ന ശ്രീയെയാണ് കണ്ടത്. വല്ലാതെ തണുക്കുന്നു എന്ന് പറഞ്ഞതുകൊണ്ട് എന്റെ പുതപ്പുകൂട്ടികൊണ്ട് ശരീരം മൂടി. തൊട്ടുനോക്കിയപ്പോൾ നല്ല പൊള്ളുന്ന പനി. എ.സി.കംപാർട്ടുമെന്റിൽ നിന്നും പുറത്തേക്ക് കൊണ്ടുപോയിരു

*കറുത്തും വെളുത്തും ജീവിതം നീങ്ങിയപ്പോൾ ചിലപ്പോഴെങ്കിലും വിചാരിച്ചിട്ടുണ്ട്. “പെണ്ണുങ്ങൾ വിവാഹമേ... കഴിക്കാൻ പാടില്ല...” എന്ന്. എന്നാൽ എന്റെ മടിയിൽ പനിയിൽ വിറച്ച് തളർന്ന് കിടന്ന ശ്രീയെ ചേർത്തുപിടിച്ചപ്പോൾ ജീവിതത്തിൽ മറ്റൊന്നിനും അതിലും പ്രാധാന്യമില്ലെന്ന് തോന്നി.*

ത്തി. എന്നാലപ്പോഴേക്കും താഴെ വീണുപോകുമെന്ന് ഭയന്ന് തിരികെ ബർത്തിൽ വന്നു കിടന്നു. ഇരിക്കാനും കിടക്കാനും വയ്യാത്ത ഒരു സംഭ്രമം! എന്ത് ചെയ്യണമെന്നറിയാതെ ഒരു നിമിഷം ഞാൻ പകച്ചു. പിന്നീട് ടി.ടി.ആറിനെ കണ്ട് ഡോക്ടറുണ്ടോ ട്രെയിനിൽ എന്നന്വേഷിച്ചു. അയാൾക്കറിയില്ല. ട്രെയിനിൽ ഡോക്ടർമാരായ യാത്രക്കാരുടെ പേര് പ്രത്യേകം ശ്രദ്ധിച്ചിരിക്കണം എന്ന് നിയമമുണ്ടെന്നൊക്കെ കേട്ടിട്ടുണ്ട്. പക്ഷേ ടിടിആറിന് അതറിയില്ല എന്നു മാത്രമല്ല, എന്തെങ്കിലും ഒരു സമാധാനപ്പെടുത്തുന്ന ഒരു വാക്ക് പോലും പറയാനയാൾ നിന്നില്ല. തൃശൂരെത്താറായി എന്നറിഞ്ഞപ്പോൾ അവിടെയിറങ്ങി ആശുപത്രിയിൽ പോയതിനുശേഷം എറണാകുളത്തേക്ക് പോകാമെന്ന് ഞാൻ പറഞ്ഞു. “എങ്ങനെയെങ്കിലും എറണാകുളത്തെത്തിയെങ്കിൽ നിന്റെ ആശുപത്രിയിൽ പോകാമായിരുന്നു” എന്ന് ശ്രീ പറഞ്ഞപ്പോൾ എനിക്ക് മനസ്സിലായി ഇത് എന്തോ ഒരു വലിയ പ്രശ്നമാണെന്ന്. ട്രെയിൻ പാഞ്ഞുകൊണ്ടിരുന്നു. ശ്രീ കുഴഞ്ഞു കൊണ്ടും “ഞാൻ മരിക്കുകയാണ്” എന്ന് ശ്രീ പറഞ്ഞപ്പോൾ “ധൈര്യമായിരിക്കൂ.. ഒന്നും സംഭവിക്കില്ല.” എന്ന് ഞാൻ ധൈര്യം നൽകി. എന്തോ, വല്ലാത്ത ധൈര്യമായിരുന്നു അപ്പോളെനിക്ക്. എന്റെ കൈക്കുള്ളിൽ എന്റെ ദേഹത്തോട് ചേർന്ന് ഒരു കുഞ്ഞ് ഗർഭപാത്രത്തിൽ കിടക്കുന്ന പോലെ ശ്രീ കിടന്നു.

1985 സെപ്തംബർ 11നാണ് ഞങ്ങളുടെ വിവാഹം നടന്നത്. വർഷങ്ങൾ കടന്നു പോയപ്പോൾ ഞങ്ങളുടെ ജീവിതത്തിൽ സന്തോഷങ്ങളും സങ്കടങ്ങളും ഉണ്ടായി. ഇണക്കവും പിണക്കവുമുണ്ടായി. ഏതാണ് കൂടുതലെന്നോ, കുറവെന്നോ പറയാനാകാതെ അത് സമാസമം നിലകൊണ്ടു. ജീവിതത്തിലെ ചില സന്ദർഭങ്ങളിൽ പരസ്പരം ഞങ്ങൾക്ക് ഞങ്ങളെ കിട്ടിയത് ഏറ്റവും വലിയ അനുഗ്രഹമായി കരുതി. ചിലപ്പോഴാകട്ടെ, ഒരു വലിയ ശാപമായും. അങ്ങനെ കറുത്തും വെളുത്തും ജീവിതം നീങ്ങിയപ്പോൾ ചിലപ്പോഴെങ്കിലും വിചാരിച്ചിട്ടുണ്ട്. “പെണ്ണുങ്ങൾ വിവാഹമേ... കഴിക്കാൻ പാടില്ല...” എന്ന്. എന്നാൽ എന്റെ മടിയിൽ പനിയിൽ വിറച്ച് തളർന്ന് കിടന്ന ശ്രീയെ ചേർത്തുപിടിച്ചപ്പോൾ ജീവിതത്തിൽ മറ്റൊന്നിനും അതിലും പ്രാധാന്യമില്ലെന്ന് തോന്നി.

ഞാൻ ആശുപത്രിയിലേക്ക് വിളിച്ചു. റെയിൽവേ സ്റ്റേഷനിൽ ആംബുലൻസ് എത്താൻ ഏർപ്പാടു ചെയ്തു. സ്ട്രെച്ചറുമായി ഫ്ളാറ്റ്ഫോമിൽ ആൾക്കാർ കാത്തുനിന്നിരുന്നു. ജീവൻ കൈകയിൽ പിടിച്ച ഒരു യാത്രയുടെ അവസാനമായി, സൈറൺ മുഴക്കി ആംബുലൻസ് നിമിഷനേരം കൊണ്ട് ആശുപത്രിയുടെ കാഷ്വാലിറ്റിയിലെത്തി. “പനി 102” ഡോക്ടർ പറഞ്ഞു. അഡ്മിറ്റാകണം... ഏഴാംനിലയിലെ മുറിയിൽ നഴ്സ് പനിക്കും ചുമക്കുമുള്ള മരുന്ന് നൽകി. പരിശോധനക്കായി രക്തംകുത്തിയെടുത്തു. എന്നോട് വർത്തമാനം പതുക്കെ പറഞ്ഞു കൊണ്ടിരുന്നപ്പോൾ ശ്രീയുടെ ചുണ്ടുകൾ ഒരു വശത്തേക്ക് കോടുന്നതും കണ്ണുകൾ മറിയുന്നതും ഞാൻ കണ്ടു.

'സൂറോ പ്രോസ്ഗുമാണെന്ന് തോന്നുന്നു. ഞാൻ നഴ്സിനോട് പറഞ്ഞു. ഡോ.ബാബുജോൺ ഓടിയെത്തി. ന്യൂറോളജിസ്റ്റ് ഡോ.ദിലീപ് മാത്തൻ പുറകെയും... ആശുപത്രി ഡയറക്ടർ പി.വി.ആന്റണി എല്ലാ ചികിത്സകൾക്കും അതിവേഗം സൗകര്യമൊരുക്കാൻ നിർദ്ദേശങ്ങൾ നൽകി. പട്ടാളച്ചിട്ടയിൽ കാര്യങ്ങൾ നടന്നു. MRI സ്കാൻ ചെയ്തു. ലൈസിംഗ് എന്ന തടസ്സം നീക്കാനുള്ള കുത്തിവെപ്പു നടത്തി. മസ്തിഷ്കത്തിലെ തടസ്സങ്ങളുടെ തീവ്രത മനസ്സിലാക്കാനായി സെറിബ്രൽ ആൻജിയോഗ്രാം ചെയ്തു. മെഡിക്കൽടീം സുസജ്ജമായിരുന്നു. ശ്രീക്ക് അതിനിടയിൽ ബോധം നശിച്ചിരുന്നു. ഐ.സി.യുവിൽ ബോധമില്ലാതെ നാലു നാൾ. ആ വലിയ സ്ട്രോക്കിൽ ശ്രീയുടെ വലതുകാൽ, വലതുകൈ എന്നിവ തളർന്നുപോയിരുന്നു. സംസാരശേഷി പരിപൂർണമായും നഷ്ടപ്പെട്ടിരുന്നു. ഓർമ്മയും ഒന്നും ബാക്കി നിൽക്കാതെ കടന്നുപോയിരിക്കുന്നു. സ്വന്തം പേര് പോലും എന്താണെന്നറിയില്ല. എന്നെയും കുട്ടികളേയും തിരിച്ചറിഞ്ഞു. ഞങ്ങളുടെ പേരോ മറ്റൊന്നുമോ അറിയില്ല. ബാംഗ്ലൂരിൽ ജോലി ചെയ്യുന്ന മക്കൾ അന്ന് തന്നെ ആശുപത്രിയിലെത്തിയിരുന്നു. ഐ.സി.യുവിൽ പലവിധ ട്യൂബുകളുമായി കിടക്കുന്ന അച്ഛനെ കണ്ട് അവർ ഐ.സി.യുവിൽ നിന്നും പുറത്തേക്കോടി. ഒരിക്കലും കാണാത്ത കാഴ്ചകൾ... ഞാൻ പറഞ്ഞു. "അച്ഛന് ഒരു കുഴപ്പവുമില്ല. എല്ലാം ഉടൻ ശരിയാകും..."

ഐ.സി.യുവിൽ രണ്ടാഴ്ച. അപകടനില മാറിയപ്പോൾ ശ്രീയെ മുറിയിലേക്ക് മാറ്റി. ഐ.സി.യുവിലാരു ചെന്നാലും "മ്മ... മ്മ... മ്മ' എന്നു മാത്രം ശ്രീ പറഞ്ഞു. അത് എന്നെ കാണണമെന്ന ആവശ്യമായിരുന്നു. ഞാൻ കൂടെയിരുന്നു. അവിടെ ജോലി ചെയ്യുന്ന ആളായതുകൊണ്ട് മാത്രമാണ് ഇത്തരം ആനുകൂല്യങ്ങൾ എനിക്ക് ലഭിച്ചത്. അല്ലെങ്കിൽ ദിവസം രണ്ടുനേരം 5 മിനിറ്റ് അത് മാത്രമാണ് സന്ദർശനസമയം...

> *ഒരു കുട്ടിയെപ്പോലെ ശ്രീ കട്ടിലിൽ കിടന്നു. എല്ലാ പ്രാഥമിക ആവശ്യങ്ങളും കട്ടിലിൽ കിടന്ന്. ദേഹം വൃത്തിയാക്കാൻ ഞാൻ തന്നെ വേണം. ഒന്നും സംസാരിക്കാൻ പറ്റാതെ ശ്രീ വിഷമിക്കുന്നത് കണ്ട് എനിക്ക് സങ്കടം വന്നു.*

ഒരു കുട്ടിയെപ്പോലെ ശ്രീ കട്ടിലിൽ കിടന്നു. എല്ലാ പ്രാഥമിക ആവശ്യങ്ങളും കട്ടിലിൽ കിടന്ന്. ദേഹം വൃത്തിയാക്കാൻ ഞാൻ തന്നെ വേണം. ഒന്നും സംസാരിക്കാൻ പറ്റാതെ ശ്രീ വിഷമിക്കുന്നത് കണ്ട് എനിക്ക് സങ്കടം വന്നു. പുറത്തു കാണിച്ചില്ല. പക്ഷേ, എണീറ്റ് നിൽക്കാൻ വയ്യ. കൈ അനക്കാൻ വയ്യ. സംസാരിക്കാൻ വയ്യ. ഒന്നും വയ്യ. അതിദയനീയമായ നോട്ടം താങ്ങാനാകാതെ ഒന്നും സംഭവിച്ചിട്ടില്ലാത്തപോലെ അല്പം കടുപ്പിച്ച് ഞാൻ പറഞ്ഞു. "വലിയ രോഗിയാണെന്ന് സ്വയം കരുതിയിരിക്കണ്ട. ചെറിയ ചെറിയ പ്രശ്നങ്ങൾ. അങ്ങ് മിണ്ടിയാലെന്താ കുഴപ്പം? എന്റെ പേരോ, മറ്റെന്തെങ്കിലുമോ ഒന്നെന്നെ വിളിച്ചുകൂടെ, എന്നെ എന്താ ഇനി വിളിക്കാൻ പോണേ.." ജീവിതത്തിലെ ഏറ്റവും വലിയ അത്ഭുതം ഞാനപ്പോൾ അനുഭവിച്ചു. കട്ടിലിൽ കിടന്ന് ട്യൂബിട്ട മൂക്കിന്റെ അടഞ്ഞ ശബ്ദത്തോടെ അക്ഷരശുദ്ധിയോടെ ശ്രീ പാടുന്നു...'നിന്നെ' ഞാനെന്ത് വിളിക്കും? എന്നാത്മചൈതന്യ...' പാട്ടു മുഴുവൻ കൃത്യമായും പാടുന്നു... ഡോക്ടർ വന്നു. വീണ്ടും ഒരു പാട്ടു പാടി തുടങ്ങാൻ പറഞ്ഞു എന്നോട്... 'അല്ലിയാമ്പൽ കടലിന്നരക്കുവെള്ളം..' ഞാൻ തുടങ്ങി. ആ പാട്ടും തെറ്റില്ലാതെ വ്യക്തമായി ശ്രീ പാടി... അങ്ങനെ പാട്ടുപാടാത്ത, പാട്ടിഷ്ടപ്പെടുന്ന ശ്രീ ആശുപത്രിയിൽ ഒരു പാട്ടുകാരനായി അറിയപ്പെട്ടു. എന്നാൽ ഒരു വാക്ക് പോലും അല്ലാതെ പറയാനാവില്ല. എത്ര ശ്രമിച്ചിട്ടും സാധിക്കുന്നില്ല. ഡോക്ടർ പറഞ്ഞു "കല ബ്രെയിനിന്റെ വലതുവശത്താണ് അവിടെ ഒന്നും സംഭവിച്ചിട്ടില്ല. ലാംഗ്വേജ് ഇടത് വശത്താണ്. അതിന് പരിക്കുകളുണ്ട്. ഇടതുവശത്ത് പ്രശ്നം വരുമ്പോഴാണ് വലത് വശം തളരുന്നത്." ഞാൻ ഡോക്ടറെ കേട്ടിരുന്നു. ഡോക്ടർ തമാശക്ക് ശ്രീയോട് പറഞ്ഞു. ഒരു പാട്ടിൽ കൂടി നീട്ടി നീട്ടി... എനിക്ക് വെള്ളം വേണം... എനിക്ക് മൂത്രമൊഴിക്കണം ... എന്നൊക്കെ പാടാൻ പറ്റുമോ എന്നുനോക്കാൻ എല്ലാവരും ചിരിച്ചപ്പോൾ ശ്രീയും ചിരിച്ചു. എനിക്ക് മാത്രം ചിരി വന്നില്ല.

എപ്പോഴോ ഒരിക്കൽ മാത്രം മുറിയിൽ വെച്ച് ഞാൻ കരഞ്ഞു. അപ്പോൾ മക്കൾ പറഞ്ഞു "ഇപ്പോഴല്ലേ അച്ഛനീ അസുഖം വന്നുള്ളൂ. അതെത്ര നന്നായി എന്നമ്മ ആലോചിച്ചു നോക്കൂ. ഞങ്ങൾക്ക് രണ്ടുപേർക്കും ജോലിയായി. അച്ഛനു വേണ്ടി എന്തും ചെയ്യാനുള്ള പ്രാപ്തിയുണ്ട്. അമ്മക്ക് ഇപ്പോൾ മറ്റാരോഗ്യപ്രശ്നങ്ങളില്ല. അച്ഛൻ ഇത്രയും കാലം നന്നായി നമ്മളെ ശ്രദ്ധിച്ചയാളാണ്. ഇനി അച്ഛനെ നമുക്ക് നന്നായി ശ്രദ്ധിക്കാം. ഞങ്ങൾ പഠിച്ചുകൊണ്ടിരുന്നപ്പോഴാണ് അച്ഛനിത് വന്നെങ്കിൽ അമ്മ കൂടുതൽ കഷ്ടപ്പെട്ടേനെ...!"

എന്റെ രണ്ടുപെൺകുട്ടികളും എന്റെ രണ്ടുവശത്തുമായി അങ്ങനെ നിന്നപ്പോൾ വല്ലാത്ത ഒരു ധൈര്യം എന്നിൽ വീണ്ടും നിറഞ്ഞുവന്നു.

അച്ഛൻ ആശുപത്രിയിലായി

രുന്ന ആ രണ്ടരമാസവും കുട്ടികൾ എന്റെ കൂടെ നിന്നു. അവസാനം നിർബന്ധിച്ച് ഞാനവരെ ജോലിക്കായി തിരിച്ചയച്ചു. മുറിയിലെത്തിയ ശ്രീയെ പരിശീലിപ്പിക്കാനായി ഫിസിയോതെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവർ വന്നു.

കട്ടിലിൽ കിടന്നുമാത്രം എല്ലാം ചെയ്തിരുന്ന ശ്രീയെ കൊച്ചടി കൊച്ചടി വെപ്പിച്ച് ടോയ്‌ലറ്റിൽ കൊണ്ടുപോകാൻ തുടങ്ങി. എല്ലാത്തിനും സഹായം വേണമെങ്കിലും രണ്ടുപേർ ചേർന്ന് പതുക്കെ നടക്കാൻ പഠിപ്പിച്ചു. അങ്ങനെ എന്റെ കൈകൾ കൊണ്ട് ഒരു കുഞ്ഞിനെ കുളിപ്പിക്കുന്നതുപോലെ കുളിപ്പിച്ചും പിച്ച നടത്തിച്ചും ചോറുരുട്ടിവായിൽ കൊടുത്തും ശ്രീ ജീവിതത്തിലേക്ക് തിരികെ വന്നുതുടങ്ങി.

നാലു എം.എയുണ്ട്. എൽ.എൽ.ബി, എൽ.എൽ.എം ഉണ്ട്. ഡിപ്ലോമകൾ നിരവധിയുണ്ട്. മുപ്പത് വർഷത്തെ ജീവിതത്തിനിടയിൽ എന്തെങ്കിലും ഒന്ന് പുതുതായി പഠിക്കാത്ത വർഷങ്ങൾ ശ്രീക്കുണ്ടായിരുന്നില്ല. ഇംഗ്ലീഷിലും മലയാളത്തിലുമെഴുതും, കഥകളിയിലും ശാസ്ത്രീയ സംഗീതത്തിലും അതീവതാത്പര്യം. ഫാക്ടറിയിലെ ജോലിയിൽ നിന്നും വിരമിച്ചപ്പോൾ ഹൈകോർട്ടിൽ പ്രാക്ടീസ് ചെയ്യുന്നു. പല സ്കൂളുകളിലും കോളേജുകളിലും ഗസ്റ്റ്‌ലക്ചറായി പഠിപ്പിക്കുന്നു. ഒരു വിവാഹക്ഷണക്കത്തിൽ പോലും ഗ്രാമർ തെറ്റുകണ്ടാൽ രോഷാകുലനാകും. തന്റെ അറിവ് പ്രദർശിപ്പിക്കുമ്പോൾ പലരും പിണങ്ങും. ഞാനതിനൊക്കെ ദേഷ്യപ്പെട്ടിട്ടുമുണ്ട്. അപ്പോൾ എന്റെ അറിവില്ലായ്മയ്ക്കെന്നെ വഴക്ക് പറയും. ഒന്നും അറിയാത്തതാണെന്റെ മേന്മ എന്ന് ഞാൻ വാദിക്കും.
എന്നാലും ഞാൻ എന്നും മനസ്സിലാക്കിയിരുന്നു. ശ്രീയുടെ അറിവിലെ മേൽക്കോയ്മയിൽ ഞാൻ ഉള്ളിന്റെ ഉള്ളാലെ ഒരുപാട് അഹങ്കരിച്ചിരുന്നു.

ആ ശ്രീയെ എനിക്ക് ആ ആ

*ഒരു വിവാഹക്ഷണക്കത്തിൽ പോലും ഗ്രാമർ തെറ്റുകണ്ടാൽ രോഷാകുലനാകും. തന്റെ അറിവ് പ്രദർശിപ്പിക്കുമ്പോൾ പലരും പിണങ്ങും. ഞാനതിനൊക്കെ ദേഷ്യപ്പെട്ടിട്ടുമുണ്ട്. അപ്പോൾ എന്റെ അറിവില്ലായ്മയ്ക്കെന്നെ വഴക്ക് പറയും. ഒന്നും അറിയാത്തതാണെന്റെ മേന്മ എന്ന് ഞാൻ വാദിക്കും.*

ഇ ഈ അക്ഷരങ്ങൾ പഠിപ്പിക്കേണ്ടി വന്നിരിക്കുന്നു. ABCD പഠിപ്പിക്കേണ്ടി വന്നിരിക്കുന്നു. APPLE ആപ്പിൾ എന്നും മറ്റും പറയിപ്പിക്കേണ്ടി വന്നിരിക്കുന്നു. നിറങ്ങൾ ഏതാണെന്ന് പഠിപ്പിക്കേണ്ടി വന്നിരിക്കുന്നു. കൂട്ടാനും കുറയ്ക്കാനുമറിയില്ല. ഒന്നുമറിയില്ല. ഒന്നും എഴുതാത്ത ഒരു സ്ലേറ്റുപോലെ ബുദ്ധി. മിക്കവരും സ്ട്രോക്ക് വന്നവർ പൂർണ്ണമായും പഴയതുപോലെ ആകുന്നത് സംശയമാണെന്ന് പറഞ്ഞപ്പോൾ ശ്രീ പൂർണ്ണമായും ശരിയാകുമെന്ന് ഞാൻ വിശ്വസിക്കും. കുട്ടികൾ ശനി, ഞായർ ദിവസങ്ങളിൽ വന്ന് അച്ഛനെ പഠിപ്പിക്കാൻ തുടങ്ങി. ആശുപത്രിയിൽ നിന്നും വീട്ടിലേക്ക് വരുമ്പോൾ ശ്രീക്ക് നടക്കാൻ പറ്റുമായിരുന്നുവെന്ന് മാത്രം. ചുരുക്കം ചില വാക്കുകൾ പറയാൻ കഴിയും. കൈവിരലുകൾ അനക്കാൻ പറ്റില്ല. വലതു കൈകൊണ്ട് ഒന്നും ചെയ്യാൻ പറ്റില്ല. നടക്കുമ്പോഴും ഒരു ബലക്കുറവ് പോലെ. മുഖത്തിന് ഒരു കോടൽ... പറയാൻ ശ്രമിച്ച് ഒന്നും പറയാനാകാതെ പരീക്ഷീണിതനായി... "മരിച്ചാൽ മതി... മരിച്ചാൽ മതി..." എന്ന ഡിപ്രഷനിൽ ശ്രീ ഒഴുകി നടന്നു. നെഗറ്റീവ് മനസ്സിനെ പോസിറ്റീവാക്കാനാണ് ഏറ്റവും പാട് എന്ന് ഞാൻ മനസ്സിലാക്കി. പക്ഷേ ഞാനും കുട്ടികളും ആ ശ്രമം ഒരിക്കലും ഉപേക്ഷിച്ചില്ല. ഒരിക്കൽ മകൾ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ അവൾ ചോദിച്ചു "അച്ഛാ... നാലും മൂന്നും കൂട്ടിയാലെത്ര?" അച്ഛൻ മറുപടി കാര്യമായി എണ്ണിതിട്ടപ്പെടുത്തി പറഞ്ഞു "രണ്ട്..." അവൾ "ആണോ?" എന്ന് ചോദിച്ചതും ശ്രീ ഉറക്കെ കരയുന്നത് കേട്ട് ഞാൻ ഓടിച്ചെന്നു. മകളെ കുറെ വഴക്ക് പറഞ്ഞു. അപ്പോഴാണ് ഞാൻ ഓർത്തത് ഇത് പോലെ പഠിപ്പിക്കുമ്പോൾ അച്ഛൻ മകളെ വഴക്ക് പറഞ്ഞതിനും ഇതുപോലെ ഞാൻ ഇടപെട്ടിട്ടുണ്ടല്ലോ എന്ന്. കാലം എന്നത് ഒരു പ്രഹേളിക തന്നെയാണ്. എന്തൊക്കെയാണ് തിരിച്ചും മറിച്ചും അത് നമുക്ക് കാട്ടിതരുന്നത്.

എന്തായാലും പിന്നീടുള്ള കാലം ഒരു യുദ്ധം തന്നെയായിരുന്നു. പന്ത് കൊണ്ട് വിരലുകൾ ഞെക്കിക്കണം. മുഖത്തിന് മസാജ്, എണ്ണത്തിരുമ്മലുകൾ, കിഴികുത്തൽ, ടങ് ടിസ്റ്റേഴ്സ്, പല വിധ തെറാപ്പിസെന്ററുകൾ വീട്ടിൽ വന്ന് പഠിപ്പിക്കുന്ന തെറാപ്പിസ്റ്റുകൾ, ഞാനും ഒക്കെ പഠിച്ചു. ഒപ്പമിരുന്നു.

കൈവിരലുകൾ ആദ്യമായി ഒന്നനങ്ങിയ ദിവസം ഞാൻ സന്തോഷം കൊണ്ട് തുള്ളിച്ചാടി പേരെന്താ? എന്ന ചോദ്യത്തിന് "ചിനാണപട്ടരി" എന്ന ഉത്തരം കിട്ടിയപ്പോൾ ഞാൻ കെട്ടിപ്പിടിച്ച് ഉമ്മ കൊടുത്തു. എന്നിട്ടും എപ്പോഴും ശ്രീ ഡിപ്രഷണിലേക്ക് വീണുകൊണ്ടിരുന്നു.

കരച്ചിൽ നല്ലതാണെന്നും തന്റെ ഇപ്പോഴത്തെ അവസ്ഥയെ തിരിച്ചറിയുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നതെന്നും ഡോക്ടർ പറഞ്ഞു. മറ്റൊരു പ്രത്യേകതയുമുണ്ടായി. കരച്ചിൽ

തുടങ്ങിയാൽ പിന്നെ അത് നിർത്താൻ പറ്റില്ല. ചിരി തുടങ്ങിയാൽ ചിരിയും. ദേഷ്യം വന്നാൽ അത് നിയന്ത്രിക്കാനാവുന്നില്ല. അതിനും പരിശീലനം കൊടുക്കേണ്ടിയിരുന്നു.

ദിവസവും പത്രം വായിച്ചും വായിപ്പിച്ചും പഴയ ഫോട്ടോകൾ കാണിച്ച് ആളുകളാരെന്ന് പറയിപ്പിച്ചും പഴയപാട്ടുകൾ കേൾപ്പിച്ച് ഓർമ്മയുണർത്തിയും ഒരു കുഞ്ഞിനെ എന്നപോലെ ശ്രദ്ധിച്ചു ദിവസങ്ങൾ നീക്കി.

ഒരു വർഷം കൃത്യമായിരിക്കുന്നു. ഇന്ന് ശ്രീ തനിയെ ഭക്ഷണം കഴിക്കും. എന്നെ അടുക്കളയിൽ സഹായിക്കും. വലത്തെ കൈ ഏകദേശം പഴയതുപോലെയായി. കാൽ പരിപൂർണമായും ശരിയായി. നാലുകിലോമീറ്ററോളം നടക്കും. ഒരത്ഭുതം പറയട്ടെ ഇപ്പോൾ സ്കൂട്ടർ ഓടിച്ചും കടയിൽ പോയി സാധനങ്ങൾ വാങ്ങി വരും തനിയെ. രണ്ടാഴ്ച മുമ്പ് തൊട്ട് കാർ ഓടിക്കാൻ തുടങ്ങി.

ബസ്സിൽ കയറി എറണാകുളം സിറ്റിയൊക്കെ തനിയെ കറങ്ങി തിരികെ വന്നു. ഡയറികളിൽ കുത്തിവരക്കുക മാത്രം ചെയ്തു തുടങ്ങിയ പരിശീലനം ഇപ്പോൾ ഒരു ഖണ്ഡികയോളം വലിയ തെറ്റുകളില്ലാതെ എഴുതാമെന്ന നിലയിലായി. ഇംഗ്ലീഷും മലയാളവും പത്രം നന്നായി വായിക്കും. കൂട്ടാനും കുറയ്ക്കാനും പഠിച്ചു. പണം കടയിൽ കൊടുത്ത് ബാക്കി വാങ്ങാനും. ചില വാക്കുകൾക്ക് ക്ലാരിറ്റി കുറവുണ്ട്. ചില വാക്കുകൾ കിട്ടാൻ ബുദ്ധിമുട്ടുണ്ട്. ഇപ്പോഴും തെറാപ്പി നടക്കുന്നുണ്ട്. ഒന്നരവർഷമാകുമ്പോൾ എല്ലാം പഴയതുപോലെയാകുമെന്ന് ഞാൻ കരുതുന്നു. ഡോക്ടർ പറഞ്ഞു "ഇത്രയും സിവിയർ ബ്രോസ്റ്റിനുശേഷം ഇത്രയും പെട്ടെന്ന് ഒരാൾ ഇത്ര നോർമലാകുന്നത് ആദ്യമായാണ് ഞാൻ കാണുന്നത്."

ഇന്നലെ അലക്കിയ തുണി വിരിക്കാതെ ബക്കറ്റിൽ കിടക്കുന്നതുകണ്ട് ശ്രീ പറഞ്ഞു "നിനക്കെന്താ ജോലി? ഇത് വിരിച്ചൂടായിരുന്നോ" എന്റെ സ്വഭാവമനുസരിച്ച് ഞാൻ പറയുമായിരുന്ന ഉത്തരം "എനിക്ക് മനസ്സില്ലാരുന്നു." എന്നാണ്. അസുഖത്തിന്റെ സ്വാതന്ത്ര്യത്തിൽ ഞാൻ എന്റെ വാക്കുകളെ നിയന്ത്രിക്കാൻ പഠിച്ചിരുന്നു. ഞാനൊരുത്തരം കൊടുക്കാത്തതിൽ പ്രതിഷേധിച്ച് ശ്രീ പറഞ്ഞു "അല്ലെങ്കിലുമെനിക്കറിയാം.. നിനക്ക് വലിയ അഹങ്കാരമാണ്. എനിക്കാരുമില്ല."

സത്യം പറഞ്ഞാൽ എനിക്ക് കരയണോ ചിരിക്കണോ എന്നറിയില്ലായിരുന്നു. നമ്മുടെ so called സമൂഹത്തിലെ ഭർത്താവിന്റെ തനിസ്വഭാവം പുറത്തുവന്നെങ്കിൽ അതിനർത്ഥം അസുഖം ഏതാണ്ടെല്ലാം തന്നെ മാറിയെന്നാണ്.

മറ്റാരുടെയോ ശബ്ദത്തിലാണെന്ന് തോന്നുന്നു ഞാൻ പറഞ്ഞു "ഇപ്പോ വലിയ കുട്ടിയായില്ലേ? കുറെയൊക്കെ തനിയെ ചെയ്തുകൂടെ..."

അപാരമായ ശ്രദ്ധ ഒരു വളവെടുത്ത് എന്നിലേക്ക് വീണ്ടുമൊഴുകി എത്തുകയാണ്. അടുത്ത മാസം തിരികെ ജോലിയിൽ ഞാൻ പ്രവേശിക്കും. ഇനി അവിടെ ഞാൻ കണ്ടുമുട്ടുന്ന രോഗികളെ കൂടുതൽ ശ്രദ്ധയോടെ... ശ്രദ്ധാരൂപിയായ എന്റെ കാലമേ! നീ എത്ര ശ്രദ്ധയോടെയാണ് അപകടങ്ങൾ സൃഷ്ടിച്ചിട്ട് അതിൽ നിന്നും കരകയറ്റുന്നത്!

**അന്വേഷി വാർത്തകൾ**

# പഠനോപകരണ വിതരണം

**9.6.2014** ഉച്ചക്കു ശേഷം 3.30ന് അന്വേഷി ലൈബ്രറി ഹാളിൽവെച്ച് സ്കൂൾ കുട്ടികൾക്കുള്ള പഠനോപകരണ വിതരണം നടന്നു. പറയഞ്ചേരി ഗേൾസ് ഹൈസ്കൂൾ, പറയഞ്ചേരി ബോയ്സ് യു.പി സ്കൂൾ, ചേവായൂർ യു.പി സ്കൂൾ എന്നിവിടങ്ങളിലുള്ള കുട്ടികൾക്കാണ് പഠനോപകരണങ്ങൾ വിതരണം ചെയ്തത്. സന്മനസ്സും സഹാനുഭൂതിയുമുള്ള ആളുകളിൽ നിന്ന് പിരിച്ചെടുത്ത പണം കൊണ്ടാണ് പഠനോപകരണങ്ങൾ വാങ്ങിയത്. സ്കൂളുകളിൽ നിന്ന് അദ്ധ്യാപകർ തന്നെ തിരഞ്ഞെടുത്ത കുട്ടികൾക്കാണ് നൽകുന്നത്. അൻപതോളം കുട്ടികൾക്ക് കൊടുത്ത പരിപാടി ഉദ്ഘാടനം ചെയ്തത് ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ. ചന്ദ്രൻമാഷാണ്. ചടങ്ങിൽ വാർഡു




കൗൺസിലർ ദേവകി അദ്ധ്യക്ഷം വഹിച്ചു. കെ.അജിത ആശംസയും ജാൻസി ജോസ് സ്വാഗതവും പി.ശ്രീജ നന്ദിയും പറഞ്ഞു.



# കെയർ

ഡോ.പി.ഭാനുമതി

*പരസ്പര വിശ്വാസത്തിലൂടേയും സഹകരണ ത്തിലൂടേയും മനുഷ്യൻ ഒരു സമൂഹമായി വർത്തിക്കുന്നു. സമൂഹത്തിലെ സഹജീവികൾ തമ്മിലുള്ള പലതരത്തിലുള്ള ഇടപെടലുകൾ മൂലം ഒരാൾ മറ്റൊരാൾക്ക് സന്തോഷവും വേദനയും നൽകുന്നു.*

**പ്രപഞ്ചത്തിലെ** കോടാനുകോടി ജീവജാലങ്ങളിൽ ഒന്നുമാത്രമാണ് മനുഷ്യൻ. പരിണാമ ചക്രത്തിന്റെ ഔന്നത്യത്തിലാണ് മനുഷ്യന്റെ സ്ഥാനമെങ്കിലും മറ്റു ജീവജാലങ്ങളില്ലാതെ മനുഷ്യന് നിലനില്പില്ല. മനുഷ്യന്റെ അസാന്നിദ്ധ്യം കൊണ്ട് മറ്റു ജീവജാലങ്ങളുടെ നിലനില്പിനെ കാര്യമായി ബാധിക്കുകയുമില്ല. ഈ നിസ്സാരത ഉൾക്കൊള്ളാതെ പരസ്പരം കലഹിച്ചും പീഡിപ്പിച്ചും പ്രകൃതിയെ നശിപ്പിച്ചും താന്താങ്ങളുടെ സുഖസൗകര്യങ്ങൾ കൂട്ടിക്കൊണ്ടിരിക്കുന്നു.

പരസ്പര വിശ്വാസത്തിലൂടേയും സഹകരണത്തിലൂടേയും മനുഷ്യൻ ഒരു സമൂഹമായി വർത്തിക്കുന്നു. സമൂഹത്തിലെ സഹജീവികൾ തമ്മിലുള്ള പലതരത്തിലുള്ള ഇടപെടലുകൾ മൂലം ഒരാൾ മറ്റൊരാൾക്ക് സന്തോഷവും വേദനയും നൽകുന്നു. അഥവാ വിവിധ തരത്തിലുള്ള ക്ലേശമനുഭവിക്കുക എന്നത് ഒരു സാമൂഹികപ്രതിഭാസമായി വരുന്നു. മനുഷ്യനും പ്രകൃതിയുമായുള്ള ഇടപെടലുകളിലൂടേയും പ്രകൃതിയുടെ തിരിച്ചടികൾ എന്ന നിലക്ക് മാരകമായ രോഗങ്ങൾക്കും മനുഷ്യൻ അടിമയാകുന്നു. പരസ്പരവും പരിസ്ഥിതിയും ആയുള്ള നെഗറ്റീവ് ഇടപെടലുകൾ വേദനകൾ ഉണ്ടാക്കുന്നു.

വേദനയോടൊപ്പം ചേർന്നു നിൽക്കേണ്ട ഒന്നാണ് ഇമ്യല അഥവാ കരുതൽ -സഹജീവിയോടുള്ള കരുതൽ. കരുണ, അലിവ് എന്നൊക്കെയും പറയാം. Sorrow എന്ന വാക്കിൽ നിന്ന് ഉരുത്തിരിഞ്ഞ 'Sorg' ൽ നിന്നാണത്രെ 'Care' ഉണ്ടായത്. കരുണയെ ആധാരമാക്കിയുള്ള ധാർമ്മികതയാണ് Care. മറ്റുള്ളവന്റെ നന്മയെകുറിച്ചുള്ള കരുതൽ. കരുതലുണ്ടാകുമ്പോൾ സ്വാസ്ഥ്യമുണ്ടാകുന്നു, രോഗശാന്തിയുണ്ടാകുന്നു.



രോഗശാന്തിയും സ്വാസ്ഥ്യവും (മനസ്സിനും ശരീരത്തിനും) ഉണ്ടാകണമെങ്കിൽ കരുതലുണ്ടായേ തീരു.

Care അഥവാ Concern അഥവാ കരുതൽ അഥവാ മനസ്സലിവ്- ഈ ഒരു ശേഷി ആൺപെൺ വ്യത്യാസമില്ലാതെ എല്ലാ മനുഷ്യരിലും (മനുഷ്യേതര ജീവികളിലും) അന്തർലീനമായിട്ടുള്ള ഒരു കഴിവാണ്. പക്ഷേ അനാദികാലം മുതൽ പുരുഷനെ കഠിനമനസ്കനും (മനസ്സലിവ് കുറഞ്ഞവനും) സ്ത്രീയെ ലോലമനസ്കയും (മനസ്സലിവ് കൂടുതലുള്ളവളും) ആയാണ് കണക്കാക്കപ്പെടുന്നത്. ഇതൊരുപക്ഷേ പരമ്പരാഗതമായുള്ള കാഴ്ചപ്പാടിന്റേയും വളർത്തിക്കൊണ്ടുവരുന്നതിന്റേയും വ്യത്യസ്തതകൊണ്ടാവാം. വളരെ കുഞ്ഞുനാളിലേ സ്ത്രീ ദുർബ്ബലയും കരളലിവ് ഉള്ളവളാണെന്നും പുരുഷൻ ദുർബ്ബലനായാൽ നാണക്കേടാണെന്നും സമൂഹം അടിവരയിട്ടുറപ്പിക്കുന്നു. അതുകൊണ്ട് തന്നെ കെയറിങ്ങിനും ഒരു സ്ത്രീലിംഗപദവി ഉണ്ടായിരുന്നില്ല എന്നും സംശയിക്കാം. നഴ്സിംഗിന്റെ പ്രതീകം ഫ്ളോറൻസ് നൈറ്റിംഗ്ഗേലും ആതുരശുശ്രൂഷക്ക് മദർ തെരേസയുമാണ്. മാത്രമല്ല നഴ്സിംഗ് മിക്കവാറും സ്ത്രീകളുടെ മേഖലയാണ്. പുരുഷ നഴ്സുമാർ അതിജീവനത്തിന്റെ ഭാഗമായി ഈ മേഖലയിലേക്ക് കടന്നുവന്നതാണ്.

അമ്മയിൽ നിന്നാണ് നാം ആദ്യത്തെ കെയർ അനുഭവിക്കുന്നത്. ജനിച്ച ഉടനെ സ്വന്തമായി നിലനിൽക്കാൻ കഴിവില്ലാത്ത കുഞ്ഞിനെ അതിന് പ്രാപ്തമാകുന്നതുവരെ അച്ഛനമ്മമാർ കെയർ ചെയ്യുന്നത് മനുഷ്യനിൽ മാത്രം കാണുന്ന ഒരു പ്രതിഭാസമല്ല. മറ്റനേകം ജീവജാലങ്ങൾ മനുഷ്യനേക്കാളും വിദഗ്ദവും ഉത്കടവുമായി ഈ കഴിവു പ്രകടിപ്പിക്കുന്നു. ആനയും കംഗാരുവും വേഴാമ്പലും അമ്പലപ്രാവും എന്തിന് ചിത്രശലഭങ്ങൾ വരെ അതീവശ്രദ്ധയോടെ ഇതു ചെയ്യുന്നു. ഈയൊരു കാലഘട്ടം കഴിഞ്ഞാലും കെയർ ആവശ്യമായ അവസ്ഥകൾ ഏതുപ്രായത്തിലും ആർക്കും ഉണ്ടാകാം. ദാരിദ്ര്യം, കടുത്തതും മാരകവുമായ അസുഖങ്ങൾ, അപകടങ്ങൾ, ജന്മനാൽ അല്ലെങ്കിൽ പിന്നീട് വന്ന വൈകല്യങ്ങൾ, വാർദ്ധക്യം തുടങ്ങി ശാരീരികമോ വൈകാരികമോ ആയി മറ്റൊരാളെ ആശ്രയിക്കേണ്ടി വരുന്ന അവസ്ഥയുണ്ടാകുമ്പോൾ കെയർ അഥവാ ശ്രദ്ധ ആവശ്യമായി വരുന്നു. ഇത്തരം മേഖലകളിൽ (അവസ്ഥകളിൽ) യുക്തിസഹമായ ഇടപെടലാണ് ശ്രദ്ധ. ഇത്തരം അവസ്ഥകളിൽ സാഹചര്യങ്ങളെ യുക്തമായി പഠിച്ച് എന്തൊക്കെ ചെയ്താൽ ഈ വ്യക്തിയുടെ ഈ അവസ്ഥയിൽ മാറ്റമുണ്ടാക്കാൻ കഴിയുമെന്ന് അപഗ്രഥിച്ച് വേണ്ടത് ചെയ്യുകയും അതിന് ഫലമുണ്ടാകുകയും ചെയ്യുമ്പോൾ അത് കെയർ ആകുന്നു. (ഉദാ: ഒരാൾ കടുത്ത മാനസികവ്യഥ അനുഭവിക്കുമ്പോൾ അതു മനസ്സിലാക്കി രണ്ടാമതൊരാൾ സ്നേഹത്തോടെ ഒന്നു ചേർത്തു പിടിക്കുമ്പോൾ, സ്നേഹത്തോടെ തലയിലൊന്നു തഴുകുമ്പോൾ ആദ്യത്തെ ആൾക്കു കിട്ടുന്ന ആശ്വാസം കെയർ ആണ്.)

കെയർ കുടുംബത്തിൽ നിന്നോ, സുഹൃത്തുക്കളിൽ നിന്നൊ, സമൂഹത്തിൽ നിന്നൊ, സ്ഥാപനങ്ങൾ വഴിയൊ ആകാം. കെയറിന്റെ രീതിയും ആഴവും വ്യത്യസ്തമാണ്. ചിലർക്ക് പുറത്തുപോയി സാധനങ്ങൾ വാങ്ങിക്കൊണ്ടു കൊടുക്കുകയൊ അത്തരത്തിലുള്ള ചെറിയ സഹായങ്ങളോ മതിയാകും. മറിച്ച് ചിലർക്ക് അവരുടെ പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാൻ വരെയുള്ള സഹായമായിരിക്കും കെയർ. അതുകൊണ്ടു തന്നെ കെയർ കിട്ടേണ്ട അവസ്ഥ വേണ്ട വിധത്തിൽ പഠിച്ചതിനു ശേഷം അവർക്ക് ഫലം കിട്ടേണ്ട തരത്തിലായിരിക്കണം കെയർ കൊടുക്കേണ്ടത്. വെറുമൊരു കേൾവിക്കാരൻ/കേൾവിക്കാരി ആയിരിക്കുന്നതോ, ഒന്നു പൊട്ടിക്കരയാൻ, ഒന്നു തലചായ്ക്കാൻ ഒരു ചുമൽ കിട്ടുന്നതു കൂടി കെയർ ആണ്. ജീവിതത്തിൽ ഒരിക്കലെങ്കിലും കെയർ ചെയ്യു

*കെയർ കിട്ടേണ്ട അവസ്ഥ വേണ്ട വിധത്തിൽ പഠിച്ചതിനു ശേഷം അവർക്ക് ഫലം കിട്ടേണ്ട തരത്തിലായിരിക്കണം കെയർ കൊടുക്കേണ്ടത്.*



*ശേഷം പേജ് 35 ൽ*

**മെട്രോയുടെ** കീഴിലും തെരുവിലും കിടന്നുറങ്ങിയവരെ ഉപയോഗശൂന്യമായ വാഹനങ്ങൾ താൽകാലികമായി മേൽക്കൂരയാക്കി കൊടുത്ത് പുനരധിവസിപ്പിക്കാൻ കെജ്‌രിവാൾ സർക്കാർ ശ്രമിച്ചതും, 49 ദിവസം മാത്രം ഭരിച്ച സർക്കാരിന്റെ കണ്ണിൽ മേൽക്കൂരയില്ലാതെ തണുത്ത് വിറച്ചും ചുട്ട് പൊള്ളിയും കഷ്ടപ്പെട്ട് കൊണ്ടിരുന്ന ഈ ഹതഭാഗ്യർ പെട്ടെങ്കിൽ അത് ഈ നയം ഉണ്ടാകുന്നതിന്റെ സൂചന തന്നെയാണ് തരുന്നത്. ആം ആദ്മിയിലുള്ളവരുടെ നിലപാടാണ് അത് തെളിയിക്കുന്നത്. ശൈശവാവസ്ഥയിൽ ആയതു കൊണ്ട് കൃത്യതയും വ്യക്തതയും ഉള്ള ഒരു പോളിസി ആയി വരാൻ അൽപം സമയമെടുക്കുമെന്ന് മാത്രം.

അതേസമയം ദരിദ്ര രാജ്യങ്ങളിൽ നിന്നും അവർക്ക് കൈമുതലായ മനുഷ്യ വിഭവങ്ങൾ കയറ്റുമതി ചെയ്യുന്നതിന് ഒരുപാട് നിയന്ത്രണങ്ങൾ കൊണ്ടുവരുന്നു. കുടിയേറ്റത്തെ നിരുത്സാഹപ്പെടുത്തുന്ന നിരവധി നിയമങ്ങളും നടപടികളും കൊണ്ടുവരുന്നു.

അതോടൊപ്പം നമ്മൾ കാണേണ്ട വസ്തുത, എവിടെയൊക്കെ WTO കരാർ ഒപ്പ് വെയ്ക്കുന്ന യോഗങ്ങളും സമ്മേളനങ്ങളും ഉണ്ടായിട്ടുണ്ടോ അവിടെയൊക്കെ ഇതിനെതിരെ വലിയ പ്രക്ഷോഭങ്ങളും പ്രതിഷേധങ്ങളും ഉണ്ടായിട്ടുണ്ട്. ജനീവയിലും ദോഹയിലുമെല്ലാം കർഷകരും ദരിദ്ര ജനങ്ങളും തെരുവിൽ വലിയ തിരയിളക്കം ഉണ്ടാക്കിയിട്ടുണ്ട്.

ലോക സാഹചര്യം എന്ന് പറയുന്നത് ഇത്തരം പ്രതിഷേധങ്ങളുടെ ഒരു വേലിയേറ്റമാണ്. ടിയാൻമെൻ സ്ക്വയറിൽ തൊട്ടിട്ടാണ് ഇങ്ങനെ അഴിമതിക്കാരായ ഭരണാധികാരികൾക്കെതിരെ ജനങ്ങൾ തെരുവിൽ ഇറങ്ങുന്ന കാഴ്ച വല്ലാത്തൊരു അത്ഭുതപ്പെടുത്തുന്ന സംഭവമായി ഉണ്ടായത്.

*ലോകസഭാതെരഞ്ഞെടുപ്പിന് മുമ്പ് സാറാജോസഫുമായി നടത്തിയ അഭിമുഖം.*
*-ഡൂൾ ന്യൂസിനോട് കടപ്പാട്*

# ആം ആദ്മി;
## ജനകീയ പോരാട്ടങ്ങളുടെ രാഷ്ട്രീയരൂപം
### സാറാ ജോസഫ് സംസാരിക്കുന്നു





↑ 2005ൽ ഹോങ് കോങിൽ നടന്ന W.T.O വിരുദ്ധ പ്രക്ഷോഭം

പിന്നീട് നമ്മൾ കാണുന്ന WTO കരാറുകൾക്കെതിരെ ഉണ്ടാവുന്ന മുന്നേറ്റം, അറബ് വസന്തം പോലുള്ള സ്വതന്ത്ര ജനാധിപത്യ മുന്നേറ്റങ്ങൾ, ആ രീതിയിൽ കോർപ്പറേറ്റ് ശക്തികൾക്കെതിരായ മുന്നേറ്റങ്ങൾ ലോകത്തിന്റെ നാനാഭാഗത്തും സംഭവിച്ച് കൊണ്ടിരിക്കുന്നു. ഇപ്പോഴും നടക്കുന്നു.

ഈ ഒരു സാഹചര്യം തന്നെയാണ് ഇന്ത്യയിൽ അഴിമതിക്കെതിരെയുള്ള അണ്ണാ ഹസാരെ മൂവ്മെന്റിനെ ഇത്ര വലിയ പ്രതിഭാസമാക്കി തീർത്തത്. ഇത്തരത്തിൽ ഇന്ത്യയ്ക്കകത്തും പുറത്തും അഴിമതിക്കെതിരായി ജനങ്ങൾ നേരിട്ട് തെരുവിലിറങ്ങി സമരം ചെയ്യുന്ന കാഴ്ചയാണ്.

ഇത് സൂക്ഷ്മമായി നിരീക്ഷിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ജനകീയ മുന്നേറ്റങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞ ആം ആദ്മി പാർട്ടി എന്ന് പറയുന്നത് വളരെ സ്വാഭാവികമായുള്ള ഒരു പ്രതിഭാസം അഥവാ natural progression ആയിട്ടേ കാണാനാവൂ. തന്നെയുമല്ല, ഒരു പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാനത്തിൽ ജനങ്ങളെ ഒരു പാർട്ടിയിലേക്ക് കൊണ്ടുവന്ന്, വളരെ ചിട്ടയോടെ hierarchy ഒക്കെ വെച്ച് ഘടനയോടൊക്കെ കൂടി വളരെ disciplined ആയി പ്രവർത്തിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തന രീതിയാണ് നമുക്ക് സുപരിചിതം.

ഇത് പക്ഷേ അങ്ങനെ അല്ല. ഒരു ജനകീയ മുന്നേറ്റത്തിൽ നിന്നും ഒരു രാഷ്ട്രീയ പാർട്ടി ഉണ്ടാവുകയാണ്. ആ രാഷ്ട്രീയ പാർട്ടിക്ക് ജനങ്ങളുടെ തന്നെ പേരായിട്ടുള്ള 'ആം ആദ്മി' എന്ന് ഇടുകയാണ്. അവർക്ക് സുപരിചിതമായ ചൂൽ പ്രതീകമാക്കി അവർ പോരാടുകയാണ്.

ഇനി ഇതിനൊരു മറുവശവുമുണ്ട്. ജനം എന്നത് വളരെ അധികം വൈരുദ്ധ്യങ്ങൾ കലർന്നിട്ടുള്ള ഒരു structure ആണ്. ഒരുപാട് വൈരുദ്ധ്യങ്ങളിൽ അധിഷ്ഠിതമായ ഒരു structure ആണ് ജനം. ഈ വൈരുദ്ധ്യങ്ങൾ എങ്ങനെ പരിഹരിക്കാം എന്നത് അതിനകത്ത് നിന്നും ഉരുത്തിരിഞ്ഞ് വരേണ്ട ഒന്നാണ്.

ഇവിടെ നമുക്ക് ആം ആദ്മി പാർട്ടിയുടെ structure എന്ന് പറയുന്നത് ഇന്ത്യയിലെ രാഷ്ട്രീയ പാർട്ടികൾക്ക് മനസ്സിലാക്കാൻ പറ്റാത്ത പ്രത്യയ ശാസ് ത്രേതരമായ ഒരു സംഗതി ആണ്. പ്രത്യയ ശാസ്ത്രേതരം എന്ന് പറയാൻ കാരണം ആദ്യം പ്രത്യയശാസ്ത്രം പിന്നീട് രാഷ്ട്രീയ പാർട്ടി എന്നതിന് പകരം ആദ്യം ജനകീയ മുന്നേറ്റം അതിൽ നിന്ന് രാഷ്ട്രീയ പാർട്ടി. അതിന് ശേഷം പ്രത്യയശാസ്ത്രം എന്ന സവിശേഷ രീതിയാണ്.

70 കളിലെ ജനതാ മുന്നേറ്റം, 90കളിലെ മണ്ഡൽ/ സംവരണ/ ജാതി രാഷ്ട്രീയ മുന്നേറ്റങ്ങൾ തുടങ്ങിയവയായിരുന്നു സ്വതന്ത്ര ഇന്ത്യ കണ്ട ഏറ്റവും ശ്രദ്ധേയമായ രണ്ടു രാഷ്ട്രീയ സംഭവ വികാസങ്ങൾ. സൂക്ഷ്മ നിരീക്ഷണങ്ങളിൽ ഇവ രണ്ടും ആഗോള സാഹചര്യം ഇന്ത്യൻ ജനാധിപത്യത്തിൽ സൃഷ്ടിച്ച പരിവർത്തനങ്ങൾ ആയിരുന്നു എന്ന് വിലയിരുത്തപ്പെടുന്നുണ്ട്.

ഒന്നാമത്തേത് ഇന്ത്യൻ ജനാധിപത്യം വേണ്ട രീതിയിൽ പ്രതീക്ഷയ്ക്കൊത്ത് ഉയരാതെ പോയപ്പോൾ ഉണ്ടായ frustration ഉം ആഗോള മുതലാളിത്ത മുന്നേറ്റത്തിന്റെ impact ഉം ആയിരുന്നു, രണ്ടാമത്തേത് ആഗോളവൽക്കരണത്തിൽ ശക്തമായി കാലെടുത്തുവെച്ചപ്പോളുണ്ടായ മാറ്റങ്ങളുടെ ഫലമായി ഉണ്ടായത്.

കഴിഞ്ഞ ഏതാനും വർഷങ്ങളായി ഇന്റർനെറ്റ്, സോഷ്യൽ മീഡിയ തുടങ്ങിയ നവ മാധ്യമങ്ങളുടെ ഫലമായി വീണ്ടും ഇന്ത്യൻ സമൂഹം ശക്തമായ മാറ്റങ്ങൾക്ക് വിധേയമാവുന്നു. ആഗോളീകരണത്തിന്റെ പുതിയ തലത്തിൽ പ്രവേശിക്കുന്നു. ആം ആദ്മി പാർട്ടി എന്ന മുന്നേറ്റം ഇതിന്റെ ഫലമായി രൂപപ്പെട്ട് വന്ന ഒരു പ്രതിഭാസമാണോ ?

തീർച്ചയായും ആഗോള സാഹചര്യങ്ങളുമായും ബന്ധപ്പെട്ട് കിടക്കുന്നതാണ് ഈ മുന്നേറ്റങ്ങളും. സാമ്പത്തിക ഘടനയിൽ ഉണ്ടാവുന്ന മാറ്റങ്ങൾ, വ്യതിയാനങ്ങൾ ..അത് ജനവിരുദ്ധമായി തീരുമ്പോഴൊക്കെ ജനങ്ങളുടെ ഭാഗത്ത് നിന്നും അതിനെ പ്രതിരോധിക്കാനുള്ള ഒരു മൂവ് മെന്റ് ഉണ്ടാവുക എന്നത് സ്വാഭാവികമാണ്.

അതായിരുന്നു 70 കളിലും തൊണ്ണൂറുകളിലും എല്ലാം ഉണ്ടായിരുന്നത്. ഇപ്പോഴും അങ്ങനെ തന്നെ. വ്യത്യസ്ത

സാഹചര്യങ്ങളും സ്വഭാവങ്ങളും ആയിരുന്നെങ്കിലും അടിസ്ഥാന കാരണം ഒന്ന് തന്നെ. ഇപ്പോൾ ഇന്റർനെറ്റിന്റെയും സോഷ്യൽ മീഡിയയുടെയും ഫലമായി ഉന്നതമായ രാഷ്ട്രീയ ബോധവും പ്രതികരണ ശേഷിയും ഉള്ള ഒരു സമൂഹം, പ്രത്യേകിച്ചും യുവ തലമുറ വളർന്നു വരുന്നുണ്ട്.

മൂലധന ശക്തികൾ ജനാധിപത്യ രാജ്യങ്ങളിൽ ജനാധിപത്യത്തെ അട്ടിമറിക്കുന്നതും അല്ലാത്ത രാജ്യങ്ങളിൽ നടത്തുന്ന അധിനിവേശവും ഈ നാടുകളിലൊക്കെ ഉള്ള പ്രാദേശിക ജനതയുടെ ജീവിതം തീർത്തും അസഹ്യമാക്കി തീർക്കുന്നുണ്ട്.

പല തലത്തിലും ഈ ഇടപെടലുകൾ ദുരന്തം വിതയ്ക്കുന്നു. വികസനത്തിന്റെ പേരിൽ അവരുടെ ആവാസവ്യവസ്ഥയെ തകർക്കുന്ന പാരിസ്ഥിതിക ദുരന്തങ്ങൾ, കുമിഞ്ഞു കൂടിയ ആയുധങ്ങൾ വിറ്റഴിക്കാനുള്ള യുദ്ധങ്ങളും 'ഭീകരവിരുദ്ധ' തയുടെ പേരിലുള്ള പോരാട്ടങ്ങളും അവയിൽ ചിലത് മാത്രം.

നോക്കൂ, നമുക്ക് എന്തിനാണ് കൂടംകുളം ആണവ നിലയം ? തീർച്ചയായും അതാവശ്യമില്ല. അത് മൂലധന, സാമ്രാജ്യത്ത ശക്തികളുടെ ആണവ വേസ്റ്റ് തള്ളാനും അഴിമതി നടത്തി പണം തട്ടാനുമായി എല്ലാവരും കൂടിചേർന്നുള്ള ഒരു പരിപാടി മാത്രമാണ്.

കൊട്ടിഘോഷിക്കുന്നതിൽ നിന്നും എത്രയോ കുറഞ്ഞ അളവിലുള്ള വൈദ്യുതി മാത്രമാണ് ഇതിൽ നിന്നും കിട്ടുക എന്ന് ഈ മേഖലയിൽ ഉള്ള പ്രമുഖ ശാസ്ത്രഞ്ജർ തന്നെ സാക്ഷ്യപ്പെടുത്തുന്നു. ഇതിൽ എന്തെങ്കിലും ദുരന്തങ്ങൾ ഉണ്ടായാൽ തുച്ഛമായ നഷ്ടപരിഹാരം നൽകാനുള്ള നിർദേശങ്ങൾ മാത്രം നൽകി രക്ഷപ്പെടാനുള്ള അവസരമൊരുക്കുന്ന കരാറാണുള്ളത്.

മറ്റൊരു തരത്തിൽ പറഞ്ഞാൽ എത്രയോ കൂടുതൽ ഭീകരമായ ഒരു ഭോപ്പാൽ ആണിത്. ഇടതും വലതുമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും സർക്കാരുകളും ഈ മൂലധന ശക്തികളുമായി ഒത്തു ചേർന്ന് ഇതിലെ ഇരകളായ സാധാരണക്കാരെ അടിച്ചമർത്തുന്ന ഒരു കാഴ്ചയാണ് നാം കാണുന്നത്. അഴിമതിയാണ് ഇതിനു കാരണം.

ആ നിലയ്ക്ക് ഇന്ത്യയിലെ അഴിമതിയുടെ ഭീകരാവസ്ഥ തുറന്നു കാട്ടുന്ന ഒരു പ്രൊജക്റ്റ് ആണിത്. വൻ ലാഭം കൊയ്യാനുള്ള മൂലധന ശക്തികളുടെ ശ്രമങ്ങളെ ഇവരെല്ലാം പിന്തുണക്കുകയും ഈ അഴിമതിയുടെ ഭാഗമാവുകയും ചെയ്യുന്നു. ഇതിനെതിരെ പോരാടാനുള്ള അവസരമാണ് ആം ആദ്മി പാർട്ടി മുന്നോട്ട് വെക്കുന്നത്.

എല്ലാ മുഖ്യധാരാ രാഷ്ട്രീയക്കാരും അവഗണിച്ച ഈ ജനകീയ സമരത്തിന് പിന്നിൽ പ്രവർത്തിച്ചവർ ഒന്നടങ്കം ഇന്ന് ആം ആദ്മി പാർട്ടിക്ക് പിന്നിൽ പ്രതീക്ഷയർപ്പിച്ച് തിരഞ്ഞെടുപ്പ് ഗോദയിലാണ് . അതിന്റെ നേതാവായ ഉദയകുമാറിനെ ആം ആദ്മി സ്ഥാനാർഥിയാക്കിയതിലൂടെ പാർട്ടിയുടെ ആണവനയമാണ് വ്യക്തമാക്കുന്നത്.

***ചോ:*** ഇങ്ങനെയുള്ള പദ്ധതികളുടെ നടത്തിപ്പിലും അതിനെതിരെയുള്ള സമരങ്ങളെ നേരിടുന്ന രീതിയിലുമെല്ലാം ഒരു ജനാധിപത്യ വിരുദ്ധ സ്വഭാവവും ഫാഷിസ്റ്റ് ശൈലിയും സ്വീകരിക്കപ്പെടുന്നതായി പരക്കെ നിരീക്ഷിക്കപ്പെടുന്നുണ്ട്. ആ അർത്ഥത്തിൽ ചോംസ്കിയെ പോലുള്ളവർ പലപ്പോഴും വിശേഷിപ്പിക്കാറുള്ളത് പോലെ നവലിബറലിസം ഇന്ത്യയിലും ഒരു മുഖംമൂടി ധരിച്ച ഫാഷിസത്തിന്റെ രൂപം പ്രാപിച്ചിട്ടുണ്ടോ ?

തീർച്ചയായും. ആറന്മുള പദ്ധതിയുടെ കാര്യം തന്നെ എടുക്കാം. എത്രയോ ഏക്കർ നെൽവയലുകളുടെയും നൂറു കണക്കിന് വീടുകളുടെയും അത് പോലെ നിരവധി നദികളുടെയും മേലെ മണ്ണിട്ടാണ് ഇത് കൊണ്ടുവരുന്നത്. മണ്ണിട്ട്


↑ ഹസാരെയുടെ നേതൃത്വത്തിൽ നടന്ന അഴിമതി വിരുദ്ധ പ്രക്ഷോഭം

നികത്തുന്നു എന്ന് പറഞ്ഞാൽ അത്രയും കുന്നുകൾ ഇടിച്ചു നിരത്തുന്നു എന്നാണർത്ഥം.

ഇങ്ങനെ ഒരു പ്രൊജക്റ്റ് കൊണ്ട് വരുമ്പോൾ അവിടെയുള്ള കർഷകർ, ആ ആവാസവ്യവസ്ഥയുടെ ഭാഗമായി ജീവിക്കുന്ന ജനങ്ങൾ, ജൈവവൈവിധ്യം, പാരിസ്ഥിതിക ആഘാതങ്ങൾ തുടങ്ങിയ വിഷയങ്ങളെ സംബന്ധിച്ചൊന്നും യാതൊരുവിധ ചർച്ചയും നടക്കുന്നില്ല.

ഒരു തരത്തിലും ജനങ്ങളോട് അഭിപ്രായം ചോദിക്കാതെ, അവരുടെ താൽപര്യം പരിഗണിക്കാതെ കുറച്ച് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും കോർപ്പറേറ്റുകളുമായി ചേർന്ന് വളരെ ചടുലമായും രഹസ്യമായും ഒപ്പ് വെക്കുകയാണ്.

ഇടത് വലത് മുന്നണികളും രണ്ടു കൂട്ടർക്കും സ്വീകാര്യമായ ചില ഉദ്യോഗസ്ഥരും ചേർന്ന് ആറന്മുള പദ്ധതി നടപ്പിലാക്കാൻ നോക്കിയത് എങ്ങനെ ആയിരുന്നുവെന്ന് ഇപ്പോൾ വ്യക്തമായിട്ടുണ്ട്.

ഇതിന് കാരണം വലിയ രീതിയിലുള്ള കോഴപ്പണം ആണ്. തൽകാലം കുറച്ചു കൈക്കൂലിയോ കമ്മീഷനോ കൊടുത്താലും പിന്നീട് വളരെയധിക കാലത്തേക്ക് ഭീമമായ ലാഭം കൊയ്യുന്നതിലൂടെ എത്രയോ ഇരട്ടി തിരിച്ചു പിടിക്കുക എന്ന ലാക്കോടുകൂടിയാണ് ഈ കമ്പനികൾ വരുന്നത്.

അഥവാ കോർപ്പറേറ്റുകൾ ഈ ഉദ്യോഗസ്ഥരെയും ജനപ്രതിനിധികളെയും കാശ് കൊടുത്ത് വിലക്കെടുക്കുന്നു. സ്വാഭാവികമായും ഈ ഉദ്യോഗസ്ഥരും ജന പ്രതിനിധികളും ഇവരോട് കൂറ് കാണിക്കുന്നു.

അത് കൊണ്ടുതന്നെ ഈ കമ്പനികൾക്ക് വേണ്ട എല്ലാം ചെയ്ത് കൊടുക്കുന്നു എന്ന് മാത്രമല്ല. ജനങ്ങളുടെ പോലീസിനെ ഉപയോഗിച്ച് അവരുടെ തന്നെ തീർത്തും ന്യായമായ ഈ സമരത്തെ അടിച്ചമർത്താനുള്ള ബാധ്യത കൂടി ഈ ഉദ്യോഗസ്ഥരും രാഷ്ട്രീയക്കാരും ഏറ്റെടുക്കുന്നു.

***ചോ:*** ഇവർക്ക് വേണ്ടി നിലവിലുള്ള നിരവധി നിയമങ്ങൾ വരെ അട്ടിമറിക്കപ്പെടുന്നു. തണ്ണീർത്തട നിയമങ്ങൾ പോലെ നിരവധി നിയമങ്ങൾ ലംഘിക്കപ്പെടുന്നു. ഇങ്ങനെ നിയമങ്ങൾ അട്ടിമറിക്കാൻ ഒരു ജനാധിപത്യ രാഷ്ട്രത്തിൽ എങ്ങനെയാണ് ജനപ്രതിനിധികൾക്ക് മാത്രമായി തീരുമാനമെടുക്കാൻ കഴിയുന്നത് ?



↑ കൂടംകുളം ആണവനിലയത്തിനെതിരായി പ്രതിഷേധിക്കുന്ന പ്രദേശവാസികൾ

അവിടെയാണ് അധികാരത്തിന്റെ ഏറ്റവും വലിയ ഫാഷിസ്റ്റ് പ്രയോഗം വരുന്നത്, അത് പ്രത്യക്ഷമായും പരോക്ഷമായും കടന്നുവരുന്നത് ഇത്തരത്തിൽ നിയമങ്ങളെ ലംഘിച്ചുകൊണ്ട് ജനങ്ങളെ തച്ചുതകർക്കുന്ന വിധത്തിൽ പെരുമാറുമ്പോഴാണ്.

അവിടെയുള്ള ജനങ്ങളോട് മുഴുവൻ കുടിയൊഴിച്ചു പോവാൻ 'കൽപിക്കുകയാണ് ' ചെയ്യുന്നത്. വളരെ ക്രൂരമായ രീതിയിൽ ഇവരുടെ തൊഴിലിടങ്ങളിൽ നിന്നും കൃഷി സ്ഥലത്ത് നിന്നും വീടുകളിൽ നിന്നും വരെ ഇവരെ ആട്ടി പുറത്താക്കുന്നു. ഈ രീതിയിലുള്ള ഒരു പ്രയോഗം ജനാധിപത്യത്തിന് വിരുദ്ധമാണ് എന്നല്ല പ്രച്ഛന്നമായ ഫാഷിസം തന്നെയാണ്.

പക്ഷേ ഇതിനെതിരെ സമരം ചെയ്യുന്നവരെ വികസന വിരോധി, തീവ്രവാദി തുടങ്ങിയ മുദ്രകൾ ഉപയോഗിച്ച് സമർത്ഥമായി അപരത്വവൽകരിക്കുകയും സമരത്തെ അടിച്ചമർത്തുകയുമാണ് ചെയ്യുന്നത്. ഇതിൽ മാർക് സിയൻ ദർശനങ്ങൾ വരെ ബലികഴിക്കപ്പെടുന്നു എന്നതാണ് ഏറെ സങ്കടകരം.

ഇന്റർനെറ്റും സോഷ്യൽ മീഡിയയും കൊണ്ടുവന്ന മാറ്റങ്ങളെക്കുറിച്ച് പറയുകയാണെങ്കിൽ, ആഗോളതലത്തിൽ തന്നെ വൻ വിപ്ലവമാണ് അതുണ്ടാക്കിയത്. ഇപ്പോഴും ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. മുഖ്യധാരാ, കോർപ്പറേറ്റ് മീഡിയയുടെ സഹായമില്ലാതെ തന്നെ ജനങ്ങൾക്ക് എല്ലാ

വിവരങ്ങളും അറിയാനും പങ്കുവെയ്ക്കുവാനും വളരെ എളുപ്പത്തിൽ സാധിക്കുന്നു.

***ചോ:*** എല്ലാവിധ ആധിപത്യങ്ങളും കയ്യേറ്റങ്ങളും ചോദ്യം ചെയ്യപ്പെടുന്നു. ഇതുവരെ കണ്ടിട്ടില്ലെന്നു നടിച്ചിരുന്നതോ അവഗണിക്കപ്പെട്ടിരുന്നതോ ആയ ഹിംസകൾ എതിർക്കപ്പെടുന്നു. നിരവധി ജനകീയ സമരങ്ങൾ ഉയർന്നു വരുന്നു. വിവിധ രീതിയിലും ഭാവത്തിലുമുള്ള സോഷ്യൽ ഏജൻസികൾ ആണ് ഈ വിപ്ലവം സാധ്യമാക്കുന്നത്. ഇതിന്റെ ഭാഗമാണ് അഴിമതി വിരുദ്ധ പോരാട്ടങ്ങളും ആം ആദ്മിയുടെ വളർച്ചയും എന്ന് കരുതാൻ സാധിക്കുമോ ?

തീർച്ചയായും. ഒന്നാമതായി പാർട്ടി എന്നതിലുപരിയായി ആം ആദ്മി ഒരു മുന്നേറ്റമാണ്. പിന്നെ, നമുക്കറിയാം സോഷ്യൽ മീഡിയയും അതിന്റെ ടെക്നോളജിയും പരിധികളില്ലാതെ, sky is the limit എന്ന പോലെ ഉള്ള ഒരു സാധ്യത ആണിത് തുറന്നത് .

ഒരു പക്ഷേ ഭരണകൂടങ്ങൾക്ക് അടിച്ചൊതുക്കാൻ പറ്റാത്ത വിധത്തിൽ ആശയത്തെ പ്രചരിപ്പിക്കാൻ സാധ്യമാവുന്നു. അധികാരികൾക്ക് എന്നന്നേക്കുമായി ഇതൊക്കെ അടച്ചു കളയാൻ പറ്റുമോ? ഒരിക്കലുമില്ല. കുടത്തിൽ നിന്നും തുറന്നു വിട്ട ഭൂതം പോലെയാണിത്.

ചീത്തതോ നല്ലതോ ആവട്ടെ, നിങ്ങളുടെ ആശയം മുന്നോട്ട് വെക്കാനുള്ള വൻ സാധ്യതയാണ് ഇത് മുന്നോട്ട് വെക്കുന്നത്. ഇതിന്റെ സഹജമായ ജനാധിപത്യ,വികേന്ദ്രീകൃത സ്വഭാവവും തുല്യതയില്ലാത്ത ഒരു മാധ്യമമാക്കി ഇതിനെ മാറ്റുന്നു.

ഇതിൽ തന്നെ സ്വതന്ത്ര സോഫ്റ്റ്‌വെയർ പ്രസ്ഥാനം പോലുള്ളവയുടെ മുന്നേറ്റം എടുത്ത് പറയേണ്ടതാണ്. മൂലധന ശക്തികൾക്കെതിരെ അതെ നാണയത്തിലുള്ള തിരിച്ചടി നൽകുന്ന ഇത് പോലുള്ള നിരവധി മുന്നേറ്റങ്ങളും കൂട്ടായ്മകളും ഉൾപ്പെടുന്ന ഒരുപാട് സോഷ്യൽ ഏജൻസികൾ ഇന്നുയർന്നു വരുന്നുണ്ട്.

അതിന്റെ ഭാഗമാണ് ഇന്ത്യയിൽ ഉയർന്നു വരുന്ന ജനകീയ സമരങ്ങളും അഴിമതി വിരുദ്ധ സമരങ്ങളുമെല്ലാം. അതിന്റെ ഒരു സ്വാഭാവികമായ തുടർച്ചയും രാഷ്ട്രീയ രൂപവും മാത്രമാണ് ആം ആദ്മി പാർട്ടിയും. അതാണ് യോഗീന്ദർ പറഞ്ഞത് 'ഞങ്ങൾ മാറ്റം കൊണ്ട് വരുന്ന സോഷ്യൽ ഏജൻസി അല്ല, അതിന്റെ നിമിത്തം മാത്രമാണ് എന്ന് '.

പക്ഷേ ഈ മാറ്റത്തെ അല്ലെങ്കിൽ അഴിമതി വിരുദ്ധ മുന്നേറ്റങ്ങളെ കുറിച്ച് പറയുമ്പോൾ എന്താണ് അല്ലെങ്കിൽ എന്തെല്ലാമാണ് അഴിമതി എന്ന ചോദ്യവും പ്രസക്തമല്ലേ? ഉദ്യോഗസ്ഥതലത്തിൽ അല്ലെങ്കിൽ രാഷ്ട്രീയ തലത്തിൽ ഉള്ള അഴിമതി മാത്രമാണോ പരിഗണിക്കേണ്ടത്? വളരെ വ്യവസ്ഥാപിതവും ഭീകരവുമായ മറ്റു പല അഴിമതികളും ഇല്ലേ?

ഉദാഹരണത്തിന് വലിയൊരു ജനവിഭാഗത്തിന് അർഹതപ്പെട്ടത് മുഴുവൻ തട്ടിപ്പറിച്ചെടുക്കുന്ന ജാതി വ്യവസ്ഥ, അങ്ങേയറ്റം സ്ത്രീ വിരുദ്ധ സ്വഭാവം കാണിക്കുന്ന പാട്രിയാർക്കൽ വ്യവസ്ഥിതി എന്നിവക്കെതിരേയും പോരാടേണ്ടതില്ലേ? എന്തുകൊണ്ട് 'ആം ഔരത് ' ഇല്ലാതെ പോവുന്നു?

ആം ആദ്മി മാത്രമല്ല, ഒരു പാർട്ടിയും ഇതിൽ വേണ്ടത് പോലെ ഇടപെടുന്നില്ല. 65 കൊല്ലമായി ഇവിടെ നില നിൽക്കുന്ന ഈ സിസ്റ്റത്തിൽ വെറും ശിശു മാത്രമായ ആം ആദ്മി അതിന്റെ പരിമിതിയ്ക്കുള്ളിൽ നിന്ന് തന്നെ അഡ്രസ്സ് ചെയ്യണം എന്ന് വാശി പിടിക്കുന്നതിൽ അർത്ഥമില്ല.

അതേ സമയം, ആത്യന്തികമായി ആം ആദ്മി പാർട്ടി എങ്ങനെയാണ് ജനങ്ങളെ കാണുന്നത് എന്ന ഒരു ചോദ്യം ഉണ്ട്. അതായത് ആം ആദ്മി എങ്ങനെ വ്യക്തികളെ കാണുന്നു എന്ന ചോദ്യം.

അതിൽ ഭാഷയുടെ നമ്മൾ ഉപയോഗിക്കുന്ന ഭാഷയുടെ തന്നെയും പ്രശ്നമുണ്ട്. മിക്കവാറും നമ്മുടെ തെറികളെല്ലാം ദളിത് വിരുദ്ധമോ സ്ത്രീ വിരുദ്ധമോ ആയിരിക്കും.

പൊതു സൂചകം എല്ലാം 'അവനെക്കുറിച്ച്' അല്ലെങ്കിൽ 'അവന്' വേണ്ടിയുള്ളത് മാത്രമായിരിക്കും. 'അവൾ' എവിടെയും ഉണ്ടാവില്ല.മനുഷ്യൻ 'അവന്റെ' ചരിത്രം സൃഷ്ടിച്ചു എന്നേ പറയാറുള്ളൂ.

ഇതിൽ മാറ്റം കൊണ്ട് വരാനുള്ള നീക്കങ്ങൾ പോലും ശ്രമകരമാണ്. കാരണം ഭാഷശീലങ്ങളുടെ ഒരു സംഗതിയാണ്. നൂറ്റാണ്ടുകളായി ശീലത്തിന്റെ, സൗകര്യത്തിന്റെ, അധ്വാനക്കുറവിന്റെ ഒക്കെ പ്രയോഗമാണ് ഭാഷ. അപ്പോൾ ഭാഷയിലൊക്കെ ഒരു മാറ്റം കൊണ്ട് വരാൻ എത്ര ബോധപൂർവം ശ്രമിച്ചാലും ജനം അത് സ്വീകരിക്കണമെന്നില്ല.

തുടർന്ന് പോരുന്നത് തന്നെ ഉപയോഗിക്കുകയേ ഉള്ളൂ. ഇവിടെയുള്ള സ്ത്രീകളും ദളിതരും പോലും തങ്ങൾക്ക് തന്നെ എതിരായ ഭാഷ ഉപയോഗിച്ച് കൊണ്ടാണ് നില നിൽക്കുന്നത് എന്നത് പ്രശ്നത്തിന്റെ ഗൗരവം കാണിക്കുന്നു.

ആം ആദ്മിയിൽ തന്നെ എന്തുകൊണ്ട് 'ആം ഔരത്' ഇല്ല എന്ന പ്രസക്തമായ ചോദ്യം ഉയർന്നിട്ടുണ്ട്. പക്ഷേ ഇവിടെ ആം ആദ്മി എന്നതിന്റെ വ്യക്തി എന്നർത്ഥത്തിൽ എടുത്ത് കൊണ്ട് മാത്രമേ തൽകാലം ചെയ്യാൻ നിർവാഹമുള്ളൂ. അത് കൊണ്ടാണ് ഒരു സ്ത്രീ വിരുദ്ധ പോരാട്ടത്തിൽ, അല്ലെങ്കിൽ ദളിത് പോരാട്ടത്തിൽ ഭാഷ തന്നെ പുനർ നിർവചിക്കേണ്ടി വരുന്നുണ്ട്.

ഞാൻ ഇത് പറയാൻ കാരണം ആം ആദ്മി എന്ന വാക്ക് കൊണ്ട്

ഉദ്ദേശിക്കുന്നത് സാധാരണക്കാർ എന്നാണ് . അപ്പോൾ 'സാധാരണക്കാർ' എന്ന പൊതു സംഞ്ജയിൽ എല്ലാവരെയും ഒരേ പോലെ ഉൾകൊള്ളിക്കുകയാണ് ചെയ്തിരിക്കുന്നത്.

അവിടെ വർഗ വ്യത്യാസമില്ലാതെ, ജാതി വ്യത്യാസമില്ലാതെ, ലിംഗ വ്യത്യാസമില്ലാതെ, വംശ വ്യത്യാസമില്ലാതെ എല്ലാവരും സാധാരണക്കാർ ആണ്. ഇത് എത്ര കണ്ട് സാധ്യമാണ് എന്നത് പ്രസക്തമാണ്.

എനിക്കിത് കൂടുതൽ മനസ്സിലാവും. ഞങ്ങൾ സ്ത്രീ വിമോചന പ്രസ്ഥാനമായ 'മാനസി' ഉണ്ടാക്കിയപ്പോൾ ചോദിച്ചിരുന്ന ഒരു കാര്യം എങ്ങനെയുള്ള സ്ത്രീകളാണ് ഇതിൽ വരേണ്ടത് എന്നായിരുന്നു. നമ്മുടെ മെമ്പർമാർ എങ്ങനെയുള്ളവർ ആയിരിക്കണം ? പ്രത്യേകിച്ചും ഇടതുപക്ഷ ചിന്താഗതിക്കാരെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസമുള്ള കാര്യമായിരുന്നു ഇത്.

കാരണം ലിംഗ വിവേചനം അനുഭവിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ജാതി മുഖ്യഘടകം ആയി കാണാൻ പറ്റില്ല. എല്ലാ ജാതിയിലും പെട്ട സ്ത്രീകൾ വിവേചനം അനുഭവിക്കുന്നുണ്ട്. അത് കൊണ്ട് അന്ന് ഞങ്ങൾ മുന്നോട്ട് വെച്ച ഒരു കാര്യം വർഗേതരം ആണ് സ്ത്രീകളുടെ പ്രശ്നങ്ങൾ എന്നാണ്.

ഞങ്ങൾ പറയാറുണ്ടായിരുന്നു സ്കോച്ച് കുടിച്ചിട്ട് ഭാര്യയെ തല്ലുന്നവർ ഉണ്ട്. ചാരായം കുടിച്ചിട്ട് തല്ലുന്നവരും ഉണ്ട്. ഭാര്യയെ പീഡിപ്പിക്കുന്നു എന്നതിൽ ജാതിയും വർഗ്ഗവും ഒരു ഘടകം അല്ല എന്നർത്ഥം.

എന്നാൽ ഒരു ദലിതനായതിന്റെ പേരിൽ അക്രമിക്കപ്പെടുന്ന ആണിന്റെ കാര്യം വരുമ്പോൾ അവിടെ ജാതി തന്നെയാണ് മുഖ്യ ഘടകം. രണ്ടും അവഗണിക്കാൻ സാധ്യമല്ല. അതോടൊപ്പം ഏതു ജാതിയിലും വിഭാഗത്തിലുമുള്ള സ്ത്രീകളാണ് ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടി വരുന്നത് എന്നത് ശ്രദ്ധേയമാണ്.

ഒരു പക്ഷേ അവർ എല്ലാ ഘടകങ്ങളുടെയും പേരിലുള്ള വിവേചനം ഒരു പോലെ അനുഭവിക്കേണ്ടി വരുന്നു എന്ന് കാണാം. ഒരു തരത്തിൽ പറഞ്ഞാൽ cumulative effect വളരെ കൂടി വരുന്നു അവരുടെ കാര്യത്തിൽ.

*(അടുത്ത ലക്കത്തിൽ തുടരും)*

---

*പേജ് 31 തുടർച്ച*

കയോ കെയർ ചെയ്യപ്പെടുകയോ ചെയ്യാത്തവരായി ആരുമുണ്ടാകില്ല.

ശൈശവത്തിൽ കിട്ടേണ്ട കെയർ പോലെ തന്നെ പ്രധാനമാണ് വാർദ്ധക്യത്തിൽ കിട്ടേണ്ട കെയറും.

മാനസികമോ ശാരീരികമോ ആയ വെല്ലുവിളികൾ നേരിടുന്നവർക്ക് അത്തരം വെല്ലുവിളികൾ ഇല്ലാത്തവർ കെയർ കൊടുക്കേണ്ടത് ഒരു സമൂഹ്യനീതിയാണ്. ഇതിനു തുടക്കം കുറിക്കേണ്ടത് സ്വന്തം കുടുംബത്തിൽ നിന്നു തന്നെയാണ്. സഹജീവിയുടെ അവശതയിൽ ആകുന്ന തരത്തിൽ വസ്തുനിഷ്ഠമായി, പോസിറ്റീവ് ആയി ഇടപെടലുകൾ നടത്തണമെന്നുള്ള മൂല്യം വളർത്തിയെടുക്കേണ്ടത് കുടുംബത്തിൽ നിന്നു തന്നെയാണ്.

ശാരീരിക/മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് കുടുംബത്തിൽ വച്ചുള്ള കെയർ തന്നെയാണ് പ്രാഥമികം. ഉദാഹരമാണമായി മാനസികമോ ശാരീരികമോ ആയ വെല്ലുവിളികൾ നേരിടുന്ന ഒരു കുഞ്ഞു വീട്ടിലുണ്ടെങ്കിൽ തീർച്ചയായും നോർമൽ ആയ സഹോദരരിൽ ഇവരോടുള്ള കരുതൽ കുഞ്ഞുന്നാളിലെ വളർത്തിയെടുക്കണം. അമ്മ അല്ലെങ്കിൽ അച്ഛൻ കൊടുക്കുന്ന കെയറിൽ നോർമൽ ആയ കുഞ്ഞുങ്ങളെക്കൂടി പങ്കാളികളാക്കണം. അങ്ങനെയെങ്കിൽ വളർന്നുവരുമ്പോൾ വെല്ലുവിളികൾ നേരിടുന്ന കുഞ്ഞിനു മറ്റു സഹോദരങ്ങൾ ഒരു താങ്ങാകും. കുഞ്ഞുന്നാളിലെ ശീലിപ്പിച്ചു കൊണ്ടുവന്നതുകൊണ്ട് അവർക്കതൊരു ഭാരമാകില്ല. അച്ഛനമ്മമാരുടെ കാലശേഷവും കെയർ കിട്ടുകയും ചെയ്യും.

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തീർച്ചയായി ഇൻസ്റ്റിറ്റ്യൂഷണൽ കെയർ വളരെയധികം പ്രയോജനം ചെയ്യും. പലപ്പോഴും ആവശ്യവും ആയിരിക്കും. ഈ മേഖലയിലെ വിദഗ്ദരുടെ വിവിധതരത്തിലുള്ള ഇടപെടലുകളിലൂടെ, പരിശീലനത്തിലൂടെ വെല്ലുവിളികളെ മറി കടക്കാനായില്ലെങ്കിലും ഒരു worthy feeling അവരിലുണ്ടാക്കിയെടുക്കാനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ഇൻസ്റ്റിറ്റ്യൂഷണൽ ട്രെയിനിംഗ് കൊണ്ടു കഴിയും. സമാനതയുള്ളവരുമായുള്ള ഇടപെടലുകൾ ഇവർക്ക് ഗുണം ചെയ്യും. മാനസികവെല്ലുവിളി നേരിടുന്നവരിൽ അക്രമ വാസനയുള്ളവർക്ക് ഇൻസ്റ്റിറ്റ്യൂഷണൽ കെയർ ഫലം ചെയ്യും.

കെയർ കൊടുക്കുന്നവരുടെ അവസ്ഥ കൂടി ഇത്തരം സന്ദർഭങ്ങളിൽ കാണേണ്ടതുണ്ട്. പെയ്ഡ് കെയർ ആണെങ്കിൽ പ്രശ്നമില്ല. അല്ലാത്തവരെ സംബന്ധിച്ചിടത്തോളം ഇതൊരു മുഴുവൻ ദിവസ/എല്ലാ ദിവസവുമുള്ള അർപ്പണമാണ്. പ്രത്യേകിച്ചും ഫാമിലി കെയർ ആണെങ്കിൽ പുറത്തുനിന്ന് യാതൊരു സപ്പോർട്ടുമില്ലാതെ ശാരീരികവും മാനസികവുമായി തളർന്നും തകർന്നും പോകുന്ന അവസ്ഥയുണ്ടാകാം. അത്തരം അവസ്ഥകളിൽ കെയറേഴ്സിനും കെയർ കിട്ടേണ്ടതുണ്ട് എന്ന് സമൂഹം മനസ്സിലാക്കേണ്ടതുണ്ട്. കഴിയുന്ന തരത്തിൽ പ്രതികരിക്കുകയും വേണം.

നാമോരോരുത്തരും സമൂഹത്തിൽ നമുക്കു കിട്ടുന്ന സന്ദർഭം കെയറിനും കാരുണ്യത്തിനും വേണ്ടി ഉപയോഗിക്കണം.



ആർ. ശ്രീലതാവർമ്മ

# അകാലം

ചിറകിൽ പടർന്ന ഞരമ്പിൽ, ഞരമ്പിന്റെ കടവേ
രിലെങ്ങു വിരിയും ചിറകിലും തമ്മിലായ്
തമ്മിലായ് തൊട്ടുപറക്കുമ്പോൾ
കാലം ചുളുങ്ങിച്ചുരുണ്ടു പോകുന്നുവോ?

# ഗമനം

കെട്ടുപിണഞ്ഞൊരു കാണാക്കയറിൽ
കെട്ടിവലിച്ചു നടക്കാൻ കല്ലുകൾ.
ഇടറും കാലിൽ മുറിവുകളെല്ലാം
തട്ടിയുരഞ്ഞു ഞെരിഞ്ഞമരുമ്പോൾ
വഴികാണിക്കാൻ മുന്നിൽ നടന്നതു
നീയോ, മൃതിയോ, അറിയുവതില്ല!



# മുള്ള്



ഷീജ.പി

ഒരു കാറ്റേറ്റാൽ വാടുന്ന
തൊട്ടാവാടിയല്ല ഞാൻ
ഒരു വെയിലേറ്റാലടരുന്ന
പനിനീരല്ല ഞാൻ

തളിരിനെക്കുറിച്ചുള്ള മോഹങ്ങളത്രയും
മുള്ളുകളായ്ത്തീർന്ന
കള്ളിമുൾച്ചെടിയാണു ഞാൻ

ജലത്തെക്കുറിച്ചുള്ള സ്മരണകൾ നഷ്ടപ്പെട്ട
വേരുകളാൽ
ഭൂമിയിൽ അള്ളിപ്പിടിച്ചു നിൽക്കുന്നത്
മകളേ,
നിനക്കുവേണ്ടി,
നിനക്കുവേണ്ടി മാത്രം

# വേര്

കുഞ്ഞേ,
ഇതുചെടിയുടെ
ശരീരശാസ്ത്രം

ഓരോ ചെടിയേയും
മണ്ണോടു ചേർക്കുന്നത്
അതിന്റെ വേർപടലമാണ്

നൂറുകണക്കിനു വരുന്ന
സൗഹൃദങ്ങളാകുന്ന വേർപടലമാണ്
നിന്റെ തായ്ചെടിയേയും
ഭൂമിയോട് ചേർത്തു നിർത്തുന്നത്

അതിന്റെ നാരായ വേര്
മകളേ,
നീ തന്നേയും

സൗമ്യ സജീഷ്

# നിളയുടെ സൗകുമാര്യം

ഹൃദയത്തിന്റെ താഴ്ചയിലേക്ക്
പതിക്കുമ്പോഴും
വറ്റി വരണ്ട് മരുഭൂവായ്
നീറുമ്പോഴും
കടലിന്റെ ഇരമ്പൽ
വേഴാമ്പലിന്റെ
ചിറകടിയിലേക്ക്
ഒതുക്കി
പുഴ ഒരു നീർച്ചാലായ്
കിടന്നു.
ഓർമ്മകളുടെ ഉച്ചിയിൽ
ഒരു മഴവെള്ളപ്പാച്ചിലായ്
കാല്പനികതയിലേക്ക്
കുതിച്ചപ്പോൾ
മണൽത്തരികളിൽ
ആണ്ട്പോയ
ചന്ദ്രബിംബം
നീർവറ്റിചുളുങ്ങിയ
വിരലുകളിൽ
ഒരു ജലസ്പർശമായ്
വന്ന്
ഒരു ചൂടുകാറ്റായ് അകന്ന്
പോയി.
ഒടുവിലെപ്പോഴോ
മണലൂറ്റി
ഓർമ്മകളറ്റ്
ജീവനെടുത്ത്
തളർന്ന
ഉടലും താങ്ങി
മണൽപ്പരപ്പിൽ
ഒരുങ്ങുന്നു
ആരുമറിയാതെ...



## വാസ്തവം





ഡോ.ജാൻസി ജോസ്

**കേരളം** ധാരാളിത്തത്തിന്റെ വഴിയിൽതന്നെയാണ്. മന്ത്രിമാരുടെ പേഴ്സണൽ സ്റ്റാഫിനു വരുന്ന ചെലവു കണ്ട് കേരളത്തിന്റെ വളർച്ച തന്നെ മുരടിച്ചിട്ടുണ്ടാവും. മുഖ്യമന്ത്രി ഇനി എത്ര ഓടിയാലും കേരളം വളരാൻ പോകുന്നില്ല. ഇല്ല എന്നു തീർത്തു പറയാൻ വയ്യല്ലോ. മോഷണത്തിലും മദ്യപാനത്തിലും സ്വർണ്ണക്കടത്തിലും മനുഷ്യക്കടത്തിലും വിലക്കയറ്റത്തിലും കൊള്ളപ്പലിശയിലും മറ്റും വളർന്ന് വളർന്ന് കേരളം മാനം മുട്ടിനിൽക്കുന്നു. എനിക്കിപ്പോ മുട്ടിപ്പായി പ്രാർത്ഥിക്കാനുള്ളത് ഒന്നുമാത്രം. യു.പിയിലും മുംബൈയിലും ഡൽഹിയിലുമൊക്കെ കൂട്ടമായി ബലാത്സംഗം നടക്കുന്ന സംഭവം നമ്മുടെ കേന്ദ്രമന്ത്രിമാരുടേയും വിശിഷ്യ പ്രധാനമന്ത്രിയുടേയും കണ്ണിൽപെടാത്തെ എന്നുമാത്രമാണത്. ക്രൂരമായ ജാതിവ്യവസ്ഥ നിലനിൽക്കുന്ന സംസ്ഥാനങ്ങളിലൊക്കെ കൂട്ടമായിത്തന്നെ പെൺകുട്ടികളെ ബലാത്സംഗത്തിനിരയാക്കുന്നുണ്ട്. വികസനത്തിലും പുരോഗതിയിലും വിശ്വസിക്കുന്ന ഗവൺമെന്റാണെന്നതുകൊണ്ട് സ്ത്രീകളനുഭവിക്കുന്ന ഈ ക്രൂരതക്കു മേൽ എന്തെങ്കിലും നടപടിയുണ്ടാകുമെന്ന് ഞങ്ങളും വിശ്വസിക്കുകയാണ്. കാര്യം കാണാൻ പുകഴ്ത്തിപ്പറയുന്ന കേരള മന്ത്രിമാരുടെ സ്വഭാവം ഞങ്ങൾക്കു പകർന്നിട്ടില്ല എന്നതും സത്യം. എല്ലാ സ്ത്രീകൾക്കും വിദ്യാഭ്യാസവും ബോധവത്ക്കരണവും അക്രമികൾക്ക് തക്കതായ ശിക്ഷയും കിട്ടുന്നതു കാണാൻ ഞങ്ങൾ കാത്തിരിക്കുന്നുമുണ്ട്. സ്ത്രീസുരക്ഷയും ഒരു ഗവൺമെന്റിന്റെ ഉത്തരവാദിത്തമാണ് എന്നതും ഞങ്ങളോർക്കുന്നു.

കേരളത്തിനു പിന്നെ യു.പിയിലേതു പോലൊരു സംസ്കാരമൊന്നുമില്ല എന്ന താശ്വാസം. അച്ഛനും സഹോദരന്മാരും കൂട്ടുകാരും ചേർന്നങ്ങ് ഉപയോഗിക്കുന്ന സംസ്ക്കാരമേ കേരളത്തിനുള്ളൂ. മനസ്സാക്ഷിയുള്ളവരുണ്ടെങ്കിൽ പരാതിപ്പെടാം എന്നുമാത്രം. മനസ്സാക്ഷി പോയി മനസ്സാക്ഷിക്കുത്തു പോലും ആർക്കും ഉണ്ടാകാനിടയില്ലെന്നും അറിയാം. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് കുട്ടികളെ കൊണ്ടുവന്ന് കേരളത്തിൽ നിന്ന് പെൺകുട്ടികളെ കയറ്റിയയക്കുന്ന പുതിയ ഒരേർപ്പാട് കേരളത്തിൽ തുടങ്ങിയിട്ടുണ്ടെന്നുള്ളത് നമ്മുടെ വളർച്ചയെത്തന്നെയല്ലേ കാണിക്കുന്നത്. ഇനിയും എത്രദൂരം നമ്മൾ വളരാനുണ്ട്? കാത്തിരുന്നു കാണുക തന്നെ.

## ചെറുകഥാ ക്യാമ്പ്

സംഘടിതയുടെ ആഭിമുഖ്യത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കു വേണ്ടി നടത്തുന്ന ചെറുകഥാ ക്യാമ്പിൽ പങ്കെടുക്കാൻ താല്പര്യമുള്ളവരുടെ അപേക്ഷ ക്ഷണിക്കുന്നു. സാഹിത്യ അഭിരുചിയുള്ളവർക്കും എഴുതിത്തുടങ്ങിയവർക്കും (പാസ്പോർട്ട് സൈസ് ഫോട്ടോ സഹിതം) അപേക്ഷിക്കാം. താല്പര്യമുള്ളവർ സ്വന്തം സൃഷ്ടികളോടൊപ്പം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തിയ്യതി ജൂലൈ 31.

**സംഘടിത മാസിക** എഡിറ്റോറിയൽ കമ്മിറ്റി

c/o അന്വേഷി, കോട്ടൂളി, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370

ഉപ്പും മുളകും



ഗീത

# അമ്മച്ചിക്ക് അഭിവാദ്യങ്ങൾ

2014 ജൂൺ 22ന് കൂത്താട്ടുകുളം മേരി (1921 -2014) അന്തരിക്കുമ്പോൾ അവർക്ക് 93 വയസ്സായിരുന്നു. വി.എസ് അച്യുതാനന്ദന്റേയും കെ.ആർ.ഗൗരിയമ്മയുടേയും സമകാലികയെന്നു പറയാവുന്നവർ.

ആരായിരുന്നു കൂത്താട്ടുകുളം മേരി?



തന്റെ അവസാന ശ്വാസത്തിൽ പോലും 'കമ്മ്യൂണിസ്റ്റു പാർട്ടികൾ ഒന്നാകണ'മെന്നാഗ്രഹിച്ച ഒരു തലമുറയിലെ അവസാനകണ്ണികളിലൊരാൾ. 1964ൽ പാർട്ടി പിളർന്നില്ലായിരുന്നെങ്കിൽ കമ്മ്യൂണിസ്റ്റുപാർട്ടി കേന്ദ്രത്തിൽ അധികാരത്തിൽ വരുമായിരുന്നുവെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നൊരാൾ. കമ്മ്യൂണിസ്റ്റാണെന്ന് അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ചു നിന്നവൾ. കാരണം കമ്മ്യൂണിസം അവർക്ക് ഒരാശയം മാത്രമായിരുന്നില്ല. ജീവിതമായിരുന്നു. കേരളത്തിൽ കമ്മ്യൂണിസ്റ്റു പ്രസ്ഥാനമുണ്ടായത് ഇത്തരം കുറേ പേരുടെ ജീവിതത്തിന്റേയും ജീവന്റേയും ചെലവിലായിരുന്നു.



സ്കൂൾ പഠനകാലത്തു തന്നെ കൃത്യമായ രാഷ്ട്രീയ ബോധമുൾക്കൊണ്ട പെൺകുട്ടിയായിരുന്നു കൂത്താട്ടുകുളം മേരി. തിരുവിതാംകൂറിലെ സർ സി.പി രാമസ്വാമി അയ്യരുടെ ദുർഭരണത്തിനെതിരെ ക്ലാസു ബഹിഷ്കരിച്ചത് ഒമ്പതാംക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു. സിപിയുടെ ഷഷ്ഠിപൂർത്തിയാഘോഷത്തിനുള്ള പിരിവിനെതിരെ പരസ്യമായി പ്രതികരിച്ചതിന് പത്താംക്ലാസിൽ പഠിക്കുമ്പോഴാണ് പുറത്താക്കപ്പെടുന്നത്. മുദ്രാവാക്യം വിളിച്ചുകൊണ്ട് ക്ലാസ്സിൽ നിന്നിറങ്ങിപ്പോവുകയായിരുന്നു അവർ.

സർക്കാർ ജോലി പുല്ലുപോലെ ചുരുട്ടിക്കൂട്ടി വലിച്ചെറിഞ്ഞുകൊണ്ട് അന്നത്തെ തിളച്ചുമറിയുന്ന കേരള രാഷ്ട്രീയത്തിലേക്ക് ആവേശപൂർവ്വം അവർ എടുത്തുചാടി. പിന്നീടൊരിക്കലും ഈ ആവേശത്തിലോ എടുത്തുചാട്ടത്തിലോ അവർ പശ്ചാത്താപിച്ചില്ല. പകരം അഭിമാനിച്ചു. ഈ ആത്മാഭിമാനം അവരുടെ മുഖത്തെയെന്നപോലെ ജീവിതത്തേയും പ്രകാശമുള്ളതാക്കി ത്തീർത്തിരുന്നു. മരണക്കിടക്കയിൽ പോലും അവരെ തേജോമയിയാക്കിയത് ഇതേ ആത്മാഭിമാനമായിരുന്നുവെന്ന് ഞാൻ കരുതുന്നു.

1942 മുതൽ കൂത്താട്ടുകുളത്തെ കമ്മ്യൂണിസ്റ്റു പ്രവർത്തനങ്ങളുമായി അവർ ബന്ധപ്പെട്ടിരുന്നു. അതിനിടയിൽ തിരുനെൽവേലിയിൽ വിമൻസ് വെൽഫെയർ ഓർഗനൈസറായി പ്രവർത്തിച്ചു. ഉമ്മൻ കൊലക്കേസിനു ശേഷമുള്ള കാലത്ത് (1948ലെ രണ്ടാംപാർട്ടി കോൺഗ്രസ്സ്, പാർട്ടി നിരോധനം) അവർ ജോലിയുപേക്ഷിച്ച് മുഴുവൻസമയരാഷ്ട്രീയ പ്രവർത്തനത്തിലേർപ്പെട്ടു. സി.എസ് ജോർജ്ജ് എന്ന ഒളിവുപോരാളിയെയായിരുന്നു അവർ വിവാഹം ചെയ്തത്. അതേപ്പറ്റി അഭിമാനത്തോടെയവർ പറഞ്ഞിട്ടുണ്ട്. 'വി

*ശേഷം പേജ് 50ൽ*

ശാസ്ത്രം




സീമ ശ്രീലയം

# ചേക്കേറാൻ ചാന്ദ്രഗ്രാമങ്ങൾ

കോൺസ്പിറസി തിയറി : ഡിഡ് വീ ലാൻഡ് ഓൺ ദ് മൂൺ? 2001 ഫെബ്രുവരി 15 നു ഫോക്സ് ടിവി സംപ്രേഷണം ചെയ്ത ഈ പ്രോഗ്രാം കണ്ടവർ കണ്ടവർ അമ്പരന്നു. മനുഷ്യന്റെ ചാന്ദ്രയാത്ര അമേരിക്ക പടച്ചുവിട്ട ഒരു കെട്ടുകഥയായിരുന്നെന്നും ചന്ദ്രനിലെ ദൃശ്യങ്ങളെന്നു പറഞ്ഞു പുറത്തുവിട്ടത് നെവാദാ മരുഭൂമിയിൽ വച്ച് ഷൂട്ട് ചെയ്ത ഫോട്ടോകളായിരുന്നെന്നും സ്ഥാപിക്കാനായിരുന്നു ആ ഒരു മണിക്കൂർ പ്രോഗ്രാമിന്റെ ശ്രമം! എന്നാൽ ഇതു പൊളിച്ചടുക്കാൻ ചാന്ദ്രശിലകളടക്കമുള്ള അനിഷേധ്യമായ തെളിവുകൾ നാസയുടെ പക്കലുണ്ടായിരുന്നു. മനുഷ്യൻ ചന്ദ്രനിലേക്ക് ചേക്കേറി ചാന്ദ്രഗ്രാമങ്ങൾ യാഥാർഥ്യമാക്കാൻ ശ്രമിക്കുന്ന ഇക്കാലത്ത് ചാന്ദ്രയാത്ര ഒരാകാശപുഷ്പമല്ലെന്ന് കൊച്ചുകുട്ടികൾക്കു പോലുമറിയാം.

കുഞ്ഞുന്നാളിൽ ആകാശത്തു പപ്പടവട്ടത്തിൽ തിളങ്ങുന്ന അമ്പിളിമാമനെ നോക്കി വിസ്മയിക്കുന്നതു മുതൽ തുടങ്ങുന്നു ചന്ദ്രനുമായുള്ള ചങ്ങാത്തം. ഭൗമേതര ജീവനും ഗോളാന്തരയാത്രകളുമൊക്കെ പ്രമേയമാവുന്ന പല ശാസ്ത്രകല്പിത കഥകളിലും നിറഞ്ഞു നില്പുണ്ട് ചന്ദ്രൻ. മനുഷ്യൻ ആദ്യമായി



*ഭൂമിയിലെ അവസ്ഥയേ അല്ല ചന്ദ്രനിൽ. അവിടെ ജലാശയങ്ങളോ പൂക്കളോ മരങ്ങളോ ഇല്ല. ഏതെങ്കിലും തരത്തിൽ ജീവൻ ഉള്ളതായും തെളിഞ്ഞിട്ടില്ല.*

ചന്ദ്രനിലിറങ്ങുന്നതിനും ഒരു നൂറ്റാണ്ട് മുൻപേ ജൂൾസ് വേൺ രചിച്ച ഫ്രം എർത്ത് ടു ദ് മൂൺ എന്ന കൃതിയിൽ ചാന്ദ്രയാത്ര വിശദമായിത്തന്നെ കടന്നുവരുന്നുണ്ട്. 1950 കളിൽ പ്രശസ്ത ശാസ്ത്രകല്പിത കഥാകാരനായ ആർതർ സി.ക്ലാർക്ക് തന്റെ രചനകളിൽ ചാന്ദ്രഗ്രാമങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്.

മനുഷ്യന് ഒരു ചെറിയ കാൽ

വയ്പ്; എന്നാൽ മാനവരാശിക്കോ ഒരു വൻ കുതിച്ചുചാട്ടവും ചന്ദ്രനിൽ ആദ്യമായി കാലൂന്നിയ നീൽ ആംസ്ട്രോങ്ങിന്റെ വാക്കുകളാണിത്. 1969 ജൂലൈ 21 മാനവ ചരിത്രത്തിലെ തന്നെ സുവർണ്ണനിമിഷമായി മാറി. ചാന്ദ്രമണ്ണിൽ മനുഷ്യന്റെ കാല്പാദം ആദ്യമായി പതിഞ്ഞതിന്റെ സ്മരണ പുതുക്കാനാണ് എല്ലാ വർഷവും ജൂലൈ 21 ചാന്ദ്രദിനമായി ആചരിക്കുന്നത്. അപ്പോളോ 11 പേടകത്തിൽ നീൽ ആംസ്ട്രോങ്ങിനൊപ്പം എഡ്വിൻ ആൽഡ്രിനും മൈക്കൽ കോളിൻസുമായിരുന്നു സഹയാത്രികർ. 1972 ൽ അപ്പോളോ 17 ലെ യാത്രികനായ യൂജിൻ സെർനാനു ശേഷം ഇതു വരെ മനുഷ്യരാരും ചന്ദ്രനിൽ ഇറങ്ങിയിട്ടില്ല.

ഭൂമിയിലെ അവസ്ഥയേ അല്ല ചന്ദ്രനിൽ. അവിടെ ജലാശയങ്ങളോ പൂക്കളോ മരങ്ങളോ ഇല്ല. ഏതെങ്കിലും തരത്തിൽ ജീവൻ ഉള്ളതായും തെളിഞ്ഞിട്ടില്ല. എങ്കിലും ഭൂമിയുടെ ഈ ഉപഗ്രഹത്തിൽ കോളനികൾ സ്ഥാപിക്കാനുള്ള പൊരിഞ്ഞ മൽസരത്തിന് ഒരുങ്ങിക്കൊണ്ടിരിക്കുകയാണ് വിവിധ രാജ്യങ്ങൾ.ഭൂമിയിലിരുന്നു ബോറടിക്കുമ്പോൾ ചന്ദ്രനിലേക്കൊരു വിനോദയാത്രയുമാവാം. 2020 നും 2030 നും ഇടയിൽ ഇതൊക്കെ യാഥാർഥ്യമാവുമെന്നാണ് അമേരിക്ക, റഷ്യ, ചൈന, ജപ്പാൻ തുടങ്ങിയ രാജ്യങ്ങളിലെ ബഹിരാകാശ ഗവേഷണ രംഗത്തുനിന്നുള്ള വാർത്തകൾ നൽകുന്ന സൂചന.കുറഞ്ഞ ഗുരുത്വാകർഷണം, അന്തരീക്ഷമില്ലാത്ത അവസ്ഥ, ദ്രാവകരൂപത്തിലുള്ള ജലത്തിന്റെ അഭാവം, ഫലപ്രദമായ ഊർജസ്രോതസ്സുകൾ തേടൽ, സൂര്യനിൽ നിന്നുള്ള മാരകമായ വികിരണങ്ങൾ, ഭൂമിയിൽ നിന്നു നിർമ്മാണ സാമഗ്രികൾ എത്തിക്കൽ എന്നിങ്ങനെ ചന്ദ്രനിലെ മനുഷ്യവാസത്തിനു വെല്ലുവിളി ഉയർത്തുന്ന ഘടകങ്ങൾ ഏറെയാണ്.

ഏതായാലും കുറഞ്ഞ വർഷങ്ങൾക്കുള്ളിൽ തന്നെ ചന്ദ്രോപരിതലം ഗോളാന്തര കുടിയേറ്റങ്ങൾക്ക് സാക്ഷ്യം വഹിക്കുമെന്നു തീർച്ച. ചന്ദ്രനിലെ ഊർജപ്രതീക്ഷയാണ് ഹീലിയം3. ഹീലിയത്തിന്റെ ഈ ഐസോടോപ്പിനെ ഹൈഡ്രജന്റെ ഐസോടോപ്പ് ആയ ഡ്യൂട്ടീരിയവുമായി പ്രവർത്തിപ്പിച്ച് വൻ തോതിൽ ഊർജം ഉല്പാദിപ്പിക്കാം എന്നാണു പ്രതീക്ഷ. ചാന്ദ്രശിലകളിൽ ധാരാളമായി അടങ്ങിയിരിക്കുന്ന ഇരുമ്പും ടൈറ്റാനിയവും അലുമിനിയവുമൊക്കെ നിർമ്മാണപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാം. ചന്ദ്രനിലെ മണ്ണിലെ ജലാംശത്തിന്റെ സാന്നിധ്യവും ചന്ദ്രനിലെ ധ്രുവങ്ങളിലെ ജല ഐസിന്റെ സാന്നിധ്യവും പ്രതീക്ഷ നൽകുന്നു. ചാന്ദ്രഗ്രാമങ്ങൾ പടുത്തുയർത്തുന്ന എഞ്ചിനീയർമാർ, ചന്ദ്രനിൽ നിന്നു പ്രപഞ്ച നിരീക്ഷണം നടത്തുന്ന ജ്യോതിശാസ്ത്രജ്ഞർ, അവിടുത്തെ മണ്ണും പാറകളും ഘടനാരഹസ്യങ്ങളുമൊക്കെ പഠനവിധേയമാക്കുന്ന ജിയോളജിസ്റ്റുകൾ, രസതന്ത്ര രഹസ്യങ്ങൾ തിരയുന്ന രസതന്ത്രജ്ഞർ, ഗ്രീൻ ഹൗസുകളിൽ സസ്യങ്ങൾ വളർത്തുന്ന സസ്യശാസ്ത്രജ്ഞർ, ചാന്ദ്രമണ്ണിൽ ഏതെങ്കിലും തരത്തിലുള്ള ജീവനുണ്ടോ അഥവാ എന്നെങ്കിലും ഉണ്ടായിരുന്നോ എന്നൊക്കെ തിരയുന്ന എക്സോ ബയോളജിസ്റ്റുകൾ ...ഇങ്ങനെ ചന്ദ്രനിലെ അന്തരീക്ഷം സജീവമാകുന്ന കാലം അതിവിദൂരത്തൊന്നുമല്ല. അതി വിദൂര ഗ്രഹങ്ങളിലേക്കും മറ്റ് ആകാശ ഗോളങ്ങളിലേക്കുമുള്ള പര്യവേക്ഷണങ്ങളുടെ ഇടത്താവളമായി ചന്ദ്രനെ ഉപയോഗിക്കാനും കഴിയും. അതോടെ അവിടെ സ്പേസ് ഔട്ട്പോസ്റ്റുകൾ സ്ഥാപിക്കാനുള്ള കിടമൽസരവും മുറുകും.

ഇന്ത്യൻ ബഹിരാകാശ ഗവേഷണ ചരിത്രത്തിലെ സുവർണ്ണദിനമായിരുന്നു 2008 ഒക്റ്റോബർ 22. അന്നാണ് ചാന്ദ്രയാൻ1 ഒരു രാജ്യത്തിന്റെ മുഴുവൻ അഭിമാനവും പ്രതീക്ഷകളുമായി കുതിച്ചുയർന്നത്. ഇതിൽ ഉണ്ടായിരുന്ന ഐ.എസ്.ആർ.ഒ യുടെ മൂൺ ഇംപാക്റ്റ് പ്രോബ്, നാസയുടെ മൂൺ മിനറോളജി മാപ്പർ, മിനിസാർ എന്നീ ഉപകരണങ്ങളാണ് അവിടുത്തെ ജലാംശത്തിന്റെ സാന്നിധ്യമടക്കമുള്ള പല വിലപ്പെട്ട രഹസ്യങ്ങളും ചുരുൾ നിവർത്തിയത്. ചാന്ദ്രയാൻ 1 ൽ തുടങ്ങിയ ഇന്ത്യയുടെ സ്പേസ് ഒഡീസ്സി ചാന്ദ്രയാൻ2 ലൂടെ തുടരും. 2016 ൽ ആയിരിക്കും ഇതു വിക്ഷേപിക്കുക. റോബോട്ടുകളെക്കൂടി ഉൾപ്പെടുത്തിയുള്ള പര്യവേക്ഷണമാണ് ചാന്ദ്രയാൻ2 ന്റെ പ്രത്യേകത. മനുഷ്യനെ ചന്ദ്രനിൽ ഇറക്കാനും ഇന്ത്യയ്ക്കു പദ്ധതിയുണ്ട്. ചന്ദ്രനിൽ ഇന്ത്യ സ്ഥാപിക്കാൻ പോവുന്ന വാസസ്ഥലത്തിന് ഐ.എസ്.ആർ.ഒ ഒരു പേരും നിർദ്ദേശിച്ചിട്ടുണ്ട്. ചാന്ദ്രവിഹാർ എന്ന്. ചാന്ദ്ര ഗ്രാമങ്ങളും ചാന്ദ്ര കോളനികളും ചന്ദ്രനിലേക്കുള്ള വിനോദസഞ്ചാരവുമൊക്കെ യാഥാർഥ്യമാവുന്ന നാളിലേക്ക് കണ്ണും നട്ടിരിക്കുകയാണ് ബഹിരാകാശ ഗവേഷകർ.





ലിജി ഷംനാദ്

# സഹോദരന്മാരേ, നിങ്ങളുടെ DNAക്ക് എന്താണ് പ്രശ്നം?

*നിർഭയയുടെ ദാരുണ സംഭവത്തിനു ശേഷം കുറച്ചെങ്കിലും മാറ്റം സമൂഹത്തിന് ഉണ്ടായിട്ടുണ്ടെന്ന് കരുതിയ മനസ്സാക്ഷിയുള്ള വരുടെ നെഞ്ചിലേക്കു മുറിവാണ് ബദായുസംഭവം.*


**ഇന്ത്യാമഹാരാജ്യം** ഇപ്പോൾ അന്താരാഷ്ട്രസമൂഹത്തിൽ വാർത്തകളിൽ നിറയുന്നത് മോദിയുടെ (പുതു)മോടിയില ല്ല. ഒരു കൂട്ടം കാട്ടാളന്മാരുടെ ഉപഭൂഖണ്ഡ മായിട്ടാണ്; പ്രായപൂർത്തിയാകാത്തവരും പ്രായം കടന്നവരുമായ സഹോദരിമാരെ കൂട്ടമാനഭംഗം ചെയ്ത് അതിലും ക്രൂര മായി കൊലപ്പെടുത്തി പ്രദർശനത്തിന് വെക്കുന്നവരുടെ നാടായിട്ടാണ്.

ദിവസങ്ങൾക്ക് മുമ്പ് ഉത്തർപ്രദേശിലെ ബദായുവിൽ മാനഭംഗം ചെയ്ത് കെട്ടിത്തൂക്കിയ നിലയിൽ കാണപ്പെട്ട 14 ഉം 16 ഉം വയസ്സുള്ള ദളിത് സഹോദരിമാരുടെ വാർത്ത വായിച്ചവരുടെ മനസ്സിൽ അവരുടെ നിശബ്ദ നിലവിളി ഇപ്പോഴും മുഴങ്ങുന്നു. നിർഭയയുടെ ദാരുണ സംഭവത്തിനു ശേഷം കുറച്ചെങ്കിലും മാറ്റം സമൂഹത്തിന് ഉണ്ടായിട്ടുണ്ടെന്ന് കരുതിയ മനസ്സാക്ഷിയുള്ളവരുടെ നെഞ്ചിലേറ്റ മുറിവാണ് ബദായുംസംഭവം.

മനുഷ്യമനസ്സാക്ഷിക്ക് ചിന്തിക്കാൻ പോലുമാകാത്ത കുടിലപ്രവൃത്തി ചെയ്തവർക്ക് കൂട്ടായി നിന്നത് പോലീസും ഭരണവർഗ്ഗവും. ജാതീയത കൊടികുത്തി വാഴുന്ന ഉത്തരപ്രദേശിൽ ഇതൊരു നിത്യ സംഭവം മാത്രം. ഈ പെൺകുഞ്ഞുങ്ങളുടെ ദുർവിധി വാർത്തയായതിന് ശേഷം തുടർക്കഥ പോലെ ഗുജറാത്തിൽ നിന്നും യു.പിയിൽ നിന്നും മാനഭംഗം ചെയ്ത് കൊലചെയ്യപ്പെട്ട വാർത്തകൾ. എന്തിന് വനിതാജഡ്ജിക്ക് പോലും രക്ഷയില്ല. എന്താണിത് തെളിയിക്കുന്നത്. എന്തു ചെയ്താലും പോലീസും ഭരണകൂടവും ഒരുചുക്കും ചെയ്യില്ലെന്നുള്ള ഹുങ്ക്. പ്രതികളായവരാകട്ടെ മുഖ്യമന്ത്രിയുടെ സമുദായക്കാർ. ജാതിയെ തൊട്ടാൽ തീപ്പൊള്ളലേൽക്കും എവിടേയും.

യു.പിയിലും ബീഹാറിലുമൊക്കെ തടയുന്ന മാനഭംഗങ്ങളിൽ എത്രയെണ്ണം കുലത്തിന്റെ (ദുര)ഭിമാനമോർത്ത് കുഴിച്ചുമൂടപ്പെടുന്നെന്ന് ആർക്കുമറിയില്ല. അല്ലെങ്കിലും സ്വച്ഛന്ദമായ നമ്മുടെ ജീവിതത്തിൽ അലോസരമുണ്ടാകുന്ന വാർത്തകൾ അറിയേണ്ടകാര്യം നമുക്കില്ലല്ലോ. (പത്രം തുറന്നാൽ കൊലപാതകവും ബലാത്സംഗവും മാത്രമേയുള്ളൂവെന്ന് കരുതി തുറന്നു പോലും നോക്കാത്ത സുഹൃത്തുക്കളെ എനിക്കറിയാം). നമ്മളും നമ്മുടെ മക്കളും സുരക്ഷിതരാണല്ലോ അതുമതി.

പിന്നെ ഈ കാടന്മാർക്ക് പക്ഷഭേദമൊന്നുമില്ല. ഇന്ത്യയിൽ



*പ്രിയസഹോദരന്മാരെ നിങ്ങളുടെ ഡി.എൻ.എ ക്ക് എന്താണ് പ്രശ്നം? മാനവും മാനക്കേടുമൊക്കെ പെണ്ണ് എന്തെങ്കിലും ചെയ്യുമ്പോഴാണോ? നിങ്ങൾക്ക് ഒരു ക്രോമോസോം അധികം കിട്ടിയിട്ടുണ്ടോ?*

മാത്രമല്ല, പരാക്രമം സ്ത്രീകളോ ട്. പലസ്തീനിലും കാലി ഫോർണിയയിലും നൈജീരിയയി ലുമൊക്കെ സ്ത്രീകൾ അക്രമ ത്തിനിരയാകുന്നു. അതീവശ്രേ ഷ്ഠമായ ഒരു മതത്തിന്റെ പേര് പറഞ്ഞ് താലിബാൻ നടത്തിയ , പ്രത്യേകിച്ച് സ്ത്രീസമൂഹത്തോട് ചെയ്ത നിഷ്ഠൂരത മറക്കാവുന്ന തല്ല. ഇപ്പോഴിതാ പാശ്ചാത്യ വിദ്യാഭ്യാസം നേടുന്നു എന്ന 'കൊടും പാപം' ചെയ്തതിന് 300 ഓളം വിദ്യാർത്ഥിനികളെയാണ് ബോകോ ഹറാം (അർത്ഥം പാശ്ചാത്യവിദ്യാഭ്യാസം പാപം) എന്ന തീവ്രവാദി സംഘടന തട്ടി ക്കൊണ്ടു പോയത്. ഇതുവരെ അവരെ വിട്ടയച്ചിട്ടില്ല. ഏറ്റവും പുതിയ വീഡിയോ കാണിക്കു ന്നത് ഹിജാബ് ധരിച്ച് ഖുറാൻ ഓതുന്ന കുഞ്ഞുങ്ങളെയാണ്.

നമ്മുടെ അയൽക്കാരായ പാക്കിസ്ഥാൻ വാർത്തകളിൽ നിറ ഞ്ഞത് ഓണർ കില്ലിംഗ് എന്ന ദുര ഭിമാനക്കൊലയിലൂടെയാണ്. ഗർഭിണിയായ യുവതിയെ പിതാവും സഹോദരന്മാരുമട ങ്ങിയ ജനക്കൂട്ടം കല്ലെറിഞ്ഞും ഇഷ്ടികക്കടിച്ചും കൊന്നു. നടന്ന താകട്ടെ സാംസ്കാരിക കേന്ദ്ര മായ ലാഹോറിലെ ഒരു കോട തിക്ക് സമീപം. ഒരാളെയും ഒറ്റ യേറിന് കൊല്ലാനാവില്ല. കയ്യിൽ കല്ലുതീർന്നപ്പോൾ ദൂരെ പോയി ഇഷ്ടിക എടുത്ത് എറിഞ്ഞാണ് ജനിപ്പിച്ച പാപം പിതാവ് തീർത്ത ത്. ഇതൊന്നും ആളുംപേരും ഇല്ലാത്തിടത്ത് നടന്നതല്ല. എതിർക്കാൻ അമ്മപെറ്റ, 'അച്ഛ നു'ള്ള ഒരു പുരുഷനും ഉണ്ടായി രുന്നില്ല. കണക്കുകൾ പറയുന്നത് പാക്കിസ്ഥാനിൽ തന്നെ 2013ൽ 900ഓളം സ്ത്രീകളാണ് ഓണർകി ല്ലിംഗിന് ഇരയായതെന്നാണ്. ഇതിലെത്രയോ അധികം ഓണർകില്ലിംഗ് നടത്താൻ പറ്റിയി ല്ലെങ്കിൽ ഓണർറേപ്പ് നടത്തുന്ന താണ് അവരുടെ മറ്റൊരു പരിപാ ടി. പെണ്ണിനെ അടിച്ചോണ്ട് പോയ ചെക്കനെ കിട്ടിയില്ലെങ്കിൽ അവന്റെ സഹോദരിയെ കിട്ടി യാലും മതി. ഒരു കൂട്ട റേപ്പ് നട ത്തിയാൽ മോളു പോയ അഭിമാനം തിരിച്ചു 'കെടയ്ക്കും'. മുക്തർമാ യിയുടെ കഥ ഉദാഹര ണം.

പ്രിയസഹോദര ന്മാരെ, നിങ്ങളുടെ ഡി. എൻ.എ ക്ക് എന്താണ് പ്രശ്നം? മാനവും മാന ക്കേടുമൊക്കെ പെണ്ണ് എന്തെങ്കിലും ചെയ്യു മ്പോഴാണോ? നിങ്ങൾക്ക് ഒരു ക്രോമോസോം അധികം കിട്ടിയി ട്ടുണ്ടോ? പെണ്ണായി പിറന്നതെല്ലാം വെറും ഭോഗവസ്തു മാത്രമാണോ? സഹസ്രാബ്ദങ്ങൾ കഴിഞ്ഞാലും ആൺകോയ്മക്ക് മാറ്റമില്ല. സമൂ ഹമേതായാലും അവൾക്ക് സ്വാത ന്ത്ര്യമില്ല. മകളോ സഹോദരിയോ പ്രണയിച്ചാൽ, ഇഷ്ടപ്പെട്ട ഒരു ജീൻസിട്ടാൽ, നിങ്ങൾ അംഗീകരി ക്കാത്ത പുരുഷനെ വിവാഹം ചെയ്താൽ എങ്ങനെയാണ് മാനം പോകുക? ഏത് ഉപനിഷത്താണ് മാനം പുരുഷന് മാത്രമാണെന്ന് വ്യാഖ്യാനിക്കുന്നത്. സൃഷ്ടി യുടെ വേദന അറിയാത്തവർക്കെ ന്തവകാശം അവളുടെ മാന ത്തിനു വിലയിടാൻ. കുറച്ച് നാൾ മുമ്പ് സമുദായാചാര്യൻ ബഹുഭാ ര്യത്വത്തെ സമർത്ഥിച്ചത് ആർത്ത വദിനങ്ങളായ നാലഞ്ചു ദിവ സത്തെ ഗ്യാപ്പിൽ പുരുഷന്മാർക്കു ണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാ ക്കാൻ സ്റ്റെപ്പിനി അത്യാവശ്യമാ ണെന്നാണ്. നാലഞ്ചു ദിവസം സഹിക്കാൻ പുരുഷന്റെ ക്രോമോ സോമിനു പറ്റില്ല. അതിനു പറ്റിയ മാർഗ്ഗം ബഹുഭാര്യത്വം തന്നെ. കാമവും വികാരങ്ങളുമൊക്കെ പുരുഷനു മാത്രമേയുള്ളൂ. സ്ത്രീകൾക്കങ്ങനെയൊക്കെ തോന്നിയാൽ വഴി പിഴച്ചവളാകും. എന്നാൽ തിരിച്ച് ഒരാഴ്ചയിൽ കൂടുതൽ ഭർത്താവ് മാറിനിന്നാൽ ടെംപററി അഡ്ജസ്റ്റ്മെന്റിന് സ്ത്രീകൾക്ക് പോകാമെന്ന് വിധിയിറക്കാമോ? ഭാഗ്യം.

നമ്മുടെ സ്ത്രീകൾ കാലമെത്രക ഴിഞ്ഞാലും സതിയിലും സാവി ത്രിയിലും വിശ്വസിക്കുന്നവരാണ്. ചില ഹരിതമാരുണ്ടെങ്കിലും.

ഇതിനൊന്നും പ്രതികരിക്കാൻ ആരുമില്ല. ഭരണകൂടം എന്താണ് ചെയ്തത്? വേട്ട നടത്തിയത് യാദവസമുദായക്കാരായതു കൊണ്ട് മുഖ്യമന്ത്രി കുഞ്ഞൻ യാദവിനും അച്ഛൻ യാദവിനും മുണ്ടാട്ടം മുട്ടിയിരിക്കുന്നു. 'ആമ്പി ള്ളേരല്ലേ, അങ്ങനെയൊക്കെ നട ക്കും. അതിനവരെ തൂക്കിക്കൊ ല്ലാൻ പറ്റുമോ' എന്ന് അച്ഛൻ യാദവ്. വോട്ടുബാങ്കിൽ കണ്ണിട്ടാ യിരിക്കും മിക്ക നേതാക്കന്മാരും സ്ഥലം സന്ദർശിച്ചു. പേടിയോ അവഗണനയോ മുഖ്യമന്ത്രി ഇതു വരെ ബദായുവിൽ പോയിട്ടില്ല. എന്തിന് എസ്സ്.സി/എസ്സ്.ടി ആക്ട് പ്രകാരം കേസു പോലും എടുത്തിട്ടില്ല. മക്കൾ കാണാതാ യത് പരാതി പറയാൻ ചെന്ന പിതാവിന്റെ കരണത്തടിച്ച് യാദവ ശേഷി തെളിയിച്ച പോലീസിന്റെ നേതാവാണല്ലോ അദ്ദേഹം.

സംഭവം നടന്ന കുഗ്രാമത്തിൽ വൈദ്യുതിയോ എന്തിന് വൃത്തി യുള്ള ഒരു കക്കൂസ് പോലുമില്ല. സ്വന്തം വീട്ടിൽ ശോചനാലയം ഇല്ലാത്തതുകൊണ്ട് ഇരുട്ടത്ത് പുറത്തു പോയ കുഞ്ഞുങ്ങളെയാ ണല്ലോ വേട്ടക്കാർ കുരുതി കൊടുത്തത്. ജയിക്കുമ്പോൾ വിദ്യാർത്ഥിക്ക് ലാപ്ടോപ്പും വീട്ട മ്മമാർക്ക് ടി.വിയും മിക്സിയും നൽകുന്നവർ ഇവരെങ്ങനെ വെളിക്ക് പോകുമെന്ന് നോക്കേ ണ്ട കാര്യമില്ലല്ലോ. മുൻമുഖ്യമന്ത്രി മായാവതി മാതാവ് കാക്കയ്ക്ക് വെളിക്കിരിക്കാൻ തന്റേയും കു ടുംബാംഗങ്ങളുടേയും പ്രതിമകൾ ഉണ്ടാക്കിയ കാശുണ്ടായിരുന്നെ ങ്കിൽ ഈ കുടുംബങ്ങളിൽ വൃ ത്തിയുള്ള കുറേ കക്കൂസെങ്കിലും ഉണ്ടാക്കാമായിരുന്നു, ഈ കു ഞ്ഞുങ്ങൾ ഇരുട്ടത്ത് ദൂരേക്ക് പോ കേണ്ടി വരില്ലായിരുന്നു. വിദേശ നിക്ഷേപം പൊതുമേഖലകളിൽ 100 ശതമാനമാക്കി വൈബ്രന്റ് ഇ ന്ത്യക്കായി ഓടുന്ന മോദി സർ ക്കാർ വിദേശനിക്ഷേപമോ സഹാ യമോ ആയാലും സാരമില്ല, ഒരു വീടിനൊരു കക്കൂസ് നിർമ്മിച്ച് നൽകാമെങ്കിൽ അച്ഛേദിൻ ആനേ വാലായെന്ന് നമുക്ക് പറയാം.

*രക്തമൂറ്റി മുലയൂട്ടി കണ്ണീര് വറ്റിച്ച് വളർത്തിയ സൃഷ്ടിയുടെ ആദ്യവും അവസാന വുമായ സ്ത്രീയെ പീഡിപ്പിക്കുന്ന അപമാനിക്കുന്ന ദുശ്ശാസനൻമാരുടെ **DNA** പ്രശ്നത്തെ നമുക്കെങ്ങനെ നേരിടാം? തളക്കാം? പണ്ടൊരു കൃഷ്ണ വർണ്ണയെ അപമാനി ച്ചതായിരുന്നു യാദവൻ മുഖ്യപങ്കു വഹിച്ച പഴയ മഹാഭാരതകഥ, കലിയുഗ മഹാഭാരതത്തിൽ ശിക്ഷകന്റെ റോളിലേക്ക് സ്ഥാനക്കയറ്റം.*

രക്തമൂറ്റി മുലയൂട്ടി കണ്ണീര് വ റ്റിച്ച് വളർത്തിയ സൃഷ്ടിയുടെ ആ ദ്യവും അവസാനവുമായ സ്ത്രീ യെ പീഡിപ്പിക്കുന്ന അപമാനിക്കു ന്ന ദുശ്ശാസനൻമാരുടെ DNA പ്ര ശ്നത്തെ നമുക്കെങ്ങനെ നേ രിടാം? തളയ്ക്കാം? പണ്ടൊരു കൃ ഷ്ണവർണ്ണയെ അപമാനിച്ചതായി രുന്നു യാദവൻ മുഖ്യപങ്കുവഹിച്ച പഴയ മഹാഭാരതകഥ, കലിയുഗ മഹാഭാരതത്തിൽ ശിക്ഷകന്റെ റോളിലേക്ക് സ്ഥാനക്കയറ്റം.

സാക്ഷരതയുള്ള നമ്മുടെ കേ രളത്തിൽ പീഢകരിൽ നിന്ന് രക്ഷ നേടാൻ കരാട്ടെ പഠിക്കണം, പെ പ്പർ സ്പ്രേ കൊണ്ടുനടക്കണം എ ന്നൊക്കെ ഉപദേശിക്കാം. പക്ഷേ ഉണ്ണാനും ഉടുക്കാനും എന്തിന് വെളിക്കിരിക്കാൻ പോലുമില്ലാത്ത ഈ പാവങ്ങളെന്ത് ചെയ്യും. സ വർണ്ണസമൂഹം മൊത്തമായി ആ ക്രമിക്കാനെത്തുമ്പോൾ എങ്ങനെ പ്രതിരോധിക്കും? എത്ര ആധുനി കതയും സോഷ്യലിസവും പറ ഞ്ഞാലും ജാതിസംവരണത്തിന്റെ ആവശ്യകത വരുന്നതിതു പോലു ള്ള സ്ഥലത്താണ്. മൊത്തം സമൂ ഹത്തിന്റെ മനഃസ്ഥിതി മാറുന്നത് വരെയെങ്കിലും സംവരണതത്വ ങ്ങൾ പാലിച്ചേ തീരു. പോലീസ് സേനയിൽ കൂടുതൽ വനിതകളെ ഉൾപ്പെടുത്തുക, എല്ലാ പോലീസ് സ്റ്റേഷനിലും വനിതാപ്രാതി നിധ്യം ഉറപ്പാക്കുക. മുഖം നോ ക്കാതെ നടപടിയെടുക്കാനും കു റ്റം ചെയതാൽ കഠിനശിക്ഷ ഉറ പ്പാക്കാനും കഴിയണം. സ്ത്രീവി രുദ്ധ നടപടി മനുഷ്യത്വരഹിതമാ ണെന്ന് സമൂഹം മനസ്സിലാ ക്കണം. സ്ത്രീയെ ശക്തിയായി ആരാധിക്കുന്ന ഭാരതീയർ, ആ രാധനയൊന്നും വേണ്ട, ഉപദ്രവി ക്കാതെ വെറുതെ അവരെ വി ട്ടാൽ മതി.

**വാൽക്കഷണം**

അടുത്തിടെ നിർമ്മല എഴുതി യ 'പീഡനം അരുത്' എന്ന പീഡ കന്മാരെ നേരിടാൻ പുരുഷന്മാർ ക്കെതിരേ സംഘടിച്ച് അവരെ പീ ഡിപ്പിക്കുന്ന കൂട്ടായ്മയുടെ കഥ യുടെ കോപ്പി ആവശ്യമുള്ളവർക്ക് അയച്ചുതരുന്നതാണ്. ഇനിയൊരി ക്കലും അടിക്കാൻ കൈ ഉയർത്ത രുതെന്ന് പറയുന്നത് പോലെ ഒരു പെണ്ണിന്റെ നേരേയും ഒന്നും ഉ യർത്താൻ ബാക്കിവെക്കാത്ത രീ തിയിലുള്ള ശിക്ഷ വിധിക്കുന്ന കാലം വരട്ടെയെന്ന പ്രാർത്ഥന യോടെ എല്ലാ പുരുഷന്മാരും ദു ശ്ശാസനന്മാരല്ല എന്ന തിരിച്ചറിവു ണ്ടെങ്കിലും ഒറ്റ പുരുഷനും ദുശ്ശാ സനനല്ല എന്ന കനവ് യാഥാർ ത്ഥ്യമാകുന്നത് വരെ നമുക്ക് പേടി യോടെ നടക്കാം.

ലേഖനം

എം.ഡി.രാധിക



# ഫെമിനിസവും ഞാനും

**ദശകങ്ങൾക്കപ്പുറം**, കോഴിക്കോട്ടെ പ്രോവിഡൻസ് വിമൻസ് കോളേജിലെ വിശാല മായ ഓഡിറ്റോറിയം. യുവതി യായ ഞാൻ സാറാജോസഫി ന്റേയും അവരുടെ മുടി മുറിച്ച കൂട്ടുകാരിയുടേയും സ്ത്രീവാദാ ശയങ്ങൾക്ക് കാതോർത്തിരിക്കു ന്നു. എനിക്കവരോട് യോജിക്കാ നാവുന്നില്ല. ഏറെ കാല്പനിക മാണ് എന്റെ ഹൃദയം. യാഥാർത്ഥ്യമാവാൻ കാത്തുകാ ത്തിരിക്കുന്ന പ്രണയസ്വപ്നങ്ങ ളാൽ നിർഭരം. അവക്കുമേൽ ഇങ്ങനെ മഞ്ഞുവീഴുന്നത് എനിക്ക് സഹിക്കാനാവുന്നില്ല.

പുസ്തകങ്ങളായിരുന്നു കുട്ടി ക്കാലം മുതൽ ജീവിതത്തിന്റെ കേന്ദ്രസ്ഥാനത്ത്. വാരികകളുടെ വാർഷികപതിപ്പുകൾ കയ്യിൽ കിട്ടിയാൽ ഉടനെ പോകുക പ്രശസ്ത സാഹിത്യകാരന്മാരുടെ രചനകളിലേക്ക്. എപ്പോഴാണ് എന്റെ മനസ്സ് എഴുത്തുകാരികളി ലേക്ക് ഉത്സുകമായത്? അവരുടെ രചനകളിൽ എന്നെ തിരയുന്ന താണ് കൂടുതൽ സഫലം എന്ന തിരിച്ചറിവിലേക്ക് അത് എത്തിപ്പെ ട്ടത് എപ്പോഴാണ്?

എന്റെ മുപ്പതുകളിൽ മാത്ര മാണ് ഞാൻ സ്ത്രീവാദത്തിന്റെ ലോകത്തേക്ക് വന്നത്. ജോലി, ഡോക്ടറേറ്റ്, ഭർത്താവ്, കുട്ടി കൾ, എഴുതിയ കുറേ കഥകൾ. ജീവിതത്തിലിനി പുതിയ അദ്ധ്യാ യമൊന്നുമില്ലല്ലോ എന്ന നിരാശ ഉള്ളിൽ നിഴൽ വീഴ്ത്തിത്തുട ങ്ങിയ ഒരു കാലമായിരുന്നു അത്. ഡാന്റി (Dante) 'Divine Comedy' യുടെ തുടക്കത്തിൽ പറ യുന്ന പോലെ, എല്ലാവരും ജീവി തമദ്ധ്യത്തിൽ എത്തിപ്പെടുന്ന വഴി യവസാനിക്കുന്ന ആ ഇരുണ്ട വനാന്തരത്തിൽ ഞാനും എത്തി ച്ചേർന്ന അനുഭവം. ആയിടക്കാണ് Anais Ninന്റെ 'In favour of the sensitive man' എന്ന കൃതിയി ലൂടെ കടന്നുപോയത്. വെളിച്ച ത്തിന്റെ ഏതോ ചില തരികൾ മനസ്സിൽ പതിച്ചു. പിന്നെ ജേർമെയ്ൻ ഗ്രീയറിലൂടെ, ഗ്ലോറിയ സ്റ്റയിനത്തിലൂടെ, സീമോങ്ങ് ദ ബൂവയിലൂടെ, വേർജിനിയാ വൂൾഫിലൂടെ,

*ആരും ഒരു ഫെമിനിസ്റ്റായി ജനിക്കുന്നില്ല. ഫെമിനിസം ഒരു ബോധവികാസമാണ്. കേൾവിയിലൂടെ, വായനയിലൂടെ, ചിന്തയിലൂടെ, വേറിട്ട നോക്കിക്കാണലിലൂടെ അത് നമ്മിലേക്ക് വരുന്നു.*

കെയ്റ്റ് മില്ലെററിലൂടെ, ഷുലാമിത് ഫയർസ്റ്റോണിലൂടെ, 'ഫെമിനിസംസ്' എന്ന ഭീമൻ സമാഹരണത്തിലൂടെ, സിസൂ-ക്രിസ്റ്റേവ-ഇരിഗാറെ എന്ന ഫ്രഞ്ച് ത്രിത്വത്തിലൂടെ അങ്ങനെയങ്ങനെ- ആലീസ് അവളുടെ അത്ഭുതലോകത്തിൽ എത്തിയ പോലെയായിരുന്നു. എന്നും അപരിചിതമായി ത്തോന്നിയിരുന്ന ഈ ഭൂമി ആദ്യമായി എന്നോട് 'യെസ്' എന്നു പറഞ്ഞ പോലെ. ആദ്യം പേരിട്ടു വിളിച്ച ലോകത്തെ സ്വയം പേരിട്ടു വിളിക്കാൻ തുടങ്ങിയ ഹവ്വയുടെ ഋതുലോകം. പുതിയ കുപ്പിയിൽ നിറക്കുമ്പോൾ ജീവിതത്തിന്റെ വീഞ്ഞു 'താനേ പുതിയതായിത്തീരും' എന്ന കണ്ടെത്തൽ. മരിക്കുന്നതിനു മുൻപേ തന്നെ നമ്മിൽ പലരും – അതിൽ പുരുഷന്മാരുമുണ്ട്-ആന്തരമൃത്യു കൈവരിക്കുന്നു. തക്കസമയത്ത് ഇടപെട്ട് മരണം വരെ എന്റെ ജീവിതം എനിക്കു നീട്ടിത്തന്നു ഫെമിനിസം. ആരും ഒരു ഫെമിനിസ്റ്റായി ജനിക്കുന്നില്ല. ഫെമിനിസം ഒരു ബോധവികാസമാണ്. കേൾവിയിലൂടെ, വായനയിലൂടെ, ചിന്തയിലൂടെ, വേറിട്ട നോക്കിക്കാണലിലൂടെ അത് നമ്മിലേക്ക് വരുന്നു.

ഇന്നലത്തേയും ഇന്നത്തേയും ഏതു പുരുഷനേക്കാളും സമഗ്രമായി സ്ത്രീയെ സ്നേഹിക്കാനറിയുന്ന പ്രസ്ഥാനം എന്നു ഞാനതിനെ വിളിക്കട്ടെ. പുരുഷനെ കുറ്റപ്പെടുത്തുകയല്ല. അയാളും പുരുഷാധിപത്യ വ്യവസ്ഥയുടെ ഒരു സൃഷ്ടിയാണെന്ന് ആർക്കാണറിഞ്ഞുകൂടാത്തത്. മാത്രവുമല്ല നമുക്ക് നന്ദിയോടെ ഓർക്കുക, മുത്തശ്ശനായും അച്ഛനായും സഹോദരനായും അമ്മാവനായും അദ്ധ്യാപകനായും സുഹൃത്തായും കാമുകനായും ഭർത്താവായും മകനായും മറ്റും അയാൾ നമ്മെ തന്നാൽ ആവും വിധത്തിലൊക്കെ എത്രമേൽ സ്നേഹിച്ചിരിക്കുന്നു എന്ന്.

ഫെമിനിസം എന്നാൽ അന്ധമായ പുരുഷവിദ്വേഷത്തിന്റെ

*നല്ല ചിന്തകൾ ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും എന്നിലേക്ക് വരട്ടെ എന്നു പ്രാർത്ഥിച്ചവരായിരുന്നു നമ്മുടെ പൂർവ്വികർ. ആശയങ്ങൾക്ക് എന്തിനാണ് ദേശീയമായ ഒരു കന്യകാത്വപരിശോധന? നമുക്ക് ഉൾക്കൊള്ളാവുന്നത് നമുക്ക് സ്വീകരിക്കുക എന്നതല്ലേ പ്രായോഗികം?*

പ്രസ്ഥാനമാണെന്ന ലളിതവിശ്വാസം വെച്ചുപുലർത്തുന്നവരാണ് മിക്ക സ്ത്രീപുരുഷന്മാരും. ഒന്നു ചോദിക്കട്ടെ, ബ്രിട്ടീഷ് സാമ്രാജ്യത്വത്തോട് അഹിംസയിലൂടെ പൊരുതിയ ഗാന്ധിജി, എല്ലാ ബ്രിട്ടീഷുകാരേയും വെറുത്തിരുന്നോ? അവരുടെ തെറ്റായ നയങ്ങൾക്കു മാത്രമല്ലേ അദ്ദേഹം എതിരു നിന്നത്? വെളുത്ത വംശജരെ മൊത്തം വെറുത്തു കൊണ്ടാണോ മാർട്ടിൻ ലൂതർ കിംഗ് "ജൂനിയർ എനിക്കൊരു സ്വപ്നമുണ്ട്" എന്ന്, തന്റെ മുമ്പിൽ തടിച്ചുകൂടിയ കറുത്തവരും വെളുത്തവരുമായ കേൾവിക്കാരോട് മനസ്സു തുറന്നത്? വെറുപ്പിന്റെ തത്വസംഹിതകൾക്ക് മനുഷ്യചരിത്രത്തിൽ ആയുസ്സ് കുറവായിരിക്കും. കാരണം അവ ജീവിതവുമായി സൗഹൃദത്തിലല്ല. മനുഷ്യരാശിയിൽ ഏതെങ്കിലുമൊരംശത്തെ വെറുത്തുകൊണ്ട് ഒരു പ്രസ്ഥാനത്തിനും ഏറെ നാൾ നിലനിൽക്കാനാവില്ല. ഫെമിനിസത്തിനാവട്ടെ, രണ്ടുനൂറ്റാണ്ടിനപ്പുറം നീളുന്ന, ധീരവും അകളങ്കിതവുമായ ഒരു ചരിത്രമുണ്ട്.

ഫെമിനിസം പടിഞ്ഞാറു നിന്നും വന്നു എന്നതാണ് മറ്റൊരാക്ഷേപം. അങ്ങനെയെങ്കിൽ വെസ്റ്റേൺ മെഡിസിനോട് നാം പുറംതിരിഞ്ഞു നിൽക്കാത്തതെന്ത്? നല്ല ചിന്തകൾ ലോകത്തിന്റെ എല്ലാ കോണുകളിൽ നിന്നും എന്നിലേക്ക് വരട്ടെ എന്നു പ്രാർത്ഥിച്ചവരായിരുന്നു നമ്മുടെ പൂർവ്വികർ. ആശയങ്ങൾക്ക് എന്തിനാണ് ദേശീയമായ ഒരു കന്യകാത്വപരിശോധന? നമുക്ക് ഉൾക്കൊള്ളാവുന്നത് നമുക്ക് സ്വീകരിക്കുക എന്നതല്ലേ പ്രായോഗികം?

നിലനിൽക്കുന്ന വ്യവസ്ഥകൾക്കെതിരെ തിരിയുമ്പോൾ നമുക്കാദ്യം നേരിടേണ്ടി വരുന്നത് നമ്മിലെത്തന്നെ ഭയത്തേയും കുറ്റബോധത്തേയുമായിരിക്കും. നമ്മളൊക്കെ ഇന്നല്ലെങ്കിൽ നാളെ മരിച്ചുപോവുന്ന വെറും മനുഷ്യജീവികളാണെന്ന കണ്ണിമക്കാത്ത ബോധം ഒരു പക്ഷേ ഭവഭയത്തിനുള്ള ഏറ്റവും നല്ല മറുമരുന്നാണ്. പ്രകൃതിക്കെതിരെ, ദൈവത്തിനെതിരെ എന്നൊക്കെ വാദിച്ചാണ് മാറ്റം ആഗ്രഹിക്കുന്നവരിൽ മറ്റുള്ളവർ കുറ്റബോധമുണ്ടാക്കുന്നത്. പ്രകൃതിയെ നമ്മൾ വ്യാഖ്യാനിച്ചെടുക്കുകയാണെന്നും ദൈവസങ്കല്പം നമ്മുടെ തന്നെ സൃഷ്ടിയാണെന്നും നാം മറന്നു പോകുന്നു. പെണ്ണായിപ്പിറന്നതുകൊണ്ട് ഒരു വ്യക്തി കണ്ണീർ കുടിക്കണമെന്ന് പ്രകൃതിയോ ദൈവമോ ആഗ്രഹിച്ചിട്ടില്ല. സമൂഹവും മതങ്ങളും അങ്ങനെയൊക്കെ വളച്ചൊടിക്കുകയാണ്.

സ്ലീവ് 'ലെസ്' ബ്ലൗസും വലിയ കൂളിംഗ്'ഗ്ലാസും വാനിറ്റി ബാഗുമായി ക്ലബ്ബിലേക്കു പോവുന്ന, വളർത്തുപട്ടിയെ ഓമനിക്കുകയും ഭർത്താവിനെ അടിമയായ് കരുതുകയും ചെയ്യുന്ന മിക്കപ്പോഴും സുകുമാരിക്ക് നൽകപ്പെട്ട ഒരു സ്ത്രീവേഷമായാണ് സ്ത്രീസ്വാതന്ത്ര്യം നമ്മുടെ മുൻകാല സിനിമകളിൽ പ്രത്യക്ഷപ്പെട്ടിട്ടുള്ള

ത്. വോട്ടിനും ഉന്നതവിദ്യാഭ്യാസത്തിനും തൊഴിലിനും സ്വത്തിനും മറ്റുമുള്ള അവകാശങ്ങൾ സ്ത്രീകൾക്ക് കൈവന്നത് എത്രയോ തലമുറകളിലെ ലോകമെമ്പാടുമുള്ള സ്ത്രീകളുടെ മുറവിളികൾക്കും സമരങ്ങൾക്കും ശേഷമാണെന്ന യാഥാർത്ഥ്യം വിസ്മരിക്കപ്പെടുന്നു. ഫെമിനിസത്തിന്റെ നീറുന്ന ചരിത്രം തമസ്കരിക്കപ്പെടുന്നു.

പുരുഷകേന്ദ്രിത സംസ്ക്കാരം ശരീരം കൊണ്ട് പെണ്ണായവളെ മനസ്സുകൊണ്ട് ആണാക്കുന്നു എന്ന് അമേരിക്കൻ സാഹിത്യവിമർശകയായ ജൂഡിത് ഫെറ്റേർലി. അവരീ പ്രക്രിയക്ക് 'ഇമ്മാസ്ക്യൂലേഷൻ' (immasculation) എന്ന ഒരു പ്രത്യേക പേരു തന്നെ നൽകി. ഇത് സ്ത്രീയിൽ സൃഷ്ടിക്കുന്ന സംഘർഷം അവളെ ഭ്രാന്തിലേക്ക് സ്കിസോഫ്രേനിയയിലേക്ക് ആണ് നയിക്കുക എന്നവർ ചൂണ്ടിക്കാണിക്കുന്നു. ഒരു ഫെമിനിസ്റ്റ് അവബോധത്തിലൂടെയല്ലാതെ ആരോഗ്യമുള്ള ഒരു സ്വത്വം സ്ത്രീക്ക് നേടിയെടുക്കാനാവില്ലെന്നും.

സ്ത്രീവാദം ചർച്ചയാവുന്ന വേദികളിലൊക്കെ 'റ്റീച്ചറെ, നമുക്ക് ഹ്യൂമനിസം പോരെ, ഇങ്ങനെ സ്ത്രീയേയും പുരുഷനേയും വേർതിരിക്കണോ എന്നു ചോദിക്കുന്ന പുരുഷന്മാരെ കണ്ടിട്ടുണ്ട്. ഹ്യൂമനിസം എന്നത് മോഹിപ്പിക്കുന്ന ഒരു വാക്കാണ്. അതിലെ 'ഹ്യൂമൺ' എന്ന പദഭാഗം പക്ഷേ സ്ത്രീയെ ഉൾക്കൊള്ളുന്നില്ല എന്നു മാത്രമാണ് ഫെമിനിസം വാദിക്കുന്നത്. അത് ഞങ്ങളേയും കുറിക്കുന്നില്ല എന്ന് ദരിദ്രരും ദലിതരും കറുത്തവർഗ്ഗക്കാരും ലോകത്തെ എല്ലാ പാർശ്വവത്കൃതരും പലപ്പോഴായി പറഞ്ഞിട്ടുണ്ട്. ഇന്നത്തെ LGBT (ലെസ്ബിയൻ, ഗേ, ബൈസെക്ഷ്വൽ, ട്രാൻസ്ജെൻഡർ) സംഘങ്ങളും അതുതന്നെ പറയുന്നു.

സ്ത്രീപുരുഷബന്ധം മാത്രം കേന്ദ്രവിഷയമാക്കി സാഹിത്യവും സിനിമയുമെല്ലാം സ്ത്രീയെ സ്ത്രീയിൽ നിന്നകറ്റി നിർത്തുന്നു. വാസവദത്തയെ തിരിഞ്ഞു നോക്കാത്ത ഉപഗുപ്തൻ ഉദാത്തനായകനും, ഈച്ചയാട്ടി, അവളുടെ അറുത്തു മുറിക്കപ്പെട്ട ശരീരത്തിനരികിൽ ചുടലക്കാട്ടിലും അവൾക്കു കാവലിരിക്കുന്ന പ്രിയതോഴി വെറും മൈനർ കഥാപാത്രമാവുന്നു. ക്ലിയോപാട്രക്ക് മാർക്ആന്റണിയുടെ ഭാര്യയെ സ്നേഹത്തോടെ കാണാൻ കഴിഞ്ഞിരുന്നെങ്കിൽ എന്ന ആരും

> *ഓരോ സ്ത്രീക്കും അവളുടേതായ സ്ത്രീവാദം എന്നു വരെ പറയാനാഗ്രഹിക്കുന്ന ഒരാളാണ് ഞാൻ–സംശയിക്കേണ്ട, അപ്പോഴുമുണ്ടാവും കൂട്ടായ്മക്കുള്ള എത്രയോ വേദികൾ.*

ചോദിക്കാത്ത ചോദ്യം വേർജീനിയാവൂൾഫ് ഉയർത്തിയത് അതുകൊണ്ടാണ് അതുപോലെ സ്ത്രീയുടെ അമ്മറോളിനെ ബലപ്പെടുത്തി നിർത്താനുള്ള തന്ത്രമല്ലെ രണ്ടാനമ്മയയിൽ ആരോപിക്കുന്ന ക്രൂരത എന്നും സംശയിക്കണം. തന്റെ മാത്രമല്ല, സമൂഹത്തിലെ തനിക്കു പേരറിയാത്ത എത്രയോ പേരുടെ സംരക്ഷണയിലാണ് തന്റെ കുട്ടി ഭദ്രമായി നിലനിൽക്കുന്നത് എന്ന് ബുദ്ധിയുള്ള ഏതമ്മക്കാണ് അറിയാത്തത്? അവൻ കഴിക്കുന്ന അരിയും പച്ചക്കറിയും മുതൽ അവന്റെ ബുദ്ധിയിലെ വെളിച്ചം വരെ എവിടെ നിന്നെല്ലാമാണ് അവനിലേക്കെത്തുന്നത്!

അമ്മമാരെപ്പറ്റി പറഞ്ഞുവരുമ്പോഴാണ് ചില പുത്തൻസിനിമകളിൽ അവരെ ചിത്രീകരിച്ച വിധത്തെപ്പറ്റി ഒരു വിയോജിപ്പ് രേഖപ്പെടുത്താൻ തോന്നുന്നത്. സ്ത്രീയെപ്പറ്റി പരമ്പരാഗതരീതിൽ നിന്നും മറിച്ചു ചിന്തിക്കാൻ ശ്രമം നടത്തുന്ന 'ബാംഗ്ലൂർ ഡെയ്സി'ലും 'ഹൗ ഓൾഡ് ആർ യൂ?'വിലും യഥാക്രമം കല്പനയും കലാരഞ്ജിനിയും അവതരിപ്പിച്ച അമ്മമാർ ഒരുതരം കോമാളിവത്കരണത്തിന് വിധേയരായിരിക്കുന്നു. മാതൃത്വത്തിന്റെ ആദർശവത്കരണമെന്ന കൃത്രിമത്വത്തിന് ബദലായിട്ടാണോ ഇങ്ങനെ ചെയ്തത്? എങ്കിൽ അത് ഒട്ടും ഫലപ്രദമായില്ല എന്നു മാത്രം പറയട്ടെ. സ്നേഹശൂന്യമായ മിഴികളിലൂടെ നോക്കുമ്പോൾ പ്രായഭേദമെന്യേ നമ്മളൊക്കെയും കോമാളികൾ തന്നെ എന്നു നമുക്കു മറക്കാതിരിക്കുക. പത്രത്തിലൂടേയും ടിവിയിലൂടേയുമൊക്കെ ലോകത്തെ തങ്ങളുടെ എൺപതുകളിലും കൃത്യമായി പിൻതുടരുന്ന എത്രയോ അമ്മമാരുടെ നാടാണ് സുഹൃത്തേ കേരളം.

'സ്ത്രീവാദങ്ങൾ' എന്ന ബഹുവചനത്തെ കഷ്ടം വെക്കുന്നവരുണ്ട്. ഛിന്നഭിന്നമാവുന്നല്ലോ ഈ പ്രസ്ഥാനം എന്ന ആവശ്യമില്ലാത്ത സഹതാപം. ഓരോ സ്ത്രീക്കും അവളുടേതായ സ്ത്രീവാദം എന്നുവരെ പറയാനാഗ്രഹിക്കുന്ന ഒരാളാണ്. ഞാൻ– സംശയിക്കേണ്ട, അപ്പോഴുമുണ്ടാവും കൂട്ടായ്മക്കുള്ള എത്രയോ വേദികൾ. ഒരു വ്യക്തിയെ നിർണയിക്കുന്നത്, ലോകത്തിലെ അവളുടെ ഇടം നിർണയിക്കുന്നത് എത്രയെത്ര ഘടകങ്ങളാണ്! അവളുടെ സാമ്പത്തികസ്ഥിതി, വിദ്യാഭ്യാസം, ജോലി, ദേശം, ഭാഷ, മതം, ജാതി, വംശം, വസ്ത്രധാരണം, ഭക്ഷണം, ലൈംഗികതെരഞ്ഞെടുപ്പുകൾ അങ്ങനെ എത്രയെത്ര നിറം ചേർത്ത നൂലുകൾ കൂട്ടിപ്പിരിച്ചാണ് അവളെന്ന സങ്കീർണ്ണത ഉരുവം കൊള്ളുന്നത്! അപ്പോൾപിന്നെ വ്യത്യസ്തത എന്ന യാഥാർത്ഥ്യത്തെ സ്ത്രീകൾ എന്തിനു ഭയപ്പെ

ടണം? വെളുത്തവർഗ്ഗ സ്ത്രീകളുടെ പ്രശ്നങ്ങളല്ല കറുത്തവർഗ്ഗക്കാരികളുടേതെന്നു പറഞ്ഞാണ് ആലീസു വോക്കർ 'വുമനിസ' (womenism)ത്തിനു രൂപം നൽകുന്നത്. 'ലെസ്ബിയൻസ്' സ്ത്രീകളല്ല എന്ന് letrosexist മനോഭാവമുള്ള മുഖ്യധാരാഫെമിനിസ്റ്റുകളുടെ മുഖത്തു നോക്കി മോണിക് വിറ്റിഗ് വിളിച്ചുപറയുകയുണ്ടായി.

പെണ്ണെഴുതുമ്പോൾ തന്നിലെ പെണ്ണിന്റെ സ്വരം ഉപയോഗിക്കണം എന്നുമാത്രമേ 'പെണ്ണെഴുത്ത്' പറയുന്നുള്ളൂ. ആൺരീതികളാണ് സർഗ്ഗാത്മകരചനയിൽ പോലും പെണ്ണിനു ശീലം എന്നതിനാൽ മാത്രം. നമുക്ക് കൂടുതൽ നമ്മളാവുക, അങ്ങനെ ഉള്ളിലെ ശകലിതാവസ്ഥയെ മറികടക്കുക എന്ന്. അത് മുമ്പു പറഞ്ഞ പോലെ ബോധത്തിലെ ഒരു വിപ്ലവമാണ്. അതിന് അല്പം ക്ലേശിക്കണം.

പുരുഷാധിപത്യക്കണ്ണട മാറ്റിവെച്ചാൽ ആണിനും സാധ്യമായ ഒരെഴുത്താണ് അത് എന്ന് ഈ സംജ്ഞയുടെ പ്രചാരകരായ ഫ്രെഞ്ചുഫെമിനിസ്റ്റുകൾ വിശ്വസിക്കുന്നു.

സ്വയം വിമർശനത്തെ ഇത്രമാത്രം സ്വാഗതം ചെയ്യുന്ന ഒരു പ്രസ്ഥാനം, വൈവിധ്യത്തെ ഇത്രമേൽ കൊണ്ടാടുന്ന ഒരു പ്രസ്ഥാനം ഫെമിനിസത്തെപ്പോലെ വേറൊന്നുണ്ടെന്ന് തോന്നുന്നില്ല. എന്നിലെ സത്യമായ ഒന്നിനേയും നിഷേധിക്കാതെ തന്നെ ഇത്രയും കാലം ഫെമിനിസത്തോടൊപ്പം ഒഴുകാൻ എന്റെ മനസ്സിനു കഴിഞ്ഞു. എല്ലാ ലേബലുകളേയും പരിമിതികളായ്ക്കണ്ട് ഒഴിവാക്കുന്നു ഞാൻ. ഒരു ഫെമിനിസ്റ്റാണ് എന്ന് നെഞ്ചിൽ കൈവെച്ച് ഇന്നും പറയാൻ മടിക്കാത്തത് അതുകൊണ്ടാണ്. എനിക്ക് ജീവിതം ജീവിതമാക്കിയ ഈ ചിന്താധാരയോട് ഏറെ കടപ്പെട്ടിരിക്കുന്നു എന്നിലെ ഞാൻ എന്നുമാത്രം പറഞ്ഞു കൊണ്ട് അവസാനിപ്പിക്കട്ടെ.

---

*പേജ് 41 തുടർച്ച*

പ്ലവകാരിയായിട്ടു ഭാര്യയായതാ ഞാൻ അല്ലാതെ ഭാര്യയായിട്ടു വിപ്ലവകാരിയായതല്ല' (പെൺകാലങ്ങൾ പു.231). ഇന്നും എത്ര ആത്മധൈര്യത്തോടെ ഇങ്ങനെ പ്രതികരിക്കാനാവും?

തുടർന്നുണ്ടായ പോലീസുവേട്ടയിൽ അവർ പോലീസിന്റെ പിടിയിലായി. ഏറ്റവുമധികം പോലീസ് മർദ്ദനം ഏറ്റുവാങ്ങേണ്ടി വന്ന കമ്മ്യൂണിസ്റ്റുകാരിൽ ഒരാളായിരുന്നു കൂത്താട്ടുകുളം മേരിയെന്നത് അവരുടെ മാത്രം ജീവിതകഥയല്ല. കേരളത്തിന്റേയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റേയും ചരിത്രമാണ്. അതിലൊക്കെയപ്പുറം മലയാളിസ്ത്രീയുടെ ചരിത്രവുമാണത്. മറ്റേതു പ്രസ്ഥാനവുമെന്ന പോലെ കമ്മ്യൂണിസ്റ്റു പ്രസ്ഥാനവും ഈ മണ്ണിലുറച്ചത് പെണ്ണിന്റെ കൂടി ചോരയിലും കണ്ണീരിലും വിയർപ്പിലും കുതിർന്നിട്ടാണ്. അതു കമ്മ്യൂണിസ്റ്റുകാർ അറിഞ്ഞുകൊള്ളണമെന്നില്ല. പക്ഷേ പെണ്ണറിഞ്ഞേ പറ്റൂ. കമ്മ്യൂണിസ്റ്റു പാർട്ടിയുടെ നിരോധനം നീക്കിയതോടെ അവർ സ്വതന്ത്രമായ രാഷ്ട്രീയപ്രവർത്തനം തുടർന്നു. ഗർഭിണിയായും കൈക്കുഞ്ഞുങ്ങളെയേന്തിയും നാട്ടിലങ്ങളോമിങ്ങോളം അലഞ്ഞുനടന്നവർ പ്രവർത്തിച്ചു. 1958ൽ മലബാറിലേക്കു കുടിയേറാനും സർക്കാർ ഉദ്യോഗം സ്വീകരിക്കാനും അവർ നിർബന്ധിതയായി. അങ്ങനെയവർ പെരിന്തൽമണ്ണക്കാർക്കു പ്രിയങ്കരിയായ മേരിടീച്ചറായി. എന്നെപ്പോലുള്ളവർക്കു പ്രിയപ്പെട്ട അമ്മച്ചിയുമായി.

പിന്നീടവർക്കേറ്റ ആഘാതം 1964ലെ പാർട്ടി പിളർപ്പായിരുന്നു. പാർട്ടിയിൽ വിശ്വാസമർപ്പിച്ചവരോടുള്ള വഞ്ചനയായാണ് അവർക്കതനുഭവപ്പെട്ടത്. മാതൃസംഘടനയായ സിപിഐയോടൊപ്പമായിരുന്നു അവർ നിലയുറപ്പിച്ചത്. അധ്യാപനവൃത്തിയിലവർ ആത്മാർത്ഥതയോടെ ഇടപെട്ടു. അതോടൊപ്പം പൊതുപ്രവർത്തനങ്ങളും തുടർന്നു. പെരിന്തൽമണ്ണയിലെ വനിതാപ്രസ്സിനു തുടക്കമിട്ടത് അവരായിരുന്നു. ജോലിയിൽ നിന്ന് വിരമിച്ചശേഷവും അവർക്കു വിശ്രമമുണ്ടായിരുന്നില്ല, അകത്തും പുറത്തും സദാ കർമ്മനിരതയായി മാത്രമേ ഞാൻ അമ്മച്ചിയെ കണ്ടിട്ടുള്ളൂ.

മകൾ സുലേഖയുടെ മേവെള്ളൂരിലെ വീട്ടിലേക്കു താമസം മാറ്റിയതിനു ശേഷവും ആരോഗ്യമനുവദിക്കുന്നതുവരെ രാഷ്ട്രീയ സംഘടനാ പ്രവർത്തനം അവർ തുടർന്നു. പിന്നീട് പാട്ടുക്ലാസ്സുകൾ, ചെടി നടൽ, ചിത്രം വര, തൊണ്ണൂറു വയസ്സിൽ ചിത്രപ്രദർശനം എത്രയും സർഗാത്മകമായ കലാജീവിതം.

ഇത്രയും ഊർജ്ജസ്വലമായ ജീവിതം നയിച്ച ഒരു കമ്മ്യൂണിസ്റ്റുകാരിയെ കേരളം വേണ്ട രീതിയിൽ ആദരിച്ചുവോ എന്നു ചോദിക്കുന്നതിലർത്ഥമില്ല. മനസ്സിലാക്കിയോ? ക്ഷമിക്കണം, മന്ത്രിയോ എം.എൽ.എയോ പോയിട്ട് ഒരു പഞ്ചായത്തു പ്രസിഡണ്ടു പോലുമായില്ല കൂത്താട്ടുകുളം മേരിയെന്നറിയുമ്പോൾ കമ്മ്യൂണിസ്റ്റു പാർട്ടികൾ ലജ്ജിക്കണം, സ്വന്തം ആൺകോയ്മയും സ്ത്രീവിരുദ്ധതയും തിരിച്ചറിയണം. തിരുത്തണം എന്നൊക്കെ കരുതുന്ന പാവം സ്ത്രീകൾ ഇന്നവശേഷിക്കുന്നില്ല. കാരണം ആണധികാരത്തിന്റെ ഏറ്റവും നീചമായ ആകാലം പെണ്ണുങ്ങൾക്കു നൽകുന്നത് ക്രൂരമായ തിരിച്ചറിവുകളാണ്. അത്തരം തിരിച്ചറിവുകളും കനൽച്ചൂടേറ്റുവാങ്ങുന്ന ഈ തലമുറ കൂത്താട്ടുകുളം മേരിയെന്ന പ്രിയപ്പെട്ട അമ്മച്ചിക്ക് സ്നേഹോഷ്മളമായി അഭിവാദ്യങ്ങളർപ്പിക്കുകയാണ്.



ഉമ എം.എൻ



# ഒരു പുതുമയാർന്ന സമരം

**യു . പി** യിലെ ബദായൂമിൽ പിന്നോക്ക സമുദായത്തിൽപെട്ട രണ്ടു പെൺകുട്ടികളെ ക്രൂരമായി ബലാത്സംഗം ചെയ്ത് കെട്ടിത്തൂക്കിയതിൽ പ്രതിഷേധിച്ചു 'സ്ത്രീക്കൂട്ടായ്മ'യുടെ ആഭിമുഖ്യത്തിൽ എറണാകുളം ഹൈ കോർട്ട് ജങ്ക്ഷനിൽ പ്രതിഷേധ പ്രകടനം നടത്തി. ജൂൺ 4 , ബുധനാഴ്ച്ച വൈകീട്ട് അഞ്ചു മണിയോടു കൂടിയാണ് പ്രകടനം ആരംഭിച്ചത്. 'ഇന്ത്യൻ സമൂഹത്തിന്റെ സവർണ്ണ പുരുഷാധിപത്യത്തെ തകർക്കുക', 'ബലാൽസംഗം രാഷ്ട്രീയായുധമാക്കിയ ഭരണകൂടമാണ് ഒന്നാം പ്രതി', ബലാൽസംഗ വാഴ്ച്ച അവസാനിപ്പിക്കാൻ സ്ത്രീകൾ സംഘം ചേരുക', സ്ത്രീ ശരീരങ്ങൾ ജാതിക്കോമരങ്ങളുടെ കൊലക്കളങ്ങളോ?', 'കപട ജനാധിപത്യ പാലകരെ , സ്ത്രീകളെ കൊന്നു തിന്നുന്ന ഈ വ്യവസ്ഥയെ മാറ്റാൻ 'നിർഭയ'യും 'തൂക്കുമേട'കളുമല്ലാതെ നിങ്ങൾക്കെന്തു ചെയ്യാനെന്തുണ്ട്?' തുടങ്ങിയ മുദ്രാവാക്യങ്ങളുയർത്തി ക്കൊണ്ടായിരുന്നു ഞങ്ങൾ പ്രതിഷേധിച്ചത് . പ്രകടനത്തിൽ പങ്കെടുത്ത ഞങ്ങളിൽ ആറു പേർ കപട ദേശീയതയുടെ പ്രതീകമായ പച്ച , വെള്ള , കുങ്കുമ നിറങ്ങളിലുള്ള തുണികളിന്മേൽ ഈ മുദ്രാവാക്യങ്ങളെഴുതിയ ബാനറുകൾ പുതച്ചിരുന്നു. സ്ത്രീ ശരീരത്തെ വെറും ഒരു രാഷ്ട്രീയായുധമാക്കി തീർക്കുന്ന ഭരണകൂടത്തിനും, സവർണ്ണ പുരുഷാധിപത്യത്തിനുമെതിരെ ഞങ്ങളുടെ ശരീരം തന്നെ ആയുധമാക്കിക്കൊണ്ട് ഞങ്ങൾ സമരം പ്രഖ്യാപിക്കുകയായിരുന്നു. എന്നാൽ പ്രകടനം ആരംഭിച്ചു ഏറെ സമയം കഴിയുന്നതിനു മുൻപ് തന്നെ പോലീസ് പ്രതിഷേധിക്കാനുള്ള അവകാശം പോലും നിഷേധിച്ചുകൊണ്ട് ഞങ്ങളെ അറസ്റ്റ് ചെയ്യുകയായിരുന്നു . കാരണമന്വേഷിച്ച ഞങ്ങൾക്ക് പല ഉത്തരങ്ങളാണ് ലഭിച്ചത്.' ഇങ്ങനെയാണോ പ്രതിഷേധിക്കേണ്ടത് ?' , 'പ്രതിഷേധിക്കാൻ അനുവാദമുണ്ടോ?', 'ഇങ്ങനെയാണോ വസ്ത്രം ധരിക്കേണ്ടത്?', 'മാർഗതടസ്സം ഉണ്ടാക്കുന്നു' എന്നിങ്ങനെ. എറണാകുളം സെൻട്രൽ സ്റ്റേഷനിൽ കൊണ്ട് പോയ ഞങ്ങളെ പിന്നീടു പ്രകടനത്തിനെത്തിയ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരും , സുഹൃത്തുക്കളും കൂടി ജാമ്യത്തിലിറക്കുകയായിരുന്നു . നാടിനെയും ലോകത്തെയും തന്നെയും ഞെട്ടിച്ച ബലാത്സംഗ കൊലപാതക പരമ്പരകൾക്കെതിരായി സമാധാനപരമായിപ്പോലും പ്രതിഷേധിക്കാനുള്ള അവകാശം



നിഷേധിച്ച പോലീസിന്റെ നടപടിയിൽ പ്രതിഷേധിച്ചു പ്രകടനത്തിൽ പങ്കെടുക്കാനെത്തിയവർ പ്രതിഷേധപ്രകടനവും നടത്തി .

മെയ് 27 മുതൽ ഒരാഴ്ച്ചയിൽ യു.പി യിൽ മാത്രം റിപ്പോർട്ട് ചെയ്യപ്പെട്ട ബലാത്സംഗങ്ങളുടെ എണ്ണം ഏഴ് ആണ്. അവയിലെല്ലാം തന്നെ അതിനെ തുടർന്ന് കൊലപാതകമോ കൊലപാതകശ്രമമോ നടന്നിട്ടുണ്ട് . (ഇപ്പോൾ ഇതെഴുതുന്ന സമയത്തും രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് ബലാൽസംഗങ്ങളും തുടർന്നുള്ള കൊലപാതകങ്ങളും റിപ്പോർട്ട് ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു !!). ഇന്ത്യൻ ഭരണകൂടം കൊടും സ്ത്രീ വിരുദ്ധമായിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവുകൂടിയാണ് പോലീസുകാർ ഉൾപ്പടെയുള്ളവർ ഈ ബാലത്സംഗങ്ങളിലും കൊലപാതകങ്ങളിലും ഉൾപ്പെട്ടിട്ടുണ്ട് എന്നത് . എന്നാൽ ഡൽഹി സംഭവത്തിൽ നടന്ന പോലെ ഒരു ജനരോഷമോ , പ്രതിഷേധമോ ഇവിടെ ഉയർന്നുകണ്ടില്ല. ഇന്ത്യൻ സമൂഹത്തിനുള്ളിൽ ആഴത്തിൽ വേരൂന്നിയിട്ടുള്ള ജാതീയതയും ഇതിനുള്ള ഒരു കാരണമായി ഞങ്ങൾ കാണുന്നു . കൂടാതെ ഇന്ത്യൻഭരണകൂടം എത്ര സ്ത്രീ വിരുദ്ധ മായി മാറിക്കൊണ്ടിരിക്കുന്നു എന്നതിന്റെ തെളിവുകൂടിയാണ് ഇവിടെ നടന്നിട്ടുള്ള ഈ ബലാത്സംഗകൊലപാതകങ്ങളും സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക ആക്രമണങ്ങൾ മാത്രമായി ഇത്തരം സംഭവങ്ങളെ കാണാനും കഴിയില്ല. സ്ത്രീ ശരീരം പലപ്പോഴും രാഷ്ട്രീയവും, മതപരവും, ജാതീയവുമായ വിദ്വേഷം തീർക്കുന്നതിനുള്ള ഒരു ഉപകരണമായി മാറുന്നുണ്ട്. മണിപ്പൂർ തുടങ്ങിയ വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിലും , കാശ്മീരിലും പിന്നോക്ക ന്യൂനപക്ഷ സമുദായത്തിലെ സ്ത്രീകൾക്കെതിരെ ഇന്ത്യൻ സൈന്യം നടത്തുന്ന ബലാത്സംഗങ്ങളും കൊലപാതകങ്ങളും ഇതിനോട് ചേർത്തു കാണേണ്ടതുണ്ട്. ഇവിടെയാണ് സ്ത്രീ ശരീരം ഒരു 'വെപ്പൺ ഓഫ് റെസിസ്റ്റൻസ്' (ശരീരം ഒരു പ്രതിരോധായുധം ) ആയി മാറേണ്ടത്. അതുകൊണ്ട് ശരീരത്തിന്റെ രാഷ്ട്രീയംകൊണ്ട് തന്നെ പ്രതിരോധിക്കണമെന്ന വ്യക്തമായ രാഷ്ട്രീയ ബോധത്തോട് കൂടിത്തന്നെയാണ് ഞങ്ങൾ ഇത്തരമൊരു സമരരൂപം കൈക്കൊണ്ടത്.

ആഗോള ഉദാര സ്വകാര്യവൽക്കരണത്തിന്റെ ഈ കാലഘട്ടത്തിൽ സ്ത്രീകൾ നിയമ വ്യവസ്ഥയിലും ഭരണകൂടത്തിലും തെളിഞ്ഞു നിൽക്കുന്ന പുരുഷാധിപത്യത്തിന്റെ മർദ്ദനത്തിൻ കീഴിലാണ് . ലോകത്തെമ്പാടുമുള്ള സ്ത്രീകൾ അനുഭവിക്കുന്ന സവിശേഷ മർദ്ദനമാണ് പുരുഷാധിപത്യം എന്നിരിക്കിലും ഇന്ത്യയിൽ അതിന്റെ അടിത്തറ മനുഷ്യരെ മേൽകീഴ് തട്ടുകളായി തിരിക്കുന്ന അസമത്വത്തിന്റെയും മർദ്ദനത്തിന്റെയും ആശയശാസ്ത്രമായ ബ്രാഹ്മണ്യമാണ് . ഈ തിരിച്ചറിവിൽ നിന്നാണ് സവർണ്ണ പുരുഷാധിപത്യത്തെ തകർത്തെറി യുക എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് ശക്തമായി ഞങ്ങൾ പ്രതിഷേധിച്ചത്.

എന്നാൽ കേരള സമൂഹവും മുഖ്യധാരാ മാധ്യമങ്ങളും ഞങ്ങളുടെ ഈ സമരത്തെ ചിത്രീകരിച്ച രീതി നമ്മൾ പരിശോധിക്കേണ്ടതുണ്ട് . വസ്തു നിഷ്ഠമായ ഒരു പ്രശ്നത്തെ ഗൗരവമായിത്തന്നെ ഉന്നയിച്ചതിന് വളരെ പരിഹാസ്യവും അപഹാസ്യവുമായി ചിത്രീകരിക്കാനാണ് ഒട്ടുമിക്ക മാധ്യമങ്ങളും ശ്രമിച്ചത് . ഈ രംഗത്ത് നിലനിൽക്കുന്ന ആൺകോയ്മയുടെ ആഴത്തിലുള്ള വേരുകളിലേക്കാണ് ഇത് കൈ ചൂണ്ടുന്നത്. മാത്രമല്ല സ്ത്രീകൾ സമരം ചെയ്യുമ്പോൾ മാത്രം അതിന്റെ രൂപത്തെക്കുറിച്ചും രീതികളെക്കുറിച്ചും ശക്തമായ വിമർശനങ്ങളും എതിർപ്പുകളും ഉയർന്നു വരുന്നതും , സമൂഹത്തിൽ നിലനിന്നു പോരുന്ന സദാചാര ചട്ടക്കൂടിൽ നിന്നും പുറത്തു കടന്നു സ്ത്രീകൾ പ്രതിഷേധിക്കുമ്പോൾ അസഹിഷ്ണുതയോടെ അതിനെ നേരിടുന്നതും സമൂഹത്തിന്റെ പുരുഷാധിപത്യ സ്വഭാവത്തെ വെളിവാക്കുന്നതാണ് . എന്നാൽ ഈ എതിർപ്പുകളൊന്നും തന്നെ ഞങ്ങൾ ഉയർത്തിയ രാഷ്ട്രീയ പ്രശ്നങ്ങൾക്കുള്ള ഉത്തരങ്ങളോ പരിഹാരങ്ങളോ അല്ല . സ്ത്രീക്കും പുരുഷനും തുല്യമായ സാമ്പത്തിക-സാമൂഹിക, രാഷ്ട്രീയ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഉള്ള , സ്ത്രീ പുരുഷ സമത്വവും സൗഹാർദവും അക്ഷരാർഥത്തിൽ നിലനിൽക്കുന്ന ഒരു സമൂഹം നിലവിൽ വരുന്നതുവരെ സ്ത്രീകളുടെ പോരാട്ടങ്ങൾ തുടരേണ്ടതുണ്ട് . തുടരുക തന്നെ ചെയ്യും !!!



**ഷബ്ന മറിയം**

**ഇന്ന്** ഒരു മഴദിവസമാകേണ്ടതില്ലായിരുന്നു എന്ന് തോന്നി നസ്റിക്ക്. കാരണം അവൾ സങ്കൽപ്പിച്ചത് തികച്ചും വരണ്ട വേനൽ ദിവസങ്ങളാണ് മനുഷ്യരെ അത്തരം സ്ഥലങ്ങളിൽ കൊണ്ടെത്തിക്കുക എന്നായിരുന്നു. അനേകം തവണ ശ്രമിച്ചതിനുശേഷമാണ് അപ്പോയിമെന്റ് കിട്ടിയത് എന്നത് അവളിൽ ആത്മവിശ്വാസമുണ്ടാക്കി. തിരക്കുള്ള ആളുകൾ മിടുക്കരാണ് എന്ന വിശ്വാസത്തിന് പുറത്തായിരുന്നു അത്. ഒരാഴ്ച്ചയായി അത്തരം ഒരു സ്ഥലത്തെ ഭാവനയിൽ കണ്ടു നസ്റി. ഇത്തരം സ്ഥലങ്ങളിൽ സംസാരിക്കേണ്ട രീതിയെക്കുറിച്ചും, കാര്യങ്ങൾ ഇല്ലാത്ത ആത്മസംയമനത്തോടെ അവതരിപ്പിക്കേണ്ടതിനെക്കുറിച്ചും ഒരു ധാരണ ഉണ്ടാക്കാൻ ശ്രമിച്ചു. ആശയവിനിമയത്തിന് അവൾക്ക് എളുപ്പം എഴുത്തായിരുന്നു, പറച്ചിലിനേക്കാൾ. അത് തന്നെ അസ്വാഭാവികമായാലോ എന്നോർത്തും ചില പ്രധാന പോയിന്റ്സ് വിട്ടുകളഞ്ഞെങ്കിലോ എന്നോർത്തും പിന്നീട് ആ ഉദ്യമത്തിൽ നിന്നും അവൾ പിൻമാറി. എങ്കിലും പരീക്ഷ എഴുതാൻ പോകുമ്പോൾ ഓർത്ത് വയ്ക്കന്ന പ്രധാന പോയിന്റ്സ് പോലെ ചിലതവൾ ഓർമ്മിച്ചുവച്ചു. സങ്കീർണ്ണചിന്തകളെ ശൂന്യമാക്കാൻ ശ്രമിച്ചുക്കൊണ്ട് പോകാൻ ഇറങ്ങി.

പരിചയമില്ലാത്ത വഴികളിലൂടെ, മഴത്താളത്തിലൂടെ ബസ്സ് നീങ്ങിക്കൊണ്ടിരുന്നു. ബസ്സ് മുന്നോട്ടും അവൾ പിന്നോട്ടുമായിരുന്നു സഞ്ചരിച്ചുകൊണ്ടിരുന്നത്. ഹൃദയം ഭൂതകാലത്തിലായിരുന്നു, ബുദ്ധി വർത്തമാനത്തിലും. അത് ചെറിയ ചില അസ്വസ്ഥതകൾക്ക് കാരണമായി. കണ്ടക്ടറുടെ വലിയ വായിലുള്ള വിളിച്ചുപറയൽ ഇല്ലായിരുന്നെങ്കിൽ ഇറങ്ങേണ്ട സ്ഥലത്ത് ഇറങ്ങാൻ പറ്റില്ലായിരുന്നു. ബസ്സ് ഇറങ്ങിയതും

*കണ്ടക്ടറുടെ വലിയ വായിലുള്ള വിളിച്ചു പറയൽ ഇല്ലായിരുന്നെങ്കിൽ ഇറങ്ങേണ്ട സ്ഥലത്ത് ഇറങ്ങാൻ പറ്റില്ലായിരുന്നു. ബസ്സ് ഇറങ്ങിയതും കനത്ത മഴ കാരണം അവിടെ അടുത്തുള്ള ബസ് സ്റ്റോപ്പിലേക്ക് കയറി.*

# വസന്തം



കനത്ത മഴ കാരണം അവിടെ അടുത്തുള്ള ബസ് സ്റ്റോപ്പിലേക്ക് കയറി. അത് അവൾക്ക് സന്തോഷമായി. കാരണം അവിടെ അവൾക്ക് പരിചയമുള്ള ചില ഉറുമ്പ് സുഹൃത്തുക്കൾ ഉണ്ടായിരുന്നു. അവരും മഴ കാരണം ബസ് സ്റ്റോപ്പിൽ കയറി കൂടുണ്ടാക്കാൻ ശ്രമിക്കുകയായിരുന്നു. 'എവിടേക്കാണ്' അവർ ചോദിച്ചു. 'ഡോ.ഷെന്നില്ലെ, അദ്ദേഹത്തിന്റെ വീട്ടിലേക്ക്'. മനസ്സിലായില്ലെന്ന് തോന്നുന്നു. പിന്നീട് ഒന്നും ചോദിച്ചില്ല. അവരുടെ കൂടുണ്ടാക്കൽ ശ്രമം. ഒരിലയെ താങ്ങി നിർത്തുന്ന നൂറ് കുഞ്ഞ് കൈകൾ. അത് വിശ്വാസമുണ്ടാക്കുന്ന ഒരു കാഴ്ച്ചയായിരുന്നു.അപ്പോൾ അവൾക്ക് പഴയ ഒരു കാര്യം ഓർമ്മ വന്നു. അതിലെ തടിയൻ ഉറുമ്പിനെ കുറിച്ചോർത്തപ്പോൾ. ഒരു ഇന്റർവ്യൂവിന് പോകാൻ ഒരുങ്ങുകയായിരുന്നു അവൾ. അപ്പോളെ അവൾക്ക് തോന്നി ഇന്റർവ്യൂ ബോർഡിന് മുമ്പിൽ നിൽക്കാൻ പാഡുള്ള ബ്രാ തന്നെ വേണമെന്ന്. നല്ല ആകൃതിയിൽ ഉന്തി നിൽക്കുന്ന മുലകൾ ജോലി കിട്ടാൻ സഹായിക്കുമെന്ന് ചില ചേച്ചിമാർ അവളോട് പറഞ്ഞിട്ടുണ്ടായിരുന്നു. പക്ഷേ ഇന്റർവ്യൂ സമയം തന്നെ കടികിട്ടി. ബോർഡ് അംഗങ്ങൾ കരുതിയത് ആത്മവിശ്വാസം ഇല്ലായ്മ കാരണമാണ് ഇളകി കൊണ്ടിരിക്കുന്നത് എന്നാണ്. അങ്ങനെ ഉയർന്ന ഡിഗ്രികൾ ആകൃതിയൊത്ത മുലകൾ നശിപ്പിച്ചു കളഞ്ഞു.

കൂട്ടുകാരോട് യാത്ര പറഞ്ഞിറങ്ങിയപ്പോൾ മനസ്സ് അൽപ്പം ശാന്തമായി, മഴയും അൽപ്പം കുറഞ്ഞു. ഓരോന്ന് ആലോചിച്ച് സ്ഥലം എത്തി. നിറയെ പ്ലാവും, അതിൽ നിറയെ ചക്കകളും, പഴുത്ത ചക്കകളിൽ നിറയെ ഈച്ചകളും ഉണ്ടായിരുന്നു.

ആ വീട്ടിൽ, നിറമുള്ള പൂമ്പാറ്റകളും. വീടിന് ഇളം പച്ച നിറമായിരുന്നു,  തത്തമ്മ പച്ച നിറം. മനസ്സ് ശാന്തമാകാൻ സാധ്യതയുള്ള നിറങ്ങളിലൊന്ന്. അവിടെ സാധാരാണ ഡോക്ടർമാരുടെ വീടുകളിൽ

*രക്തത്തിലൂടെ, ജീനിലൂടെ. പക്ഷേ അത് പ്രകടമായത് അവൻ കാരണമാണെന്ന് അവൾക്ക് ഉറപ്പുണ്ടായിരുന്നു. ശരീരത്തിലും മനസ്സിലും ഒളിപ്പിച്ചുവച്ച വികാരങ്ങളെല്ലാം അവൻ കാണിച്ചു തന്നു, പല പല ഭാവങ്ങളിലൂടെ. വെറുതെ അവളോർത്തു കൂടെ അവനുമുണ്ടായുരുന്നെങ്കിൽ എന്ന്.*

കാത്തിരിക്കുമ്പോൾ കാണുന്ന കുശലാന്വേഷണമോ, ഫീസന്വേഷണമോ ഒന്നും കണ്ടില്ല. ഓരോരുത്തരും അവരവരുടെ ലോകത്തായിരുന്നു. ചെറിയൊരു പരീക്ഷണശാലയിൽ നിൽക്കുമ്പോൾ ഉള്ള മൗനം. എല്ലാവരും കൃത്രിമമായ പക്വത കാണിച്ചുക്കൊണ്ടിരുന്നു, താൻ രോഗിയല്ലെന്ന് സ്ഥാപിക്കാൻ ശ്രമിക്കും പോലെ . അവളും അവളുടെ ലോകത്തായിരുന്നു. ഓർക്കുകയായിരുന്നു അവളിൽ ഈ രോഗമുണ്ടാക്കിയ അവനെക്കുറിച്ച്. ഒരുപക്ഷേ അവനായിരിക്കില്ല കാരണം. ജന്മജന്മാന്തരങ്ങളിലൂടെ കൈമാറി വന്നതാകാം. രക്തത്തിലൂടെ, ജീനിലൂടെ. പക്ഷേ അത് പ്രകടമായത് അവൻ കാരണമാണെന്ന് അവൾക്ക് ഉറപ്പുണ്ടായിരുന്നു. ശരീരത്തിലും മനസ്സിലും ഒളിപ്പിച്ചുവച്ച വികാരങ്ങളെല്ലാം അവൻ കാണിച്ചു തന്നു, പലപല ഭാവങ്ങളിലൂടെ. വെറുതെ അവളോർത്തു കൂടെ അവനുമുണ്ടായുരുന്നെങ്കിൽ എന്ന്.

നസ്റി എല്ലാവരെയും നോക്കി. ഡ്യൂട്ടി നേഴ്സിനോട് തന്റെ നമ്പർ ചോദിച്ചു. ഊഴത്തിനായി കാത്തിരുന്നു. ഇറങ്ങിപ്പോകുന്നവർ സംതൃപ്തരായാണോ പോകുന്നത് എന്ന് നോക്കുകയായിരുന്നു അവൾ. പെട്ടെന്ന് അവൾക്ക് ആ പരിചിതഗന്ധം അനുഭവപ്പെടാൻ തുടങ്ങി, വസന്തമണം. അതിൽ നിന്നും രക്ഷപ്പെടാൻ അവൾ ചക്കപ്പഴത്തിന്റെ മടുപ്പിക്കുന്ന ഗന്ധത്തെ ആഞ്ഞു വലിക്കാൻ തുടങ്ങി. രക്ഷപ്പെടാൻ പറ്റില്ലെന്നവൾക്കറിയാമായിരുന്നു. വസന്തം നിറഞ്ഞ് നിറഞ്ഞ് ബോധരഹിതയായേക്കുമോ എന്നവൾ ഭയന്നു. ഡ്യൂട്ടി നേഴ്സിനോട് അടുത്തത് തന്നെ വിളിക്കാൻ എങ്ങനെയോ പറഞ്ഞു. അവർക്ക് അത് മനസ്സിലായി എന്ന് തോന്നുന്നു. അടുത്തത് നസ്റിയെ തന്നെ വിളിച്ചു. വിറക്കുന്ന കാലുകളോടെ, തളർന്ന മനസ്സോടെ, വസന്തമണത്തോടെ അവൾ എഴുന്നേറ്റു.

ഡോ.ഷെൻകറുപ്പ് അതായിരുന്നു അയാളുടെ പേര്. ഒരു മാനസികാരോഗ്യ വിദഗ്ധൻ എന്ന നിലയിൽ അത്ര പ്രശസ്തനൊന്നും ആയിരുന്നില്ല അയാൾ. അയാളുടെ ടി.വി.പ്രോഗ്രാം ഒരിക്കൽ അവൾ കാണാൻ ഇടയായി. അന്തഃക്ഷോഭത്തെ കുറിച്ചുള്ള ഒരു വിവരണം ആയിരുന്നു അത്. താൽപ്പര്യം ഉണ്ടാക്കുന്ന ഒന്ന്. അങ്ങനെയാണ് അയാളെ ഒന്ന് കണ്ടുനോക്കാം എന്ന് കരുതിയത്. മെല്ലെ  മുറിയിൽ പ്രവേശിച്ച് ഡോ.ഷെൻ പറയാതെ തന്നെ രോഗികൾക്കായുള്ള കസേരയിൽ ഇരിക്കുകയും ചെയ്തു. എന്നിട്ട് ഡോ.ഷെന്നിന്റെ ശാന്തമായ കണ്ണുകളിലേക്ക് നോക്കി. ആത്മവിശ്വാസത്തോടെ ഉള്ള ഒരു നോട്ടമല്ലായിരുന്നു അത്, ഒരു ഒളിഞ്ഞ് നോട്ടം.

ഡോ.ഷെൻ: 'എന്താണ് പേര്'

നസ്റി:'നസ്റി'

ഡോ.ഷെൻ എന്തു ചെയ്യുന്നു.

എന്തു ചെയ്യുന്നു എന്നതിന് അവൾക്കൊന്നും പറയാൻ കഴിഞ്ഞില്ല. കാരണം 'അവൾ പ്രേമിക്കുന്നു'. അപ്പോൾ ആളുകൾ എടുത്ത് ചോദിക്കും 'ഇത് മാത്രമേ ചെയ്യുന്നുള്ളോ'. 'അതേ' എന്നായിരുന്നു അവളുടെ ഉത്തരം. ആ ഉത്തരം പറഞ്ഞപ്പോഴുണ്ടായ അനുഭവങ്ങൾ ഓർത്തപ്പോൾ തന്നെ അവളുടെ

കണ്ണ് നിറയാൻ തുടങ്ങി, കൈ വിറക്കാനും. കുറച്ച് നേരം രണ്ട് പേരും ഒന്നും മിണ്ടിയില്ല. അൽപ്പം സമയം കഴിഞ്ഞ് ഷെൻ നേഴ്സിനെ വിളിച്ച് ഒരു ചായ വരുത്തി. എന്നിട്ട് ചില അമ്മമാർ കാണിക്കുന്ന കരുതലോടെ അവൾക്ക് കൊടുത്തു. എന്നിട്ട് ചോദിച്ചു 'ഇനി എന്തു വേണം'. 'വൈറ്റ് പേപ്പർ' അവൾ പറഞ്ഞു. ഡോ.ഷെൻ കൊടുത്ത പേപ്പറിൽ അവൾ അവളെ വരക്കാൻ തുടങ്ങി.

ചില പൊതുവായ കാര്യങ്ങൾ. ജനിച്ച വീടിന്, അവൾക്കോർക്കാൻ പറ്റുമ്പോഴുള്ള അവളെ, ബാല്യത്തെ, അച്ഛനമ്മമാരെ, കുട്ടിക്കാലത്ത് തന്നെ അവൾ അനുഭവിക്കാൻ തുടങ്ങിയ ഒറ്റപ്പെടലിനെയും സുരക്ഷിതത്വമില്ലായ്മയെയും, കുട്ടിക്കാലത്തിൽ നിന്ന് പെണ്ണാകൽ പ്രക്രിയയിലേക്കെത്തുമ്പോഴേക്കും അവൾ അനുഭവിച്ച അപമാനങ്ങളെ, അങ്ങനെ പ്രധാനപ്പെട്ട ചിലതെല്ലാം. അവസാനമായി പ്രണയകാലത്തെയും. അതൊരു പ്രത്യേക അധ്യായമാക്കി. കാരണം അതത്ര പ്രധാനപ്പെട്ടതായിരുന്നു.

പ്രണയാധ്യായം ഓർക്കുമ്പോൾ സന്തോഷവും കണ്ണീരും ഒരുമിച്ചെത്തുന്ന അധ്യായം, സ്വപ്നങ്ങളുടെ മഴക്കാലം.

ഞാനവനെ കണ്ടെത്തുകയായിരുന്നു. ഒരുപാട് നാളത്തെ കാത്തിരിപ്പിനുശേഷം. സാധാരണ ആണുങ്ങൾ പെണ്ണിനെ നോക്കുമ്പോലെ അവനൊരിക്കലും എന്നെ നോക്കിയില്ല. പക്ഷേ ഞാനവന്റെ മുമ്പിൽ പോയി നിന്നു, അവന് കാണാൻ പാകത്തിൽ. അതിനു കാരണം അവൻ ചെയ്ത ചില സഹായങ്ങളായിരുന്നു. ബസ്സിൽ തിങ്ങി ഞെരുങ്ങി നിൽക്കുമ്പോൾ സീറ്റ് പിടിച്ചു തന്നും, മടുപ്പിക്കുന്ന വീട്ടന്തരീക്ഷത്തിൽ നിന്നും ഓടികിതച്ചെതുമ്പോൾ നിറമുള്ള പുഞ്ചിരി സമ്മാനിച്ചും, കോളേജ് മാഗസിനിൽ കവിതയെഴുതാനുള്ള സ്ഥലം വാങ്ങി തന്നും, എഴുതിയ കവിതകളെ വിമർശിച്ചും, രസമുള്ള കഥാപുസ്തകങ്ങൾ തേടിപ്പിടിച്ചു തന്നും,

*അത്രനാൾ മനസ്സിന്റെ നിറവ് എപ്പോഴൊക്കെയോ അറിഞ്ഞ ഞാൻ ശരീരത്തിന്റെ നിറവ് ഒട്ടൊരു കൗതുകത്തോടെ തിരിച്ചറിഞ്ഞു. നിമിഷങ്ങളുടെ പരിഭ്രാന്തി.അന്ന് ഞാൻ ആലോചിച്ചു ഇത് ആദ്യമായി തനിക്കായിരിക്കുമോ ഉണ്ടായത്.*

ആരും ഓർക്കാത്ത എന്റെ വിശേഷ ദിവസങ്ങൾ ഓർത്തുവച്ചും എല്ലാം അവനെന്നെ സഹായിച്ചു. അങ്ങനെ എന്റെ ഹൃദയത്തിന്റെ നാല് അറകളും അവൻ സ്വന്തമാക്കി. എത്ര അഗാധമായിരുന്നെന്നോ ആ നിമിഷങ്ങൾ.

അതിൽ പിന്നെ എന്റെ കണ്ണുകൾ അവനെ നോക്കാൻ മാത്രമുള്ളതായിരുന്നു. നിരീക്ഷണത്തിന്റെ സ്വഭാവം മാറി. ഒരുതരം സുഖമുള്ള തളർച്ച എന്നെ ബാധിച്ചു. പ്രണയ ക്ലാസ്സിക്കുകൾ എല്ലാം എനിക്ക് മനപ്പാഠമായി. അതിലെ എത്രയോ നായികാനായകൻമാർ. കണ്ണുകളടച്ചു നിലാവുള്ള രാത്രിയും അവന്റെ കവിതകളും ഞാൻ കണ്ടു. ലയിച്ചു ചേരലിന്റെ സുഖമോർത്ത് ഞെട്ടി. അവനെതിരെയുള്ള സുഹൃത്തുക്കളുടെ വെളിപ്പെടുത്തലുകൾക്ക് നേരെ കണ്ണും, കാതും ഇറുക്കി അടച്ചു. അവർ എന്നെ 'അന്ധ' എന്ന് വിളിച്ചു. അവരോടെല്ലാം നിങ്ങൾ പറയുന്ന അപ്രായോഗികതകളെയും കൂടിയാണ് ഞാൻ വരിക്കുക എന്ന് പറഞ്ഞ് അവർക്കെതിരെ കൊഞ്ഞനം കുത്തി.

എനിക്ക് തോന്നി അവന്റെ വസന്തമണം എനിക്കുള്ളതാണെന്ന് . അവൻ നിലത്ത് തിരഞ്ഞുക്കൊണ്ടിരിക്കുന്നത് എന്റെ കാലടിപ്പാടുകളെയാണ്. അവൻ ചിന്തിക്കുന്നത് ഞങ്ങൾ ഒരുമിച്ചുള്ള വസന്തക്കാലത്തെ കുറിച്ചാണെന്ന്. എന്തിന്റെയൊക്കെയോ സമ്മിശ്ര അനുഭൂതി. ആ വസന്തകാലം എത്തിച്ചേരാൻ ഞാൻ തിടുക്കം കൂട്ടി. അത് എത്തിച്ചേരുക തന്നെ ചെയ്തു.

കോളേജ് ഘട്ടം കഴിഞ്ഞതോടെ എനിക്ക് ഉദ്യോഗം കിട്ടി. ജോലി രസമുള്ളതായിരുന്നു. അങ്ങനെ ഞാൻ നസ്റിദീപക് ആയി എല്ലാ അർത്ഥത്തിലും. അവന്റെ മൗനം എന്നെ വല്ലാതെ കൊതിപ്പിച്ചു. അവന്റെ ബുദ്ധി നിലവാരത്തിന് മാറ്റു കൂട്ടുന്നതാണ് ആ മൗനം എന്ന് കരുതി ഞാൻ അഭിമാനിച്ചു. അത് പക്ഷേ അവന്റെ മാനസിക ഘടനയുടെ, പാരമ്പര്യത്തിന്റെ ഒരു സവിശേഷ പെരുമാറ്റ രീതിയായിരുന്നു എന്ന് ഞാൻ അറിഞ്ഞില്ല. അത് മനസ്സിലാക്കുമ്പോഴും ഞാൻ അവന്റേതായി മാറിക്കഴിഞ്ഞിരുന്നു. അവന്റെ മുത്തു പോലുള്ള ദന്തങ്ങൾ എന്നെ സ്വന്തമാക്കിയിരുന്നു. ആദ്യത്തെ പൂർണ്ണ വസന്തത്തിന്റെ നാളുകൾ.

'സഖീ' എന്നായിരുന്നു അവനന്നൊക്കെ എന്നെ സ്നേഹത്തോടെ വിളിച്ചിരുന്നത്. 'എന്റെ സഖീ' എന്നും വിളിച്ച് ദീപക് എന്നെ പൊക്കിയെടുക്കുമായിരുന്നു വളരെ അനായാസമായിട്ട്. നിമിഷാർധം പോലും വേണ്ടി വന്നില്ല അവൾക്ക് ആ ചുറ്റിക്കറക്കം അനുഭവിക്കാൻ. ഇടയ്ക്ക് ഞങ്ങളെ പിൻതുണക്കാൻ ആരും ഇല്ലെന്നറിയുമ്പോൾ ഞങ്ങൾ ഒന്നു കൂടി മുറുക്കെ കൈകോർത്തു. അങ്ങേയറ്റത്തെ ഒന്നാകൽ ശ്രമം നൂറ് തവണ ഞങ്ങൾ പരസ്പരം പറഞ്ഞു 'ഒരിക്കലും പിരിയില്ല'.

അത്രനാൾ മനസ്സിന്റെ നിറവ് എപ്പോഴൊക്കെയോ അറിഞ്ഞ ഞാൻ ശരീരത്തിന്റെ നിറവ് ഒട്ടൊരു കൗതുകത്തോടെ തിരിച്ചറിഞ്ഞു. നിമിഷങ്ങളുടെ പരിഭ്രാന്തി.അന്ന് ഞാൻ ആലോചിച്ചു ഇത് ആദ്യമായി തനിക്കായിരി

ക്കുമോ ഉണ്ടായത്. അല്ലെങ്കിൽ മനുഷ്യൻ എങ്ങനെയറിഞ്ഞു ശരീരത്തിന്റെ ഈ പകർന്നാട്ടത്തെ കുറിച്ച് ആദ്യമായി. ആദ്യത്തെ സ്ത്രീയെയും അവൾ ഓർത്തു. ഹവ്വ എങ്ങനെ പ്രതികരിച്ചു കാണും അന്ന്. കുറച്ച് സമയം ഞാനന്ന് ഹവ്വയായി നോക്കി. പിന്നെ ഞാൻ നിറവിന്റെ പരമ്പരകളെ കുറിച്ചോർത്തു. പിന്നെയും ഓർത്തപ്പോൾ മനസ്സിലായി നിറവില്ലാതെയും പരമ്പരകൾ ഉണ്ടാകാം എന്ന്. എന്തായാലും പല്ലിയുടെയും പാറ്റയുടെയും വികൃതികളെ കുറിച്ച് അന്നാണെനിക്ക് ആദ്യമായി മനസ്സിലായത്.

രണ്ട് തരം കാഴ്ച്ചകൾ ഞാൻ കാണാൻ തുടങ്ങിയിരുന്നു. ഒന്ന് എന്റെ കണ്ണിലൂടെയും, മറ്റൊന്ന് ദീപകിന്റെ കണ്ണിലൂടെയും. ഞാൻ സങ്കൽപ്പിച്ചതിനെക്കാൾ വളരെ വ്യസ്ത്യമായിരുന്നു ആണ് കാഴ്ച്ചകൾ. രണ്ട് തരം കാഴ്ച്ചകൾക്കു നടുവിൽ ചിലപ്പോഴൊക്കെ ഞാൻ പകച്ചു നിന്നു. ഞാൻ അവനോട് ചോദിച്ചു'നീ എങ്ങനെ ഇങ്ങനെ കാണാൻ ശീലിച്ചു'. മറുപടി ഒരു ചിരിയായിരുന്നു. അവന്റെ മീൻകറി ഭ്രാന്ത് പരിഗണിച്ച് മാത്രം ഞാൻ മണിക്കൂറുകൾ ചിലവാക്കി. എന്റെ ആത്മാവും ശരീരവും അവനായി സമർപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് ഞാൻ പ്രേമഭ്രാന്തിന് അടിമപ്പെട്ടത്.ചുറ്റുമുള്ള സ്ത്രീകളിൽ നിന്ന് സംതൃപ്തരായ ഭാര്യമാരുടെ അംഗചലനങ്ങൾ കടമെടുത്ത് ശീലിക്കാൻ തുടങ്ങിയത്. എനിക്കായല്ല, ദിപകിനായി.

അപ്പോഴും ചെറിയ ചില വിഷമങ്ങൾ എനിക്കുണ്ടായിരുന്നു. ദീപക്, ദീപക് തന്നെയായിരുന്നു. ഞാൻ ദീപകിന്റെ ഭാര്യയാകാൽ പരിശ്രമത്തിലും. ഒരു മനോഹര സായാഹ്നത്തിൽ അന്തിച്ചുവപ്പിലേക്ക് നോക്കിയിരിക്കെ ദീപകിനോട് ഞാൻ ചോദിച്ചു 'എന്റെ സൃഷ്ടികൾ പിറവിയെടുക്കാതെയിരുന്നാൽ ആർക്കാണ് നഷ്ടം?'. ഒരു സെക്കന്റ് പോലും ആലോചിക്കാതെ അവൻ പറഞ്ഞു 'എനിക്ക് നഷ്ടമൊന്നുമില്ല'. അവന്റെ തമാശ പറച്ചിലിന് എന്റെ കണ്ണുകൾ കലങ്ങിച്ചുവന്നു അന്ന്.

*എപ്പാഴൊക്കെയോ എന്റെ ബുദ്ധിയുമായി സംവദിക്കുന്നതിനുമുമ്പ്, ഞാനുമായി സൗഹാർദത്തിലായ എന്റെ പ്രണയം മെല്ലെ മെല്ലെ എന്നെ കരയിക്കാൻ തുടങ്ങി. ഞാൻ താലോലിക്കുന്നതിനെയെല്ലാം ദീപക് വെറുത്തു.*

എപ്പാഴൊക്കെയോ എന്റെ ബുദ്ധിയുമായി സംവദിക്കുന്നതിനുമുമ്പ്, ഞാനുമായി സൗഹാർദത്തിലായ എന്റെ പ്രണയം മെല്ലെ മെല്ലെ എന്നെ കരയിക്കാൻ തുടങ്ങി. ഞാൻ താലോലിക്കുന്നതിനെയെല്ലാം ദീപക് വെറുത്തു. അതായിരുന്നു തുടക്കം. എന്റെ കാഴ്ച്ചകളെ, നിറങ്ങളെ എല്ലാം. എന്നിട്ട് അവൻ കാണുന്നത് മാത്രം കണ്ട് ശീലിക്കാൻ പറഞ്ഞു. എത്ര ശ്രമിച്ചിട്ടും ചിലപ്പോഴൊക്കെ ഞാനതിൽ പരാജയപ്പെട്ടു. എന്റെ ഇച്ഛാശക്തി എന്നിൽ നിന്ന് തെന്നി മാറി.

ഞാൻ അവനിൽ കണ്ട സുരക്ഷിതത്വത്തെക്കുറിച്ച് പറയുമ്പോഴെല്ലാം അവൻ കണ്ണു മിഴിച്ചു. ആത്മാർത്ഥതയും ദൈന്യതയും നിറഞ്ഞ എന്റെ അപേക്ഷകൾ കേട്ട് എന്റെ ദീപക് ചെവി പൊത്തി. സ്നേഹമില്ലായ്മ പരാതി തീർക്കാൻ മുത്തുപല്ലുകളും ലിംഗവും വേണ്ടുവോളം തന്നു. മൂർച്ഛ വേളകളിൽ എനിക്ക് കിട്ടാത്തതോർത്ത് ഞാൻ അവനെ മുറുകെ കടിച്ചു മുറിവേൽപ്പിച്ചു. എന്നിട്ട് വെറുതെ പറഞ്ഞു 'ഇനിയും, ഇനിയും. . .' ഒരു തരം ശൂന്യതബോധ അടയാളങ്ങൾ. എങ്കിലും ഞാൻ കാത്തിരുന്നു ഓരോ നിമിഷവും പൂർണ്ണതക്കായി. ഇത്തരം നിമിഷങ്ങളിൽ എന്നിലും പ്രകൃതിയുടേതിന് സമാനമായ ചില കാലാവസ്ഥാമാറ്റങ്ങൾ ഒരു തരം വിറയലോടെ ഉണ്ടായി. ദു:ഖം സഹിക്കാനാവാതെ ഞാനവനെ എന്റെ നെഞ്ചിലേക്ക് ചേർത്ത് പിടിക്കുമ്പോഴെല്ലാം ഒരു വിഡ്ഢിയെപ്പോലെ അവനെന്റെ മുന്തിരികളെ തിരഞ്ഞു. ഒരു ദിവസം പാതി രാത്രി ഞാനവനെ വിളിച്ചുണർത്തി ചോദിച്ചു 'ദീപു, എന്റെ മുന്തിരികൾ ഇല്ലാതായാൽ നീ എന്നെ സ്നേഹിക്കില്ലേ?'. അവൻ എന്തോ പറഞ്ഞു. സത്യത്തിൽ ഉത്തരം ഞാൻ ആഗ്രഹിച്ചിരുന്നില്ല.

ഒരിക്കൽ വീട്ടിൽ ഉജ്ജ്വല പ്രകാശമുള്ള ബൾബിനു താഴെ ഞാനെഴുതി വച്ചു

'സ്നേഹം ബന്ധനമാകാതിരിക്കട്ടെയെന്നു കുരുവികൾ

അതുകേട്ട് നാം നടുങ്ങുന്നതെന്തിന്'

ഖലീൽ ജിബ്രാൻ

അതിൽ പിന്നെ മനസ്സിലവന്ന് അവന്റെ പ്രണയ കവിയെ ഇഷ്ടമില്ലാതെയായി.

പൊക്കിൾക്കൊടി മുറിച്ച് മാറ്റിയപ്പോൾ തന്നെ ഉപേക്ഷിക്കപ്പെട്ട ഒരു കുഞ്ഞിനെപ്പോലെ അനാഥയായി തീർന്നിരുന്നു ഞാനപ്പോൾ. ദു:ഖത്തിന്റെ എല്ലാ അതിരുകളും ലംഘിച്ചുക്കൊണ്ടുള്ള കരച്ചിൽ, അവനെ അടുപ്പിക്കുകയല്ല, മടുപ്പിക്കുകയാണ് ചെയ്തത്. എന്റെ ചോദ്യങ്ങൾക്കൊന്നും ഉത്തരം കിട്ടാതായി. ഒരു ചോദ്യത്തിനു പിറകിലായി നിരനിരയായി നൂറ് സംശയങ്ങൾ. എന്റെ പ്രിയപ്പെട്ടവന്റെ ഗന്ധം എനിക്ക് ഓക്കാനമുണ്ടാക്കി. അന്നൊക്കെ ശരീരത്തിലെ ചൂട് സഹിക്കാനാവാതെ ഞാൻ കുളിച്ചുക്കൊണ്ടേയിരുന്നു.

വസന്തത്തിന്റെ തീക്ഷ്ണത, ഒച്ചപ്പാടുകളും ശരീരത്തിൽ മുറിവുകളും ഉണ്ടാക്കി. മൗനം ആഹാരമാക്കിയ ദിവസങ്ങൾ. അതൊരു ഞായറാഴ്ച്ചയായിരുന്നു. അവനെന്നെ സ്നേഹിക്കാൻ ശ്രമിച്ചു. പൊടുന്നനെ സർവ്വവും മറന്ന് ഞാനവന്റെ സ്നേഹ അവയവത്തിൽ ചവിട്ടി തള്ളി. നിർണ്ണായകമായിരുന്നു അത്. അഗ്നിവിഴുങ്ങി കളഞ്ഞ ശരീരം പോലെ

*ശേഷം പേജ് 60 ൽ*

പരിസ്ഥിതി



കുസുമം ജോസഫ്

# ഭാരതപ്പുഴയെ എന്തു ചെയ്യണം?

*ദേശത്തിനു സംഭവിക്കുന്ന മഹാദുരന്തത്തിന്റെ പ്രത്യക്ഷസാക്ഷ്യമാണ് പുഴകളുടെ മരണം. ഭാരതപ്പുഴ ചരിത്രമായി മാറുകയാണോ, സരസ്വതിയെപ്പോലെ മറഞ്ഞുപോവുകയാണോ? പുഴയെന്ന പേരുമാത്രമെങ്കിലും ബാക്കിയാവുമോ? മുരുകൻ കാട്ടാക്കടയുടെ കവിതയിലെപ്പോലെ ഭഗീരഥനോട് വേഗം വന്ന് തന്നെ കൂട്ടിക്കൊണ്ടു പോകൂ എന്ന് നിളാനദി നിലവിളിക്കുന്നുണ്ടാവാം.*

**ഇടശ്ശേരി** എന്ന കവി കവികളേക്കാൾ ദീർഘദർശിയായിരുന്നു എന്ന് പരിസ്ഥിതിവാദികൾ പറയും. അദ്ദേഹത്തിന്റെ പ്രവാചകതുല്യമായ വരികൾ മനുഷ്യരെപ്പറ്റിയല്ല നമ്മുടെ ഒരേയൊരു ഭാരതപ്പുഴയെപ്പറ്റിയാണ്.

കളിയും ചിരിയും കരച്ചിലുമായ്
കഴിയും നരനൊരു യന്ത്രമായാൽ
അംബപേരാറേ, നീ മാറിപ്പോമോ
ആദ്ദലയാമൊരഴുക്കുചാലായ്

അറുപത് വർഷങ്ങൾക്കു മുമ്പ് 1954 ഫെബ്രുവരിയിൽ മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ച കുറ്റിപ്പുറം പാലം എന്ന കവിതയിലെ വരികൾ വർഷങ്ങൾക്കുള്ളിൽ തന്നെ യാഥാർത്ഥ്യമായി മനുഷ്യന് യന്ത്രത്തിന്റെ മനസ്സുപോലുമില്ലാത്ത കഠിനകാലത്തിൽ സംഭവിക്കാനിരിക്കുന്നതിന്റെ ദീർഘദർശനമായിരുന്നു അത്. വേനലിൽ ഭാരതപ്പുഴ വെറും അഴുക്കുചാലായി മാറിത്തുടങ്ങിയിട്ട് നാളുകളേറെയായി. ഇപ്പോഴിതാ വർഷത്തിലും അഴുക്കുചാലു മാത്രമായി അങ്ങേയറ്റം ശോഷിച്ച് ഒരു മൂലയിൽ ഒരല്പം ജലം കുറ്റിപ്പുറം പാലത്തിനു താഴെ ഭാരതപ്പുഴക്ക് വീതി ഒരു കിലോമീറ്ററിലേറെയാണ്. അത്രയും പരപ്പിൽ എത്രയോ വർഷങ്ങൾ ജലസാന്നിദ്ധ്യമുണ്ടായിരുന്നു. വെള്ളം ഉള്ളതുകൊണ്ട് പുഴ വിസ്തൃതമായിത്തീർന്നതാണ്. ഇന്നവിടം വിശാലമായ കരപ്രദേശമാണ്.

ദേശത്തിനു സംഭവിക്കുന്ന മഹാദുരന്തത്തിന്റെ പ്രത്യക്ഷസാക്ഷ്യമാണ് പുഴകളുടെ മരണം. ഭാരതപ്പുഴ ചരിത്രമായി മാറുകയാണോ, സരസ്വതിയെപ്പോലെ മറഞ്ഞുപോവുകയാണോ? പുഴയെന്ന പേരുമാത്രമെങ്കിലും ബാക്കിയാവുമോ? മുരുകൻ കാട്ടാക്കടയുടെ കവിതയിലെപ്പോലെ ഭഗീരഥനോട് വേഗം വന്ന് തന്നെ കൂട്ടിക്കൊണ്ടു പോകൂ എന്ന് നിളാനദി നിലവിളിക്കുന്നുണ്ടാവാം. ആലപ്പുഴ എന്നതൊരു സ്ഥലപ്പേരാണ് എന്നതുപോലെ

ഭാരതപ്പുഴ എന്നത് പുഴയില്ലാത്ത ഒരു സ്ഥലത്തിന്റെ പേരുമാത്ര മായി മാറിപ്പോകുന്നതിനു മുമ്പ് ഒരല്പം ആലോചന നല്ലതല്ലേ. പുഴകളെ വൈകാരികമായി ത്തന്നെ കാണാനാവേണ്ടതുണ്ട്. മനസ്സുകൊണ്ട് പുഴകളെ സമീപി ക്കണം. നാളേക്ക് നമ്മുടെ കുഞ്ഞുങ്ങൾക്ക് വെറുതെ ഒന്നു കാണാനെങ്കിലും പുഴ ഒഴുകണ്ടേ? അതിനു എന്തുവേണം?

*പുഴകളുടെ നാശത്തിന് ഒന്നല്ല പത്തല്ല കാരണങ്ങൾ. വൃഷ്ടി പ്രദേശത്തിന്റെ ശോഷണം മുതൽ മണൽ വാരലും മാലിന്യനി ക്ഷേപവും വരെ ഒട്ടേറെ കാരണങ്ങളുണ്ട്. ഇതെല്ലാം സംഭവിക്കുന്നത് നമ്മുടെ മനസ്സി ലൊരു പുഴ ഇല്ലാതാകുമ്പോഴാണ്. പുഴകളൊഴു കാൻ മനസ്സിൽ ഇടമുണ്ടാകണം അപ്പോഴത് ശുദ്ധമായി ഒഴുകണമെന്ന് തോന്നും അനു സ്യൂതം ഒഴുകണമെന്ന് തോന്നും നിറഞ്ഞ് ഒഴുകണമെന്ന് തോന്നും.*

പുഴകളുടെ നാശത്തിന് ഒന്നല്ല പത്തല്ല കാരണങ്ങൾ. വൃഷ്ടി പ്രദേശത്തിന്റെ ശോഷണം മുതൽ മണൽ വാരലും മാലിന്യ നിക്ഷേപവും വരെ ഒട്ടേറെ കാര ണങ്ങളുണ്ട്. ഇതെല്ലാം സംഭവി ക്കുന്നത് നമ്മുടെ മനസ്സിലൊരു പുഴ ഇല്ലാതാകുമ്പോഴാണ്. പുഴ കളൊഴുകാൻ മനസ്സിൽ ഇടമുണ്ടാ കണം. അപ്പോഴത് ശുദ്ധമായി ഒഴുകണമെന്ന് തോന്നും അനു സ്യൂതം ഒഴുകണമെന്ന് തോന്നും നിറഞ്ഞ് ഒഴുകണമെന്ന് തോന്നും.

കേരളത്തിലെ നാല്പത്തിനാല് നദികളിൽ പ്രമുഖസ്ഥാനമുണ്ട് ഭാരതപ്പുഴയ്ക്ക് എല്ലാ നദികളും നാടിന്റെ സംസ്കാരവുമായി അങ്ങേയറ്റം ബന്ധിതമാണ്. സംസ്കാരങ്ങൾ രൂപപ്പെടുന്നത് നദീതടങ്ങളിലാണല്ലോ. കേരള സംസ്കൃതിയുടെ പ്രതീകമായ ഭാരതപ്പുഴ, പാലക്കാട്, തൃശൂർ, മലപ്പുറം ജില്ലകളിലൂടെ ഏതാണ്ട് ഇരുന്നൂറ്റിഅമ്പതിലേറെ കിലോമീ റ്റർ സഞ്ചരിക്കുന്നു. മൂന്നു ജില്ലക ളുടേയും ഒട്ടേറെ പ്രദേശങ്ങളെ കൃഷിയോഗ്യമാക്കുന്നു. ലക്ഷക്ക ണക്കിന് മനുഷ്യർക്കും പക്ഷിമൃഗാദികൾക്കും ദാഹജല മൊരുക്കുന്നു. നാനൂറ്റി അമ്പ തോളം കുടിവെള്ളപദ്ധതികളും അസംഖ്യം ജലസേചനപദ്ധതി കളും ഈ നദിയിലുണ്ട്.

ഇന്നിപ്പോൾ ഭാരതപ്പുഴയിലെ കുടിവെള്ള പദ്ധതികളിൽ പലതും പ്രവർത്തനരഹിതമാണ്. പുഴയിൽ വെള്ളമില്ലാത്തതിനാൽ ജലസേചനം സാധ്യമാകുന്നില്ല. കുടിവെള്ളത്തിനുള്ള പമ്പുഹൗ സുകളിലേക്ക് വെള്ളമുള്ള ഇടങ്ങ ളിൽ നിന്ന് ചാലുകീറി ഒഴുക്കി എത്തിക്കുകയാണ്. അതിനു പോലും നിവൃത്തിയില്ലാതെ ഉപേ ക്ഷിക്കപ്പെട്ട കുടിവെള്ള പദ്ധതി കൾ അഞ്ചും പത്തുമല്ല. ഇരുകര നിറഞ്ഞ് ഒഴുകിയിരുന്ന ഭാരതപ്പുഴ യുടെ തീരത്തുതാമസിക്കുന്നവർ ടാങ്കർവെള്ളത്തിന് കാത്തിരിക്കു ന്നവരായി. വേനലിൽ പുഴയോ രത്തെ കിണറുകൾ വെള്ളം വറ്റി പൊട്ടക്കിണറുകളായി മാറിപ്പോ കുന്നു. ഒഴുക്കു നിലച്ച മണൽപ്പര പ്പിൽ എത്ര കുഴിച്ചാലും ജലം ഇല്ലാത്ത അവസ്ഥ. കേരള ത്തിലും തമിഴ്നാട്ടിലുമായി വ്യാപിച്ചുകിടക്കുന്നു ഭാരതപ്പുഴ യുടെ വൃഷ്ടിപ്രദേശം. അതിൽ ഏറിയകൂറും കയ്യേറിപ്പോയി. നദി കൾക്ക് മലകളിലെ കാടുകളിൽ നിന്നേ പിറവിയുള്ളൂ. കേരള ത്തിൽ ക്ഷണനേരം കൊണ്ട് കുന്നുകൾ ഇല്ലാതാവുന്നു. അവ ശേഷിക്കുന്നവയിലെ കാടുകൾ കാണാതാവുന്നു. ഒറ്റമരം കാടല്ല ല്ലോ. ഒറ്റയൊറ്റ മരങ്ങൾ നദി യിലെ നീരൊഴുക്ക് നില നിർത്താൻ മതിയാവില്ല. കാട് സംരക്ഷിച്ചാലെ നാട്ടിലേക്ക് നദി കൾ ഒഴുകിവരൂ. ഒട്ടേറെ ചെറുന ദികൾ ചേർന്നതാണ് ഭാരതപ്പുഴ. കാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പല പല മലകളിൽ നിന്ന് പല പേരുകളിൽ ഒഴുകി പല നാടുകൾ താണ്ടി ഇടയ്ക്ക് പര സ്പരം അലിഞ്ഞുചേർന്ന് വീണ്ടും ഒഴുകി ഒടുവിൽ പാല ക്കാട്ടെ പറളിയിൽ വെച്ച് ഭാരതപ്പു ഴയായ് വീണ്ടും ഒഴുകി നിളയായി കടലിൽ ചേർന്നലിയുന്നു.

ആനമല നിരകളിൽ നിന്ന് ഉത്ഭവിക്കുന്ന അമരാവതി പിന്നെ ഒട്ടേറെ ചെറുനദികളെ തന്നിൽ ചേർക്കുന്നു. പാലാർ, ഉപ്പാർ, അലിയാർ അങ്ങനെ പലതും. അമരാവതിപ്പുഴക്ക് ചിലയിടങ്ങ ളിൽ കണ്ണാടിപ്പുഴ എന്ന് പേര്. കണ്ണാടിപ്പുഴയും കല്പാത്തിപ്പു ഴയും ചേരുമ്പോൾ ഭാരതപ്പുഴ ജനിക്കുന്നു. കൽപ്പാത്തിപ്പുഴക്ക് വാളയാറും മലമ്പുഴയും കൈവഴി കളായുണ്ട്.

ഗായത്രിപ്പുഴ മായന്നൂരിൽ വെച്ച് നിളയിൽ ലയിക്കുന്നു. ഗായത്രിയുടെ പോഷകനദിക ളാണ് മംഗലം പുഴ, അയിലൂർപു ഴ, മീൻകരപുഴ, ചെറുകുന്ന് പുഴ, വണ്ടാഴിപുഴ എന്നിവ. സൈലന്റ് വാലിയിലൂടെ ഒഴുകുന്ന പ്രശസ്ത മായ കുന്തിപ്പുഴയും തുപ്പനാട്ട് പുഴയും ചേർന്നാണ് ഗുരുസാ ഗരത്തിൽ പരാമർശിക്കുന്ന തൂത പ്പുഴ രൂപപ്പെടുന്നത്. എം.ടിയുടെ പ്രസിദ്ധമായ കൂടല്ലൂരിൽ വെച്ച് തൂതപ്പുഴ ഭാരതപ്പുഴയിൽ ചേരു ന്നു. അതിനും പടിഞ്ഞാറ് അഴി മുഖത്തോടടുത്ത് തിരൂർ പുഴ കൂടിച്ചേരുമ്പോൾ നിള പൂർണ്ണമാ കുന്നു. കടലിൽ പോയി ചേരു ന്നു. ഇന്ത്യയിൽ വേറെ ഏതെ ങ്കിലും നദിക്ക് ഭാരതപ്പുഴ എന്ന പേരുണ്ടാവില്ല. അതിന്റെ മറു പേരും ചെറുനദികളുടെ പേരും കേൾവിക്ക് സുഖം തരുന്നത് തന്നെ. കേൾക്കാൻ രസമുണ്ടെ ങ്കിലും ഇവിടെ പരാമർശിച്ചതിലും

എത്രയോ കൂടുതൽ ചെറുനദികൾ ചേർന്നിട്ടും ഒരു കൈത്തോടിന്റെ ജലസമൃദ്ധി പോലും ഭാരതപ്പുഴക്ക് ഇല്ലാതെ പോയത് അതിഭീകരമായ മണൽവാരൽ കൊണ്ടു കൂടിയാണ്. യാതൊരു നിയമവും പാലിക്കാതെ ഒരു നിയന്ത്രണത്തേയും വകവെക്കാതെ വൻതോതിൽ നടന്ന മണൽകൊള്ള ഭാരതപ്പുഴയിലെ ജലസാന്നിദ്ധ്യത്തെ അപ്പാടെ നശിപ്പിച്ചു കളഞ്ഞു.

പുഴയുടെ അടിത്തട്ടിൽ നിന്ന് മണലെടുക്കാൻ നിയമം അനുവദിക്കുന്നില്ല. പക്ഷേ വേനലിൽ വെള്ളം വറ്റി പുറത്തു കാണുന്ന നദിയുടെ പരപ്പിൽ നിന്നു വെള്ളം അവശേഷിക്കുന്നിടത്ത് നിർബാധം മണൽവാരൽ നടക്കുന്നു. മണൽപരപ്പ് കുറയുമ്പോൾ സമീപപ്രദേശത്തെ കിണറുകളിലേക്ക് വെള്ളം എത്തില്ല. ഭൂഗർഭത്തിലേക്ക് ജലം ഊർന്നിറങ്ങാൻ പുഴയുടെ അടിത്തട്ട് മണലുകൊണ്ട് തീർക്കണം. മണൽമാറ്റുമ്പോൾ അവശേഷിക്കുന്ന ചെളിക്ക് വെള്ളം പിടിച്ചു നിർത്താനോ ഭൂഗർഭത്തിലേക്ക് ഇറക്കി വിടാനോ കഴിയില്ല. വിവേചനരഹിതമായ മണലൂറ്റ് തീരം ഇടിയുന്നതിനും ജൈവ വ്യവസ്ഥയുടെ തകർച്ചക്കും കാരണമാകും.

നദീസംരക്ഷണ നിയമവും മണൽ നീക്കാനുള്ള സംരക്ഷണനിയമവും 2002 (കേരള പ്രൊട്ടക്ഷൻ ഓഫ് റിവർ ബാങ്ക്സ് ആന്റ് റെഗുലേഷൻ ഓഫ് റിമൂവൽ ഓഫ് സാന്റ് ആക്ട് 2002) നദീസംരക്ഷണം മുൻനിർത്തി കേരളസർക്കാർ കൊണ്ടുവന്നതാണ്. എന്നാൽ ഇതെല്ലാം പാടെ അവഗണിച്ച് മണൽ വാരൽ തകൃതിയാണ്. ജില്ലാഭരണകൂടത്തിന്റെ അനുമതിയോടെ പ്രാദേശികഭരണകൂടവും ഉദ്യോഗസ്ഥരും ചേർന്നാണ് മണൽപാസ് അനുവദിക്കുന്നത്. ഒരേ കടവിൽ നിന്നു തന്നെ പത്തും പതിനഞ്ചും വർഷം മണലെടുപ്പ് തുടരുകയാണ്. പുഴയുടെ മരണം പൂർണ്ണമാകാൻ ഇത്തരം പ്രവൃത്തികൾ



*മണലെടുപ്പിൽ പങ്കെടുക്കുന്ന യുവാക്കൾ പുലർത്തുന്ന ധാർമ്മികമൂല്യവ്യവസ്ഥയും ആശങ്കാജനകമാണ്. അനധികൃത മണലെടുപ്പിൽ പങ്കെടുക്കുന്ന യുവാക്കൾ കൂട്ടമായി നിയമലംഘനം നടത്തി വൻതോതിൽ പണമുണ്ടാക്കുകയാണ്.*

തന്നെ ധാരാളം. വാഹനങ്ങൾ പുഴയിലിറക്കി മണലെടുക്കുന്നത് കർശനമായി നിരോധിച്ചിട്ടുണ്ടെങ്കിലും മനുഷ്യരേക്കാൾ കൂടുതൽ ലോറികൾ പുഴയിലിറങ്ങി നിൽക്കുന്നത് സ്ഥിരം കാഴ്ചയാണ്. വ്യക്തികളോ സ്ഥാപനമോ അധികാരികളോ പാരിസ്ഥിതിക അനുമതി ലഭിക്കാതെ മണൽ വാരുന്നത് കർശനമായി വിലക്കിക്കൊണ്ട് നാഷണൽ ഗ്രീൻ ട്രിബ്യൂണൽ ഉത്തരവ് ഇറക്കിയിട്ടുണ്ട്. 2013 ആഗസ്റ്റിലെ ഉത്തരവിൽ റവന്യൂ അധികാരികൾക്കു പുറമെ നിയമലംഘനം നടക്കാതിരിക്കാൻ അതാത് സംസ്ഥാനങ്ങളിലെ ഡെപ്യൂട്ടി കമ്മീഷണർക്കും പോലീസ് സൂപ്രണ്ടുമാർക്കും കർശനനിർദ്ദേശം നൽകുന്നുണ്ട്.

ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് മറികടന്നാണ് ഇപ്പോൾ പാലക്കാട്, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ മണൽവാരൽ നടക്കുന്നത്. രാപ്പകൽ ഭേദമില്ലാത്ത മണലെടുപ്പ് ഒരു സാംസ്കാരിക പ്രശ്നമായിക്കൂടി വിശകലനം ചെയ്യേണ്ടതുണ്ട്. കവികളും കലാകാരന്മാരും കുട്ടികളും സ്നേഹിച്ച ഭാരതപ്പുഴ മണലെടുപ്പു തൊഴിലാളികളും ലോറിക്കാരും കയ്യടക്കി. നിയമവിരുദ്ധമായ പ്രവൃത്തിയാണത് എന്നതിനാൽ ഒരു തരം മാഫിയാ സംഘങ്ങളായേ ഇവർക്ക് പ്രവർത്തിക്കാനാവൂ. ഇവരെ ചോദ്യം ചെയ്യുന്നവരെ ഭീഷണിപ്പെടുത്തുകയും കായികമായി നേരിടുകയുമാണ് ഇവരുടെ രീതി. അതിനാൽ തന്നെ സാധാരണജനം പുഴയിലേക്ക് വരാതായി. അതോടെ പുഴയുടെ ഇപ്പോഴത്തെ അവകാശികൾ മണൽമാഫിയ ആയി മാറി. പൊതുജനം പിന്മാറിയ ഇടങ്ങളിലെല്ലാം ഇവരുടെ ആധിപത്യമാണ് നടക്കുന്നത്. മണലെടുപ്പിൽ പങ്കെടുക്കുന്ന യുവാക്കൾ

പുലർത്തുന്ന ധാർമ്മികമൂല്യവ്യവസ്ഥയും ആശങ്കാജനകമാണ്. അനധികൃത മണലെടുപ്പിൽ പങ്കെടുക്കുന്ന യുവാക്കൾ കൂട്ടമായി നിയമലംഘനം നടത്തി വൻതോതിൽ പണമുണ്ടാക്കുകയാണ്. നിയമലംഘനത്തിന് പലപ്പോഴും പോലീസിന്റേയും മറ്റു സർക്കാർ വകുപ്പുകളുടേയും രഹസ്യ ഒത്താശയുണ്ടാകുന്നു. അനധികൃത പണസമ്പാദനം മറ്റു തിന്മകളിലേക്കും പ്രചോദിപ്പിക്കുമെന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

വിചിത്രമായി തോന്നുന്ന ഒരു വസ്തുത, വൻതോതിൽ മണലെടുപ്പുകൊണ്ട് നശിച്ചു കഴിഞ്ഞ നദിയുടെ സംരക്ഷണ കാര്യത്തിൽ പുഴയോര പഞ്ചായത്തുകൾ പുലർത്തുന്ന നിസ്സംഗതയാണ്. ശാസ്ത്രീയപഠനം നടത്തി മാത്രമേ മണലെടുപ്പിന് അനുമതി നൽകാവൂ എന്നാവശ്യപ്പെട്ട് പരിസ്ഥിതി പ്രവർത്തകർ ഇടപെടുമ്പോൾ മണലെടുപ്പ് തടസ്സപ്പെടുന്നതിൽ അസ്വസ്ഥരാണ് പുഴയോര പഞ്ചായത്ത് അധികാരികൾ. മണലെടുപ്പ് ഉടൻ ആരംഭിക്കണമെന്നും അല്ലാത്തപക്ഷം പഞ്ചായത്തുകളുടെ വികസനപ്രവർത്തനങ്ങൾ തടസ്സപ്പെടുമെന്നും കാണിച്ച് ജില്ലാകളക്ടറെ സമ്മർദ്ദത്തിലാക്കാൻ മത്സരിക്കുകയാണ് പഞ്ചായത്തുകൾ. കയറ്റിപ്പോകുന്ന ഓരോ ലോഡു മണലിനും പഞ്ചായത്തിലേക്ക് വന്ന് ചേരുന്ന പണത്തിലാണ് അവരുടെ കണ്ണ്. ലോറിയിൽ കയറ്റിപ്പോകുന്ന മണൽ നാളെ കുടിവെള്ളക്ഷാമത്തിന് കാരണമാകുമെന്ന് ഇവർക്ക് അറിയായ്കയല്ല. അനധികൃത മണലെടുപ്പിന് ഒത്താശ ചെയ്യുമ്പോൾ ലഭിക്കുന്ന സ്വകാര്യ വരുമാനം മറ്റൊരാകർഷണമാണ്. കുടിവെള്ള വിതരണം മറ്റൊരു വരുമാനമാർഗ്ഗമാകുമ്പോൾ മണലെടുപ്പ് എങ്ങനെ തടയും?

യുവാക്കൾക്ക് മുങ്ങിമരിക്കാനുള്ള വൻകുഴികൾ മാത്രമുള്ള അഴുക്കുചാലായി മാറാതെ നിത്യയൗവ്വനത്തിൽ തടംതല്ലി പാഞ്ഞൊഴുകാൻ നിളാനദിയെ അനുവദിക്കണം. ഗംഗാനദിക്കുവേണ്ടി വലിയ പദ്ധതികൾ തയ്യാറായി വരുന്നു. നമുക്ക് നമ്മുടെ സ്വന്തം ഭാരതപ്പുഴയെ പുനരുജ്ജീവിപ്പിക്കാൻ, മാലിന്യങ്ങളിൽ നിന്ന് മോചിപ്പിക്കാൻ ചൂഷകരിൽ നിന്ന് സംരക്ഷിക്കാൻ പദ്ധതികൾ ഉണ്ടാകണം–നടപ്പാകുന്ന പദ്ധതികൾ.

---

*പേജ് 54 തുടർച്ച*

ഇത്തിരി ചാരം അവസാനം ആ മണവും, മൗനവും സഹിക്കാൻ പറ്റാതെ ഞാനവിടെ നിന്ന് ഓടിപ്പോന്നു. എനിക്ക് ഇഷ്ടപ്പെട്ട നിറങ്ങളാൽ തീർത്ത ആ വീട്ടിൽ നിന്ന്, വസന്തത്തിന്റെ രാജകുമാരനിൽ നിന്ന്.

ഡോ.ഷെൻ കാത്തിരിക്കുന്നുണ്ടായിരുന്നു. എഴുതിയത് വിശദമായി തന്നെ വായിച്ചു. അവൾ പ്രതീക്ഷിച്ച വ്യഗ്രഭാവമോ ജിജ്ഞാസയോ ഒന്നും അയാളിൽ കണ്ടില്ല. ഒന്നും വ്യക്തമാകാത്ത മുഖഭാവം. നസ്റി വെറുതെ ചുഴിഞ്ഞു നോക്കി. നോക്കി നിൽക്കെ അവളിൽ ഒരു ദൈന്യത പ്രകടമാകുന്നുണ്ടായിരുന്നു. അയാളപ്പോൾ ആലോചിച്ചത് അവളുടെ മനോഭാവത്തെ വരുതിയിലാക്കാനുള്ള വഴികളെ കുറിച്ചായിരുന്നു. കുട്ടികളുടെ ഒളിച്ചുകളി പോലെ രസമുള്ളതായിരുന്നു ഷെന്നിന്റെ ചികിത്സ.

മുഖമുയർത്തി ഷെൻ ചോദിച്ചു 'നസ്റി ഈ മുറിയിൽ ആദ്യം ശ്രദ്ധിക്കുന്നത് എന്താണ്?' ഫർണിച്ചറുകളുടെ ഒരു സാധാരണ വിന്യാസം പെട്ടെന്നവൾ പറഞ്ഞു 'ചിത്രങ്ങൾ' 'ഇപ്പോൾ എന്താണ് നസ്റിയുടെ പ്രശ്നം ?' ഞാനിപ്പോൾ പുറകോട്ടാണ് ജീവിക്കാൻ ആഗ്രഹിക്കുന്നത്. ആ മണം ചിലപ്പോൾ എന്റെ പ്രജ്ഞയെ ഇല്ലാതാക്കി കളയും. സുരക്ഷിതത്വം തോന്നുന്നില്ല.ഡോ.ഷെൻ പറഞ്ഞു 'എല്ലാ നിമിഷവും സുരക്ഷിതമാക്കുക എന്ന് കരുതുന്നത് വിഡ്ഢിത്തമാണ്. വ്യത്യസ്തമായ കാഴ്ച്ചയും കേൾവിയും എല്ലാമുള്ളവരാണെങ്കിൽ പ്രത്യേകിച്ചും പക്ഷേ എഴുതുമ്പോൾ ശാന്തയാകുന്നത് നല്ലതാണ്.' 'നസ്റിയുടെ ഹോബി എന്താണ്?'ഞാൻ ചിലപ്പോഴൊക്കെ മനസ്സിൽ തട്ടുന്ന കുറിപ്പുകളും കവിതകളും വിവരങ്ങളും എല്ലാം ഡയറിയിൽ എഴുതി സൂക്ഷിക്കും. പിന്നെ എപ്പോഴെങ്കിലും ചിത്രം വരയ്ക്കും.'

'ശരി വരൂ' മെല്ലെ ഷെൻ അവളെ ചേർത്തു പിടിച്ച് അയാളുടെ മുറിയിലേക്ക് കൊണ്ടുപോയി.ചിത്രവികാരങ്ങളാൽ തീർത്തതായിരുന്നു ആ മുറി. അതും അവൾ വരയ്ക്കാനാഗ്രഹിച്ച ചിത്രങ്ങൾ അനവധിയുണ്ടായിരുന്നു. നഗ്നയായ ഒരു ഗർഭിണിയുടെ ചിത്രം ശരിക്കും അവളെ അതിശയിപ്പിച്ചു. അവൾ ഇടക്കിടെ ആ ചിത്രം സ്വപ്നങ്ങളിൽ കാണാറുണ്ടായിരുന്നു. ബാക്കി കുറെ പ്രകൃതി ചിത്രങ്ങൾ മെല്ലെ മെല്ലെ അതെല്ലാം അവൾ ഒപ്പിയെടുത്തു.

ഡോ.ഷെൻ നഴ്സിനെ ഫോണിൽ വിളിച്ചു എന്തോ പറഞ്ഞു. നഴ്സ് വന്നു നസ്റിയുടെ കൈയ്യിൽ ഒരു പൊതി കൊടുത്തു. വൈറ്റ്പേപ്പറുകളുടെ ഒരു കെട്ടായിരുന്നു അതിൽ, കുറെ ബോൾപെന്നുകളും. ഷെൻ അവളോട് അടുത്ത ആഴ്ച്ച വരാൻ പറഞ്ഞു, വരുമ്പോൾ എഴുതിയതെല്ലാം കൊണ്ടു വരാനും അവൾ മെല്ലെ മഴയിലേക്കിറങ്ങി . പുതിയൊരു വസന്തത്തിലേക്കാണവൾ പോകുന്നതെന്ന് അയാൾക്ക് തോന്നി.

## ഹെൽത്ത് സെമിനാർ

Health Sector Response towards violence against women എന്ന വിഷയത്തിൽ 2014 ജൂൺ 9,10 തിയ്യതികളിൽ കോഴിക്കോട് മെഡിക്കൽ കോളേജ് നഴ്സിംഗ് കോളേജിൽ വെച്ച് അന്വേഷി ദ്വിദിന ശിൽപശാല നടത്തി. നഴ്സിംഗ് കോളേജ് പ്രിൻസിപ്പാൾ ശ്രീമതി നിർമ്മല ശിൽപശാല ഉദ്ഘാടനം ചെയ്തു. അന്വേഷിയെ പോലെയുള്ള സംഘടനകളുടെ ആവശ്യവും ഇതുപോലുള്ള വിഷയങ്ങൾ പഠനത്തിന്റെ ഭാഗമാക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും നിർമ്മല ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. അന്വേഷി പ്രസിഡണ്ട് കെ.അജിത ഉദ്ഘാടന ചടങ്ങിൽ അദ്ധ്യക്ഷം വഹിച്ചു. സെക്രട്ടറി ശ്രീജ സ്വാഗതവും അൽഫോൺസ നന്ദിയും പറഞ്ഞു. ഹൈക്കോടതി അഡ്വ.പ്രീത, കോഴിക്കോട് ജില്ല പ്രൊബേഷൻ ഓഫീസർ അഷ്റഫ് കാവിൽ തുടങ്ങിയവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. രണ്ട് ദിവസത്തെ ശിൽപശാലയിൽ 80 നഴ്സിംഗ് വിദ്യാർത്ഥികൾ പങ്കെടുത്തു.



## ബാലാവകാശ നിയമങ്ങളെക്കുറിച്ച് സെമിനാർ

27.6.2014ന് ഹോട്ടൽ നളന്ദയിൽ വെച്ച് ബാലാവകാശ നിയമങ്ങളെക്കുറിച്ച് സെമിനാർ നടത്തി. പ്രൊഫ.എം.എൻ.കാരശ്ശേരി ഉദ്ഘാടനവും അന്വേഷി സെക്രട്ടറി പി.ശ്രീജ സ്വാഗതവും പറഞ്ഞു. പ്രസിഡണ്ട് കെ.അജിത അദ്ധ്യക്ഷസ്ഥാനവും വഹിച്ചു. സെക്സ് ട്രാഫികിംഗ്, വിമൻ ട്രാഫികിംഗ്, അനാഥാലയങ്ങൾ കേന്ദ്രീകരിച്ചുകൊണ്ട് നടത്തുന്ന പലതരം തട്ടിപ്പുകൾ ഇവയെകുറിച്ച് വിശദമായ ചർച്ചകൾ നടന്നു.



ഉദ്ഘാടനപ്രസംഗത്തിൽ മനുഷ്യക്കടത്ത് ഒരു ക്രിമിനൽ കുറ്റമാണെന്നും 500 കുട്ടികൾ വന്നതിൽ അതിൽ പകുതിപ്പേർക്കും യാതൊരുവിധ രേഖകളും ഇല്ലായെന്നും എം.എൻ.കാരശ്ശേരി പറഞ്ഞു. എന്താണെന്ന് നടക്കുന്നതെന്ന് അറിയാൻ നമുക്ക് അവകാശമുണ്ട്. ഇതൊരു സമുദായത്തിന്റെ പുറത്ത് കെട്ടിവെക്കരുത്. ലോകത്ത് എല്ലാ മതവിഭാഗത്തിലും അതിന്റെ സംസ്കാരമെന്നു പറഞ്ഞു ചൂണ്ടിക്കാട്ടുന്ന പൊതുവായ കാര്യം സ്ത്രീവിരുദ്ധതയാണ്. സ്ത്രീ വിദ്യാഭ്യാസം സ്ത്രീമുന്നേറ്റം ഇവയെ ചവിട്ടി മെതിക്കുകയാണ് പൗരോഹിത്യവർഗ്ഗം ചെയ്യുന്നത്. അതിനെതിരായി പ്രവർത്തിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് ഉദ്ഘാടനപ്രസംഗം അവസാനിപ്പിച്ചു.

അഡ്വ.മറിയ വിഷയം അവതരിപ്പിച്ച് ബാലാവകാശനിയമങ്ങളെക്കുറിച്ച് വിശദമായി സംസാരിച്ചു. ഡോ.ഖദീജ മുംതാസ് അതിഥിമാരും ഷഫീക്കുമാരും കേരളത്തിൽ സത്യമായിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ അന്വേഷി ഇങ്ങനൊരു വിഷയം വെച്ചത് അഭിനന്ദനാർഹമാണെന്നും തുടർന്ന് അഡ്വ.നസീനത്ത് വിജി എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു. അന്വേഷി പ്രവർത്തക പ്രമീള നന്ദി പറഞ്ഞു.

## പുസ്തകപരിചയം









## നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ മാധ്യമ അവാർഡ് സംഘടിത മാസികയ്ക്ക്

നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ കേരളം ഏർപ്പെടുത്തിയ മാധ്യമ അവാർഡിന് സംഘടിത മാസിക തിരഞ്ഞെടുക്കപ്പെട്ടു. സ്ത്രീകളുടെ വിഷയങ്ങളോട് സമീപിക്കുന്ന ആത്മാർത്ഥമായ സമീപനവും , സ്ത്രീകളുടെ പുരോഗതി ലക്ഷ്യമാക്കിയുള്ള പ്രവർത്തനങ്ങളും മുൻനിർത്തിയാണ് സംഘടിത മാസികയ്ക്ക് അവാർഡ് നൽകാൻ തീരുമാനിച്ചതെന്ന് നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയ കേരളം ഭാരവാഹികൾ അറിയിച്ചു. 25000 രൂപയും , പ്രശസ്തിപത്രവും ഫലകവും അടങ്ങുന്നതാണ് അവാർഡ്. ഈ മാസം 13 നു തിരുവനന്തപുരത്ത് കേരള പ്രസ് അക്കാദമിയും നെറ്റ് വർക്ക് ഓഫ് വിമൻ ഇൻ മീഡിയയും ചേർന്ന് സ്ത്രീകളും മാധ്യമങ്ങളും എന്ന വിഷയത്തെ കുറിച്ച് സംഘടിപ്പിക്കുന്ന ദേശീയ ശില്പശാലയിൽ അവാർഡ് സമ്മാനിക്കും.




Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor Prof. Sara Joseph, Geethanjali, Mullankunnathu Kavu (PO), Thrissur. Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at Arone Offset Prints, Ramanattukara